ജി. ചേടിയത്ത്

# ദൈവത്തിന്റെ ഇസ്രായേൽ



# ദൈവത്തിന്റെ ഇസ്രായേൽ

 www.malankaralibrary.com

ജി. ചേടിയത്ത്

# ദൈവത്തിന്റെ ഇസ്രായേൽ

പത്തനംതിട്ട
2018

 www.malankaralibrary.com

G. Chediath, **DEIVATHINTE ISRAEL**
(God's Israel), Pathanamthitta, 2018.

© G.Cheditah, 2018.

Printing : Bethany Offset Printers, Kottayam - 686010
Ph: 0481-2571355
e-mail: bethanyktm@ gmail.com

Price : 100/-

# ഉള്ളടക്കം


ആമുഖം 7

അവതാരിക 9

## ഭാഗം 1

1. ചെറിയ പ്രവാചകന്മാർ 11
2. ഹോസിയാ 13
3. ജോയേൽ 26
4. ആമോസ് 30
5. ഒബാദിയാ 35
6. യോനാ 37
7. മിക്കാ 41
8. നാഹും 49
9. ഹബക്കുക്ക് 52
10. സെഫനിയാ 57
11. ഹഗ്ഗായി 61
12. എസ്രാ-നെഹെമിയാ 65
13. സക്കറിയാ 67
14. മലാക്കി 76
15. വിലാപങ്ങൾ 86
16. ബാറൂക്ക് 88
17. സഭാപ്രസംഗകൻ 91
18. സുഭാഷിതങ്ങൾ 96
19. ദൈവത്തിന്റെ ഇസ്രായേൽ 100




www.malankaralibrary.com

## ഭാഗം 2


| | | |
|---|---|---|
| 1. | യേശുനാമ മന്ത്രം | 106 |
| 2. | പരിശുദ്ധനായ ദൈവം | 108 |
| 3. | ദൈവത്തിന്റെ ആയുധങ്ങൾ | 111 |
| 4. | പ്രവചനകാലവും പൂർത്തീകരണകാലവും | 113 |
| 5. | രണ്ട് സുവിശേഷപ്രഘോഷണരീതികൾ | 116 |
| 6. | യേശുവിന്റെ പ്രാർഥനാജീവിതം | 122 |
| 7. | കൊളുത്തിയ വിളക്ക് | 125 |
| 8. | പാപമെന്ന യാഥാർഥ്യം | 127 |
| 9. | പാപഹന്താവായ തമ്പുരാൻ | 132 |
| 10. | പ്രലോഭനവും തിന്മയും | 134 |
| 11. | ശാന്തനായ തമ്പുരാൻ | 138 |
| 12. | ഒരു സ്വീകരണവും ഒരു യാത്രയയപ്പും | 141 |
| 13. | ആരാണ് ക്രിസ്ത്യാനി? | 144 |
| 14. | ക്രിസ്തീയവിശ്വാസത്തിന്റെ ശ്രേഷ്ഠത | 149 |
| 15. | മഹത്തായ രക്ഷ | 152 |
| 16. | അടയാളങ്ങളും അത്ഭുതങ്ങളും | 156 |
| 17. | തിരുനാളും പെരുന്നാളും | 159 |
| 18. | സ്നേഹത്തിന്റെ ഏക കൽപ്പന | 163 |
| 19. | മൂല്യവും മൂല്യധ്വംസനവും | 166 |


## ഭാഗം 3


| | | |
|---|---|---|
| 1. | യേശുവിന്റെ സൗഭാഗ്യസൂക്തങ്ങൾ | 170 |
| 2. | നിറഞ്ഞു കവിയുന്ന നീതി | 177 |
| 3. | ആനന്ദിച്ചാഹ്ലാദിക്കുവിൻ. | 183 |
| | ഗ്രന്ഥസൂചിക | 189 |

# ആമുഖം

ഈ ഗ്രന്ഥത്തിലെ ലേഖനങ്ങൾ മൂന്നു ഭാഗങ്ങളായി തിരിച്ചിരിക്കുന്നു. ഒന്നാം ഭാഗത്ത് "ചെറിയ പ്രവാചകന്മാർ" എന്ന പേരിൽ അറിയപ്പെടുന്നവരുടെ ക്രിസ്തോന്മുഖ പ്രവചനങ്ങൾ അപഗ്രഥിക്കുന്നു. അതിനും പുറമേ വിലാപങ്ങൾ, ബാറൂക്, എസ്രാ, നെഹെമിയാ, സഭാപ്രസംഗകൻ, സുഭാഷിതങ്ങൾ എന്നീ ഗ്രന്ഥങ്ങളിലെ ചില സംഗതികളും ചുരുക്കമായി അപഗ്രഥിച്ചിട്ടുണ്ട്. ഈ ഭാഗത്ത് മൊത്തം 19 അധ്യായങ്ങളുണ്ട്. വി. ജറോം, മൊപ്സുവെസ്ത്യായിലെ തിയഡോർ, സൈറസിലെ തിയഡൊറെറ്റ്, അന്ധനായ ദിദിമുസ് എന്നിവരുടെ ഭാഷ്യങ്ങളെ മുഖ്യമായും അടിസ്ഥാനപ്പെടുത്തിയാണ് ഈ ലേഖനങ്ങൾ തയാറാക്കിയിരിക്കുന്നത്.

"മോശയുടെ നിയമത്തിലും പ്രവാചകഗ്രന്ഥങ്ങളിലും ആരെപ്പറ്റി എഴുതിയിരിക്കുന്നുവോ, അവനെ നസ്രത്തിൽ നിന്നുള്ള യേശുവിനെ ഞങ്ങൾ കണ്ടു"എന്നാണ് നഥാനിയേലിനോട് പീലിപ്പോസ് പറഞ്ഞത് (യോഹ 5,46).

"മോശ തുടങ്ങി എല്ലാ പ്രവാചകന്മാരും തന്നെപ്പറ്റി എഴുതിയിരിക്കുന്നവയെല്ലാം" നമ്മുടെ കർത്താവ് എമ്മാവോസിലേക്ക് പോയ ശിഷ്യന്മാർക്ക് വ്യാഖ്യാനിച്ചു കൊടുത്തു (ലൂ 24,27).

"മോശയുടെ നിയമത്തിലും പ്രവാചകന്മാരിലും സങ്കീർത്തനങ്ങളിലും എന്നെപ്പറ്റി എഴുതപ്പെട്ടിരിക്കുന്നതെല്ലാം പൂർത്തിയാകേണ്ടിയിരിക്കുന്നു" എന്ന് ഉത്ഥാനം ചെയ്ത കർത്താവ് തന്റെ ശിഷ്യന്മാരോട് അരുളിച്ചെയ്തു (ലൂ 24,44) .

"തന്റെ അഭിഷിക്തൻ ഇവയെല്ലാം സഹിക്കണമെന്ന് പ്രവാചകന്മാർ വഴി ദൈവം മുൻകൂട്ടി അരുളിച്ചെയ്തു" എന്ന് പത്രോസ് പറഞ്ഞത് ശ്ലീഹന്മാരുടെ നടപടികളിൽ നാം വായിക്കുന്നു (3,18).

"മോശയുടെ നിയമത്തെയും പ്രവാചകന്മാരെയും അടിസ്ഥാനമാക്കി യേശുവിനെ കുറിച്ച് ജനത്തെ ബോധ്യപ്പെടുത്താൻ" പൗലോസ് റോമിൽ വച്ച് ശ്രമിച്ചു (നടപടി 28,23).


www.malankaralibrary.com

# ആമുഖം

പഴയനിയമം ഉടനീളം യേശുവിനെപ്പറ്റി പ്രസംഗിക്കുന്നു. ചെറിയ പ്രവാചകന്മാരിലുള്ള ക്രിസ്തോന്മുഖ പ്രഖ്യാപനങ്ങൾ അപഗ്രഥിക്കാനുള്ള ശ്രമമാണ് ഒന്നാം ഭാഗത്ത് നടത്തിയിരിക്കുന്നത്.

രണ്ടാം ഭാഗത്ത് മുകളിൽ പറഞ്ഞതുമായി ബന്ധപ്പെട്ടതും ആനുകാലിക പ്രസക്തിയുള്ളതുമായ ചില വിഷയങ്ങൾ 19 അധ്യായങ്ങളിലായി അവതരിപ്പിച്ചിരിക്കുന്നു.

മൂന്നാം ഭാഗത്ത് ഹെൻറി പട്ടരുമഠത്തിൽ അച്ചന്റെ *"മലയിലെ പ്രസംഗം-വിശകലനവും വ്യാഖ്യാനവും"* എന്ന ഗ്രന്ഥത്തെ ആധാരമാക്കി രണ്ടു ലേഖനങ്ങളും ഫ്രാൻസിസ് മാർപാപ്പായുടെ *Gaudete et Exultate* എന്ന അപ്പസ്തോലിക പ്രബോധനത്തെ ആധാരമാക്കി ഒരു ലേഖനവും കൊടുത്തിരിക്കുന്നു. - ഇങ്ങനെ മൊത്തം 41 ലേഖനങ്ങളാണ് ഈ ഗ്രന്ഥത്തിലുള്ളത്.

ഇതിന് അവതാരിക എഴുതിത്തന്ന അഭിവന്ദ്യ യൂഹാനോൻ മാർ ക്രിസൊസ്തോം മെത്രാപ്പോലീത്തായോടുള്ള നന്ദി രേഖപ്പെടുത്തിക്കൊള്ളട്ടെ.

ഈ ലേഖനങ്ങൾ പരിശോധിച്ച് തിരുത്തലുകൾ നിർദേശിച്ചത് എന്റെ പ്രിയ ശിഷ്യനും ഉറ്റ സ്നേഹിതനുമായ ബ. റവ. ഡോക്ടർ ആൻഡ്രൂസ് മേക്കാട്ടുകുന്നേൽ അച്ചനാണ്. എന്റെ അടുത്ത കാലത്തുള്ള ഗ്രന്ഥങ്ങളൊക്കെ പരിശോധിച്ചത് ബ. ആൻഡ്രൂസച്ചനാണ്. ബ.അച്ചന് എന്റെ ഹൃദയം നിറഞ്ഞ നന്ദി.

ഇതിന്റെ അച്ചടി ഭംഗിയായി നിർവഹിച്ച ബഥനിപ്രസ്സിലെ അധികാരികൾക്കും സഹപ്രവർത്തകർക്കും കൃതജ്ഞതയുടെ കൂപ്പുകൈ.

ഈ ഗ്രന്ഥം സസന്തോഷം സഹൃദയസമക്ഷം സമർപ്പിച്ചുകൊള്ളുന്നു

ജി.ചേടിയത്ത്,

കാതലിക് ബിഷപ്പ്സ് ഹൗസ്,
പത്തനംതിട്ട, 689645.
ആഗസ്റ്റ് 15,2018.

## അവതാരിക

ദൈവത്തിന്റെ രക്ഷാകരപദ്ധതിയുടെ ചിത്രം പഴയനിയമഗ്രന്ഥങ്ങളിൽ ദൃശ്യമാണ്. അത് പ്രവാചകന്മാർ പ്രവചിക്കുകയും വിവരിക്കുകയും വിശദീകരിക്കുകയും ചെയ്തിട്ടുള്ളതാണ്. ദൈവം ഇസ്രായേൽ ജനതയെ തെരഞ്ഞെടുത്ത് അവരിലൂടെ തന്റെ രക്ഷാകരപദ്ധതി പൂർത്തിയാക്കി (ദെയി വേർബും - ദൈവവചനം, 4,14).

നമ്മുടെ കർത്താവായ യേശുമിശിഹാ കാലപൂർണതയിൽ ഇസ്രായേൽ ജനതയിലൂടെ ഒരു കന്യകയിൽനിന്ന് മനുഷ്യനായി അവതരിച്ചു. ഈ മിശിഹായെ പറ്റിയാണ് പഴയനിയമ പ്രവചനങ്ങൾ. വിവിധ പ്രതിരൂപങ്ങളിലൂടെ മിശിഹായുടെ ജീവിതസംഭവങ്ങൾ അവതരിപ്പിക്കാൻ പഴയനിയമ ഗ്രന്ഥകാരന്മാർ പരിശ്രമിച്ചു. പഴയനിയമം അനേകം സംഗതികൾ പ്രതിപാദി ക്കുന്നുണ്ടെങ്കിലും, കേന്ദ്രബിന്ദു കർത്താവായ യേശുമിശിഹാ തന്നെയാണ്. നിഴലുകളിലും പ്രതിരൂപങ്ങളിലുമുള്ള പഴയനിയമ പ്രസ്താവനകൾ പുതിയനിയമത്തിന്റെ വെളിച്ചത്തിൽ സുവ്യക്തമാകുന്നു. നൂറ്റാണ്ടുകൾക്കപ്പുറത്ത് പ്രവചിച്ചവ, നമ്മുടെ കർത്താവിന്റെ കാലം വരെ അർഥം കാത്തു കിടന്നു. കർത്താവിലൂടെ അവ അർഥപൂർണമായി. പഴയനിയമത്തിന്റെ അപൂർണത പുതിയനിയമത്തിൽ പൂർണമായി. പുതിയത് പഴയതിൽ മറഞ്ഞിരുന്നു. പഴയത് പുതിയതിൽ വെളിവായി (ദെയി വേർബും, 4,15-16).

മിശിഹായെ പറ്റിയുള്ള പ്രവചനങ്ങൾ പഴയനിയമ ഗ്രന്ഥങ്ങളിൽ നിന്ന് തെരഞ്ഞു പിടിച്ച് ശേഖരിക്കുകയും അപഗ്രഥിക്കുകയും ചെയ്യാനുള്ള പരിശ്രമം യഹൂദരുടെ ഇടയിൽ തന്നെ ഉണ്ടായിട്ടുണ്ട്. അത്തരം സമാഹാരങ്ങൾ പുതിയനിയമ ഗ്രന്ഥകർത്താക്കൾ തങ്ങളുടെ രേഖകളിൽ ഉപയോഗിച്ചു. പ്രവചനങ്ങളുടെ പൂർത്തീകരണം നസ്രായനേശുവിൽ സംഭവിച്ച തായി അവർ കാണിച്ചുകൊടുത്തു.


www.malankaralibrary.com

ചെറിയ പ്രവാചകന്മാരിലെ ഇത്തരം പ്രസ്താവനകളെപ്പറ്റി ചുരുക്കമായി ഈ ലഘുഗ്രന്ഥത്തിൽ ബഹു. ചേടിയത്ത് ഗീവർഗീസ് മൽപ്പാനച്ചൻ ചർച്ച ചെയ്യുന്നു.

ക്രിസ്തീയ സഭയിലെ പുരാതന പിതാക്കന്മാരുടെ വ്യാഖ്യാനങ്ങൾ കൂട്ടുപിടിച്ചാണ് ഇത് തയാറാക്കിയിരിക്കുന്നത്. അച്ചൻ തയാറാക്കിയ "മോശയുടെ ഗ്രന്ഥം ഒരിജന്റെ പ്രസംഗങ്ങളിൽ" (2012), "ഒരിജന്റെ വീക്ഷണങ്ങൾ'' (2016), ''സങ്കീർത്തനങ്ങളിലെ മിശിഹാ'' (2016), "ഇസ്രായേലിന്റെ പരിശുദ്ധൻ (2018) എന്നീ ഗ്രന്ഥങ്ങളുടെ തുടർച്ചയാണ് "ദൈവത്തിന്റെ ഇസ്രായേൽ" (2018) എന്ന ഈ ഗ്രന്ഥം.

നമ്മുടെ കർത്താവിനെപ്പറ്റി പ്രവചനങ്ങളുടെ വെളിച്ചത്തിൽ കൂടുതലായി അറിയാൻ ഈ പഠനങ്ങൾ സഹായകമാണ്. മൂന്നു ഭാഗങ്ങളുള്ള ഈ ഗ്രന്ഥത്തിന്റെ ഒന്നാം ഭാഗത്താണ് പന്ത്രണ്ട് പ്രവാചകന്മാരിൽ കാണുന്ന ക്രിസ്തോന്മുഖ പ്രസ്താവനകൾ അപഗ്രഥിക്കുന്നത്. മറ്റു രണ്ടു ഭാഗങ്ങളിൽ ഒന്നാം ഭാഗത്തോട് ബന്ധപ്പെട്ട ആനുകാലിക പ്രസക്ത ലേഖനങ്ങൾ ഉൾക്കൊള്ളുന്നു.

ബഹുമാനപ്പെട്ട അച്ചൻ സഭയ്ക്കു ചെയ്യുന്ന എല്ലാ ശുശ്രൂഷകളും സന്തോഷത്തോടെ കാണുന്നു. പ്രത്യേകിച്ച്, സഭാപിതാക്കന്മാരെ കുറിച്ച് പഠിക്കുവാനും അത് പൊതുസമൂഹത്തിനും സഭാമക്കൾക്കും സുവിദിതമാക്കുവാനും അച്ചൻ കാണിക്കുന്ന സമർപ്പണത്തെയും ത്യാഗസന്നദ്ധതയെയും സഭയുടെ നാമത്തിൽ ഞാൻ ശ്ലാഘിക്കുന്നു. ബ. അച്ചന്റെ രചനസരണിയിൽ ഇനിയും ധാരാളം ഗ്രന്ഥങ്ങൾ ഉടലെടുക്കട്ടെ എന്ന് പ്രാർഥിക്കുന്നു.അച്ചന്റെ ഉദ്യമത്തെ ദൈവം സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

മോസ്റ്റ് റവ.യൂഹാനോൻ മാർ ക്രിസൊസ്റ്റോം
പത്തനംതിട്ട മെത്രാപ്പോലീത്താ

# 1
# ചെറിയ പ്രവാചകന്മാർ

ചെറിയ പ്രവാചകന്മാർ (ദോദെക്കാ പ്രൊഫെതോൺ, മൈനർ പ്രോഫറ്റ്സ്) എന്ന പേരിൽ അറിയപ്പെടുന്ന പന്ത്രണ്ട് പ്രവാചകന്മാർ ചുരുങ്ങിയ പ്രവചനം മാത്രം നടത്തിയവരാണ്. താഴെ പറയുന്നവരാണവർ: ആമോസ്, ഹോസിയാ, മിക്കാ, സെഫനിയാ, നാഹും, ഹബക്കുക്ക്, ഹഗ്ഗായി, സക്കറിയാ, മലാക്കി, ഒബദിയാ, ജോയേൽ, യോനാ. ചെറിയ പ്രവാചകന്മാർ എന്നറിയപ്പെടുന്നതു കൊണ്ട് ഇവർക്ക് പ്രാധാന്യം കുറവാണെന്ന് കരുതേണ്ടതില്ല.

ഏശായായുടെ സമകാലികനായ മിക്കാ യൂദയായിലും, ആമോസ്, ഹോസിയാ, സക്കറിയാ എന്നിവർ വടക്കൻ രാജ്യമായ ഇസ്രായേലിലും ബി.സി. എട്ടാം നൂറ്റാണ്ടിൽ പ്രസംഗിച്ചു. ഇസ്രായേലിന്റെ തലസ്ഥാനമായ സമറിയായുടെ പതനത്തെപ്പറ്റിയാണ് അവിടെ പ്രസംഗിച്ചവർ മുഖ്യമായി അറിയിച്ചത്. അസ്സീറിയാക്കാർ ഇസ്രായേലിനെ ആക്രമിച്ച് സമറിയാ കീഴടക്കിയത് 721 ബി.സി.യിലാണ്. പ്രവാചകവചനം പോലെ അവർ സമറിയാ തകർത്ത് തരിപ്പണമാക്കി, ജനത്തെ അസ്സീറിയൻ തലസ്ഥാനമായ നിനിവെയിലേക്കും സമീപപ്രദേശങ്ങളിലേക്കും നാടുകടത്തി. അങ്ങനെ ഇസ്രായേൽ രാജ്യം എന്നേക്കുമായി അസ്തമിച്ചു.

ബി.സി.ഏഴാം നൂറ്റാണ്ടിൽ ജീവിച്ച സെഫനിയാ, നാഹും, ഹബക്കുക്ക് എന്നിവർ യൂദയായുടെ അന്ത്യത്തെപ്പറ്റി പ്രസംഗിച്ചു. കൽദായർ (ബാബിലോണിയാക്കാർ) അസ്സീറിയാക്കാരെ തോൽപ്പിച്ച് ബി.സി.612-ൽ നിനിവെ കീഴടക്കി. തുടർന്ന് അവർ യൂദയായെ ആക്രമിച്ച് ജറുസലേം പിടിച്ചടക്കി. സോളമൻ പണിത ദൈവാലയം തീയിട്ടു, ജനത്തെ അടിമകളാക്കി ബാബിലോണിലേക്ക് കൊണ്ടുപോയി. ബി.സി. 598-ലും 587-ലുമാണ് ഇതു നടന്നത്. ദൈവാലയത്തിലെ നിധികളും പാത്രങ്ങളുമെല്ലാം കൊള്ളയടിച്ച് കടത്തി. ബാബിലോണിയൻ അടി

 www.malankaralibrary.com

മത്തം വരെയുള്ള പ്രവാചകന്മാർ അതേപ്പറ്റി ജനത്തിനു മുന്നറിയിപ്പു നൽകി.

മേദ്യർ കൽദായരെ പരാജയപ്പെടുത്തി ബി.സി.ആറാം നൂറ്റാണ്ടിൽ പേർഷ്യൻ സാമ്രാജ്യം സ്ഥാപിച്ച് ഭരണാധികാരികളായപ്പോൾ പ്രവാസികളായ യഹൂദർക്ക് തിരികെ പോകുന്നതിനും ദൈവാലയം നിർമിക്കുന്നതിനും അനുവാദം ലഭിച്ചു. അതിനുശേഷം വന്ന പ്രവാചകന്മാരൊക്കെ ദൈവാലയ നിർമാണത്തെപ്പറ്റിയാണ് മുഖ്യമായും പ്രസംഗിച്ചത്. പ്രവാചകന്മാരെല്ലാം മാനസ്സാന്തരത്തിനായി ജനത്തെ പ്രേരിപ്പിച്ചുകൊണ്ടിരുന്നു. രക്ഷകന്റെ വരവുമായി ബന്ധപ്പെടുത്തി അവർ പല പ്രവചനങ്ങളും നടത്തി. രക്ഷ ഇസ്രായേലിനു മാത്രമല്ല സർവജനങ്ങൾക്കും ഉള്ളതാണെന്ന് പിൽക്കാല പ്രവാചകന്മാർ അറിയിച്ചു. ജറുസലേം ദൈവാലയത്തിലെ മൃഗബലികൾക്കു പകരം സ്തോത്രബലിക്ക് അവർ പ്രാധാന്യം നൽകി. തൻമൂലം വിപ്രവാസത്തിനു മുമ്പുള്ള അവസ്ഥയിൽ നിന്ന് വ്യത്യസ്തമായി ചിന്തിക്കാനുള്ള പ്രേരണ ജനത്തിന് പ്രവാചകന്മാർ നൽകി. ദൈവാരാധനയുമായി അഭേദ്യം ബന്ധപ്പെട്ടതാണ് സാമൂഹ്യനീതിയെന്ന് ജനത്തെ പഠിപ്പിക്കാൻ പ്രവാചകന്മാർ പരിശ്രമിച്ചു. ന്യായവും നീതിയും സത്യവും ധർമവും ഉണ്ടെങ്കിലെ നിലനിൽപ്പുള്ളു എന്ന് അവർ പഠിപ്പിച്ചു.

റോമാക്കാർ യഹൂദരെ ക്രിസ്തുവർഷം 135-ൽ റോമാസാമ്രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിലേക്ക് ചിതറിച്ചതോടുകൂടി ജറുസലേം ദൈവാലയത്തിലെ മൃഗബലി എന്നേക്കുമായി അവസാനിച്ചു. ദൈവാലയം സ്ഥിതി ചെയ്തിരുന്ന സ്ഥലത്ത് ക്രി.വ.8-ാം നൂറ്റാണ്ടു മുതൽ ഒരു മുസ്ലീം പള്ളിയാണ്. ആ സ്ഥലത്ത് ക്രിസ്തീയ ദൈവാലയം പണിയാൻ ക്രിസ്ത്യാനികൾ മുതിർന്നില്ല. ഇനിയും മൃഗബലിയുടെ ആവശ്യമില്ലാത്തതിനാൽ, ഇപ്പോഴത്തെ ഇസ്രായേൽ ഭരണാധികാരികളും പഴയ പള്ളി അതുപോലെ പുനഃസ്ഥാപിക്കാൻ തുനിഞ്ഞില്ല. ഇന്നും അവർക്ക് ദൈവാലയവും പുരോഹിതനും ബലിയും ദൈവാലയവുമായി ബന്ധപ്പെട്ട അനുഷ്ഠാനങ്ങളുമില്ല. വിപ്രവാസ കാലത്തും മൃഗബലി ഇല്ലായിരുന്നു. സിനഗോഗിലെ പ്രാർഥന മാത്രമാണ് അവർക്കുള്ളത്. ഇപ്രകാരമുള്ള സ്തോത്രബലിക്കാണ് ചെറിയ പ്രവാചകന്മാർ ഊന്നൽ കൊടുത്തത്. സാമൂഹ്യനീതിയിൽ അധിഷ്ഠിതമായ സാമൂഹ്യവ്യവസ്ഥിതിയാണ് അവർ അവതരിപ്പിച്ചത്. ഇസ്രായേൽ ചിതറിക്കപ്പെട്ടെങ്കിലും കൂട്ടിച്ചേർക്കപ്പെടുമെന്നും ലോകത്തിൽ മഹാദീപമായി പ്രശോഭിക്കുമെന്നും അവർ ദർശിച്ചു. ഇസ്രായേലിന്റെ ശത്രുക്കൾ പാടേ തകർന്നടിഞ്ഞു പോകുമെന്നും വാഗ്ദാനങ്ങളിൽ വിശ്വസ്തനായ ദൈവം, പിതാക്കന്മാരോടു ചെയ്ത വാഗ്ദാനം അനുസരിച്ച് ഇസ്രായേലിനെ അനുഗ്രഹിക്കുമെന്നും അവർ പ്രവചിച്ചു.

# 2
# ഹോസിയാ

വടക്കൻ രാജ്യമായ ഇസ്രായേലിൽ ബി.സി. എട്ടാം നൂറ്റാണ്ടിൽ പ്രസംഗിച്ച ഹോസിയാ പ്രവാചകൻ, ആമോസ് പ്രവാചകന്റെ സമകാലികനായിരുന്നു. ജറോബോവാം രാജാവിന്റെ കാലത്തായിരുന്നു പ്രവചനം. ആഭ്യന്തരകലാപവും വിദേശാക്രമണവും കൊണ്ട് പൊറുതിമുട്ടിയ കാലമായിരുന്നു അത്. അസ്സീറിയാക്കാർ ബി.സി. 721–ൽ ഇസ്രായേലിൽ കടന്നാക്രമണം നടത്തി ജനത്തെ അടിമകളാക്കി അസ്സീറിയായിലേക്ക് കൊണ്ടുപോയി.

ഹോസിയാ പ്രവൃത്തിയിലൂടെയുള്ള ഉപമ അവതരിപ്പിക്കുന്നു. അതിന് ആന്തരികാർഥമുണ്ട്. ഉപമ ഇപ്രകാരമാണ്. അദ്ദേഹം ഒരു സ്ത്രീയെ വിവാഹം കഴിച്ചു. എന്നാൽ അവൾ അവിശ്വസ്തയായി, അവനെ ഉപേക്ഷിച്ചുപോയി. എന്നാൽ അവൻ അവളെ തുടർന്നും സ്നേഹിച്ചിരുന്നു. അതുകൊണ്ട് അവളെ തുടർന്നും സ്വീകരിക്കാൻ അവൻ തയാറായി.

തന്റെ ജനത്തോട് യാഹ്വെയ്ക്കുള്ള സ്നേഹം വെളിപ്പെടുത്തുന്ന സംഭവ പ്രവചനമാണിത്. കർത്താവിന്റെ “വധുവായ” ഇസ്രായേൽ അവിശ്വസ്തയും വേശ്യയുമായിത്തീർന്നു. കർത്താവ് അതിൽ രോഷാകുലനും അസൂയാലുവും ആയി. എങ്കിലും ഇസ്രായേലിനോടുള്ള കർത്താവിന്റെ സ്നേഹം നിലനിന്നു. അവളെ അവിടുന്ന് ശിക്ഷിച്ചെങ്കിലും, അനുതപിച്ച് തിരിച്ചെത്തുന്നതിനായിരുന്നു ശിക്ഷ.

ഇത് ദൈവവുമായി ഓരോ മനുഷ്യാത്മാവിനുമുള്ള ബന്ധത്തെ പറ്റിയും പറയാം. മനുഷ്യന്റെ തിരിച്ചുവരവും മാനസ്സാന്തരവുമാണ് ദൈവം കാംക്ഷിക്കുന്നത്, അവന്റെ നിത്യമരണമല്ല എന്ന ഒരു പാഠംകൂടി

 www.malankaralibrary.com

ഇതിൽ ഉൾപ്പെടുന്നു. ക്രിസ്തുവും സഭയും തമ്മിലുള്ള ബന്ധത്തെയും ഈ ഉപമ സൂചിപ്പിക്കുന്നതായി പലരും വ്യാഖ്യാനിക്കുന്നു.

ദൈവത്തിന് ഇസ്രായേലുമായുള്ള ബന്ധം വിവാഹബന്ധ പദപ്രയോഗങ്ങളിലൂടെ വിവരിക്കുന്ന ആദ്യവിവരണമാണിത്. കാരുണ്യം വാരിക്കോരി ചൊരിഞ്ഞിട്ടും, ഇസ്രായേൽ അത് മനസ്സിലാക്കിയില്ല. അവർ കർത്താവിനെ വിട്ട് വിഗ്രഹാരാധനയിലേക്ക് തിരിഞ്ഞു. അത് വ്യഭിചാരമായി ചിത്രീകരിച്ചിരിക്കുന്നു. അജ്ഞരും അത്യാഗ്രഹികളുമായ പുരോഹിതർ ജനത്തെ വഴിതെറ്റിച്ചു. രാജാക്കന്മാർ ചുറ്റുമുള്ള നാടുകളിലെ നേതാക്കളെപ്പോലെ പെരുമാറി. നാട്ടിൽ അനീതിയും ക്രൂരതയും സർവത്ര നടമാടി. ഇതാണ് പ്രവചനപശ്ചാത്തലം. ഇസ്രായേലിന്റെ തകർച്ച മാത്രമല്ല, അവരുടെ വീണ്ടെടുപ്പും ഹോസിയാ പ്രവചിക്കുന്നു.

## ദൈവകാരുണ്യപ്രഘോഷണം

ദൈവം പ്രപഞ്ചത്തെയും സകല ചരാചരങ്ങളെയും, പ്രത്യേകമായി തന്റെ ച്ഛായയും സാദൃശ്യവുമായ മനുഷ്യനെയും സ്നേഹിക്കുന്നു. ദൈവം മനുഷ്യനല്ല, ദൈവമാണ്; ശാരീരികനല്ല, ആത്മീയനാണ്. ഈ പ്രപഞ്ചം തന്നെ വളരെ വിസ്തൃതമാണ്. അതിന്റെ ആഴം ഇതുവരെയും മനുഷ്യൻ കണ്ടെത്തിയിട്ടില്ല. അതിലെ ഒരു പൊടിയായ ധരയെ പറ്റിപ്പോലും മനുഷ്യന് പൂർണമായ അറിവില്ല. സൃഷ്ടയാഥാർഥ്യമായ പ്രപഞ്ചത്തെപ്പറ്റി ഇപ്രകാരമാണെങ്കിൽ, സ്രഷ്ടാവായ ദൈവം എപ്രകാരമായിരിക്കും!

ദൈവത്തിന്റെ സ്നേഹം ഒരിക്കലും അസ്തമിക്കുന്നില്ല. വേശ്യയെ വേട്ടവനെയും വ്യഭിചാരിണിയെ കെട്ടിയവനെയും അവൻ തള്ളിക്കളയുന്നില്ല. ചുങ്കക്കാരെയും പാപികളെയും വ്യഭിചാരികളെയും പാർശ്വവൽക്കരിക്കപ്പെട്ട മറ്റെല്ലാവരെയും അവിടുന്ന് സ്നേഹിക്കുന്നു. ഹോസിയായുടെ വിവാഹകഥയിലൂടെ ഇതു പഠിപ്പിക്കാനാണ് ദൈവം ആഗ്രഹിക്കുന്നത്. 'ദൈവം കോപിച്ചു, ദൈവം ശിക്ഷിച്ചു, ദൈവം ശാസിച്ചു' എന്നു തുടങ്ങി മാനുഷിക ഭാഷയിൽ പറയുന്ന പദപ്രയോഗങ്ങളുടെ ആത്യന്തികലക്ഷ്യം അനുതാപത്തിലേക്ക് മനുഷ്യരെ ആനീതരാക്കുക എന്നതാണ്. താൻ സൃഷ്ടിച്ചവയെല്ലാം നല്ലതെന്നു പറഞ്ഞ ദൈവത്തിന് (ഉത്പ.1,31) തന്റെ ഒരു സൃഷ്ടിയെയും ദ്വേഷിക്കാനാവില്ല. സൃഷ്ടി സ്രഷ്ടാവിനെ തിരിച്ചറിയണമെന്നുമാത്രം.

''ഇസ്രായേൽ ശിശു ആയിരുന്നപ്പോൾ ഞാൻ അവനെ സ്നേഹിച്ചു. ഈജിപ്തിൽ നിന്ന് ഞാൻ എന്റെ മകനെ വിളിച്ചു. എഫ്രായിമിനെ നടക്കാൻ പഠിപ്പിച്ചത് ഞാനാണ്. ഞാൻ അവരെ എന്റെ കൈകളിൽ എടുത്തു...കരുണയുടെ കയർ പിടിച്ച് ഞാൻ അവരെ നയിച്ചു. ഞാൻ അവർക്ക് ഭക്ഷണം നൽകി...എഫ്രായിം ഞാൻ നിന്നെ എങ്ങനെ ഉപേക്ഷിക്കും? ഇസ്രായേൽ, ഞാൻ നിന്നെ എങ്ങനെ കൈവിടും?..എന്റെ അനുകമ്പ ഊഷ്മളവും ആർദ്രവുമായിരിക്കുന്നു... ഞാൻ അവരെ സ്വഭവനങ്ങളിൽ എത്തിക്കും'' (ഹോസി 11,1-11).

"നീ ഈജിപ്ത് ദേശത്ത് ആയിരുന്ന നാൾ മുതൽ നിന്റെ ദൈവമായ കർത്താവ് ഞാനാണ്. എന്നെയല്ലാതെ മറ്റൊരു ദൈവത്തെ നീ അറിയുന്നില്ല. ഞാനല്ലാതെ മറ്റൊരു രക്ഷകനില്ല. മരുഭൂമിയിൽ വച്ച് നിന്നെ അറിഞ്ഞത് ഞാനാണ്'' (ഹോസി 13,4-5). "ഞാൻ അവരുടെമേൽ സ്നേഹം ചൊരിയും"(ഹോസി 14,4). "ജീവിക്കുന്ന ദൈവത്തിന്റെ മക്കൾ എന്ന് അവരെപ്പറ്റി പറയപ്പെടും" (ഹോസി 1,10). ഈ ഗ്രന്ഥത്തിൽ ഉടനീളം കർത്താവ് കരുണ നിറഞ്ഞ വാക്കുകൾ ഉരുവിടുന്നു (ഹോസി 2,14-23).

ഇസ്രായേലിനോട് പറയുന്നതുപോലെ കർത്താവ് ഓരോ മനുഷ്യാത്മാവിനോടും പറയുന്നു. ദൈവത്തിന്റെ കരുണയും കരുതലും സ്നേഹവും പരിഗണനയും അനുകമ്പയും യേശുവായി മർത്യവേഷം ധരിച്ച് നമ്മുടെ ഇടയിലേക്ക് കടന്നുവന്നു. ദൈവത്തിന് മനുഷ്യരോടുള്ള സ്നേഹം ഭാര്യാഭർതൃബന്ധം എന്ന ദൃഷ്ടാന്തത്തിലൂടെ വിശദീകരിക്കാൻ ഹോസിയാ പ്രവാചകൻ ശ്രമിച്ചു. മനുഷ്യർ അനുതപിക്കണം എന്ന ഒറ്റ സംഗതിയാണ് ദൈവം ആഗ്രഹിക്കുന്നത്. അനുതപിക്കുന്നവരെ ഇരുകരവും നീട്ടി സ്വീകരിക്കാൻ അവിടുന്ന് തയാറാണ്. "നല്ല പിതാവിന്റെ ഉപമയിലൂടെ" (ലൂ 15,11-32) നമ്മുടെ കർത്താവ് വ്യക്തമാക്കിയത് ഇതാണ്. അവിടുന്ന് പാപികളെ തേടിവന്നു. അവരെ വിധിക്കാനല്ല, പാപത്തിൽ നിന്നു രക്ഷിക്കാൻ വന്നു. ഇതാണ് പ്രവൃത്തിയിലൂടെ ഹോസിയാ പ്രവചിച്ചിരിക്കുന്നത്.

ആ വേശ്യയിൽ ഉണ്ടായ മക്കൾ: ജസ്രാഹേൽ (ജസ്രേൽ, ദൈവികബീജം), ലോ റൂഹാമാ (കരുണ ലഭിക്കാത്തവൾ), ലോ അമ്മീമി (എന്റെ ജനമല്ല). അന്നു ഭരിച്ചുകൊണ്ടിരുന്ന ഇസ്രായേൽ രാജാവായ യേഹുവിന്റെ രാജത്വം ജസ്രേൽ ("ദൈവികബീജം") അവസാനിപ്പിക്കും. അങ്ങനെ ചരിത്രപരമായി ഇസ്രായേലിന്റെ ഭരണം അവസാനിക്കും.

വിജാതിയർ-കരുണ ലഭിക്കാത്തവരും തന്റെ ജനമല്ലാത്തവരും- കരുണയ്ക്ക് അർഹരാകുകയും, തന്റെ ജനമായി തീരുകയും ചെയ്യും എന്നതാണ് അന്ത്യോന്മുഖമായി ഇതിനർഥം.

മിശിഹായുടെ ആഗമനവുമായി ബന്ധപ്പെടുത്തിയാണ് ഈ ഭാഗത്തിന്റെ വ്യാഖ്യാനം: "എങ്കിലും ഇസ്രായേൽ വർധിച്ചു പെരുകും" (ഹോസി 1,10). ജീവിക്കുന്ന ദൈവത്തിന്റെ മക്കൾ എന്ന് വിജാതിയർ വിളിക്കപ്പെടും. ഇസ്രായേലും വിജാതിയരും ഒന്നായിത്തീരും. അവർ ഐശ്വര്യം പ്രാപിക്കും. ജസ്രേൽ എന്ന മിശിഹാനാഥൻ മഹത്വ പൂർണനാകും(ഹോസി 1,10-11). അവിശ്വസ്തയായ ഭാര്യ തിരിച്ചു വരുമ്പോൾ, അവളെ അവൻ സമൃദ്ധമായി അനുഗ്രഹിക്കും: "എന്നേ ക്കുമായി ഞാൻ നിന്നെ പരിഗ്രഹിക്കും. നീതിയിലും സത്യത്തിലും സ്നേഹത്തിലും കാരുണ്യത്തിലും ഞാൻ നിന്നെ സ്വീകരിക്കും. വിശ്വസ്തതയിൽ ഞാൻ നിന്നെ സ്വന്തമാക്കും. നീ കർത്താവിനെ അറിയും" (ഹോസി 2,19-20). "അന്നു ഞാൻ ആകാശത്തിന് ഉത്തരമ രുളും; ആകാശം ഭൂമിക്കും...അവ ജസ്രേലിന് ഉത്തരമരുളും. കരുണ ലഭിക്കാത്തവളോട് ഞാൻ കരുണ കാണിക്കും. എന്റെ ജനമല്ലാത്ത വരോട് എന്റെ ജനമാണെന്ന് ഞാൻ പറയും. നീയെന്റെ ദൈവമാണെന്ന് അവരും പറയും" (ഹോസി.2,21-23).

വഴിവിട്ടുനടന്ന ഇസ്രായേലിനെയും ജനമല്ലാതിരുന്ന വിജാതിയ രെയും ദൈവം യേശുക്രിസ്തുവിൽ ഒന്നിപ്പിക്കുന്നു. ഇരുകൂട്ടരും തെറ്റുകാരായിരുന്നു. ഇരുകൂട്ടരും വിഗ്രഹാരാധകരായിരുന്നു. അതെല്ലാം ക്ഷമിച്ച് കർത്താവ് അവരെ സ്വീകരിക്കുന്നു: "ദൈവമായ കർത്താവി ങ്കലേക്ക് തിരിച്ചുവരുക" (ഹോസി 14,1-2). അങ്ങനെ തിരിച്ചു വരുന്ന സകലരോടും കർത്താവ് കരുണ കാണിക്കും: "ഞാൻ അവരുടെ അവിശ്വസ്തതയുടെ മുറിവുണക്കും. ഞാൻ അവരുടെ മേൽ സ്നേഹം ചൊരിയും. കാരണം, അവരോടുള്ള എന്റെ കോപം അകന്നിരി ക്കുന്നു"(ഹോസി.14,4).

ഈ ഗ്രന്ഥത്തിന് അന്ത്യോന്മുഖമായ അർഥമുണ്ട്. ജസ്രേലിൽ സകല മനുഷ്യരും-പഴയ ഇസ്രായേലും വിജാതിയരും - ഒന്നുചേർന്ന് അനുഗ്രഹം പ്രാപിക്കുന്നതാണ് പ്രമേയം. കാരണം, കർത്താവ് എല്ലാവ രെയും സ്നേഹിക്കുന്നു. ഇക്കാര്യം റോമാലേഖനം വളരെ ഭംഗിയായി ചർച്ച ചെയ്യുന്നു (റോമ 1,18-3,31).

## മനുഷ്യന്റെ അവിശ്വസ്തത

ദൈവവും മനുഷ്യനും തമ്മിലുള്ള ബന്ധത്തിന്റെ വിവരണമായി ഹോസിയാ പ്രവചനം മനസ്സിലാക്കാം. അവിശ്വസ്തയായ സ്ത്രീ ഓരോ മനുഷ്യാത്മാവിനെയും കുറിക്കുന്നു. ദൈവത്തിന്റെ സ്നേഹം ഒരിക്കലും അസ്തമിക്കുന്നില്ല. എന്നാൽ മനുഷ്യൻ തനിക്കായി വിഗ്രഹങ്ങൾ നിർമിക്കുന്നു. ദൈവത്തിൽ നിന്ന് ഓടിയകന്ന ഇസ്രായേൽക്കാരെപ്പോലെ ഓരോ മനുഷ്യനും ഓടിപ്പോകുന്നു. എല്ലാവരും ഒരുപോലെ വിഗ്രഹാരാധന നടത്തുന്നു. ഒരു വിഗ്രഹം നിർമിച്ച് പൂജിക്കുന്നു എന്നല്ല അതിനർഥം. പിന്നെയോ, ദൈവത്തെക്കാൾ കൂടുതലായി കരുതുന്നവയെല്ലാം വിഗ്രഹങ്ങളാണ്. ഇസ്രായേലിന് സംഭവിച്ചതുപോലെ അതിന് അനന്തരഫലങ്ങളും ഉണ്ടാകും. അസ്സീറിയാക്കാരായ പിശാചുക്കൾ കെട്ടിവലിച്ച് അസ്സീറിയായിലേക്ക് കൊണ്ടുപോയി അടിമത്തത്തിലാഴ്ത്തും. അവിടെ അരിഷ്ടതയുടെ മധ്യത്തിൽ ദൈവത്തോട് നിലവിളിച്ച് മാനസ്സാന്തരപ്പെടും. അപ്പോഴും ദൈവം പറയും: “ഞാൻ അവളെ വശീകരിച്ച് വിജനസ്ഥലത്തേക്ക് കൊണ്ടുവരും...അവൾ എന്റെ വിളി കേൾക്കും. വിശ്വസ്തതയിൽ ഞാൻ നിന്നെ സ്വന്തമാക്കും” (ഹോസി 2,14-20). അതുകൊണ്ട് ദൈവത്തെ വിട്ടുപേക്ഷിക്കാൻ ഇടയാകാതിരിക്കട്ടെ. “കർത്താവിനോട് ചേർന്നു നിൽക്കുക. അവൻ നിങ്ങളോടും ചേർന്നു നിൽക്കും” (യാക്കോ 4,8).

## സഭയാകുന്ന പുതിയ ഇസ്രായേൽ (ഹോസി 1,10-11)

ഹോസിയായുടെ പുസ്തകത്തിൽ *യൂദാ* എന്നു പരാമർശിച്ചിരിക്കുന്നത് സഭയെപ്പറ്റി ചിലർ മനസ്സിലാക്കുന്നു. “ഇസ്രായേൽ ഭവനത്തിന്റെ രാജത്വം ഞാൻ അവസാനിപ്പിക്കും...എന്നാൽ യൂദാ ഗോത്രത്തോട് ഞാൻ കരുണ കാണിക്കും” (ഹോസി 1,4.7). ചരിത്രപരമായി ബി. സി. 621-ൽ വടക്കൻ രാജ്യമായ ഇസ്രായേൽ തകർന്നെങ്കിലും യൂദയാരാജ്യം കുറേനാൾ കൂടി നിലനിന്നു. ഇസ്രായേൽ വിഗ്രഹാരാധനയിൽ മുഴുകിയെങ്കിലും യൂദയാ ഏകദൈവവിശ്വാസത്തിൽ നിലനിന്നു. പഴയ ഇസ്രായേലിൽ നിന്നും വിജാതിയരിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട ജനം കർത്താവിനോട് വിശ്വസ്തത പുലർത്തും. “യൂദായിലെയും ഇസ്രായേലിലെയും ജനം ഒരുമിച്ചുചേരും” (1,11).


www.malankaralibrary.com

## സാമൂഹ്യതിന്മകൾ (ഹോസി 4,1-3;7,17; 10,4; 12,1)

വിഗ്രഹാരാധനയോടൊപ്പം സാമൂഹ്യതിന്മകളും ഇസ്രായേലിൽ വർധിച്ചുപെരുകി. ഹോസിയാ അതിന് ജനത്തെ കുറ്റപ്പെടുത്തുന്നു. പുരോഹിതന്മാർക്കും ജനനേതാക്കന്മാർക്കും ജനങ്ങൾക്കുമെല്ലാം എതിരെയാണ് വിമർശനം: "ഇവിടെ വിശ്വസ്തതയോ, സ്നേഹമോ ഇല്ല. ദൈവവിചാരം ദേശത്ത് അറ്റുപോയിരിക്കുന്നു. ആണയിടലും വഞ്ചനയും കൊലപാതകവും മോഷണവും വ്യഭിചാരവും സീമാതീതമായിരിക്കുന്നു. ഒന്നിനു പിറകെ ഒന്നായി കൊലപാതകം നടക്കുന്നു. അതിനാൽ ദേശം വിലപിക്കുന്നു. ദേശവാസികൾ ക്ഷയിക്കുന്നു. സമസ്തവും അപഹരിക്കപ്പെടുന്നു" (ഹോസി 4,1-3).

സത്യവും കാരുണ്യവും ഒന്നിച്ചുപോകേണ്ടതാണ്. ഒന്നില്ലെങ്കിൽ മറ്റതുമില്ല. ദൈവവിചാരത്തിന്റെ അഭാവത്തിൽ സകല മ്ലേച്ഛതയും നാട്ടിൽ നടമാടും. ദൈവത്തെപ്പറ്റിയുള്ള അറിവ് പകരേണ്ട പുരോഹിതന്മാർ ഉറക്കം നടിച്ച് കിടക്കുന്നു. ജനത്തിനെതിരെ ഹോസിയാ പ്രസംഗിക്കുന്നു (ഹോസി 4,4-10).

"ഗൂഢാലോചന കൊണ്ട് അവരുടെ ഹൃദയം തീച്ചൂളപോലെ ജ്വലിക്കുന്നു. രാത്രി മുഴുവൻ അവരുടെ കോപം മങ്ങിക്കിടക്കുന്നു. പ്രഭാതമാകുമ്പോൾ അത് ആളിക്കത്തുന്നു" (7,6). "പൊള്ളവാക്കുകൾ കൊണ്ട് അവർ ഉടമ്പടി ചെയ്യുന്നു. നിരന്തരം വ്യവഹാരങ്ങൾ പൊന്തിവരുന്നു (10,4). "അവർ വ്യാജവും അക്രമവും വർധിപ്പിക്കുന്നു...അവർ കൈയിൽ കള്ളത്തുലാസുമായി നടക്കുന്നു"(12,1.7). "അവർ വ്യാജമായി പെരുമാറുന്നു. കള്ളൻ അകത്തു കടക്കുന്നു. കവർച്ചക്കാരൻ പുറത്തു കൊള്ള നടത്തുന്നു...അവർ ദുഷ്ടതയും വഞ്ചനയും നിറഞ്ഞവരാണ് ...അവർ വ്യഭിചാരികളാണ്" (7,1-4).

ഇതു കൃത്യം ഇപ്പോൾ നമ്മുടെ നാട്ടിൽ പരക്കെ നടക്കുന്നു. ഇസ്രായേലിനെതിരെ പറഞ്ഞവ, ഇന്ന് നമുക്കെതിരെ പ്രവാചകൻ പറയുന്നു. ജനം ദൈവത്തെ മറന്നു, എന്തുമാകാം എന്നു കരുതുന്നു. ഗുണ്ടാകളും കൊലയാളികളും അഴിഞ്ഞാടുന്നു. കൈക്കൂലി സാർവത്രികമായി. ഉദ്യോഗം കിട്ടിയാൽ കൈക്കൂലിക്കുള്ള ലൈസൻസായി. കൈക്കൂലി കൂടാതെ യാതൊന്നും നടക്കില്ലെന്ന നിലയാണിന്ന്. എങ്ങനെയും പണം ഉണ്ടാക്കണമെന്ന ഒറ്റ ചിന്തയേ അനേകർക്കുമുള്ളു. ദൈവം കാണുന്നില്ല എന്ന മട്ടിൽ ഇക്കൂട്ടർ കഴിയുന്നു. കുട്ടികൾക്കും

സ്ത്രീകൾക്കും സുരക്ഷിതത്വം നഷ്ടപ്പെട്ടു. കള്ളും കഞ്ചാവും മയക്കുമരുന്നും സാർവത്രികമായി. ചെറുപ്പം മുതലേ ഇന്റർനെറ്റിന്റെയും മൊബൈലിന്റെയും തെറ്റായ പാതയിലൂടെയുള്ള സഞ്ചാരം അനേകരെ വഴിതെറ്റിക്കുന്നു. ഇവിടെ മനുഷ്യന് പരസ്പരബഹുമാനം കുറഞ്ഞു. ഓരോ വ്യക്തിയും തന്റെ സ്വന്തം മാളത്തിലേക്ക് ചുരുങ്ങി. അടുത്തുള്ള വരുമായുള്ള ബന്ധമറ്റുപോയി.

ദൈവചിന്ത നശിച്ചതിന്റെ അനന്തരഫലമാണിതെല്ലാം. മൂല്യ ത്തകർച്ച സാർവത്രികമാണ്. മൂല്യത്തിനുവേണ്ടി നിൽക്കുന്നവർ തന്നെ തുച്ഛം. മനുഷ്യരെ സംസ്കാരസമ്പന്നർ ആക്കേണ്ട കലാലയങ്ങൾ കാപാലികന്മാരെയും രാക്ഷസന്മാരെയും ഭീകരപ്രവർത്തകരെയും പടച്ചുവിടുന്നു. മനുഷ്യത്വത്തെ തന്നെ വെല്ലുവിളിക്കുന്ന തലമുറ ഉന്നത കലാലയങ്ങളിൽ നിന്നു പുറത്തുവരുന്നു. ഭരണകർത്താക്കൾ അതിന് ഒത്താശ ചെയ്തുകൊടുക്കുന്നു. കാരണം, അവർക്ക് ദൈവചിന്തയില്ല. സാംസ്കാരിക നായകന്മാർ എന്ന് അവകാശപ്പെടുന്നവർ രാഷ്ട്രീയ ക്കാരുടെ ചട്ടുകമായി മാറിയിരിക്കുന്നു. സിനിമാലോകം സാംസ്കാരിക മായി അധഃപതിച്ച അവസ്ഥയിലാണ്. ഈ നാട് എങ്ങോട്ടെന്ന് സാമൂഹ്യ സാംസ്കാരിക നായകന്മാരോ മതനേതാക്കളോ ചോദിക്കുന്നില്ല. അനീതി കണ്ടാൽ അവർ പ്രതികരിക്കുന്നില്ല, വിമർശിക്കുന്നില്ല. സ്വരമുയർത്തുന്നില്ല. അവരും സുഖസുഷുപ്തിയിൽ ലയിച്ചിരിക്കുന്നു.

## പുരോഹിതന്റെ കർത്തവ്യം (ഹോസി 4,4-10;5,1;6,9)

ഇസ്രായേലിലെ പുരോഹിതന്മാർക്കും വഴിതെറ്റിപ്പോയി. ജനത്തെ നേരായ വഴിയിൽ നയിക്കേണ്ടവർക്ക് വഴിതെറ്റിയാൽ ജനത്തിന്റെ കാര്യം പറയാനുണ്ടോ? ഇതിന് പ്രവാചകൻ കുറ്റപ്പെടുത്തുന്നു: "പുരോഹിതാ, നിനക്കെതിരെയാണ് എന്റെ ആരോപണം"(ഹോസി 4,4). കാരണം,"അജ്ഞത നിമിത്തം എന്റെ ജനം നശിക്കുന്നു. നീ വിജ്ഞാനം തിരസ്കരിച്ചതിനാൽ, എന്റെ പുരോഹിതൻ ആയിരിക്കുന്നതിൽ നിന്ന് നിന്നെ ഞാൻ തിരസ്കരിക്കുന്നു. നീ നിന്റെ ദൈവത്തിന്റെ കൽപ്പന തിരസ്കരിച്ചതിനാൽ, ഞാനും നിന്റെ സന്തതികളെ വിസ്മരിക്കും. അവർ പെരുകിയതോടൊപ്പം എനിക്കെതിരെയുള്ള അവരുടെ പാപവും പെരുകി. അവരുടെ മഹിമ ഞാൻ അപമാനമായി മാറ്റും. എന്റെ ജനത്തിന്റെ പാപം കൊണ്ട് അവർ ഉപജീവനം കഴിക്കുന്നു. ജനത്തിന്റെ തിന്മ അവർ അത്യധികം കാംക്ഷിക്കുന്നു. പുരോഹിതനെപ്പോലെ

ജനവും. അവരുടെ ദുർമാർഗങ്ങൾക്ക് ഞാൻ അവരെ ശിക്ഷിക്കും" (4,4-10). വീണ്ടും, "പുരോഹിതന്മാരേ, കേൾക്കുക...നിങ്ങളുടെമേൽ വിധി പ്രസ്താവിച്ചിരിക്കുന്നു"(5,1). "പതിയിരിക്കുന്ന കവർച്ചക്കാരെപ്പോലെ പുരോഹിതർ സംഘം ചേർന്നിരിക്കുന്നു. വഴിയിൽ അവർ കൊല നടത്തുന്നു. അവർ ഹീനകൃത്യം ചെയ്യുന്നു"(6,9).

ഇസ്രായേൽ പുരോഹിതന്മാർ തങ്ങളുടെ കർത്തവ്യം മറന്ന് സ്വാർഥതാൽപര്യത്തിനായി ജീവിച്ചു. അവർ അറിവില്ലാത്തവരായി മാറി. അവർ ജ്ഞാനം തിരസ്കരിച്ചു. വഞ്ചനയും കാപട്യവും കവർച്ചയും കൈമുതലാക്കി. നേതൃനിര വഷളായപ്പോൾ സമൂഹവും അധഃപതിച്ചു. പുരോഹിതരും ഒപ്പം ജനവും ദൈവത്തെ മറന്നു, ദൈവത്തെ പരിത്യജിച്ചു. അവർ ജനത്തിന് വലയും കെണിയുമായി മാറി.

## വിഗ്രഹാരാധന എന്ന വ്യഭിചാരം

പ്രവാചകദൃഷ്ടിയിൽ ഇസ്രായേലിന്റെ ഏറ്റവും വലിയ പാപം വിഗ്രഹാരാധനയാണ്. മണ്ണുകൊണ്ടോ മരം കൊണ്ടോ മറ്റു സൃഷ്ട വസ്തുക്കൾ കൊണ്ടോ നിർമിച്ച വിഗ്രഹത്തിൽ ദൈവത്വം ആരോപിച്ച് ദൈവമായി ആരാധിക്കുന്നതാണ് വിഗ്രഹാരാധന. സ്രഷ്ടാവിനു കൊടുക്കേണ്ട ആരാധന ഒന്നുമല്ലാത്ത വിഗ്രഹത്തിന് നൽകുന്നതാണ് വിഗ്രഹാരാധന. വിഗ്രഹം മനുഷ്യന്റെ കരവേല മാത്രമാണ്.

തിരുലിഖിതത്തിൽ ഉടനീളം വിഗ്രഹാരാധനയെ വ്യഭിചാരമായി ചിത്രീകരിക്കുന്നു. വ്യഭിചാരം, പരസംഗം, വേശ്യാവൃത്തി എന്നൊക്കെ പറഞ്ഞിരിക്കുന്നത് മിക്കതും വിഗ്രഹാരാധനയെ കുറിക്കുന്നു. ഹോസിയായോട് ഒരു വേശ്യയെ വിവാഹം ചെയ്ത് മക്കളെ ജനിപ്പി ക്കാൻ ആവശ്യപ്പെടുന്നു (ഹോസി 1,2). വീണ്ടും മറ്റൊരു സ്ത്രീയെ, ജാരവേഴ്ച ഉള്ളവളും വ്യഭിചാരിണിയുമായ ഒരുവളെ, വിവാഹം ചെയ്യാൻ ആവശ്യപ്പെടുന്നു (3,1). ഇത് പ്രവൃത്തിയിലൂടെയുള്ള പ്രവചന മാണ്. ചരിത്രത്തിൽ നടന്ന സംഗതിയല്ല. ഉപമകൾ സംഭവിക്കുന്നവ ആയിരിക്കണമെന്നില്ലല്ലോ. ഇതും പ്രത്യേകതരം ഉപമയാണ്. ഒന്നാമ ത്തെ സ്ത്രീ ഗർഭം ധരിച്ച് മൂന്നു മക്കളെ പ്രസവിച്ചു. ഈ മൂന്നു മക്കളും ദൃഷ്ടാന്തങ്ങളും ഉപമകളുമാണ്. അവരെപ്പറ്റി മുകളിൽ ചർച്ച ചെയ്തല്ലോ. "നിങ്ങളുടെ അമ്മയോട് വാദിക്കുക. വേശ്യവൃത്തി വലിച്ചെ റിയാനും മാറിൽ നിന്ന് പരസംഗം തുടച്ചു മാറ്റാനും അവളോട് വാദി ക്കുക" എന്ന് പറയുന്നു (2,2). മൂന്നു മക്കൾ ഉണ്ടായ ശേഷവും അവൾ

ഭർത്താവിനെ വിട്ടിട്ട് കാമുകന്മാരുടെ പിന്നാലെ പോയി (2,1-7). "എനിക്ക് ഭക്ഷണവും വെള്ളവും കമ്പിളിയും ചണവസ്ത്രങ്ങളും എണ്ണയും സുഗന്ധ ദ്യവ്യങ്ങളും തരുന്ന കാമുകന്മാരുടെ പിന്നാലെ ഞാൻ പോകുമെന്ന് അവൾ പറഞ്ഞു" (2,5).

അപ്പോൾ അവളുടെ വഴിതടഞ്ഞ് "അവൾക്കെതിരെ മതിൽ കെട്ടി യടയ്ക്കും" എന്ന് കർത്താവ് പറയുന്നു (2,6). അവൾക്ക് സമ്പദ് സമൃദ്ധി നൽകിയത് കാമുകന്മാരോ ബാൽവിഗ്രഹമോ അല്ല, കർത്താവാണ്. അവളത് മറന്നുകളഞ്ഞു."അവളെ സമ്പന്നയാക്കിയത് ഞാനാണെന്ന് അവൾ മനസ്സിലാക്കിയില്ല. അതുകൊണ്ട് അവൾക്ക് എല്ലായിടത്തും പരാജയവും തകർച്ചയും ഞാൻ നൽകും" (2,8-13). അങ്ങനെ കടുത്ത അരിഷ്ടതയിൽ ആയിരിക്കുമ്പോൾ അവളെ ഞാൻ തിരിച്ചെടുക്കും. അവളെ ഐശ്വര്യസമൃദ്ധിയിൽ എത്തിക്കും (2,14-23).

ഇത് ഇസ്രായേലിന്റെ ചരിത്രഭാഗമാണ്. ബാൽവിഗ്രഹത്തിന്റെ പിറകെപോയ ഇസ്രായേലിനെ സർവതും തകർത്ത് രാജ്യം ഇല്ലാതാക്കി അസ്സീറിയാക്കാർ നാടുകടത്തി. ആ വിപ്രവാസത്തിൽ വച്ച് അവർ ദൈവത്തെ വിളിച്ചപേക്ഷിച്ചു. ദൈവം അവരുടെ നിലവിളി കേട്ട് അവരെ സ്വീകരിച്ചു. "അന്ന് നീ എന്നെ പ്രിയതമൻ എന്നു വിളിക്കും. എന്റെ ബാൽ എന്ന് നീ മേലിൽ വിളിക്കയില്ല. ബാൽ ദേവന്മാരുടെ പേരുകൾ അവളുടെ അധരങ്ങളിൽ നിന്ന് ഞാനകറ്റും" (2,16-17).

ഇപ്പറഞ്ഞത് യൂദായ്ക്കും ബാധകമാണ്. അവരെ കൽദായർ ബാബിലോണിലേക്ക് നാടുകടത്തി. അവർ ദൈവത്തിൻ പക്കലേക്ക് തിരിഞ്ഞപ്പോൾ, ദൈവം അവരോട് മനസ്സലിഞ്ഞു. അവരെ തിരികെ അവരുടെ നാട്ടിലെത്തിച്ചു. - ദൈവത്തെ വിട്ടകലുന്ന സർവരുടെയും ഗതിയിതുതന്നെ.

ഹോസിയാ വിവരിക്കുന്ന രണ്ടാമത്തെ സ്ത്രീയുടെ കാര്യത്തിലും ഇപ്രകാരം തന്നെ: "ഞാൻ അവളോടു പറഞ്ഞു, നീ വ്യഭിചരിക്കരുത്. അന്യപുരുഷന്റേതാകരുത്"(3,3). വിഗ്രഹങ്ങളില്ലാതെ വിപ്രവാസത്തിൽ ദീർഘനാൾ കഴിയുമ്പോൾ, "ആ നാളുകളിൽ ഭയഭക്തികളോടെ അവർ കർത്താവിന്റെ അടുക്കൽ തിരിച്ചുവരും. അവിടുത്തെ കൃപയ്ക്ക് അവർ പാത്രമാകും" (3,5).

തുടർന്നുള്ള അധ്യായങ്ങളും ജനത്തിന്റെ വിഗ്രഹാരാധനയുടെ വിവിധ വശങ്ങളും സാമുഹ്യതിന്മകളും നിരത്തി വയ്ക്കുന്നു.

 www.malankaralibrary.com

“തടിക്കഷണത്തോട് എന്റെ ജനം ഓരോ സംഗതി ആരായുന്നു. ..വ്യഭിചാരദുർഭൂതം അവരെ വഴിതെറ്റിച്ചു. പരസംഗത്തിനുവേണ്ടി അവർ തങ്ങളുടെ ദൈവത്തെ പരിത്യജിച്ചു. ഗിരിശൃംഗങ്ങളിൽ അവർ ബലിയർപ്പിക്കുന്നു. മരങ്ങളുടെ ചുവട്ടിൽ അർച്ചന നടത്തുന്നു... പുത്രിമാർ വേശ്യവൃത്തി നടത്തുന്നു. ഭാര്യമാർ പരസംഗം ചെയ്യുന്നു. പുരുഷന്മാർ പരസംഗത്തിൽ ഏർപ്പെടുന്നു. ദേവദാസികളോടൊത്ത് ബലിയർപ്പിക്കുന്നു” (4,12-14). വീണ്ടും, “എഫ്രായിം വിഗ്രഹങ്ങളെ പുണർന്നിരിക്കുന്നു. അവർ വ്യഭിചാരത്തിൽ മുഴുകുന്നു. മഹിമയേക്കാൾ മ്ലേച്ഛത കാംക്ഷിക്കുന്നു” (4,17-18). എഫ്രായിം എന്നു പറഞ്ഞിരിക്കുന്നത് ഇസ്രായേലിനെ പറ്റിയാണ്.

“എഫ്രായിം, നീ പരസംഗം ചെയ്തു. ഇസ്രായേൽ മലിനമാണ്. വ്യഭിചാരം അവരിൽ കുടികൊള്ളുന്നു. അവർ കർത്താവിനെ അറിയുന്നുമില്ല...അവിടുന്ന് അവരെ വിട്ടകന്നിരിക്കുന്നു. അവർ കർത്താവിനോട് അവിശ്വസ്തത കാട്ടി” (5,3-7). “അവർ ഹീനകൃത്യം ചെയ്യുന്നു...ഇസ്രായേൽ മലിനമായിരിക്കുന്നു”(6,9-10).“അവർ വ്യഭിചാരികളാണ്” (7,4). “അവർ, വഴിതെറ്റി എന്നിൽ നിന്ന് അകന്നു പോയിരിക്കുന്നു...അവർ ബാലിലേക്ക് തിരിയുന്നു” (8,13-15). “ഇസ്രായേലേ, നീ നിന്റെ ദൈവത്തെ പരിത്യജിച്ച്, പരസംഗത്തിൽ ഏർപ്പെട്ടു. എല്ലാ മെതിക്കളത്തിലും വേശ്യാവേതനം അഭിലഷിച്ചു” (9,1). ഇസ്രായേൽ വിഗ്രഹാരാധന ഉപേക്ഷിച്ച് കർത്താവിങ്കലേക്ക് തിരിഞ്ഞാൽ അനുഗ്രഹത്തിന് പാത്രമാകുമെന്ന് കർത്താവ് ഉടനീളം പറയുന്നു. “ഞാൻ അവരുടെ അവിശ്വസ്തതയുടെ മുറിവുണക്കും. ഞാൻ അവരുടെമേൽ സ്നേഹം ചൊരിയും”(14,4). - ഈ വിവരണങ്ങൾ എല്ലാ മനുഷ്യർക്കും ഉള്ളതാണ്. ഇസ്രായേലിനു മാത്രമുള്ളതല്ല.

## കർത്താവിന്റെ മൂന്നാം ദിവസം (6,1-4)

“എഴുതപ്പെട്ടിരിക്കുന്നതുപോലെ ക്രിസ്തു മൂന്നാംദിവസം ഉയിർപ്പിക്കപ്പെട്ടു” എന്ന് വി.പൗലോസ് ശ്ലീഹാ പരാമർശിച്ചിരിക്കുന്നത് ഈ ഭാഗമാണ് (1കൊറി.15,3-4). “കർത്താവ് നമ്മെ ചീന്തിക്കളഞ്ഞു. അവിടുന്നു തന്നെ സുഖപ്പെടുത്തും. അവിടുന്ന് നമ്മെ പ്രഹരിച്ചു. അവിടുന്നു തന്നെ മുറിവുകൾ വച്ചുകെട്ടും. രണ്ടു ദിവസത്തിനു ശേഷം അവിടുന്ന് നമുക്ക് ജീവൻ തിരിച്ചുതരും. മൂന്നാംദിവസം അവിടുന്ന് നമ്മെ ഉയിർപ്പിക്കും. നാം അവിടുത്തെ സന്നിധിയിൽ ജീവിക്കേണ്ടതിനു

തന്നെ" (ഹോസി 6,1-2). "അവിടുത്തെ ആഗമനം പ്രഭാതം പോലെ സുനിശ്ചിതമാണ്. മഴപോലെ, ധരയെ നനയ്ക്കുന്ന വസന്ത വൃഷ്ടി പോലെ, അവിടുന്ന് നമ്മുടെ മേൽ വരും" (6,3-4).

നമ്മുടെ കർത്താവിന്റെ മനുഷ്യാവതാരവും ഉത്ഥാനവും വരെ ഈ വാക്യങ്ങൾ അർഥം കണ്ടെത്താതെ കിടന്നു. കർത്താവിന്റെ വരവിൽ അത് സുസ്പഷ്ടമായി. കർത്താവിന്റെ വരവിനെ പറ്റിയുള്ള പ്രവചനമാണ് ഹോസി 6,3-4. കർത്താവ്, തന്നോടു കൂടി നമ്മെയും ഉയിർപ്പിക്കും എന്നതാണ് 6,2-ന്റെ അർഥം. മൂന്നാംദിവസം അവിടുന്ന് ഉത്ഥാനം ചെയ്തു. തന്നിൽ വിശ്വസിക്കുന്നവരെയെല്ലാം അവിടുന്ന് തന്നോടുകൂടി ഉയിർപ്പിക്കും. രക്ഷ പ്രാപിച്ച കള്ളൻ നമ്മുടെ പ്രതി നിധിയാണ്. "നീ ഇന്ന് എന്നോടു കൂടെ പറുദീസായിൽ ആയിരിക്കും" (ലൂ 23,43). റോമാലേഖനത്തിൽ (6) നമ്മുടെ മരണത്തെയും ഉയിർപ്പി നെയും പറ്റി വി. പൗലോസ് ശ്ലീഹാ വിവരിക്കുന്നു. അതുകൊണ്ട് "കർത്താവിനെ അറിയാൻ നമുക്ക് ഏകാഗ്രതയോടെ ശ്രമിക്കാം (റോമ 6,3).

## ഇസ്രായേലിന്റെ തിരിച്ചുവരവ് (3,5;14,4-8)

ഇസ്രായേലിന് ഒരു തിരിച്ചുവരവ് ഉണ്ടാകുമെന്ന് ഹോസിയാ പ്രവചിച്ചു: "പിന്നീട് അവർ തിരിച്ചുവന്ന് തങ്ങളുടെ ദൈവമായ കർത്താവിനെയും രാജാവായ ദാവീദിനെയും അന്വേഷിക്കും. അവർ ഭയഭക്തികളോടെ കർത്താവിന്റെ അടുക്കൽ തിരിച്ചുവരും. അവിടുത്തെ കൃപയ്ക്ക് അവർ പാത്രമാകും"(3,5)."ഞാൻ അവളെ(വേശ്യയെ) വശീകരിച്ച് വിജനപ്രദേശത്തേക്ക് കൊണ്ടുവരും. അവളോട് ഞാൻ ഹൃദ്യമായി സംസാരിക്കും. അവിടെവച്ച് ഞാൻ അവൾക്ക് അവളുടെ മുന്തിരിത്തോട്ടങ്ങൾ നൽകും...അവിടെവച്ച് അവൾ എന്റെ വിളി കേൾക്കും...എന്നേക്കുമായി ഞാൻ നിന്നെ പരിഗ്രഹിക്കും. നിന്നെ ഞാൻ സ്വീകരിക്കും. നീതിയിലും കാരുണ്യത്തിലും സത്യത്തിലും സ്നേഹ ത്തിലും വിശ്വസ്തതയിലും ഞാൻ നിന്നെ സ്വന്തമാക്കും. കർത്താവിനെ നീ അറിയും" (2,14-22). "യൂദായിലെയും ഇസ്രായേലിലെയും ജനം ഒന്നിച്ചുചേരും. അവർ തങ്ങൾക്കായി ഒരു തലവനെ നിയമിക്കും. അവർ ദേശത്തു പടർന്ന് ഐശ്വര്യം പ്രാപിക്കും. ജറുസലേമിന്റെ ദിനം മഹത്വപൂർണമായിരിക്കും" (1,11). "കർത്താവിനെ തേടാനുള്ള സമയ മായി" (10,12). "അവർ കർത്താവിന്റെ പിന്നാലെ പോകും. അവിടുന്ന് സിംഹത്തെ പോലെ ഗർജിക്കും. അപ്പോൾ അവർ പടിഞ്ഞാറു നിന്ന്

പേടിച്ചുവിറച്ചു വരും. അവരെ ഞാൻ സ്വഭവനങ്ങളിൽ എത്തിക്കും" (11,10-11). "ഞാൻ അവരുടെ അവിശ്വസ്തതയുടെ മുറിവുണക്കും. ഞാൻ അവരുടെമേൽ സ്നേഹം ചൊരിയും. അവരോടുള്ള എന്റെ കോപം അകന്നിരിക്കുന്നു. ഇസ്രായേലിനു ഞാൻ തുഷാരബിന്ദുപോലെ ആയിരിക്കും. ലില്ലിപോലെ അവൻ പുഷ്പിക്കും. ഒലിവുപോലെ അവൻ വേരുറപ്പിക്കും. അവന്റെ ശാഖകൾ പടർന്ന് പന്തലിക്കും. അവന് ഒലിവിന്റെ മനോഹാരിതയും ലബനോന്റെ പരിമളവും ഉണ്ടായിരിക്കും. അവർ തിരച്ചുവന്ന് എന്റെ തണലിൽ വസിക്കും. പൂന്തോട്ടം പോലെ അവർ പുഷ്പിക്കും. ലബനോനിലെ വീഞ്ഞു പോലെ അവർ സൗരഭ്യം പരത്തും (14,4-7).

"തങ്ങളുടെ രാജാവായ ദാവീദ്"എന്നത് ദാവീദുവംശജനും അന്ത്യ ദാവീദുമായ മിശിഹായെ കുറിച്ചാണ്. ആ തിരിച്ചുവരവിന് ഒരുക്കമായിട്ടാണ് നൂറ്റാണ്ടുകൾക്കു ശേഷം, രണ്ടാം ലോകമഹായുദ്ധാനന്തരം, (135-1948) ലോകത്തിന്റെ നാനാ ഭാഗങ്ങളിൽ നിന്ന് ദൈവം യഹൂദരെ ഇസ്രായേലിൽ കുടിയിരുത്തിയത്. കമ്യൂണിസത്തിന്റെ തകർച്ചയ്ക്കു ശേഷം (1989) അവശേഷിച്ചവരെയും ദൈവം ഇസ്രായേലിൽ എത്തിച്ചു. "മൂന്നാം ദിവസത്തെ ഉയിർപ്പോടുകൂടി", അതായത്, മുസ്ലീങ്ങളുമായുള്ള തർക്കം പരിഹരിക്കപ്പെട്ട്, പരസ്പരം അംഗീകരിച്ചു കഴിയുമ്പോൾ, സമാധാനം പുനഃസ്ഥാപിക്കപ്പെട്ടു കഴിയുമ്പോൾ, ദൈവം അവരുടെ കണ്ണ് തുറക്കും. അതിന് പുറജാതികളുടെ പൂർണത സഭയിൽ പ്രവേശിക്കേണ്ടിയിരിക്കുന്നു (റോമ 11,25-27). അപ്പോൾ തങ്ങൾ കുത്തിത്തുളച്ചവനെ അവർ നോക്കും (യോഹ 19,37; സക്ക 12,10). ഏകജാതനെ പറ്റിയെന്നപോലെ അവർ അവനെ നോക്കി കരയും. ഇതാണ് ഇസ്രായേലിന്റെ തിരിച്ചുവരവ്. അന്ന് കർത്താവ് ആകാശത്തിനു ഉത്തരമരുളും. ആകാശം ഭൂമിക്കും. ഭൂമി ധാന്യവും വീഞ്ഞും എണ്ണയും കൊണ്ട് ഉത്തരമരുളും. അവ ജസ്രേലിന് ഉത്തരമരുളും" (ഹോസി 2,21-22).

## അനുതാപത്തിനുള്ള ആഹ്വാനം (5,15;7,14-15;10,12;14,1-3)

വിഗ്രഹാരാധകരായി തീർന്ന ഇസ്രായേലിന്റെ തിരിച്ചുവരവിനു വേണ്ടി കർത്താവ് നിരന്തരമായി ആഹ്വാനം ചെയ്തു. അവിടുന്ന് അതു മാത്രമാണ് അവരിൽ നിന്ന് ആവശ്യപ്പെട്ടത്. എന്നാൽ വർധിച്ചു പെരുകിയതനുസരിച്ച് ജനം ബാൽവിഗ്രഹങ്ങളുടെ എണ്ണവും വർധിപ്പിച്ചു. കർത്താവ് അരുളിച്ചെയ്യുന്നു: "അവർ തങ്ങളുടെ തെറ്റുകൾ ഏറ്റുപറഞ്ഞ്

എന്റെ സാന്നിധ്യം തേടുകയും തങ്ങളുടെ വ്യഥയിൽ എന്നെ അന്വേഷിക്കുകയും ചെയ്യുന്നതുവരെ ഞാൻ എന്റെ വാസസ്ഥലത്തേക്കു മടങ്ങും" (5,15). "ഹൃദയം നൊന്ത് എന്നെ വിളിച്ചപേക്ഷിക്കുന്നതിനു പകരം അവർ കിടക്കയിൽ വീണു നിലവിളിക്കുന്നു. ധാന്യത്തിനും വീഞ്ഞിനും വേണ്ടി അവർ തങ്ങളെത്തന്നെ മുറിവേൽപ്പിക്കുന്നു"(7,14). "നീതി വിതയ്ക്കുവിൻ. കാരുണ്യത്തിന്റെ ഫലങ്ങൾ കൊയ്യാം. തരിശു നിലം ഉഴുതു മറിക്കുവിൻ. കർത്താവിനെ തേടാനുള്ള സമയമാണിത്" (10,12).

"ഇസ്രായേൽ, നിന്റെ ദൈവമായ കർത്താവിങ്കലേക്ക് തിരിച്ചുവരുക. നിന്റെ അകൃത്യങ്ങൾ മൂലമാണ് നിനക്ക് കാലിടറിയത്. കുറ്റം ഏറ്റുപറഞ്ഞ് കർത്താവിന്റെ അടുക്കലേക്ക് തിരിച്ചുവരുക. അകൃത്യങ്ങൾ അകറ്റണമെന്ന് അവിടുത്തോടു പറയുക" (14,1-2). - ഇത് എല്ലാ മനുഷ്യരുടെയും കഥയാണ്. വീണവർ എഴുന്നേൽക്കുവിൻ എന്ന് കർത്താവ് ആഹ്വാനം ചെയ്യുന്നു. മനുഷ്യമക്കളുടെ നാശമല്ല, അവരുടെ മാനസ്സാന്തരമാണ് ദൈവം ആഗ്രഹിക്കുന്നത്. ഈ ആഹ്വാനമാണ് സ്നാപകയോഹന്നാൻ നടത്തിയത്. ദൈവരാജ്യപ്രവേശനത്തിനുള്ള പ്രഥമപടി അനുതാപം നിറഞ്ഞ ഹൃദയപരിവർത്തനമാണ്. അതിനാണ് ഹോസിയാ ആഹ്വാനം ചെയ്യുന്നത്.

പൊതുവെ സുഗ്രാഹ്യമല്ലാത്ത ഗ്രന്ഥമാണ് ഹോസിയായുടെ പ്രവചനം. ലത്തീൻ പിതാക്കന്മാർ ഇതിന് ഭാഷ്യം രചിക്കാൻ വലിയ താൽപ്പര്യം കാട്ടിയില്ല എന്ന് വി. ജറോം പറയുന്നു."ജ്ഞാനമുള്ളവൻ ഇക്കാര്യങ്ങൾ മനസ്സിലാക്കട്ടെ. വിവേകമുള്ളവൻ ഇക്കാര്യങ്ങൾ അറിയട്ടെ. കർത്താവിന്റെ വഴികൾ ഋജുവാണ്. നീതിമാന്മാർ അതിലൂടെ ചരിക്കുന്നു. പാപികൾ അവയിൽ കാലിടറി വീഴുന്നു" എന്ന് ഗ്രന്ഥത്തിന്റെ അവസാനം രേഖപ്പെടുത്തിയിരിക്കുന്നു (ഹോസി 14,9).[1]

1. St. Jerome, *Commentaries on the Twelve Prophets*, vol.2, p.148-261; Theodore of Mopsuestia, *Commentary on the Twelve Prophets*, p.37-102; Theodoret of Cyrus, *Commentaries on the Prophets*, vol. 3, p.38-83.

 www.malankaralibrary.com

# 3

# ജോയേൽ

ജോയേൽ പ്രവാചകൻ 'അനുതാപത്തിന്റെ പ്രവാചകൻ' എന്നും 'പെന്തെക്കോസ്തിയുടെ പ്രവാചകൻ' എന്നും അറിയപ്പെടുന്നു. മിശിഹാക്കാലത്ത് സർവ ജഡത്തിന്മേലും പരിശുദ്ധാത്മാവ് വർഷിക്കപ്പെടുമെന്ന് ജോയേൽ പ്രവചിച്ചു. പാപങ്ങൾക്ക് പ്രായശ്ചിത്തമായി ഉപവസിച്ചു പ്രാർഥിക്കാനുള്ള ആഹ്വാനവും ജോയേൽ നൽകി. അതുകൊണ്ടാണ് മേൽപ്പറഞ്ഞവിധം ജോയേൽ അറിയപ്പെടുന്നത്. അദ്ദേഹം പ്രവചിച്ചത് ബി.സി.അഞ്ചാം നൂറ്റാണ്ടിലാണ്.

വെട്ടുക്കിളികളുടെ കടന്നാക്രമണം മൂലം യൂദയാരാജ്യം അരിഷ്ടതയിലാണ്ടു. അപ്പോൾ, ഉപവാസത്തിനും പ്രാർഥനയ്ക്കുമായി പ്രവാചകൻ ജനത്തെ ക്ഷണിക്കുന്നു. അതിനു മറുപടിയായി, കർത്താവ് വസന്ത നീക്കി സമ്പദ്സമൃദ്ധി വാഗ്ദാനം ചെയ്യുന്നു (ജോയേൽ 1,2-2,27). തുടർന്ന്, ദൈവം തന്റെ ആത്മാവിനെ വർഷിക്കുന്നതിനെ പറ്റി പറയുന്നു (2,28-32). അതിനുശേഷം, രാജ്യങ്ങളുടെ മേലുള്ള ന്യായവിധി, യാഹ്വെയുടെയും ഇസ്രായേലിന്റെയും അന്തിമവിജയം എന്നിവ അപ്പോകലിപ്റ്റിക് ശൈലിയിൽ അവതരിപ്പിക്കുന്നു (3). വെട്ടുക്കിളിശല്യം ദൈവത്തിന്റെ ന്യായവിധിയുടെ മുന്നോടിയായ അടയാളമായി ഗ്രന്ഥം കാണുന്നു.

## അനുതാപത്തിന്റെ പ്രവാചകൻ

ബാബിലോണിയൻ വിപ്രവാസം കഴിഞ്ഞ് തിരിച്ചെത്തിയ ജനത്തിന്റെ ഇടയിലാണ് ജോയേൽ പ്രവചനം നടത്തിയത്. ശത്രുക്കളുടെ ആക്രമണഫലമായി നാടിന് വരാൻ പോകുന്ന ദുരന്തമാണ് വെട്ടുക്കിളികളിലൂടെ ജോയേൽ വെളിപ്പെടുത്തിയത്. ഇത് അകന്നു മാറിപ്പോകാനാണ് "കർത്താവിനോട് പ്രാർഥിക്കുവിൻ " എന്ന് പ്രവാചകൻ പറഞ്ഞത്

(1,14). വരുന്ന ശത്രു സർവസംഹാരകനാണെന്ന് പ്രവചനം വ്യക്തമാക്കുന്നു. അതുകൊണ്ട് "പുരോഹിതന്മാരേ, ചാക്കുടുത്ത് വിലപിക്കുവിൻ...ഉപവാസം പ്രഖ്യാപിക്കുകയും മഹാസഭ വിളിച്ചുകൂട്ടുകയും ചെയ്യുവിൻ" എന്ന് അറിയിക്കുന്നു (1,13-14).

"സീയോനിൽ കാഹളം ഊതുവിൻ. എന്റെ വിശുദ്ധ ഗിരിയിൽ പെരുമ്പറ മുഴക്കുവിൻ...ഉപവാസം പ്രഖ്യാപിക്കുവിൻ. മഹാസഭ വിളിച്ചുകൂട്ടുവിൻ. ജനത്തെ ഒരുമിച്ചു കൂട്ടുവിൻ. സമൂഹത്തെ വിശുദ്ധീകരിക്കുവിൻ". "പുരോഹിതന്മാർ പൂമുഖത്തിനും ബലിപീഠത്തിനും മധ്യേ നിന്ന് കരഞ്ഞുകൊണ്ട് പ്രാർഥിക്കട്ടെ. കർത്താവേ, അങ്ങയുടെ ജനത്തെ ശിക്ഷിക്കരുതേ...നിന്റെ അവകാശത്തെ സംരക്ഷിക്കണമെ" (2,1.15-17). "ഉപവാസത്തോടും വിലാപത്തോടും നെടുവീർപ്പോടും കൂടെ നിങ്ങൾ പൂർണഹൃദയത്തോടെ എന്റെ അടുക്കലേക്ക് തിരിച്ചുവരുവിൻ... നിങ്ങളുടെ ദൈവമായ കർത്താവിങ്കലേക്ക് മടങ്ങുവിൻ" (2,12).

"കർത്താവിന്റെ ദിനം സമീപിച്ചിരിക്കുന്നു. ആ ദിനം , ഹാ, കഷ്ടം. സർവശക്തനിൽ നിന്നുള്ള സംഹാരമായി അതു വരുന്നു" (1,15). "കർത്താവിന്റെ ദിനം ആഗതമായിരിക്കുന്നു. അത് അന്ധകാരത്തിന്റെയും മനത്തകർച്ചയുടെയും ദിനമാണ്. കാർമേഘങ്ങളുടെയും കൂരിരുട്ടിന്റെയും ദിനം...കർത്താവിന്റെ ദിനം മഹത്തും അത്യന്തം ഭയജനകവുമാണ്. ആർക്ക് അതിനെ അതിജീവിക്കാൻ കഴിയും?" (2,1-2.11).

ദൈവാലയവുമായി ബന്ധപ്പെട്ട സംഗതികളാണ് പ്രവാചകൻ അവതരിപ്പിക്കുന്നത്. അനുതാപത്തിന് ആഹ്വാനം ചെയ്ത മുൻകാല പ്രവാചകന്മാരുടെ സ്വാധീനം ദൃശ്യമാണ്. കഠിനമായ ആക്രമണം മുന്നിൽ ദർശിച്ചുകൊണ്ടാണ്, കരളലിയിക്കുന്ന തരത്തിൽ പ്രവാചകൻ വിളിച്ചുപറയുന്നത്. ദൈവം കരുണാമയനായതിനാൽ, ശിക്ഷാവിധി നീക്കിക്കളയാൻ അവിടുത്തേക്ക് കഴിയും: "കർത്താവ് ഉദാരമതിയും കാരുണ്യവാനും ക്ഷമാശീലനും സ്നേഹസമ്പന്നനും ശിക്ഷ പിൻവലിക്കാൻ സദാ സന്നദ്ധനുമാണ്" (2,13). വരാനിരിക്കുന്ന ശത്രു ഭീകരനാണ്. അവനെ ഒഴിവാക്കണമെങ്കിൽ, പ്രാർഥനയും ഉപവാസവും അപരിത്യാജ്യമാണ്. "ചാക്കുടുത്ത് പ്രലപിക്കുവിൻ". ദൈവാലയ സംബന്ധമായ ബലികൾ നിന്നുപോയി (1,8-9.13-14). ഇത് വരാനിരിക്കുന്ന നാശത്തെ പറ്റിയാണോ അന്നത്തെ സ്ഥിതിവിശേഷമാണോ എന്ന് നിശ്ചയമില്ല.

"കർത്താവിന്റെ ദിനം സമീപിച്ചിരിക്കുന്നു" എന്നതാണ് അനുതാപത്തിനുള്ള പ്രധാനകാരണം (1,5). അലക്സാണ്ഡർ ചക്രവർത്തിയോടുകൂടെ തുടങ്ങിയ ഗ്രീക്കുഭരണവും ഗ്രീക്കുകാർ ജറുസലേം ദൈവാലയ

ത്തിൽ കാട്ടിക്കൂട്ടിയ കടുംകൈകളും മ്ലേച്ഛതകളും അതിക്രമങ്ങളുമാകാം ജോയേൽ ദർശിച്ചത്. ബിസി. 200-142 ൽ യഹൂദന്മാരുടെ നാട് ഗ്രീക്കുകാരുടെ ഭരണത്തിൻ കീഴിൽ വന്നു. തുടർന്ന് മക്കബായരുടെ വിപ്ലവവും പരാജയും സംഭവിച്ചു (166-160). അഥവാ, വിദൂരഭാവിയിൽ കർത്താവ് വന്നപ്പോൾ സംഭവിച്ച കാര്യങ്ങളാകാം ജോയേൽ കാണുന്നത്. നമ്മുടെ കർത്താവിന്റെ നാളുകളിലും അതിനു ശേഷവും റോമൻ സൈന്യം യഹൂദരോട് ചെയ്തവയാകാം അവൻ കാണുന്നത്. അത് ഭീകര കാഴ്ചയായിരുന്നുവെന്ന് ചരിത്രകാരന്മാർ രേഖപ്പെടുത്തിയിരിക്കുന്നു. യൂദയാ രാജ്യം കടന്നാക്രമിച്ച ശത്രുക്കളെല്ലാം നാടിനോടും നാട്ടുകാരോടും ക്രൂരമായും നികൃഷ്ടമായും പെരുമാറി.

ജോയേലിന്റെ ആഹ്വാനത്തിന് കാര്യമായ ഫലമുണ്ടായതായി കാണുന്നില്ല. എങ്കിലും താൽക്കാലികമായ സ്വസ്തത ഉണ്ടായി. കർത്താവ് യഹൂദരെ റോമാക്കാർ വഴി ചിതറിച്ചെങ്കിലും, ലോകത്തിലെ വിവിധ രാജ്യങ്ങളിൽ അവർ കഠിനമായ വിവേചനത്തിന് വിധേയരായെങ്കിലും രക്ഷയും വീണ്ടെടുപ്പും കർത്താവിന്റെ കാരുണ്യവും ജോയേൽ ദർശിക്കുന്നു (2,18-27): "ദേശമേ, ഭയപ്പെടേണ്ട. ആഹ്ലാദിച്ചാനന്ദിക്കുക. കർത്താവ് വൻകാര്യങ്ങൾ ചെയ്തിരിക്കുന്നു...സീയോൻ മക്കളേ, ആനന്ദിക്കുവിൻ. നിങ്ങളുടെ ദൈവമായ കർത്താവിൽ സന്തോഷിക്കുവിൻ. ഞാൻ ഇസ്രായേലിന്റെ മധ്യേ ഉണ്ടെന്ന് നിങ്ങൾ അറിയും" (2,21-23.27).

ഇസ്രായേലിന്റെ മധ്യേ വസിക്കാനായി അവൻ ഇറങ്ങിവന്നു. അവൻ കന്യകയുടെ ഉദരത്തിൽ ഇറങ്ങിവന്നു. എന്നാൽ അവരിൽ അനേകർ അത് മനസ്സിലാക്കിയില്ല. അവർ അതിന്റെ ഫലം അനുഭവിക്കയും ചെയ്തു. നൂറ്റാണ്ടുകൾക്കുശേഷം അവൻ തന്റെ ജനത്തെ എല്ലാ ദേശങ്ങളിൽ നിന്നും ഒന്നിച്ചുകൂട്ടി അനുഗ്രഹിച്ച് സമ്പദ് സമൃദ്ധരാക്കി. ജോയേൽ ദർശിച്ചതുപോലെയുള്ള ഭൗതികാനുഗ്രഹം ഭാഗികമായി ഇസ്രായേൽ എന്ന രാജ്യത്തിന് ഇന്ന് ലഭിച്ചിരിക്കുന്നു. കർത്താവ് തന്റെ വാഗ്ദാനങ്ങളിൽ വിശ്വസ്തനാണെന്നും സത്യവാനാണെന്നും തെളിഞ്ഞിരിക്കുന്നു - എല്ലാ മനുഷ്യരും അനുതപിച്ച് ദൈവത്തിൻ പക്കലേക്ക് തിരിയണം എന്ന ആഹ്വാനം എല്ലാവർക്കും സ്വീകാര്യമാണ്. അതാണ് ജോയേൽ നമുക്കു നൽകുന്ന സന്ദേശം.

## പെന്തിക്കോസ്തിയുടെ പ്രവാചകൻ

പെന്തിക്കോസ്തി ദിവസം വി. പത്രോസ് ശ്ലീഹാ ജോയേൽ പ്രവാചകനിൽ നിന്ന് ഉദ്ധരിക്കുന്നു (ജോയേൽ, 2,28-32; നടപടി, 2,17-21). കർത്താവിന്റെ ദിനത്തിൽ "സർവ ജഡത്തിന്മേലും ദൈവാത്മാവിനെ

വർഷിക്കും" എന്ന പ്രവചനം നമ്മുടെ കർത്താവിന്റെ ഉത്ഥാനത്തിനു ശേഷമുള്ള പെന്തിക്കോസ്തി ദിവസത്തിൽ യാഥാർഥ്യമായി. അതിന്റെ വിവരണമാണ് നടപടി 2,1-12 ൽ ഉള്ളത്: "കൊടുങ്കാറ്റടിക്കുന്നതു പോലുള്ള ശബ്ദം ആകാശത്തു നിന്നുണ്ടായി. അത് ഭവനം മുഴുവൻ നിറഞ്ഞു. അഗ്നിജ്വാല പോലുള്ള നാവുകൾ കൂടിയിരുന്നവരുടെ മേൽ വന്നുനിന്നു. അവരെല്ലാം പരിശുദ്ധാത്മാവിനാൽ നിറഞ്ഞു. അവർ വിവിധ ഭാഷകളിൽ സംസാരിക്കാൻ തുടങ്ങി. ശ്രോതാക്കൾ തങ്ങളുടെ മാതൃഭാഷയിൽ ദൈവത്തിന്റെ അത്ഭുതപ്രവൃത്തികൾ ശ്ലീഹന്മാർ വിവരിച്ചതു കേട്ടു."

ഇതാണ് കർത്താവിന്റെ മഹത്തും ഭയാനകവുമായ ദിനം (ജോയേൽ,2,31). പൂർവകാലങ്ങളിൽ അപൂർവം മനുഷ്യർക്ക് മാത്രം ലഭിച്ചിരുന്ന പരിശുദ്ധാത്മാവ് കർതൃദിനത്തിൽ സർവ മനുഷ്യർക്കും ലഭിക്കുന്നു. സ്വർഗം വെട്ടിത്തുറന്ന് കൊടുങ്കാറ്റടിക്കുന്നതുപോലെ പരിശുദ്ധാത്മാവ് ധരയിൽ വർഷിക്കപ്പെട്ടു. കർത്താവിന്റെ നാമം വിളിച്ചപേക്ഷിക്കുന്ന സകലർക്കും ഈ കൃപ ലഭിക്കും (ജോയേൽ, 2,32; റോമ 10,13). ആത്മാവിനാൽ അഭിഷിക്തരായ പുതിയ ഇസ്രായേൽ "തെരഞ്ഞെടുക്കപ്പെട്ട വംശവും രാജകീയ പുരോഹിത ഗണവും വിശുദ്ധ ജനതയും ദൈവത്തിന്റെ സ്വന്തം ജനവുമാണ്"(1പത്രോ 2,4). പത്രോസിന്റെ ഈ ലേഖനത്തിലെ തുടർന്നു വരുന്ന വാചകം ഹോസിയാ പ്രവാചകനെ അനുസ്മരിപ്പിക്കുന്നു: "മുമ്പു നിങ്ങൾ ഒരു ജനമായിരുന്നില്ല. ഇപ്പോൾ നിങ്ങൾ ദൈവത്തിന്റെ ജനമായിരിക്കുന്നു. മുമ്പു നിങ്ങൾക്ക് കരുണ ലഭിച്ചിരുന്നില്ല. ഇപ്പോൾ കരുണ ലഭിച്ചിരിക്കുന്നു" (1പത്രോ 2,10; ഹോസിയാ 2,23).

ഇന്ന് ഇതാണ് സംഭവിച്ചുകൊണ്ടിരിക്കുന്നത്. യൂദരിൽ നിന്നും വിജാതിയരിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ടവർ പരിശുദ്ധാത്മാവിനാൽ അഭിഷിക്തരാണ്. "കർത്താവിന്റെ ആത്മാവ് എന്റെ മേലുണ്ട്" എന്ന് കർത്താവ് പറഞ്ഞതുപോലെ, ഓരോ വിശ്വാസിക്കും പറയാൻ കഴിയും. സൃഷ്ടിയുടെ ആരംഭത്തിൽ വെള്ളത്തിന്മേൽ ആവസിച്ചിരുന്ന പരിശുദ്ധാത്മാവ്, മോശയിലും 70 മൂപ്പന്മാരിലും ദാവീദിലും പ്രവാചകന്മാരിലും പ്രവർത്തിച്ച പരിശുദ്ധാത്മാവ്, കർത്താവിന്റെ ദിവസത്തിൽ, നമ്മുടെ നാളുകളിൽ, യേശുക്രിസ്തുവിൽ വിശ്വസിക്കുന്ന എല്ലാവരിലും വന്നാവസിച്ച് പ്രവർത്തിക്കുന്നു. അങ്ങനെ ജോയേൽ ദർശിച്ച ആത്മാവ് ഇന്നിതാ, സഭയേയും സഭാമക്കളേയും ദൈവമഹത്വത്തിനായി നയിക്കുന്നു.[1]

---

1. St. Jerome, *Commentaries,* vol.2, p.262-300; Theodore , *Commentary*,103-125; Theodoret, *Commentaries,* vol. 3, p.85-102.

 www.malankaralibrary.com

# 4
# ആമോസ്

യൂദയാ നാട്ടിൽ അറേബ്യയുടെ അതിർത്തി പ്രദേശത്ത് ആടു മേയ്ച്ചു നടന്ന ഒരു സാധാരണക്കാരനായിരുന്നു ആമോസ്. "സിക്കമൂർ മരം വെട്ടിയൊരുക്കുക ആയിരുന്നു എന്റെ ജോലി" എന്ന് ആമോസ് തന്നെ പറയുന്നു (ആമോ 7,14–15). വടക്കൻ രാജ്യമായ ഇസ്രായേലിൽ പോയി പ്രവചിക്കാൻ ദൈവികനിർദേശം കിട്ടിയപ്പോൾ, ആമോസ് ദൈവസ്വരം അനുസരിച്ച് അവിടെ പോയി പ്രസംഗിച്ചു.

## സാമൂഹ്യനീതിയുടെ പ്രവാചകൻ

രണ്ടു തിന്മകളാണ് ഇസ്രായേലിൽ ഉണ്ടായിരുന്നത്. ഒന്ന്, ജനം ദൈവത്തെ തള്ളിക്കളഞ്ഞിട്ട് വിഗ്രഹാരാധനയിലേക്ക് തിരിഞ്ഞു. രണ്ട്, നിരീശ്വരന്മാരായി തീർന്നതിനാൽ, അവരുടെ ഇടയിൽ സാമൂഹ്യതിന്മ കൊടികുത്തിവാണു. ഇവയ്ക്കെതിരെ ആയിരുന്നു ആമോസ് പ്രസംഗിച്ചത്. അദ്ദേഹം മാനസ്സാന്തരത്തിനുള്ള ആഹ്വാനം നൽകി. "കർത്താവിനെ അന്വേഷിക്കുവിൻ. നിങ്ങൾ ജീവിക്കും" എന്ന് പ്രസംഗിച്ചു (5,4–7). എന്നാൽ ആ വചനം കേൾക്കാൻ അവർ ഇഷ്ടപ്പെട്ടില്ല. ദൈവം അവർക്ക് വിവിധ പരീക്ഷണങ്ങൾ നൽകി. "എങ്കിലും നിങ്ങൾ എന്റെ അടുത്തേക്ക് മടങ്ങി വന്നില്ല" എന്ന് പ്രവാചകനിലൂടെ കർത്താവ് പരിതപിക്കുന്നു (4,8–11). എന്നു മാത്രമല്ല, അവർ പ്രവാചകനെ ഭീഷണിപ്പെടുത്തി, നാടുവിട്ടുപോകാൻ ആജ്ഞാപിച്ചു: "പ്രവാചകാ, നീ യൂദാനാട്ടിലേക്ക് ഓടുക. അവിടെ പ്രവചിച്ച് ജീവിക്കുക. ഇനിമേൽ ബേഥേലിൽ പ്രവചിക്കരുത്" (7,12–13).

കർത്താവിന്റെ വാക്കു കേൾക്കാത്തതിനാൽ, സർവനാശം

സംഭവിക്കുമെന്നും ഇസ്രായേൽക്കാരെ അസ്സീറിയാക്കാർ അടിമകളാക്കി കൊണ്ടുപോകുമെന്നും ആമോസ് അറിയിച്ചു. അത് പിന്നീട് അക്ഷരം പ്രതി നിറവേറി. ബി.സി. 721-ൽ അസ്സീറിയാക്കാർ ഇസ്രായേൽ രാജ്യം ആക്രമിച്ച് തലസ്ഥാനമായ സമറിയാ പിടിച്ചെടുച്ചു. ജനത്തെ നാടു കടത്തി, അസ്സീറിയായിലേക്ക് കൊണ്ടുപോയി അനേകരെ വധിച്ചു. രാജ്യം നഷ്ടക്കൂമ്പാരമായി.

"സീയോനിൽ നിന്നു കർത്താവ് ഗർജിക്കുന്നു. ജറുസലേമിൽ നിന്ന് അവിടുന്ന് അരുളിച്ചെയ്യുന്നു" (1,2). "സീയോനിൽ നിന്ന് കർത്താവ് സംസാരിച്ചു. ആർക്കു പ്രവചിക്കാതിരിക്കാൻ കഴിയും?" (3,8). " ഞാൻ നിങ്ങളുടെ ഇടയിലൂടെ കടന്നുപോകും എന്ന് കർത്താവ് അരുളിച്ചെയ്യുന്നു (5,17).

ഇസ്രായേൽക്കാർ ചെയ്തുകൂട്ടിയ തിന്മകളെപ്പറ്റി ആമോസ് വിവരിക്കുന്നു: "ഇസ്രായേൽക്കാർ നീതിമാന്മാരെ വെള്ളിക്കു വിൽക്കുന്നു. ഒരു ജോഡി ചെരിപ്പിന് സാധുക്കളെയും വിൽക്കുന്നു. അവർ പാവപ്പെട്ടവരുടെ തല പൂഴിയിൽ ചവിട്ടി മെതിക്കുന്നു. ദരിദ്രരെ വഴിയിൽ നിന്ന് തള്ളിമാറ്റുന്നു. അപ്പനും മകനും ഒരേ യുവതിയെ പ്രാപിക്കുന്നു. പണയം കിട്ടിയ വസ്ത്രം വിരിച്ച് ഓരോ ബലിപീഠത്തിനും അരികിൽ അവർ ശയിക്കുന്നു. പിഴയായി ഈടാക്കിയ മദ്യം തങ്ങളുടെ ദേവന്റെ ആലയത്തിൽ വച്ച് പാനം ചെയ്യുന്നു... നാസീർ വ്രതക്കാരെ നിങ്ങൾ വീഞ്ഞു കുടിപ്പിച്ചു. പ്രവാചകന്മാരോട് പ്രവചിക്കരുതെന്ന് കൽപ്പിച്ചു" (2,6-8.12).

"അക്രമവും കവർച്ചയും കൊണ്ട് തങ്ങളുടെ കോട്ടകൾ നിറയ്ക്കുന്നവർക്ക് നീതി പ്രവർത്തിക്കാൻ അറിയുകയില്ല" (3,9). "അവർ ദരിദ്രരെ പീഡിപ്പിക്കുകയും അവശരെ ചവിട്ടിയരയ്ക്കുകയും ചെയ്യുന്നു. അവർ ബേഥേലിൽ അക്രമം ചെയ്യുന്നു. ഗിൽഗാലിൽ അകൃത്യങ്ങൾ ചെയ്യുന്നു" (4,1.4). "നഗരകവാടത്തിൽ ന്യായം വിധിക്കുന്നവരെ അവർ ദ്വേഷിക്കുന്നു. സത്യം പറയുന്നവരെ അവർ ജുഗുപ്സയോടെ നോക്കുന്നു. ദരിദ്രരെ ചവിട്ടിയരയ്ക്കുന്നു. അവരിൽ നിന്ന് അന്യായമായി ഗോതമ്പ് ഈടാക്കുന്നു. ചെത്തിയൊരുക്കിയ കല്ലുകൊണ്ട് മാളിക പണിയുന്നു... നിങ്ങൾ നീതിമാന്മാരെ പീഡിപ്പിക്കുകയും കോഴ വാങ്ങുകയും നിരാലംബർക്ക് നീതി നിഷേധിക്കുകയും ചെയ്യുന്നു. വിവേകി മൗനം പാലിക്കുന്നു. കാലം ദുഷിച്ചതാണ്" (5,10-13).

"നിങ്ങൾ ദരിദ്രരെ ചവിട്ടി മെതിക്കുന്നു. പാവപ്പെട്ടവരെ നശിപ്പി


www.malankaralibrary.com

ക്കുന്നു. ധാന്യങ്ങൾ വിറ്റഴിക്കേണ്ടതിന്, അമാവാസി കഴിയുന്നതെപ്പോൾ, ഗോതമ്പ് വിൽക്കേണ്ടതിനും ഏഫാ ചെറുതാക്കുന്നതിനും ഷെക്കൽ വലുതാക്കുന്നതിനും കള്ളത്തുലാസു കൊണ്ട് കച്ചവടം ചെയ്യുന്നതിനും ദരിദ്രരെ വെള്ളിക്കും നിരാലംബരെ ഒരു ജോഡി ചെരിപ്പിനും വിലയ്ക്ക് വാങ്ങേണ്ടതിനും പതിരു വിറ്റഴിക്കേണ്ടതിനും സാബത് കഴിയുന്നത് എപ്പോളെന്ന് നിങ്ങൾ ചോദിക്കുന്നു" (8,4-6). നാട്ടിൽ നിന്ന് സ്നേഹം അപ്രത്യക്ഷമായി. നീതിയും സത്യവും ഓടിയൊളിച്ചു. കാപട്യവും വഞ്ചനയും കള്ളത്തരങ്ങളും സാർവത്രികമായി. ദരിദ്രരോടുള്ള സഹാനുഭൂതി നഷ്ടമായി. കച്ചവടക്കാർ കാപട്യം കാണിക്കുന്നു. എങ്ങനെയും പണം സമ്പാദിക്കാനായി അധാർമികമായി പ്രവർത്തിക്കുന്നു. ഇതിനെ പ്രവാചകൻ കുറ്റപ്പെടുത്തുന്നു. ജനം സ്വാർഥതയിൽ മുഴുകി.

ഇന്ന് നാം ചുറ്റും കാണുന്നത് ഇതൊക്കെ തന്നെയല്ലേ? ആമോസിന്റെ കാലത്തെ അക്രമവും കാപട്യവും കൈക്കൂലിയും കള്ളത്തുലാസും നുണയും ദരിദ്രരെ ചവിട്ടി അരയ്ക്കലും ഈ നാട്ടിൽ നാം കാണുന്ന ഭീകരാവസ്ഥയാണ്. ആമോസ് പ്രാർഥിച്ചതുപോലെ പ്രാർഥിക്കാനേ നമുക്ക് കഴിയൂ: "കർത്താവേ, മാപ്പു നൽകുക. ഞാൻ യാചിക്കുന്നു. യാക്കോബിന് എങ്ങനെ നിലനിൽക്കാൻ കഴിയും?. അവൻ തീരെ ചെറിയവനല്ലേ?... ദൈവമായ കർത്താവേ, മതിയാക്കുക. ഞാൻ യാചിക്കുന്നു"(7,2.5). അല്ലെങ്കിൽ, നമ്മുടെ കർത്താവ് കുരിശിൽ കിടന്നു കൊണ്ട് പറഞ്ഞതു തന്നെ പറയാനേ നമുക്കു സാധിക്കൂ: "പിതാവേ, ഇവർ ചെയ്യുന്നത് എന്താണെന്ന് ഇവർ അറിയാത്തതിനാൽ ഇവരോട് ക്ഷമിക്കണമെ".

## ദൈവികനീതിയുടെ പ്രവാചകൻ

ഇസ്രായേലിന് വെളിപ്പെട്ട സത്യദൈവമായ യാഹ്വെയെ പൂർണഹൃദയത്തോടെ ആരാധിക്കുകയും മഹത്വപ്പെടുത്തുകയും ചെയ്യുന്നതാണ് ദൈവനീതി. ഈജിപ്തിലെ അടിമത്തത്തിൽ നിന്നു വിടുവിച്ച്, കനാൻ നാട്ടിൽ അവരെ എത്തിച്ച കർത്താവാണ് അവരുടെ ദൈവം. പ്രബലരായ അനേകം ജനതകളെ നീക്കിയിട്ടാണ് ദൈവം അവരെ അവിടെ കുടിയിരുത്തിയത്. അവൻ മോവാബ്യരെയും അമോന്യരെയും തകർത്തു. "ഈജിപ്തു ദേശത്തു നിന്ന് അവരെ മോചിപ്പിച്ച് മരുഭൂമിയിലൂടെ നാൽപ്പതുവർഷം നയിച്ചു. അവരിൽ ചിലരെ പ്രവാചകന്മാരായും നാസീർ വ്രതക്കാരുമായി ഉയർത്തി" (2,10-11). "മരുഭൂമിയിലുള്ള

സകല ജനതകളിലും വച്ച് നിങ്ങളെ മാത്രമാണ് ഞാൻ സ്വന്തമായി ഗണിച്ചത് " (3,2).

എന്നാൽ വടക്കുള്ള പത്തു ഗോത്രങ്ങൾ യൂദാ-ബഞ്ചമിൻ ഗോത്രങ്ങളിൽ നിന്നും ജറുസലേം കേന്ദ്രമാക്കിയുള്ള ആരാധനയിൽ നിന്നും വേർപെട്ട് വിജാതിയരുമായി കൂടിക്കലർന്നു. അവരുടെ മ്ലേച്ഛ വിഗ്രഹങ്ങളെ ആരാധിക്കാനും അവരുടെ ഉത്സവങ്ങൾ ആഘോഷിക്കാനും അങ്ങനെ ദൈവത്തിൽ നിന്ന് പുറം തിരിയാനും തുടങ്ങി. ബേഥേൽ, ഗിൽഗാൽ തുടങ്ങിയ സ്ഥലങ്ങളിലും ഉയർന്ന മലകളിലുമെല്ലാം വിജാതിയാരാധനയും അതോട് ബന്ധപ്പെട്ട മ്ലേച്ഛകർമങ്ങളും വ്യഭിചാരവും ഇസ്രായേലിൽ സാർത്രികമായി. അവയിൽ നിന്ന് അവരെ പിന്തിരിപ്പിക്കാൻ യാഹ്വെ പ്രവാചകന്മാരെ അയച്ചു. എന്നാൽ അവർ അവയിൽ നിന്ന് പിന്തിരിഞ്ഞില്ല.

ഇസ്രായേൽ ദുശ്ശാഠ്യത്തിൽ മുഴുകി. അപ്പോൾ കർത്താവ് അവർക്ക് മഴ നിഷേധിച്ചു. ഉഷ്ണക്കാറ്റയച്ചു. വയലുകൾ ഫലശൂന്യമാക്കി, മഹാമാരി അയച്ചു. അഗ്നിയും വാളുമയച്ചു. അങ്ങനെ ജനം കടുത്ത അരിഷ്ടതയിലും പട്ടിണിയിലുമായി. "എന്നിട്ടും നിങ്ങൾ എന്റെ അടുത്തേക്ക് മടങ്ങി വന്നില്ല" എന്ന് കർത്താവ് തുടരെത്തുടരെ അവരെ അറിയിച്ചു (4,6-11) അതുകൊണ്ട് കർത്താവ് അവരെ സന്ദർശിക്കാൻ നിശ്ചയിച്ചു. "ഇസ്രായേൽ ജനമേ, നിങ്ങളുടെ ദൈവത്തിന്റെ സന്ദർശനദിനത്തിന് ഒരുങ്ങിക്കൊള്ളുവിൻ"(4,12). "കർതൃദിനം അന്ധകാരമാണ്, പ്രകാശമല്ല; പ്രകാശമില്ലാത്ത തമസ്സാണ്" (5,18-20). അനുതപിക്കാനും മടങ്ങി വരാനും അവരോട് ആഹ്വാനം ചെയ്യുന്നു. "നീതി ജലം പോലെയും സത്യം ഒരിക്കലും വറ്റാത്ത നീർച്ചാലു പോലെയും ഒഴുകട്ടെ" (5,24).

കർത്താവിന്റെ സന്ദർശനദിനം ഭീകരമായിരിക്കും. "അന്നു മധ്യാഹ്നത്തിൽ സൂര്യൻ അസ്തമിക്കും. നട്ടുച്ചയ്ക്ക് ഞാൻ ഭൂമിയെ അന്ധകാരത്തിൽ ആഴ്ത്തും. നിങ്ങളുടെ ഉത്സവദിനം മരണദിനമായും ഗാനങ്ങൾ വിലാപമായും ഞാൻ മാറ്റും. സകലരെയും ഞാൻ ചാക്കുടുപ്പിക്കും. എല്ലാ ശിരസ്സും കഷണ്ടിയാക്കും. അത് ഏകജാതനെ കുറിച്ചുള്ള വിലാപം പോലെയാകും. ആ ദിനം അവസാനം വരെ തിക്തമായിരിക്കും" (8,9-10)."അവരുടെ മേൽ ഞാൻ ദൃഷ്ടി പതിക്കും. നന്മയ്ക്കല്ല, തിന്മയ്ക്ക്. കർത്താവ് ഭൂമിയെ സ്പർശിക്കുമ്പോൾ അത് ഉരുകിപ്പോകുന്നു. അതിലെ നിവാസികൾ ആർത്തരായി കേഴുന്നു" (9,4-5)."അന്ന്

കർത്താവ് ദേശത്ത് ക്ഷാമം അയക്കും. കർത്താവിന്റെ വചനം ലഭിക്കാത്തതുകൊണ്ടുള്ള ക്ഷാമം ആയിരിക്കും അത്. അവർ വചനരഹിതരായി അലഞ്ഞുനടക്കും. കർത്താവിന്റെ വചനം തേടി അവർ ഉഴലുമെങ്കിലും കണ്ടെത്തുകയില്ല. യുവാക്കൾ ദാഹാർത്തരായി മൂർഛിച്ചുവീഴും" (8,11-12).

അന്ന് ബലിപീഠത്തിന്റെ സമീപത്ത് കർത്താവ് നിന്നുകൊണ്ട്, "പൂമുഖം കുലുങ്ങുമാറ് ഊക്കോടെ അടിക്കാൻ കൽപിച്ചു. എല്ലാവരുടെയും തലയിൽ അത് തകർന്നു വീഴട്ടെ. അവശേഷിക്കുന്നവർ വാളിനിരയാകും. ആരും രക്ഷപെടുകയില്ല"(9,1).

ഇത് ഇപ്രകാരം തന്നെ സംഭവിച്ചു. അസ്സീറിയാക്കാർ വന്ന് സർവതും തകർത്ത് ജനത്തെ അസ്സീറിയായിലേക്ക് അടിമകളായി കൊണ്ടുപോയി. അവിടെ അവർ ജനതകളുമായി ഇടകലർന്ന് ഒരു പ്രത്യേക ജനമല്ലാതായി. പിൽക്കാലത്ത് കുറേപേർ തിരിച്ചെത്തി. ബാക്കിയുള്ളവർ അവിടെത്തന്നെ തങ്ങി. അന്ത്യോന്മുഖമായി പറഞ്ഞാൽ, മേൽ പറഞ്ഞവ നമ്മുടെ കർത്താവിന്റെ കാലത്തെ സൂചിപ്പിക്കുന്നു. കർത്താവിന്റെ കൂശാരോഹണത്തിലും അതിനു ശേഷവും സംഭവിച്ചവയെ ഈ പ്രവചനവുമായി ബന്ധിക്കാവുന്നതാണ്.

ദൈവത്തെ അറിയാത്ത, ദൈവത്തെ ഉപേക്ഷിക്കുന്ന, വിഗ്രഹാരാധകർക്കും പൈശാചികസേവകർക്കും താക്കീതാണിത്. ഇസ്രായേലിന് സംഭവിച്ചത് ഏതു ജനതയ്ക്കും സംഭവിക്കാം. കാരണം, ഈ ലോകം ദൈവത്തിന്റേതാണ്. അതിൽ ജീവിക്കുന്നവർ സത്യദൈവത്തെ ആരാധിക്കാൻ വേണ്ട ജ്ഞാനം ദൈവം മനുഷ്യന് നൽകിയിട്ടുണ്ട്. എന്നാൽ നിരവധി ജനപദങ്ങൾ ഇപ്പോഴും പ്രാപഞ്ചികശക്തികളെയും സൃഷ്ടികളെയും പ്രാപഞ്ചിക പ്രതിഭാസങ്ങളെയും പിശാചുക്കളെയും ആരാധിക്കുന്നു. അവരോട് ക്ഷമിക്കയില്ലെന്ന് കർത്താവ് തറപ്പിച്ചു പറയുന്നു: "ഇനിമേൽ ഞാൻ അവരെ വെറുതെ വിടുകയില്ല...അവർ ഒരിക്കലും എഴുന്നേൽക്കുകയില്ല" (8,2.14) "ഞാൻ ഇസ്രായേലിനെ ശിക്ഷിക്കുമ്പോൾ ബേഥേലിലെ ബലിപീഠങ്ങൾ തകർത്തുകളയും" (3,14).[1]

1. St. Jerome, *Commentaries*, vol.2, 301-397; Theodore, *Commentary*,126 -173; Theodoret, *Commentaries*, vol. 3, p.103-128.

# 5
# ഒബാദിയാ

ഏദോം എന്ന രാജ്യത്തിനെതിരെയുള്ള പ്രവചനമാണ് 21 വാക്യങ്ങൾ മാത്രമുള്ള ഈ ഗ്രന്ഥത്തിന്റെ ഉള്ളടക്കം. ഇസ്രായേലിന്റെ കഷ്ടകാലത്ത് ഏദോം ശത്രുപക്ഷത്തു ചേർന്ന് ഇസ്രായേലിന്റെ നാശം കണ്ടു രസിച്ചു. ദൈവം ഇസ്രായേലിനോട് കരുണ കാണിക്കുന്ന നാളിൽ ഏദോമിന് പ്രഹരമേൽക്കും. ഏദോം ഒരു രാജ്യമല്ലാതായിത്തീരും. എന്നാൽ ഇസ്രായേൽ പുഷ്ടി പ്രാപിച്ച് തഴച്ചുവളരും. ഇതിൽ പറഞ്ഞിരിക്കുന്ന പല സംഗതികളും മറ്റു തിരുലിഖിത ഭാഗങ്ങളിൽ കാണാവുന്നതാണ്: ഒബാ 1-14 = ഏശാ 34,5-17; ജറ 49,7-22; എസ 35,1-5.

ഒബദിയാ പ്രസംഗിച്ചത് ബി.സി. 587-നു ശേഷമായിരിക്കാം. ബി.സി. 312-ൽ നബാതെയർ ഏദോം ആക്രമിച്ച് കീഴടക്കി. ഏദോമ്യർ ഏശാവിന്റെ വംശപരമ്പരയിൽ പെട്ടവരാണ്. ഏശാവിന് യാക്കോബിനോട് പക ഉണ്ടായിരുന്നതുപോലെ, ഏദോമ്യർക്ക് ഇസ്രായേലിനോട് വിരോധമുണ്ടായിരുന്നു.

കർതൃനാളുകളിൽ പുതിയ ഇസ്രായേലായ സഭയ്ക്കെതിരെ ഉയരുന്ന ദുഷ്ടശക്തികളെ ഏദോം എന്ന നാമം സൂചിപ്പിക്കുന്നതായി കരുതാം. ഇപ്രകാരം അന്ത്യോന്മുഖമായ അർഥം ഈ ഭാഗത്തിനുണ്ട്. ദുഷ്ടശക്തികൾക്ക് താത്ക്കാലികവിജയം ഉണ്ടാകുമെങ്കിലും, സുസ്ഥിരവും ശാശ്വതവുമായ വിജയം സഭയുടേതാണെന്ന് വ്യംഗ്യ ഭാഷയിൽ പ്രവാചകൻ പറയുകയാണിവിടെ. അന്തിമവിജയം സഭയുടേതാണ്. ശത്രുക്കളെല്ലാം പരാജിതരായി കീഴമർത്തപ്പെടും. അതുകൊണ്ട് നഷ്ടധൈര്യരാകാതെ, ദൈവത്തിൽ ആശ്രയിച്ചു ജീവിക്കാൻ ഒബാദിയാ ആഹ്വാനം ചെയ്യുന്നു.

 www.malankaralibrary.com

ചരിത്രത്തിൽ, സഭയോടെതിർത്ത ശക്തികളൊക്കെ ഒന്നുമല്ലാതായിത്തീർന്നു. അവരൊക്കെ അവഹേളിക്കപ്പെടും (ഒബ.1,2). സഭയോട് ഏറ്റുമുട്ടിയ റോമൻ, പേർഷ്യൻ രാജ്യങ്ങൾ ചരിത്ര ഗ്രന്ഥങ്ങളിൽ അവശേഷിച്ചു. സഭയെ തകർക്കാൻ ശ്രമിച്ച നിരീശ്വര കമ്യൂണിസ്റ്റു പ്രസ്ഥാനം 1989–ൽ ഉള്ളിൽ നിന്നുതന്നെ തകർന്ന് തരിപ്പണമായി. ഈ അടുത്ത കാലത്ത് ഉടലെടുത്ത നാരകീയ ശക്തിയായ ഇസ്ലാമിക് സ്റ്റേറ്റ് (ഐ.എസ്) തകർന്നടിഞ്ഞു കൊണ്ടിരിക്കുന്നു. ആയിരം തലയുള്ള കിരാതസർപ്പമായിട്ടാണ് അനേകം രാഷ്ട്രങ്ങളിൽ ഇവർ തല പൊക്കിയത്. അനേകായിരങ്ങൾ ഇവരുടെ കിരാതാക്രമണത്തിൽ നിഷ്ഠൂരം കഴുത്തറക്കപ്പെട്ടു. അനേകം ലക്ഷങ്ങൾ സർവതും ഉപേക്ഷിച്ച് പലായനം ചെയ്തു. പലായനം ചെയ്തവരിൽ അനേകരെ വഴിത്തിരിവുകളിൽ പതുങ്ങിനിന്ന് അവർ വെട്ടിവീഴ്ത്തി (1,14). ഈ കാപാലികന്മാരുടെ മേൽ കർതൃകരം ആഞ്ഞടിച്ചു. അഫിഗാനിസ്ഥാൻ, പാക്കിസ്ഥാൻ, ഇറാൻ, ഇറാക്ക്, സിറിയാ, സുഡാൻ, നൈജീരിയാ എന്നിവിടങ്ങളിൽ ദൈവദൂതൻ അവർക്ക് കനത്ത പ്രഹരമേൽപ്പിച്ചു.

അന്ത്യനാളുകളിൽ ഇസ്രായേലിനുണ്ടായ തിരിച്ചുവരവും ഒബദിയാ സൂചിപ്പിക്കുന്നു (7–21). സീയോൻ വിശുദ്ധമായിരിക്കും (17); യോയേൽ 3,17). അവർ തങ്ങളുടെ വസ്തുവകകൾ വീണ്ടെടുക്കും. ആധിപത്യം കർത്താവിന്റേതായിരിക്കും (17–21). നമ്മുടെ കർത്താവിന്റെ സുവിശേഷത്തിൻ കീഴിൽ എല്ലാ ജനപദങ്ങളും അണിനിരക്കും എന്നതിന്റെ സൂചനയും ഈ ഭാഗത്തുണ്ട്. ഏദോം എല്ലാ വിജാതിയരെയും സൂചിപ്പിക്കുന്നു.[1]

---

1. St. Jerome, *Commentaries*, vol.1, p.276-294; Theodore of Mopsuestia, *Commentary*, p.174-184; Theodoret, *Commentaries*, vol. 3, p.129-134.

# 6
# യോനാ

യോനാ പ്രവാചകന്റെ പേരിൽ അറിയപ്പെടുന്ന ഒരു വിവരണ രേഖയാണ് യോനായുടെ പുസ്തകം. പലരുടെയും അഭിപ്രായത്തിൽ ഇത് ചരിത്രഗ്രന്ഥമല്ല, പ്രവചനവുമല്ല. യോനാ എഴുതിയതുമല്ല. ബാബിലോണിയൻ വിപ്രവാസത്തിനുശേഷം ബി.സി. നാലാം നൂറ്റാണ്ടിൽ എഴുതപ്പെട്ടതാണിത്.

നിനിവെ തലസ്ഥാനമായ, അസ്സീറിയൻ സാമ്രാജ്യം ബി.സി. 612-ൽ ബാബിലോണിയാക്കാർ തകർത്തു. കഥ രൂപീകരിച്ചത് നൂറ്റാണ്ടുകൾക്കു ശേഷമാണ്. അനുസരണമില്ലാത്തവനും ദൈവത്തോട് മുറുമുറുക്കുന്നവനുമായ യഹൂദപ്രവാചകൻ! തന്റെ പദ്ധതിയുടെ പൂർത്തീകരണത്തിന് പ്രവാചകനെ കരുവാക്കുന്ന ദൈവം! പെട്ടെന്നുള്ള കടൽക്ഷോഭം, യോനായ്ക്ക് കുറി വീഴുന്നത്, തിമിംഗലം, രാത്രിയിൽ വളരുകയും പകലിൽ വാടിപ്പോകുകയും ചെയ്യുന്ന ചെടി തുടങ്ങിയവ കഥയുടെ ഭാഗമായ വിവരണമാണ്.

## സ്നേഹനിധിയായ ദൈവം

ഇത് ഒരു സാരോപദേശ കഥയാണ്, പ്രബോധക പ്രധാനമാണ്. 'യാഹ്വെ ഇസ്രായേലിന്റെ സ്വന്തമാണ്, ഇസ്രായേലിന്റെ മാത്രം ദൈവമാണ്' തുടങ്ങിയ ഇടുങ്ങിയ മതാത്മക വീക്ഷണത്തിൽ നിന്ന് ജനത്തെ വിമുക്തരാക്കാനായി എഴുതപ്പെട്ടതാണിത്. യാഹ്വെ അനുതാപികളെ അപ്പാടെ സ്വീകരിക്കുന്നവനാണ്. അവിടുന്ന് ഇസ്രായേലിന്റെ മാത്രം ദൈവമല്ല, എല്ലാ മനുഷ്യരുടെയും ദൈവമാണ്. ഇസ്രായേൽ പ്രവാചകനായ യോനാ ഒഴിച്ച് മറ്റെല്ലാവരും - നാവികർ, നിനിവെ രാജാവ്, നിനിവെ

യിലെ ജനം, മൃഗങ്ങൾ എല്ലാം – ഈ ദൈവത്തെ നമിക്കുന്നു. അനുസരണമില്ലാത്ത ഈ പ്രവാചകനോടു പോലും ദൈവം കരുണ കാണിക്കുന്നു. താഴ്മയുടെയും മാനസ്സാന്തരത്തിന്റെയും പാഠം ഇസ്രായേലിന്റെ ശത്രുക്കൾ ഇസ്രായേൽക്കാരനെ പഠിപ്പിക്കേണ്ടിവന്നു. ദൈവവചനത്തിൽ ഈ പ്രവാചകന് വലിയ വിശ്വാസം ഇല്ലായിരുന്നു. എന്നാൽ വിജാതിയരായ നിനവെക്കാർ പ്രവാചകവചനം അപ്പാടെ സ്വീകരിച്ച് മാനസ്സാന്തരപ്പെട്ടു.

നമ്മുടെ കർത്താവായ യേശുമിശിഹായുടെ സത്യസുവിശേഷം ബഹുഭൂരിഭാഗം യഹൂദരും തിരസ്കരിച്ചു. അവർ അത് സത്യവചനമായി കരുതിയില്ല. എന്നാൽ ലോകം മുഴുവനുമുള്ള വിജാതിയർ അത് വിശ്വസിച്ച് മാനസ്സാന്തരപ്പെട്ടു. യോനായുടെ കഥ, ആ അർഥത്തിൽ അന്ത്യോന്മുഖമായ ഒരു പ്രവചനമാണ്. വ്യംഗ്യാർഥത്തിലുള്ള പ്രവചനമാണ്. അത് ക്രിസ്തോന്മുഖമാണ്. സാർവത്രികരക്ഷ എന്ന മഹാശയം അതിൽ നിഗൂഢമായിരിക്കുന്നു. യോനായെ ദൈവം തള്ളിക്കളയുന്നില്ല. അവനിലൂടെ രക്ഷ സാധിച്ചു. അതുപോലെ ഇസ്രായേൽക്കാരിൽ കൂടി ലോകരക്ഷ സാധിക്കാൻ കർത്താവ് പന്ത്രണ്ട് പേരേ നിയോഗിച്ചയച്ചു. യഹൂദരെയും അവിടുന്ന് പരിഗണിക്കുമെന്ന്, യോനായെ സംരക്ഷിച്ചതിൽ നിന്ന് ദൈവം വ്യക്തമാക്കുന്നു.

ദൈവം സ്നേഹനിധിയാണ്, അവിടുന്ന് എല്ലാവരുടെയും ദൈവമാണ്, അവിടുത്തെ കോപം തിരുത്തലിനാണ്, എല്ലാവരും അനുതപിച്ച് ദൈവത്തിൻ പക്കലേക്ക് അടുക്കണമെന്ന് അവിടുന്ന് ആഗ്രഹിക്കുന്നു– ഇതാണ് യോനായുടെ ഗ്രന്ഥത്തിലെ ഏറ്റവും പ്രധാനപ്പെട്ട സന്ദേശം. "അവിടുന്ന് ദയാലുവും കാരുണ്യവാനും ക്ഷമാശീലനും സ്നേഹനിധിയും ശിക്ഷിക്കുന്നതിൽ വിമുഖനുമാണ്" (യോനാ 4,2). ഇത് തുടരെത്തുടരെ പഴയനിയമ ഗ്രന്ഥങ്ങളിൽ കാണാം. ഈ സന്ദേശം നൽകാൻ പ്രവാചകന്മാർ നിരന്തരം പരിശ്രമിച്ചിരുന്നു. എന്നാൽ അത് ഗ്രഹിക്കാൻ ഇസ്രായേലിൽ അനേകർക്ക് കഴിഞ്ഞില്ല (പുറ.34,6; സംഖ്യ 14,18; നെഹെ 9,17; സങ്കീ 86,15; 103,8; 145,8; ജോയേൽ 2,13; നാഹും 1,3).

വലിയ പ്രവാചകന്മാരായ ഏശായായും ജറമിയായും ഉടനീളം ദൈവത്തിന്റെ കരുണ അവതരിപ്പിക്കുന്നു. ദൈവത്തിന്റെ കരുണ യേശുവായി മനുഷ്യരുടെ ഇടയിൽ അവതരിച്ചു. "സ്വർഗസ്ഥനായ നിങ്ങളുടെ പിതാവ് കരുണയുള്ളവനായിരിക്കുന്നതു പോലെ നിങ്ങളും കരുണയുള്ളവർ ആയിരിക്കുവിൻ" എന്ന് നമ്മുടെ കർത്താവും ഈ സന്ദേശം ആവർത്തിക്കുന്നു (ലൂ.6,26).

## യോനായുടെ അടയാളം

നമ്മുടെ കർത്താവിനോട് അടയാളം ചോദിച്ചവർക്ക് കർത്താവ് യോനായുടെ അടയാളം നൽകി: "യോനാ മൂന്നു രാവും മൂന്നു പകലും മത്സ്യത്തിന്റെ ഉദരത്തിൽ കിടന്നതുപോലെ മനുഷ്യപുത്രനും മൂന്നു രാവും മൂന്നു പകലും ഭൂമിക്കുള്ളിൽ ആയിരിക്കും. നിനിവെ നിവാസികൾ വിധിദിവസം ഈ തലമുറയോടൊത്ത് എഴുന്നേറ്റ് ഇതിനെ കുറ്റം വിധിക്കും. എന്തെന്നാൽ യോനായുടെ പ്രസംഗം കേട്ട് അവർ അനുതപിച്ചു. ഇതാ, ഇവിടെ യോനായേക്കാൾ വലിയവൻ" (മത്താ 12,41; ലൂ 11,29-30). "യോനായുടെ അടയാളമല്ലാതെ മറ്റൊരടയാളവും ഈ തലമുറയ്ക്ക് നൽകപ്പെടുകയില്ല" (മത്താ 16,4).

യോനായുടെ "പ്രവചനം" ക്രിസ്തോന്മുഖമായ വിവരണമാണ്. യേശുവിന്റെ ശ്രോതാക്കൾക്ക് ഇത് പ്രബോധക കഥയാണോ, നടന്ന സംഭവമാണോ എന്നത് പ്രശ്നമായിരുന്നില്ല. ഈ ഗ്രന്ഥത്തിന്റെ ആന്തരികാർഥത്തിലേക്കാണ് കർത്താവ് അവരുടെ ശ്രദ്ധ തിരിച്ചത്. യോനാ തന്റെ തെറ്റുമൂലം കടലിലേക്ക് എറിയപ്പെട്ടു. തന്നെ കടലിലേക്ക് എടുത്തെറിയാൻ അവൻ കപ്പൽക്കാരോട് പറഞ്ഞു. അപ്പോൾ കടൽ ശാന്തമാകുമെന്നും അവൻ അവരോട് പറഞ്ഞു (യോനാ 1,12). അവനെ തിമിംഗലം വിഴുങ്ങി. അവൻ അതിനുള്ളിൽ മൂന്നു രാവും മൂന്നു പകലും കഴിച്ചുകൂട്ടി - ഇത് ക്രിസ്തോന്മുഖമായ പ്രവചനമാകയാൽ ഇതിന്റെ വിശദാംശങ്ങളിലേക്ക് കടക്കേണ്ടതില്ല.

നമ്മുടെ കർത്താവ് പാപരഹിതനായിരുന്നു. എന്നാൽ അവൻ തന്റെ ജനത്തെ അവരുടെ പാപങ്ങളിൽ നിന്ന് രക്ഷിക്കാൻ വന്നു. ലോകപാപം വഹിക്കുന്ന ദൈവകുഞ്ഞാടാണവൻ. അവൻ മനുഷ്യകുലത്തിന്റെ പാപം സ്വമേധയാ ഏറ്റെടുത്ത് നമുക്കുവേണ്ടി ശാപവും പാപവുമായിത്തീർന്നു. യോനാ ചെയ്തതുപോലെ, അവൻ തന്നെത്തന്നെ ഏൽപ്പിച്ചുകൊടുത്തു (യോഹ 128,5-8). അവൻ നമ്മുടെ പാപമെല്ലാം ഏറ്റെടുത്ത് കുരിശിൽ തറച്ചു. യോനായെപ്പോലെ അവൻ മൂന്നു രാവും മൂന്നു പകലും കല്ലറയിൽ ആയിരുന്നു.

യോനായെ തിമിംഗലം കരയ്ക്ക് ഛർദിച്ചു. യേശുവിനെ കല്ലറ വിട്ടുകൊടുത്തു. അവൻ ജീവിക്കുന്നവനായി ഉത്ഥാനം ചെയ്ത്, എല്ലാ മനുഷ്യരെയും തന്നിലേക്ക് ആകർഷിച്ചുകൊണ്ടിരിക്കുന്നു. നിനിവെക്കാരെ യോനായുടെ വചനം മാനസ്സാന്തരപ്പെടുത്തിയതു പോലെ, യേശുവിന്റെ വചനം ലോകത്തെ പിതാവുമായി രമ്യതപ്പെടുത്തിക്കൊണ്ടിരിക്കുന്നു. ലോകാവസാനം വരെ നമ്മോടു കൂടെ വസിച്ചു കൊണ്ടും

തന്റെ പരിശുദ്ധാത്മാവിനെ നമ്മുടെ മേൽ വർഷിച്ചുകൊണ്ടും അവിടുന്ന് തന്റെ സഭയിലൂടെ ഈ ലോകത്തെ മാനസ്സാന്തരത്തിലേക്ക് നയിക്കുന്നു. ഈ രീതിയിൽ ക്രിസ്തോന്മുഖമായിട്ടത്രെ തിയഡൊറേറ്റ് യോനായുടെ പുസ്തകം വ്യാഖ്യാനിക്കുന്നത്.

## യോനായിലെ സാർവത്രികമാനം

"യോനായ്ക്ക്" മറ്റൊരു അന്ത്യോന്മുഖാർഥമുണ്ട്. യഹൂദനായ യോനായിലൂടെ വിജാതീയ നഗരമായ നിനിവെ രക്ഷപെട്ടു. ദൈവം എല്ലാവരുടെയും രക്ഷ കാംക്ഷിക്കുന്നു. "ഒരുവൻ തന്നെയാണ് എല്ലാവരുടെയും കർത്താവ്...കർത്താവിന്റെ നാമം വിളിച്ചപേക്ഷിക്കുന്ന എല്ലാവരും രക്ഷ പ്രാപിക്കും" (റോമ 10,11-13). "ദൈവത്തിന് പക്ഷപാതമില്ല. അവിടുത്തെ ഭയപ്പെടുകയും നീതി പ്രവർത്തിക്കുകയും ചെയ്യുന്നവർ ഏതു ജനതയിൽ പെട്ടവരായാലും അവിടുത്തേക്ക് സ്വീകാര്യരാണ്" (നട 10,34). ഈ സദ്വാർത്ത ദൈവം യഹൂദരിലൂടെ ലോകത്തിനു നൽകി. യാഹ്വെയായ ദൈവം യഹൂദരുടെ മാത്രം ദൈവമാണ് എന്ന ചിന്ത പിൽക്കാല പ്രവാചകന്മാരും സങ്കീർത്തനങ്ങളും തിരുത്തി വിശാലമായ മാനം അവതരിപ്പിച്ചു. യഹൂദർ മാത്രമല്ല, എല്ലാ ജനപദങ്ങളും ദൈവത്തിന്റെ മക്കളാണ്. അവരെയെല്ലാം രക്ഷിക്കാൻ അവിടുന്ന് താണിറങ്ങിവന്നു. അതിന് യഹൂദർ മാധ്യമമായി എന്നു മാത്രം. റോമാക്കാർക്കുള്ള ലേഖനത്തിൽ വി. പൗലോസ് ശ്ലീഹാ ഇക്കാര്യം വ്യക്തമാക്കുന്നു (റോമ 9).

പുതിയ നിയമത്തിലെ സന്ദേശം ഇതാണ്: "യേശു കർത്താവാണെന്ന് അധരം കൊണ്ട് ഏറ്റുപറയുകയും ദൈവം അവനെ മരിച്ചവരിൽ നിന്ന് ഉയിർപ്പിച്ചുവെന്ന് ഹൃദയത്തിൽ വിശ്വസിക്കുകയും ചെയ്താൽ നീ രക്ഷ പ്രാപിക്കും...തന്നെ വിളിച്ചപേക്ഷിക്കുന്ന എല്ലാവരുടെയും മേൽ അവിടുന്ന് തന്റെ സമ്പത്ത് വർഷിക്കുന്നു. എന്തെന്നാൽ കർത്താവിന്റെ നാമം വിളിച്ചപേക്ഷിക്കുന്ന എല്ലാവരും രക്ഷ പ്രാപിക്കും (റോമ 10,9.12-13).

യോനായുടെ പുസ്തകം ഈ സന്ദേശം അവതരിപ്പിക്കുന്നു. ഇസ്രായേൽക്കാരുടെ ശത്രുക്കളായ അസ്സീറിയാക്കാരുടെ നഗരത്തിൽ പോയി പ്രസംഗിക്കാനുള്ള ദൗത്യം യോനാ തിരസ്കരിച്ചത് സ്വാഭാവികം മാത്രം. എന്നാൽ ദൈവം തന്റെ ലക്ഷ്യപ്രാപ്തിക്കായി അവനെ തിരിച്ചുവിട്ടു. അവന്റെ വഴി തെറ്റിച്ചു. അവൻ അരിഷ്ടതയിലൂടെ കടന്നുപോയി, ദൈവിക നിയോഗം യാഥാർഥ്യമാക്കി.[1]

---

1. St. Jerome, *Commentaries*, vol.1, p.244-275; Theodore , *Commentary*,185-205; Theodoret, *Commentaries*, vol. 3, p.137-148.

# 7
# മിക്കാ

ഏശായാ പ്രവാചകന്റെ സമകാലികനായിരുന്നു മിക്കാ പ്രവാചകൻ. വടക്കുള്ള ഇസ്രായേൽ രാജ്യത്തു പോയി ബി.സി. 750-നും 687-നും ഇടയ്ക്ക് പ്രവചനം നടത്തി. സമറിയാ തലസ്ഥാനമാക്കി ഭരിച്ച ഇസ്രായേൽ രാജ്യത്തിന്റെ പതനം (721), അസ്സീറിയൻ സാമ്രാജ്യത്തിന്റെ തകർച്ച (612) എന്നിവ പ്രവചിച്ചു.

## വിമർശകനായ മിക്കാ

വടക്കുള്ള ഇസ്രായേൽ രാജ്യത്ത് പത്ത് ഗോത്രങ്ങളും തെക്കുള്ള യൂദയാ രാജ്യത്ത് യൂദാ, ബഞ്ചമിൻ എന്നീ രണ്ട് ഗോത്രങ്ങളും ഉൾപ്പെട്ടിരുന്നു. ഇപ്രകാരം ദൈവജനത്തെ വിഭജിച്ച് രണ്ടാക്കിയത് ദൈവിക പദ്ധതിക്ക് എതിരായിരുന്നു. ഒറ്റ ജനമായിട്ടത്രേ ദൈവം അവരെ ഈജിപ്തിൽ നിന്ന് പുറപ്പെടുവിച്ച് കൊണ്ടുവന്നത്. എന്നാൽ സോളമനു ശേഷം രാജ്യം പങ്കിട്ടെടുത്ത പത്തു ഗോത്രങ്ങളോട് ദൈവത്തിന് അതൃപ്തി തോന്നി. ആ പത്തു ഗോത്രങ്ങൾ പിന്നീട് വിഗ്രഹാരാധനയിലേക്ക് തിരിഞ്ഞു. ചുറ്റുമുള്ള വിജാതിയരുമായി കൂടിക്കലർന്ന് അവരുടെ വിഗ്രഹങ്ങൾ സ്വന്തമാക്കി..

ഇതിനെതിരെ ദൈവം അസ്സീറിയായെ ഉത്തേജിപ്പിച്ചു. അവർ കടന്നാക്രമിച്ച് ജനത്തെ അസ്സീറിയായിലേക്ക് നാടുകടത്തി. അതോടെ ഇസ്രായേൽ രാജ്യം ഇല്ലാതായി. ദൈവികപദ്ധതി അനുസരിച്ചാണ് ഇസ്രായേൽ രാജ്യം തകർന്നത്. എന്നാൽ അസ്സീറിയാ അതിരുവിട്ട് പ്രവർത്തിച്ചു. അതുകൊണ്ട് ദൈവം കൽദായരെ ഉണർത്തി. അവർ അസ്സീറിയായെ 612-ൽ പരാജയപ്പെടുത്തി. തലസ്ഥാനമായ നിനിവെ തകർത്തു. ഈ സംഗതികളൊക്കെ മിക്കാ പ്രവചിക്കുന്നു.


www.malankaralibrary.com

സമറിയായ്ക്ക് എതിരെയുള്ള പ്രവചനത്തിൽ ജനതകളെ വിളിച്ചു കൊണ്ടാണ് മിക്കാ സംസാരിക്കുന്നത്: "ജനതകളേ, കേൾക്കുവിൻ. ഭൂമിയും അതിലുള്ള സമസ്തവും ശ്രദ്ധിക്കട്ടെ. ദൈവമായ കർത്താവ് തന്റെ വിശുദ്ധ ഭവനത്തിൽ നിന്ന് നിങ്ങൾക്കെതിരെ സാക്ഷ്യം വഹിക്കട്ടെ" (മിക്കാ 1,2). ഇസ്രായേലിനെ തകർക്കാൻ കർത്താവ് പുറപ്പെടുന്നു. വിഗ്രഹാരാധനയാണ് തകർക്കലിന് കാരണമെന്ന് മിക്കാ പറയുന്നു.

"കർത്താവ് തന്റെ വിശുദ്ധ സ്ഥലത്തു നിന്ന് പുറപ്പെടുന്നു. ഭൂമിയിലെ പൂജാഗിരികൾ ചവിട്ടി മെതിക്കാൻ ഇറങ്ങിവരുന്നു. യാക്കോബിന്റെ അതിക്രമവും ഇസ്രായേൽ ഭവനത്തിന്റെ പാപവുമാണ് ഇതിനു കാരണം" (1,3-5). ചൂഷകർക്കെതിരെയും(3,5-7) നീതിരഹിതരായ ജനനേതാക്കന്മാർക്കെതിരെയും (3,1-3) കുടുംബ തലവന്മാർക്കെതിരെയും (3,9-12) പ്രവചിക്കുന്നു.

ഇസ്രായേലിനെതിരെ കർത്താവ് കുറ്റമാരോപിക്കുന്നു: "എന്റെ ജനമേ, നിങ്ങളോട് ഞാൻ എന്തു ചെയ്തു? എങ്ങനെ ഞാൻ നിങ്ങൾക്ക് ശല്യമായി?" (6,3). കർത്താവിനെ വിട്ട് വിഗ്രഹാരാധനയിലേക്ക് തിരിയാൻ എന്തു കാരണമാണുള്ളതെന്ന് അവിടുന്ന് ചോദിക്കുന്നു. "ദൈവഭക്തർ ഭൂമുഖത്തുനിന്ന് അപ്രത്യക്ഷരായിരിക്കുന്നു. മനുഷ്യരുടെ ഇടയിൽ സത്യസന്ധരായി ആരുമില്ല. അവരെല്ലാം രക്തത്തിനുവേണ്ടി പതിയിരിക്കുന്നു. ഓരോരുത്തരും സ്വസഹോദരനെ കുടുക്കാൻ വല വിരിക്കുന്നു" (7,2). ദൈവസ്നേഹം വറ്റിപ്പോയതിനാൽ സഹോദര സ്നേഹവും ഇല്ലാതായി. അവരുടെ ഹൃദയത്തിൽ ദുഷ്ടൻ കയറിപ്പറ്റി. രാജാവും ന്യായാധിപനും ഉന്നതരും താണവരും ഒന്നുപോലെ ദുഷ്ടരായി മാറി. അതുകൊണ്ട് "ശിക്ഷാദിനം വന്നുകഴിഞ്ഞു" എന്ന് മിക്കാ പറയുന്നു.

"അയൽക്കാരനെ വിശ്വസിക്കരുത്. സ്നേഹിതനിൽ വിശ്വാസം അർപ്പിക്കരുത്. ഭാര്യയുടെ മുമ്പിൽ വായ് തുറക്കരുത്. പുത്രൻ പിതാവിനോട് നിന്ദയോടെ വർത്തിക്കുന്നു. മകൾ അമ്മയ്ക്കും മരുമകൾ അമ്മായിയമ്മയ്ക്കും എതിരെ നിലകൊള്ളുന്നു. സ്വന്തം കുടംബത്തിലെ അംഗങ്ങൾ തന്നെ ഒരുവന് ശത്രുക്കളായി തീരുന്നു" (7,5-6). ഈ അവസാന വാചകം നമ്മുടെ കർത്താവിന്റെ വചനമായി വി. മത്തായി ശ്ലീഹാ ഉദ്ധരിക്കുന്നു (10,35-36).

ദൈവത്തെ മറന്നതാണ് ജനത്തിന്റെ ധാർമികാധഃപതനത്തിന്റെ കാരണം. അനുതപിച്ച് ദൈവത്തിൻ പക്കലേക്ക് തിരിഞ്ഞാൽ ദൈവം

കരുണ കാണിക്കും: "അവിടുന്ന് എന്നെ വെളിച്ചത്തിലേക്ക് നയിക്കും. ഞാൻ അവിടുത്തെ രക്ഷ ദർശിക്കും. എന്റെ ശത്രുക്കൾ അത് കാണും. അവർ തെരുവിലെ ചെളിപോലെ ചവിട്ടിത്തേയ്ക്കപ്പെടും" (7,9-10). ദൈവം ഇസ്രായേലിന്റെ മഹത്വം പുനരുദ്ധരിക്കുമ്പോൾ, ശത്രുക്കളെല്ലാം തകർക്കപ്പെടുമെന്നും പ്രവാചകൻ കാണുന്നു.

വിദൂര ഭാവിയിലുള്ള പ്രവചനമായും ഇത് മനസ്സിലാക്കാം. അസ്സീറിയാ ദുഷ്ടശക്തികളെ കുറിക്കുന്നു. അൽപകാലത്തേക്ക് വിശ്വാസികൾക്ക് പീഡനം ഉണ്ടായാലും, ദൈവം അവരെ എന്നേക്കുമായി തള്ളിക്കളയുകയോ, ഇല്ലാതാക്കുകയോ, നശിപ്പിക്കുകയോ ഇല്ല. "അവിടുന്ന് തന്റെ കോപം എന്നേക്കുമായി വച്ചുപുലർത്തുന്നില്ല. എന്തെന്നാൽ അവിടുന്ന് കാരുണ്യത്തിൽ ആനന്ദിക്കുന്നു" (7,18).

## ബേത്‌ലെഹേം എഫ്രാത്താ (5,2)

മിക്കാ എന്ന പ്രവാചകൻ നൂറ്റാണ്ടുകൾക്ക് മുമ്പുതന്നെ രക്ഷകന്റെ ജനനസ്ഥലം പ്രവാചകദൃഷ്ട്യാ ദർശിച്ചു. "ബേത്‌ലെഹേം എഫ്രാത്താ, നീ യൂദാഭവനങ്ങളിൽ ചെറുതാണെങ്കിലും, ഇസ്രായേലിനെ ഭരിക്കേണ്ടവൻ എനിക്കായി നിന്നിൽ നിന്നു പുറപ്പെടും. അവൻ പണ്ടേ, യുഗങ്ങൾക്കു മുമ്പേ, ഉള്ളവനാണ്" (5,2). ഈ ഭാഗം വി. മത്തായി ശ്ലീഹാ ഉദ്ധരിക്കുന്നു. പൗരസ്ത്യവിദ്വാന്മാർ യൂദാരാജാവിന്റെ ജന്മസ്ഥലം തേടി ഹേറോദേസിന്റെ കൊട്ടാരത്തിൽ എത്തിയപ്പോൾ, പ്രധാന പുരോഹിതന്മാരും നിയമജ്ഞരും മിക്കായെ ഉദ്ധരിച്ചുകൊണ്ട്, "യൂദയായിലെ ബേത്‌ലെഹേമിൽ" എന്നു പറഞ്ഞു. "യൂദയായിലെ ബേത്‌ലഹേമേ, നീ യൂദയായിലെ പ്രമുഖ നഗരങ്ങളിൽ ഒട്ടും താഴെയല്ല. എന്റെ ജനമായ ഇസ്രായേലിനെ നയിക്കാനുള്ളവൻ നിന്നിൽ നിന്നാണ് ഉത്ഭവിക്കുക" (മത്താ 2,1-6). മിക്കാ എഴുതിയതും മത്തായി എഴുതിയതും തമ്മിൽ സാരസത്തയിൽ അന്തരമില്ല. വാക്കുകളിലേ വ്യത്യാസമുള്ളു.

മിക്കായുടെ പ്രവചനം യേശുവിന്റെ ബേത്‌ലെഹേമിലെ ജനനത്തോടുകൂടി യാഥാർഥ്യമായി. രക്ഷകൻ ജനിക്കുന്നത് അവിടെയാണെന്ന് യഹൂദർക്ക് അറിയാമായിരുന്നു. എന്നാൽ അവർ അക്കാലത്ത് പ്രതീക്ഷിച്ചിരുന്ന രീതിയിൽ അല്ലായിരുന്നു ആ ജനനം. വിദ്വാന്മാർ നക്ഷത്രം കണ്ട കാര്യമൊന്നും കൊട്ടാരവാസികൾ കാര്യമായെടുത്തില്ല.

## പീഡാനുഭവം

കർത്താവിനെ ശത്രുക്കൾ പീഡിപ്പിക്കുന്നതും മിക്കാ ദർശിച്ചു: "അവർ വടികൊണ്ട് ഇസ്രായേൽ ഭരണാധിപന്റെ ചെകിട്ടത്തടിക്കുന്നു" (5,1). ഇതാണല്ലോ വി. മത്തായി രേഖപ്പെടുത്തിയിരിക്കുന്നത്: "പടയാളികൾ ഞാങ്ങണകൊണ്ട് അവന്റെ തലയിൽ അടിച്ചു...അവർ അവന്റെ മുഖത്ത് തുപ്പുകയും അവനെ അടിക്കുകയും ചെയ്തു. ക്രിസ്തുവേ, നിന്നെ അടിച്ചതാരെന്ന് ഞങ്ങളോട് പ്രവചിക്കുക എന്നു പറഞ്ഞുകൊണ്ട് മറ്റു ചിലർ അവന്റെ കരണത്തടിച്ചു" (മത്താ. 27,30.68).- ഒറ്റ വാചകത്തിലൂടെ പീഡാനുഭവരംഗം മുഴുവൻ മിക്കാ കാണുന്നു. അത് യാഥാർഥ്യമായെന്ന് സുവിശേഷകൻ രേഖപ്പെടുത്തുന്നു.

## പുതിയനിയമസഭ

സഭയുടെ ഉദയവും ഇസ്രായേലിന്റെ മാനസ്സാന്തരവും മിക്കാ കാണുന്നു: "ഈറ്റുനോവെടുത്തവൾ പ്രസവിക്കുന്നതുവരെ അവൻ അവരെ പരിത്യജിക്കും. പിന്നീട് അവന്റെ സഹോദരരിൽ അവശേഷിക്കുന്നവർ ഇസ്രായേൽ ജനത്തിലേക്ക് മടങ്ങിവരും. കർത്താവിന്റെ ശക്തിയോടെ, തന്റെ ദൈവമായ കർത്താവിന്റെ മഹത്വത്തോടെ, അവൻ വന്ന് തന്റെ ആടുകളെ മേയ്ക്കും. ഭൂമിയുടെ അതിർത്തിയോളം അവൻ പ്രതാപവാനാകയാൽ, അവർ സുരക്ഷിതരായി വസിക്കും. അവൻ നമ്മുടെ സമാധാനമായിരിക്കും" (5,3-5).

അതായത്, വിജാതിയരിൽ നിന്നുള്ള സഭ രൂപീകൃതമാകുന്നതുവരെ ഇസ്രായേൽക്കാർ പരിത്യക്തരായിരിക്കും. അതാണ് ചരിത്രത്തിൽ സംഭവിച്ചത്. രക്ഷകനെ തിരസ്കരിച്ചതിന് ശിക്ഷയായി ഇസ്രായേൽക്കാർ പരിത്യക്തരായി ചിതറിക്കപ്പെട്ടു. മുൻകാലങ്ങളിൽ അനുഭവിച്ച വിപ്രവാസ കാലാവധി പോലെയല്ല, സുദീർഘമായ കാലയളവ് അവർ വിദേശങ്ങളിൽ ജീവിക്കേണ്ടിവന്നു. സഭ ലോകം മുഴുവൻ വ്യാപിച്ചപ്പോൾ, ദൈവം അവരെ തിരികെ വരുത്തി. ഇനിയും ദൈവം നിശ്ചയിച്ച നാളിൽ യഹൂദർ, വിജാതിയരുടെ സഭയായ പുതിയ ഇസ്രായേലുമായി ചേർന്ന് ഒറ്റ സഭയാകും. ഈ സംഭവമാണ് മിക്കാ ദർശിച്ചത്. അവന്റെ ഭരണം ലോകാതിർത്തിയോളം ഉണ്ടായിരിക്കും. മഹാപ്രതാപവാനായി അവൻ ജനതകളെ ഭരിക്കും. "അവൻ നമ്മുടെ സമാധാനമാകുന്നു" എന്ന വാചകം എഫേസോസുകാർക്കുള്ള ലേഖനത്തിൽ (2,10) വി. പൗലോസ് ശ്ലീഹാ ഉദ്ധരിക്കുന്നു.[1]

1. St. Jerome, *Commentaries on the Twelve Prophets*, vol.1, p.84-85; Theodoret of Cyrus, *Commentaries on the Prophets*, vol. 3, p.164-165.

## ജറുസലേമിൽ നിന്നുള്ള കർതൃവചനം (4,1–5)

കർതൃനാളുകളിൽ സംഭവിക്കാൻ പോകുന്നവ മിക്കാ ദർശനത്തിൽ കാണുന്നു: "അന്ത്യനാളുകളിൽ കർത്താവിന്റെ ആലയം സ്ഥിതി ചെയ്യുന്ന മല ഗിരിശൃംഗങ്ങൾക്ക് മുകളിൽ സ്ഥാപിക്കപ്പെടും. കുന്നുകൾക്കു മുകളിൽ ഉയർത്തപ്പെടും. ജനതകൾ അവിടേക്ക് പ്രവഹിക്കും. വരുവിൻ, നമുക്ക് കർത്താവിന്റെ ഗിരിയിലേക്ക്, യാക്കോബിന്റെ ദൈവത്തിന്റെ ഭവനത്തിലേക്ക്, പോകാം. അവിടുന്ന് തന്റെ മാർഗങ്ങൾ നമ്മെ പഠിപ്പിക്കും. നമുക്ക് അവിടുത്തെ വഴികളിലൂടെ നടക്കാം എന്നു പറഞ്ഞുകൊണ്ട് അനേകം ജനതകൾ വരും. സീയോനിൽ നിന്നു നിയമവും ജറുസലേമിൽ നിന്ന് കർത്താവിന്റെ വചനവും പുറപ്പെടും...നാം നമ്മുടെ ദൈവമായ കർത്താവിന്റെ നാമത്തിൽ എന്നെന്നും വ്യാപരിക്കും" (4,1–5). ഈ പ്രവചനം ഇതേ രീതിയിൽ ഏശായായിലും കാണുന്നു (2,2–4).[2]

ഇത് പുതിയനിയമ സഭയെപ്പറ്റിയാണ്. വിദൂരഭാവിയിൽ സംഭവിക്കാനിരിക്കുന്ന പ്രവചനമാണിത്. ഉന്നതമലയായ സീയോനിൽ നിന്ന് – നമ്മുടെ കർത്താവിൽ നിന്ന് – നിയമവും വചനവും പുറപ്പെടും. പഴയ ഇസ്രായേലിൽ നിന്ന് മോശ വഴി ലോകജനതയ്ക്കുവേണ്ടി നിയമം നൽകപ്പെട്ടു. പുതിയ ഇസ്രായേലായ യേശുവിലൂടെ ലോകജനതയ്ക്കു വേണ്ടി നിയമത്തിന്റെ പുതിയ വ്യാഖ്യാനവും സുവിശേഷവും നൽകപ്പെട്ടു. "ജനതകൾ അവിടേക്ക് പ്രവഹിക്കും"(4,2). കർത്താവ് ഗിരിമുകളിൽ നിന്നാണ് സൗഭാഗ്യങ്ങൾ പഠിപ്പിച്ചത്. ആ കർത്താവിന്റെ ഗിരിയിലേക്ക് നമുക്കു പോകാമെന്നാണ് പറയുന്നത്. "അവിടുന്ന് തന്റെ മാർഗങ്ങൾ നമ്മെ പഠിപ്പിക്കും" (4,2). സഭ ലോകം മുഴുവൻ എല്ലാ ജനതകളുടെയും ഇടയിൽ പ്രചരിക്കുന്നതിന്റെ ദർശനമാണിത്. "കർത്താവിന്റെ ആലയം സ്ഥിതി ചെയ്യുന്ന മല എല്ലാറ്റിനും ഉപരിസ്ഥമായിരിക്കും" (4,1). അതായത്, കർതൃപ്രബോധനം (മത്തായി, അധ്യായം 5–7) മറ്റെല്ലാ പ്രബോധനങ്ങൾക്കും ഉപരിസ്ഥമാണെന്നർഥം.

ഇത് മറ്റൊരു രീതിയിലും മനസ്സിലാക്കാം. ചിതറിക്കപ്പെട്ട പഴയ ഇസ്രായേലിന്റെ പുനരുദ്ധാരണവും തിരിച്ചുവരവുമായി ഗ്രഹിക്കാം. അതായത്, ഇനിയും സംഭവിക്കാനിരിക്കുന്ന യാഥാർഥ്യമായി ചിന്തിക്കാം. കർത്താവിന്റെ ആലയം സ്ഥിതിചെയ്തിരുന്ന സീയോനിൽ ഇസ്രായേൽക്കാർ കർത്താവിനായി പുതിയൊരാലയം പണിയുന്നതിന്റെ സൂചനയാകാം. ദൈവം ഇപ്പോൾ അവരെ കൂട്ടിച്ചേർത്തു. ഇസ്രായേൽ ഒരു രാജ്യമായി. എന്നാൽ ഇപ്പോഴും കർത്താവിന്റെ ആലയം സ്ഥിതി

2. ജി. ചേടിയത്ത്, *ഇസ്രായേലിന്റെ പരിശുദ്ധൻ*, കോട്ടയം, 2018, പേ. 99–101 കാണുക.

 www.malankaralibrary.com

ചെയ്തിരുന്ന മല പൂർണമായി അവരുടെ അധീനതയിൽ ആയിട്ടില്ല. അവർ ഇപ്പോഴും ചുറ്റുമുള്ളവരുമായി മല്ലടിച്ചാണ് കഴിയുന്നത്. അവർക്ക് സ്വന്തമായത്, അവർക്ക് അവകാശപ്പെട്ടത്, അവരുടെ അധീനതയിൽ വന്നുചേരേണ്ടതുണ്ട്.

അതുപോലെ അവർ രക്ഷകനിലേക്ക് തിരിയേണ്ടതുമുണ്ട്. ജറുസലേമിൽ നിന്നുള്ള കർതൃസ്വരവും കർതൃസന്ദേശവും ഇപ്പോൾ ലോകം മുഴുവൻ വ്യാപിച്ചിരിക്കുന്നു. കർത്താവിനെ അംഗീകരിച്ച യഹൂദരിലൂടെയാണ് ഇതിനു തുടക്കം കുറിച്ചത്: വിശുദ്ധ ശ്ലീഹന്മാർ, 72 അറിയിപ്പുകാർ, നടപടിയിൽ സൂചിപ്പിക്കുന്ന 3000 പേരും 5000 പേരും, ജറുസലേമിൽ ശിഷ്യരായിത്തീർന്ന വളരെപ്പേരും വളരെയധികം പുരോഹിതന്മാരും, മാർ യാക്കോബ് വിവരിക്കുന്ന അനേകായിരങ്ങളും ആദ്യസുവിശേഷവാഹകർ ആയിരുന്നു (നട.2,41; 4,4; 6,7; 21,20). ജറുസലേമിന്റെ തകർച്ചയോടുകൂടെ ഇവരൊക്കെ ലോകത്തിന്റെ നാനാ ഭാഗങ്ങളിൽ സുവിശേഷവാഹകരായി. അങ്ങനെ ദൈവത്തിന്റെ സഭ ലോകം മുഴുവനുമായി. അവശേഷിക്കുന്ന യഹൂദർ ഭാവിയിൽ രക്ഷകനെ അംഗീകരിച്ചു കഴിയുമ്പോൾ, ലോകത്തിൽ വലിയ അത്ഭുതം നടക്കും. "ബഹിഷ്കൃതരെ പ്രബലജനതയാക്കും. അന്നു മുതൽ എന്നേക്കും സീയോൻ മലയിൽ കർത്താവ് അവരുടെ മേൽ വാഴും" (4,7).

ഇപ്പോൾ തന്നെ മിക്കായുടെ പ്രവചനം നിറവേറിയിരിക്കുന്നു: "സീയോനിൽ നിന്ന് നിയമവും ജറുസലേമിൽ നിന്ന് കർത്താവിന്റെ വചനവും പുറപ്പെടും" (4,2). സുവിശേഷത്തിന്റെ ഉത്ഭവം അവിടെ നിന്നാണ്. നദികളിലൂടെ ജലം കുതിച്ചു പായുന്നതുപോലെ, സദ്വാർത്തയുടെ സന്ദേശം ലോകം മുഴുവൻ ഒഴുകിയെത്തിക്കഴിഞ്ഞു. കർത്താവിന്റെ ആലയം സ്ഥിതി ചെയ്യുന്ന മല ഉയർത്തപ്പെട്ടിരിക്കുന്നു.[3]

## ഉഴുതു മറിക്കപ്പെട്ട സീയോൻ

ചൂഷകരും നീതിരഹിതരുമായ ജനനേതാക്കൾ നിമിത്തം " വയൽ പോലെ സീയോൻ ഉഴുതു മറിക്കപ്പെടും. ജറുസലേം നാശക്കൂമ്പാരമാകും. ദേവാലയഗിരി വനമായിത്തീരും" (3,12). ഇത് മിക്കാ പറഞ്ഞതായി ജറമിയായുടെ ഗ്രന്ഥത്തിൽ ഉദ്ധരിക്കുന്നു (26,18). ചൂഷകർ കിടക്കയിൽ വച്ച് രാത്രിയിൽ തിന്മ നിരൂപിക്കുകയും പകൽ അത് നടപ്പാക്കുകയും ചെയ്യുന്നു. "അവർ വയലുകൾ മോഹിക്കുന്നു, അവ പിടിച്ചടക്കുന്നു. വീടുകൾ മോഹിക്കുന്നു, അവ സ്വന്തമാക്കുന്നു. വീട്ടുടമസ്ഥനെയും അവന്റെ കുടുംബത്തെയും, മനുഷ്യനെയും അവന്റെ അവകാശത്തെയും അവർ പീഡിപ്പിക്കുന്നു" (2,1-2).

---

3. St. Jerome, *Commentaries on the Twelve Prophets*, vol.1, p.70-74; Theodoret of Cyrus, *Commentaries on the Prophets*, vol. 3, p.159-163.

നീതിരഹിതരോട് കർത്താവ് പറയുന്നു: "നീതി അറിയുക നിങ്ങളുടെ കടമയല്ലേ?"(3,2). ഈ നീതിരഹിതർ ദൈവജനത്തെ നശിപ്പിക്കുന്നു (3,2-4). വ്യാജപ്രവാചകന്മാരെയും മിക്കാ ഭത്സിക്കുന്നു: "നിങ്ങൾക്കിനി ദർശനമില്ലാത്ത രാത്രിയും ഭാവിഫലം അറിയാനാവാത്ത അന്ധകാരവും ആയിരിക്കും ഉണ്ടാവുക. പ്രവാചകന്മാരുടെ മേൽ സൂര്യൻ അസ്തമിക്കും. പകൽ അവർക്ക് ഇരുട്ടായി മാറും" (3,6). ജനനേതാക്കന്മാരെല്ലാം തിന്മ പ്രവർത്തിക്കുന്നു: "രക്തത്താൽ നിങ്ങൾ സീയോൻ പണിതുയർത്തുന്നു; അധർമത്താൽ ജറുസലേമും. ന്യായാധിപന്മാർ കോഴ വാങ്ങി വിധിക്കുന്നു. പുരോഹിതന്മാർ കൂലി വാങ്ങി പഠിപ്പിക്കുന്നു. പ്രവാചകന്മാർ പണത്തിനുവേണ്ടി ഭാവി പറയുന്നു" (3,10-11). ഇതാണ് അവരുടെ തെറ്റ്. ഈ തെറ്റ് ഉള്ളിടത്തോളം കാലം സീയോൻ ഉഴുതു മറിക്കപ്പെടും. -പഴയ ഇസ്രായേൽ ദൈവത്തിന്റെ സ്വന്തജനമായിരുന്നു. എന്നാൽ എത്ര പ്രാവശ്യം സീയോൻ ഉഴുതു മറിക്കപ്പെട്ടു! ജറുസലേം നാശക്കൂമ്പാരമായി! ഇപ്പോൾ മാത്രമാണ് അൽപം സ്വസ്തത! ഇതെത്രനാൾ?

## കർതൃസന്നിധിയിലെ കാഴ്ചയർപ്പണം (6,6-9)

കർത്താവ് തെരഞ്ഞെടുത്ത് നിരന്തരം പരിപാലിച്ച് വഴിനടത്തിയ ജനം വഴിതെറ്റിപ്പോയതിൽ ഹൃദയം നൊന്ത് യാഹ്വെ പറയുന്നു: "എന്റെ ജനമേ, നിങ്ങളോട് ഞാൻ എന്തു ചെയ്തു? എങ്ങനെ ഞാൻ നിങ്ങൾക്ക് ശല്യമായി?"(6,3). ജനത്തിന്റെ പാപത്തിന് പരിഹാരമായി എന്താണ് അർപ്പിക്കേണ്ടതെന്ന് ആരാധകൻ ആരായുന്നു: " കർത്താവിന്റെ മുമ്പിൽ ഞാൻ എന്തു കാഴ്ചയാണ് കൊണ്ടുവരേണ്ടത്? അത്യുന്നതനായ ദൈവത്തിന്റെ മുമ്പിൽ ഞാൻ എങ്ങനെയാണ് കുമ്പിടേണ്ടത്?" (6,6). അക്കാലത്തെ വിവിധ തരം ബലികളിൽ അവിടുന്ന് സംപ്രീതനാകുമോ? അപ്പോൾ പ്രവാചകൻ പറയുന്നു, "മനുഷ്യാ, നല്ലതെന്തെന്ന് അവിടുന്ന് നിനക്ക് കാണിച്ചു തന്നിട്ടുണ്ട്. നീതി പ്രവർത്തിക്കുക, കരുണ കാണിക്കുക, നിന്റെ ദൈവത്തിന്റെ സന്നിധിയിൽ വിനീതനായി ചരിക്കുക. ഇതല്ലാതെ മറ്റെന്താണ് കർത്താവ് നിന്നിൽ നിന്ന് ആവശ്യപ്പെടുന്നത്?" (6,8).

കർത്താവ് നമുക്കു ചെയ്ത നന്മകൾക്ക് പ്രതിപകരമായി നമുക്കൊന്നും നൽകാനില്ല. നമ്മുടെ പാപങ്ങൾക്ക് പരിഹാരമായി മൃഗബലികളൊന്നും പര്യാപ്തമല്ല. പിന്നെയോ, സങ്കീർത്തകൻ പറയുന്നു: "കർത്താവ് എനിക്ക് ചെയ്ത നന്മകൾക്ക് പകരം ഞാൻ അവന് എന്തു കൊടുക്കും? ഞാൻ രക്ഷയുടെ പാനപാത്രമെടുത്ത് കർത്താവിന്റെ നാമം വിളിച്ചപേക്ഷിക്കും" (സങ്കീ 116,12-13). കർത്താവിനെ ഭയപ്പെട്ട്,

അവന്റെ പാതകളിൽ സഞ്ചരിക്കുകയും അവനെ സ്നേഹിക്കുകയും പൂർണഹൃദയത്തോടെ അവനെ സേവിക്കുകയും ചെയ്യുന്നതാണ് അവിടുന്ന് അഭിലഷിക്കുന്നത് (നിയമാ 10,12-13). നീതിപൂർവം പെരുമാറുക, സ്നേഹത്തിൽ ജീവിക്കുക, ദൈവമുമ്പാകെ വിനീതമായി വ്യാപരിക്കുക എന്നിവയാണ് ദൈവം ആഗ്രഹിക്കുന്നത്. അതാണ് പാപപരിഹാരത്തിനുള്ള മാർഗമെന്ന് മിക്കാ പറയുന്നു. ഇതുതന്നെ ദാവീദും (സങ്കീ 50-51) ആമോസും (5,24) ഹോസിയായും (2,21) ഏശായായും (7,9;30,15) പഠിപ്പിക്കുന്നു.  കർതൃസന്നിധിയിൽ കാഴ്ചകളുമായെത്തണം. മേൽപ്പറഞ്ഞ കാഴ്ചകളാണ് സമർപ്പിക്കേണ്ടത്. അവ മാത്രമേ ദൈവസന്നിധിയിൽ സ്വീകാര്യമാകൂ.[4]

## കർത്താവിന്റെ പുറപ്പാട് (1,2-4)

"കർത്താവ് തന്റെ വിശുദ്ധ സ്ഥലത്തുനിന്ന് പുറപ്പെടുന്നു. ഭൂമിയിലെ പൂജാഗിരികൾ ചവിട്ടിമെതിക്കാൻ ഇറങ്ങിവരുന്നു" (1,2-4). പാപം പോക്കുന്ന കർത്താവ് വിഗ്രഹാരാധന ഭൂമുഖത്തുനിന്ന് നിർമാർജനം ചെയ്യും: "അവന്റെ കാൽച്ചുവട്ടിൽ പർവതങ്ങൾ ഉരുകും, താഴ്വരകൾ പിളരും"(1,4). കർത്താവിന്റെ വരവിൽ അവിടുന്ന് ഇസ്രായേലിനെ ഒരുമിച്ചുകൂട്ടി ശേഖരിക്കും (2,12-13). "അവരുടെ രാജാവ് അവർക്ക് മുമ്പേ നടക്കും. കർത്താവ് അവരെ നയിക്കും" (2,13). അത് പഴയ ഇസ്രായേലിന്റെ പുനരുദ്ധാരണത്തെ കുറിച്ചാകാം. പുതിയ ഇസ്രായേലിനെ വഴി നടത്തുന്നതായും  കണക്കാക്കാം.

ഇതിന്റെ തുടർച്ചയായിട്ടാണ് ബേത്ലെഹേമിലെ ജനനത്തെപ്പറ്റി മിക്കാ പ്രവചിക്കുന്നത്.(5,2). കർത്താവ് കൂടെയുള്ളതിനാൽ ഇസ്രായേലിന് -സഭയ്ക്ക്- ഭയപ്പെടാൻ ഒന്നുമില്ല: "എന്റെ ശത്രുക്കളേ, എന്നെക്കുറിച്ച് ആഹ്ലാദിക്കേണ്ട. വീണാലും ഞാൻ എഴുന്നേൽക്കും. ഞാൻ ഇരുട്ടിൽ ഇരുന്നാലും, കർത്താവ് എന്റെ വെളിച്ചമായിരിക്കും" (7,8). അവസാനം വിശ്വാസി പറയുന്നു: "കർത്താവേ, അങ്ങയെപ്പോലെ വേറൊരു ദൈവമുണ്ടോ? അവിടുന്ന് തന്റെ കോപം എന്നേക്കുമായി വച്ചുപുലർത്തുന്നില്ല. എന്തെന്നാൽ അവിടുന്ന് കാരുണ്യത്തിൽ ആനന്ദിക്കുന്നു" (7,18).[5]

---

4. St. Jerome, *Commentaries on the Twelve Prophets*, vol.1, p.93-95;  Theodoret of Cyrus, *Commentaries on the Prophets*, vol. 3, p.168-170.
5. St. Jerome, *Commentaries* vol.1. p.40-113; Theodore, *Commentary*, p. 206-244; Theodoret, *Commentaries*, vol. 3. p.149-175.

# 8

# നാഹൂം

മൂന്നധ്യായങ്ങളുള്ള ചെറിയ പ്രവാചകഗ്രന്ഥമാണ് നാഹുമിന്റെ പേരിൽ അറിയപ്പെടുന്നത്. നിനിവെയുടെയും അസ്സീറിയാ സാമ്രാജ്യത്തിന്റെയും തകർച്ചയെ പറ്റിയാണ് പ്രവചനം. ബാബിലോണിയാക്കാർ 612-ൽ നിനിവെ നഗരം ആക്രമിച്ച് കീഴടക്കുന്നതിനു മുമ്പാണ് ഈ പ്രവചനം. ഗ്രന്ഥത്തിന്റെ ആദ്യഭാഗം യാഹ്വെയ്ക്കുള്ള ഒരു സ്തുതിപ്പാണ്. അത് അക്ഷരമാല ക്രമത്തിലാണ്. എന്നാൽ അത് ആലെപ് മുതൽ കാഫ് വരെ മാത്രമേയുള്ളു: "കർത്താവ് അസഹിഷ്ണുവും പ്രതികാരം ചെയ്യുന്നവനുമായ ദൈവമാണ്... കർത്താവ് ദീർഘക്ഷമയുള്ളവനും അതിശക്തനുമാണ്" (1,2-3).

കർത്താവിനെ സ്തുതിച്ചു കഴിഞ്ഞിട്ട് (1,1-8), യൂദയായോടും നിനിവെയോടും മാറിമാറി സംസാരിക്കുന്നു (1,9-2,3). യൂദയായെ സമാശ്വസിപ്പിച്ചു കൊണ്ടും നിനിവെയെയും അവിടുത്തെ രാജാവിനെയും കുറ്റം വിധിച്ചു കൊണ്ടുമുള്ള വചനങ്ങളാണ് അവൻ നൽകുന്നത്. യൂദയായ്ക്ക് പ്രത്യാശ പകരുന്ന വാക്കുകൾ ഈ ഭാഗത്താണ്. തുടർന്ന് നിനിവെയുടെ നാശം പ്രവചിക്കുന്നു.

## നിനിവെയ്ക്കെതിരെ

അസ്സീറിയാക്കാർ ദൈവികപദ്ധതിക്കെതിരെ ക്രൂരമായും അതിരു കടന്നും പ്രവർത്തിച്ചതിന് പകരമായിട്ടാണ് തകർക്കപ്പെട്ടത്. അവരുടെ കുറ്റങ്ങളും ക്രൂരതകളും എണ്ണിയെണ്ണി പറയുന്നു. അവരുടെ ക്രൂരത നിമിത്തം നിനിവെ പാടേ നശിപ്പിക്കപ്പെടുമെന്ന് അവസാനഭാഗത്ത് പറയുന്നു. അതായത്, അസ്സീറിയാ ഇസ്രായേലിനെയും മറ്റു രാജ്യങ്ങളെയും ആക്രമിച്ച് കഠിനമായി പീഡിപ്പിച്ചതിന് ലഭിച്ച ശിക്ഷാവിധിയാണ് അവരുടെ പരാജയം.


www.malankaralibrary.com

ദുഷ്ടരും ക്രൂരരുമായ അസ്സീറിയാക്കാരെയും അവരുടെ തലസ്ഥാന മായ നിനിവെയെയും നശിപ്പിച്ചത്, മിശിഹാ കർത്താവ് കാലാന്ത്യത്തിൽ ദുഷ്ടപിശാചിനെയും അവന്റെ സാമ്രാജ്യത്തെയും തകർക്കുന്നതിന്റെ മുൻകുറിയായി ഈ ഭാഗം തിയഡൊറെറ്റ് കാണുന്നു. മിശിഹാ കർത്താവ് തന്റെ പരിശുദ്ധാത്മാവിലൂടെ ഭൂമുഖത്തെ നവീകരിക്കുന്നു. അവൻ മനുഷ്യ കുലത്തിന്റെ മഹത്വവും പ്രതാപവും പുനഃസ്ഥാപിക്കുന്നതിന്റെ സൂചന യാണിത്. കവർച്ചക്കാരായ ദുഷ്ടപിശാചുക്കൾ ഒടിച്ചുകളഞ്ഞ ശാഖകൾ അവിടുന്ന് ചേർത്തു പിടിപ്പിക്കും. യൂദരും വിജാതിയരും ഒന്നിച്ച് ഒരേ അത്തിമരത്തിൽ ഫലം നൽകും. അന്നുണ്ടാകുന്ന സമൃദ്ധി 2,3-ൽ വിവരിച്ചിരിക്കുന്നു.

"ഇതാ, മലമുകളിൽ ദൂതൻ ധൃതിപ്പെടുന്നു. 'സമാധാനം' - അവൻ പ്രഘോഷിക്കുന്നു. യൂദായേ, നിന്റെ പെരുന്നാളുകൾ ആഘോഷിക്കുക. നിന്റെ നേർച്ചകൾ നിറവേറ്റുക. എന്തുകൊണ്ടെന്നാൽ, ബലിയാൽ ഇനി ഒരിക്കലും നിന്നിലൂടെ കടക്കുകയില്ല. അവൻ നിശ്ശേഷം നശിപ്പിക്കപ്പെ ട്ടിരിക്കുന്നു. അതേ, യാഹ്വെ യാക്കോബിന്റെ പ്രതാപവും ഇസ്രായേലിന്റെ മഹത്വവും പുനഃസ്ഥാപിക്കുന്നു. കാരണം, കവർച്ചക്കാർ അവരെ കവർച്ച ചെയ്തു, അവരുടെ ശാഖകൾ ഒടിച്ചു കളഞ്ഞു" (2,3).[1]

അസ്സീറിയാ 612-ൽ തകർന്നപ്പോൾ എല്ലാവരും സന്തോഷിച്ചു. എന്നാൽ അവരെ തകർത്ത ബാബിലോണിയാക്കാർ കടന്നുവന്ന് ജറുസലേം ആക്രമിക്കുകയും ദൈവാലയം തകർക്കുകയും ചെയ്തു. എങ്കിലും പ്രത്യാശയുടെ കിരണങ്ങൾ നാഹുമിലും കാണാം. യൂദയാ യുടെ ഉയിർത്തെഴുന്നേൽപ് അവൻ ദർശിക്കുന്നു (2,1). വിദൂരഭാവി യിലേക്ക് വിരൽ ചൂണ്ടുന്ന പ്രവചനമാണിത്.

പിന്നെപ്പിന്നെ കടന്നുവന്നവരൊക്കെ നിനിവെയിൽ കൂടെ പടയോട്ടം നടത്തി. അറബികളും തുർക്കികളും മംഗോളിയരും അനേക തവണ നിനിവെയെ നഷ്ടക്കൂമ്പാരമാക്കി. നിനിവെ ശാപഭൂമി സമാനമായി.

നിനവെ സമതലത്തിൽ ഈ അടുത്തകാലത്ത് ധാരാളം ക്രിസ്ത്യാ നികൾ ഉണ്ടായിരുന്നു. അറബിവസന്തം എന്നറിയപ്പെടുന്ന മുന്നേറ്റത്തിൽ പല അറബിരാജ്യങ്ങളിലും ഏകാധിപതികൾ തറപറ്റി. അങ്ങനെ നിനിവെ ഉൾപ്പെടുന്ന ഇറാക്കിലും സംഭവിച്ചു. തൽസ്ഥാനത്ത് അരക്ഷിതാവസ്ഥ

1. Theodoret, *Commentaries on the Prophets*, vol. 3, p.182.

യും അസ്ഥിരതയും ഉടലെടുത്തു. പരസ്പരം പോരടിക്കുന്നവരും ക്രൂരത വമിക്കുന്നവരുമായ വിവിധ ഗ്രൂപ്പുകൾ പ്രത്യക്ഷപ്പെട്ടു. ഈ പശ്ചാത്തലം മുതലെടുത്ത് ഇസ്ലാമിക് സ്റ്റേറ്റ് (ഐ.എസ്) എന്ന ക്രൂരസംഘടന മനുഷ്യക്കുരുതി നടത്തി. നിനിവെ സമതലത്തിൽ നിന്ന് മനുഷ്യരെയെല്ലാം ഓടിച്ചു, അല്ലെങ്കിൽ അടിമകളാക്കി, അല്ലെങ്കിൽ തലവെട്ടിക്കൊന്നു. ഇന്ന് നിനിവെ പ്രേതഭൂമിയാണ്. നാഹുമിന്റെ പ്രവചനം നമ്മുടെ കാലം വരെ നീണ്ടു നിൽക്കുന്നു.

ക്രിസ്ത്യാനികളുടെ അന്തിമവിജയം നാഹുമിൽ സൂചിതമാണ്. എത്ര കഠിന പീഡനങ്ങൾ ഉണ്ടായാലും, അന്തിമവിജയം ക്രിസ്തുവിന്റേതാണ്. ക്രൂരതയ്ക്ക് അറുതി ഉണ്ടാകും. അവസാന ശത്രുവായ മരണവും കീഴടക്കപ്പെടും. അങ്ങനെ അവിടുന്ന് എന്നേക്കും മഹത്വീകൃതനാകും.[2]

2. St. Jerome, *Commentaries*, vol.1, p.1-39; Theodore, *Commentary*,p.245-265; Theodoret, *Commentaries on the Prophets*, vol. 3, p.178-189.

 www.malankaralibrary.com

# 9
# ഹബക്കുക്ക്

നാഹും പ്രവാചകൻ അസ്സീറിയായുടെ പതനവും (ബി.സി.612) ഹബക്കുക്ക് ബാബിലോണിന്റെ (കൽദായരുടെ) പതനവും (ബി.സി.529) ദർശിച്ചു. ഏതാണ്ട് അടുത്തടുത്ത കാലത്ത് ജീവിച്ചവരാണ് ഈ രണ്ട് പ്രവാചകന്മാരും. യൂദയായെ ഞെരുക്കുന്ന കൽദായരെ പറ്റിയാണ് ഹബക്കുക്കിന്റെ ആവലാതി.

## കർത്താവിനു വേണ്ടിയുള്ള കാത്തിരുപ്പ്

ദുഷ്ടരായ കൽദായർ യൂദയായെ വിഴുങ്ങുകയും ജറുസലേമിനെ തകർക്കുകയും ദൈവാലയം അഗ്നിക്കിരയാക്കുകയും ചെയ്തിട്ടും, കർത്താവ് മൗനമായിരിക്കുന്നത് എന്തുകൊണ്ടാണെന്ന് പ്രവാചകൻ ചോദിക്കുന്നു: "കർത്താവേ, എത്രനാൾ ഞാൻ സഹായത്തിനായി വിളിച്ചപേക്ഷിക്കുകയും അങ്ങ് അത് കേൾക്കാതിരിക്കുകയും ചെയ്യും?" (ഹബ.1,2). തിന്മ നിറഞ്ഞ ലോകത്തിൽ, നീതി നിഷേധിക്കപ്പെടുന്ന അവസ്ഥയിൽ, ദുഷ്ടൻ അക്രമം കാട്ടുമ്പോൾ എത്രനാൾ കാത്തിരിക്കണം എന്ന് അവൻ സങ്കടപ്പെടുന്നു!

പൈശാചിക ശക്തികൾക്കെതിരെ അനഗോഗിക്കലായി വി.ജറോം ഈ ഗ്രന്ഥം ഒരിജനെ ആധാരമാക്കി വിവരിക്കുന്നു. ഹീബ്രുവിലും ഗ്രീക്കു പതിപ്പുകളിലുമുള്ള അന്തരങ്ങളും അവയ്ക്കുള്ള വ്യാഖ്യാനങ്ങളും വി. ജറോം നൽകുന്നു. ദുഷ്ടശക്തികളിലൂടെ ഉണ്ടാകുന്ന ദുരിതങ്ങളും തിന്മകളും, നാശവും അക്രമവും, കലഹവും മത്സരവും കണ്ട് വ്യസനിച്ചാണ് പ്രവാചകൻ ആകുലപ്പെടുന്നത്: "നിയമം നിർവീര്യമാക്കപ്പെടുന്നു. നീതി നിർവഹിക്കപ്പെടുന്നില്ല. ദുഷ്ടൻ നീതിമാനെ വളയുന്നു. നീതി വികലമാക്കപ്പെടുന്നു" (1,4).

ഈ നാലാം വാക്യം ക്രിസ്തോന്മുഖമായി മനസ്സിലാക്കാം. ക്രിസ്തുവിന് സംഭവിക്കാനിരിക്കുന്ന പീഡാസഹനം പ്രവാചകൻ കാണുന്നു. ഈ ഗ്രന്ഥത്തിൽ ഉടനീളം ക്രിസ്തോന്മുഖമായും സഭാത്മ കമായുമുള്ള ദർശനങ്ങൾ ഇടവിട്ടിടവിട്ട് കാണാം. ജറുസലേമിലെ ദുഷ്ടരെല്ലാം കൂടി നീതിമാനായ കർത്താവിനെ ഗത്സമെൻ തോട്ടത്തിൽ വളഞ്ഞു. ഭരണാധികാരികൾ നീതിരഹിതമായി വിധി പ്രസ്താവിച്ചു.

നീതി കിട്ടാൻ 'എത്രനാൾ കാത്തിരിക്കണം, എത്രനാൾ സഹായ ത്തിനായി അപേക്ഷിക്കണം' എന്ന് പ്രവാചകൻ ദൈവത്തോട് ചോദി ക്കുന്നു (1,2) ഗ്രന്ഥത്തിന്റെ അവസാനം അവൻ ഇപ്രകാരം സമാശ്വസി ക്കുന്നു: "ഞാൻ കർത്താവിൽ ആനന്ദിക്കും. എന്റെ രക്ഷകനായ ദൈവത്തിൽ സന്തോഷിക്കും. കർത്താവായ ദൈവമാണ് എന്റെ ബലം" (3,17-19).

## അവിശ്വസനീയ സംഗതി (1,5)

"ജനതകളുടെ ഇടയിലേക്ക് നോക്കി വിസ്മയഭരിതരാകുവിൻ. പറഞ്ഞാൽ വിശ്വസിക്കാനാവാത്ത ഒരു പ്രവൃത്തി നിങ്ങളുടെ നാളു കളിൽ ഞാൻ ചെയ്യാൻ പോകുന്നു"(1,5). ചരിത്രപരമായി, യൂദായ്ക്കെ തിരെ കൽദായരെ ഇളക്കിവിടുന്നതാണ് തുടർന്ന് പറഞ്ഞിരിക്കുന്നത് (1,6-11). എന്നാൽ വിദൂരഭാവിയിൽ ദൈവം മനുഷ്യർക്ക് തന്റെ പുത്ര നിലൂടെ ചെയ്യാനിരിക്കുന്ന സംഗതികൾ വിസ്മയാവഹവും അവിശ്വസ നീയവുമായിരിക്കും എന്നാണ് അന്ത്യോന്മുഖാർഥം. കർതൃനാളുകളിൽ സംഭവിച്ചവയെ പറ്റിയുള്ള പൂർവകാല പ്രവചനമാണിത്.

അന്ത്യോക്യയിലെ സിനഗോഗിൽ വച്ച് യഹൂദരോട് ചെയ്ത പ്രസംഗത്തിൽ വി. പൗലോസ് ശ്ലീഹാ ഈ വാചകം ഉദ്ധരിക്കുന്നു: "നിങ്ങളുടെ ദിവസങ്ങളിൽ ഞാൻ ഒരു പ്രവൃത്തി ചെയ്യുന്നു. ആരു പറഞ്ഞാലും നിങ്ങൾ വിശ്വസിക്കാത്ത ഒരു പ്രവൃത്തി" (നടപടി 13,41). തളർവാതരോഗിയെ നമ്മുടെ കർത്താവ് സുഖപ്പെടുത്തിയപ്പോൾ, "എല്ലാവരും വിസ്മയഭരിതരായി, ദൈവത്തെ മഹത്വപ്പെടുത്തി. അവർ സംഭ്രമത്തോടെ പറഞ്ഞു, അസാധാരണ സംഭവങ്ങൾ ഇന്നു നാം കണ്ടി രിക്കുന്നു" (ലൂ 5,26). "ഇതുപോലൊന്ന് ഞങ്ങൾ ഒരിക്കലും കണ്ടിട്ടി ല്ലെന്നു പറഞ്ഞ് ജനക്കൂട്ടം ദൈവത്തെ മഹത്വപ്പെടുത്തി" എന്ന് മർക്കോസ് പറയുന്നു (2,12). നമ്മുടെ കർത്താവിന്റെ മനുഷ്യജീവിതത്തിൽ നടന്നവയെല്ലാം അവിശ്വസനീയ സംഗതികളാണ്. വിവരമുള്ളവർ അതു

 www.malankaralibrary.com

കണ്ട് വിസ്മയഭരിതരായി, ദൈവത്തെ മഹത്വപ്പെടുത്തി. വിവരദോഷികൾ അസൂയപൂണ്ട് യേശുവിനെ കൊല്ലാൻ ആലോചിച്ചു.

## സമയമടുത്തു (2,2-4)

"ദർശനം അതിന്റെ സമയം പാർത്തിരിക്കയാണ്. ആ സമയം അടുത്തുകൊണ്ടിരിക്കുന്നു. അതിന് മാറ്റമുണ്ടാകുകയില്ല. അത് വൈകുന്നെങ്കിൽ അതിനായി കാത്തിരിക്കുക. അത് തീർച്ചയായും വരും. അത് താമസിക്കുകയില്ല" (2,3). - ഈ ഭാഗം നമ്മുടെ കർത്താവിന്റെ മനുഷ്യാവതാരത്തെ പറ്റിയാണെന്ന് വി. ജറോമും സൈറസിലെ തിയഡൊറെറ്റും കരുതുന്നു. വളരെ വിദൂരഭാവിയിൽ സംഭവിക്കാനിരിക്കുന്ന യാഥാർഥ്യം ഹബക്കുക്ക് ദർശനത്തിൽ കാണുന്നു.[1]

## സാമൂഹ്യനീതി (2,5-19)

പ്രവാചകന്മാരെല്ലാം തന്നെ, പ്രത്യേകിച്ച് പിൽക്കാല പ്രവാചകന്മാർ, സാമൂഹ്യനീതിക്ക് ഊന്നൽ കൊടുത്തവരാണ്. അയൽക്കാരോട് അന്യായം കാട്ടുന്നവർക്കും വിഗ്രഹാരാധകർക്കും സ്വന്തമല്ലാത്തവ കുന്നുകൂട്ടുന്നവർക്കും പണയവസ്തു വാരിക്കൂട്ടുന്നവർക്കും തന്റെ കുടുംബത്തിനുവേണ്ടി അന്യായമായി ധനം നേടുന്നവർക്കും രക്തം കൊണ്ട് നഗരം പണിയുകയും അകൃത്യം കൊണ്ട് പട്ടണം സ്ഥാപിക്കുകയും ചെയ്യുന്നവർക്കും ഹാ, കഷ്ടം എന്നു പറയുന്നു.

## അഭിഷിക്തന്റെ രക്ഷ (3,13)

പ്രവാചകന്റെ പ്രാർഥനയിലാണ് ഇക്കാര്യം കാണുക: "അങ്ങയുടെ ജനത്തിന്റെ, അങ്ങയുടെ അഭിഷിക്തന്റെ, രക്ഷയ്ക്കു വേണ്ടി അങ്ങ് മുന്നേറി. അങ്ങ് ദുഷ്ടന്റെ ഭവനം തകർത്തു. അതിന്റെ അടിത്തറ വരെ അനാവൃതമാക്കി....അവന്റെ യോദ്ധാക്കളുടെ തല അങ്ങ് കുന്തം കൊണ്ട് പിളർന്നു. ഇളകിമറിയുന്ന തിരമാലകളെ അങ്ങ് ചവിട്ടി മെതിച്ചു" (3,13-15).

വാചികമായി, കൽദായരുടെ അന്ത്യത്തെപ്പറ്റിയാണ് ഈ വാക്കുകൾ. ദൈവം അനുവദിച്ചതിനാൽ, യൂദയായെ കൽദായർ കടന്നാക്രമിച്ച് നശിപ്പിച്ചു. എന്നാൽ അവർ അതിരുകടന്ന് കാടത്തം കാട്ടി. അതിന്

---

1. St. Jerome, *Commentaries on the Twelve Prophets,* vol.1, p.201.

ദൈവം അവരെ ശിക്ഷിക്കും. - പേർഷ്യാക്കാർ കടന്നുവന്ന് കൽദായരെ തോൽപ്പിച്ചു. അവരുടെ പട്ടണം തകർത്തു. യഹൂദർക്ക് തിരികെ പോകുന്നതിനും ദൈവാലയം പണിയുന്നതിനും പേർഷ്യാക്കാർ അനുവാദം നൽകി. അവർ തിരികെ വന്ന് ദൈവാലയം പണിതു. തന്റെ തെരഞ്ഞെടുക്കപ്പെട്ടവരായ ഇസ്രായേൽക്കാരെ ദൈവം സംരക്ഷിച്ചു. തന്റെ കൈയിലെ വടി മാത്രമായിരുന്ന കൽദായരെ ഒടിച്ചു മടക്കി ദൂരെയെറിഞ്ഞു.

ഇതിന് അന്ത്യോന്മുഖാർഥമുണ്ട്. ജറുസലേം നിവാസികളായ യഹൂദർ കർത്താവിനെ തിരിച്ചറിയാതെ പീഡിപ്പിച്ചു കൊന്നെങ്കിലും, ആ മിശിഹായെ ദൈവം ഉയിർപ്പിച്ചു മഹത്വമണിയിച്ചു. ക്രൂരരും നീതിരഹിതരുമായ ജറുസലേം നിവാസികൾ ചിതറിക്കപ്പെട്ടു. അവരുടെ ആലയം റോമാക്കാർ തകർത്തു. യഹൂദർ ഒരു ജനമല്ലാതായിത്തീർന്നു. അതിന്റെ സ്ഥാനത്ത് ദൈവം വിജാതിയരിൽ നിന്നും രക്ഷിക്കപ്പെട്ട യഹൂദരിൽ നിന്നും പുതിയ ഇസ്രായേലിനെ തെരഞ്ഞെടുത്തു.

ദൈവം തെരഞ്ഞെടുത്ത പുതിയ ഇസ്രായേലിനെതിരെ അലറിയടുക്കുന്ന പൈശാചിക ശക്തികൾക്ക് എതിരെയാണ് ഈ ഭാഗം. ദൈവം തന്റെ ഇസ്രായേലിനെ നിരന്തരം സംരക്ഷിക്കുകയും ദുഷ്ടനിൽ നിന്ന് കാത്തുസൂക്ഷിക്കുകയും ചെയ്യുന്നു. ദുഷ്ടനെയാകട്ടെ, തന്റെ കുരിശിലൂടെ അവിടുന്ന് തകർത്തു. അവന്റെ ഭവനത്തിന്റെ കവാടങ്ങൾ നശിപ്പിച്ചു. അവിടെയുള്ള കൊള്ളമുതലുമായി അവൻ ഉന്നതത്തിലേക്ക് കരേറി. അതാണ് കള്ളനോട് പറഞ്ഞത്, “നീ ഇന്ന് എന്നോടുകൂടെ പറുദീസായിൽ ആയിരിക്കും” (ലൂ23,43).

## കർത്താവിലുള്ള ആനന്ദം (3,18)

എനിക്കുള്ള സർവസ്വവും നശിച്ച് ഇല്ലാതായാലും “ഞാൻ കർത്താവിൽ ആനന്ദിക്കും. എന്റെ രക്ഷകനായ ദൈവത്തിൽ സന്തോഷിക്കും. കർത്താവായ ദൈവമാണ് എന്റെ ബലം” (3,18). കൃഷിയിൽ നഷ്ടം വന്നാലും കാലിക്കൂട്ടത്തിന് നാശം സംഭവിച്ചാലും ഞാൻ ഇടറിപ്പോകയില്ല. അതായത്, ഞാൻ ഉന്നതപാറയിൽ പാദമുറപ്പിച്ച് നിൽക്കും. ആ പാറ എന്റെ കർത്താവായ മിശിഹായാണ്. അവൻ എന്നെ കാണുന്നു. അവന്റെ ഉള്ളംകൈയിലാണ് ഞാൻ. അൽപകാലത്തേക്ക് ക്ലേശം ഉണ്ടായാലും, അവൻ എന്നെ താങ്ങിക്കൊള്ളും. ഏതു പ്രതിസന്ധിയും തരണം ചെയ്യാനുള്ള ശക്തി, ഈ ആത്മവിശ്വാസത്തിൽ നിന്ന് എനിക്കു കിട്ടും. ഞാൻ പതറുകയില്ല. ഞാൻ വീണുപോയാലും കർത്താവ് എന്നെ


www.malankaralibrary.com

എഴുന്നേൽപ്പിക്കും. വീഴുകയും എഴുന്നേൽക്കുകയും ചെയ്ത പത്രോസിന്റെ പിന്നാലെ ഞാൻ യാത്രചെയ്യും. ഞാൻ ഒരു കാരണവശാലും യൂദാ സ്കറിയോത്തായെ പിൻതുടരുകയില്ല.

ഉറപ്പുള്ള പാറയായ കർത്താവ് എന്നെ താങ്ങി നിർത്തുന്നതിനാൽ, എത്ര വലിയ തിരമാലകൾ ഉയർന്നു വന്നാലും, കടലിൽ വലിയ കോളിളക്കം സംഭവിച്ചാലും, ഞാൻ കുലുങ്ങുകയില്ല, പതറുകയില്ല. ഞാൻ ശക്തനായി നിലകൊള്ളും. ഞാൻ കർത്താവിൽ ആനന്ദിക്കും.

ഇതുതന്നെ ഏശായാ പറയുന്നു: "ഞാൻ കർത്താവിൽ അത്യധികം ആനന്ദിക്കും. എന്റെ ആത്മാവ് എന്റെ ദൈവത്തിൽ ആനന്ദം കൊള്ളും... അവിടുന്ന് എന്നെ രക്ഷയുടെ ഉടയാടകൾ ധരിപ്പിക്കുകയും നീതിയുടെ മേലങ്കി അണിയിക്കുകയും ചെയ്തു" (61,10). - "എന്റെ ചിത്തം എന്റെ രക്ഷകനായ ദൈവത്തിൽ ആനന്ദിക്കുന്നു" എന്ന് പരിശുദ്ധ മാതാവ് പറഞ്ഞതും ഇതുതന്നെ (ലൂ.1,47).

ദൈവത്തിൽ സന്തോഷം കണ്ടെത്തുന്നവൻ ഭാഗ്യവാൻ. അവൻ ദൈവമഹത്വം വർധിപ്പിക്കുന്നു. അവൻ സ്വർഗീയപിതാവിനെ അനുകരിച്ച് പരിപൂർണനാകുന്നു, വിശുദ്ധിയിൽ വളരുന്നു. - അടിപതറാതെ ഈ ധരയിൽ ജീവിക്കാൻ സാധിക്കുക വലിയ നേട്ടം തന്നെയാണ്.[2]

---

2. St. Jerome, *Commentaries, vol.1*, p.185-243; Theodore of Mopsuestia, *Commentary*, p.266-285; Theodoret of Cyrus, *Commentaries, vol. 3*, p.192-206.

# 10
# സെഫനിയാ

ജറമിയാ പ്രവാചകന് തൊട്ടുമുമ്പ് (640–630) ജോസിയാ രാജാവിന്റെ കാലത്താണ് സെഫനിയാ പ്രവചിച്ചത്. ജനത്തിന്റെ തെറ്റുനിമിത്തം, അതായത്, വിഗ്രഹാരാധനയും നീതിരാഹിത്യവും നിമിത്തം, കർത്താവിന്റെ ഇടപെടൽ അടുത്തിരിക്കുന്നു എന്നതാണ് പ്രധാന പ്രമേയം. ജറമിയായെയും, കർതൃദിനം സംബന്ധിച്ച് ജോയേൽ പ്രവാചകനെയും സെഫനിയാ സ്വാധീനിച്ചിട്ടുണ്ട്. കർത്താവിന്റെ വരവിനെപ്പറ്റി ഏശായാ മുൻകൂട്ടി പ്രവചിച്ചു (2,12–22). സക്കറിയായും മലാക്കിയും കർതൃദിനത്തെപ്പറ്റി പ്രവചിച്ചു.[1]

## ആസന്നമായ കർതൃദിനം (സെഫ 1,3–8; 14,15–18)

ചരിത്രപരമായി, ഇസ്രായേലിന്റെ അയൽക്കാരായ ശത്രുക്കളുടെയും വടക്കുള്ള അസ്സീറിയായുടെയും നാശമാണ് വിഷയം. യൂദയായുടെ ചില ഭാഗങ്ങൾ അസ്സീറിയാ കൈയടക്കി വച്ചിരുന്നു. ഹിത്യരുടെ കടന്നാക്രമണവും അക്കാലത്തുണ്ടായി. കർത്താവിനെ അറിയാത്തവരെയും, അനുഗമിക്കുന്നതിൽ നിന്നു പിൻതിരിഞ്ഞവരെയും, കർത്താവിനെ അന്വേഷിക്കാത്തവരെയും സംഹരിക്കുമെന്ന് പ്രവാചകൻ പറയുന്നു (1,6). അക്രമവും വഞ്ചനയും നിറഞ്ഞ സമൂഹത്തെ കർത്താവ് ശിക്ഷിക്കും (1,9).

അത് ക്രോധത്തിന്റെ ദിനമാണ്. കഷ്ടതയുടെയും കഠിന ദുഃഖത്തിന്റെയും നാശത്തിന്റെയും ശൂന്യതയുടെയും അന്ധകാരത്തിന്റെയും കാർമേഘങ്ങളുടെയും കൂരിരുട്ടിന്റെയും ദിനമാണ്. കർതൃദിന

1. അതേപ്പറ്റിയുള്ള വിവരണത്തിന്, *ഇസ്രായേലിന്റെ രക്ഷകൻ*, പേ.101–102 കാണുക.

 www.malankaralibrary.com

ത്തിന്റെ മുഴക്കം ഭയങ്കരമായിരിക്കും. കർത്താവിനെതിരായി പാപം ചെയ്തതിനാൽ, മനുഷ്യർ അന്ധരെപ്പോലെ നടക്കും. യാതൊന്നിനും അവരെ രക്ഷിക്കാനാവില്ല (1,4-18). - അത് സംഭവിക്കുക തന്നെ ചെയ്തു. ഇസ്രായേലും യൂദയായും ചവിട്ടി മെതിക്കപ്പെട്ടു. അസ്സീറിയാക്കാരും കൽദായരും കൂടി അവരുടെ രാജ്യം ഇല്ലാതാക്കി.

അന്ത്യോന്മുഖമായി, കർത്താവിനെ തിരിച്ചറിയാതെ പീഡിപ്പിച്ച് കുരിശിലേറ്റി കൊല ചെയ്തതിനുള്ള ശിക്ഷയായി ജറുസലേമിനും യുദന്മാർക്കും സംഭവിച്ചവയുടെ ദർശനമായി ഇത് മനസ്സിലാക്കാം. അതാണ് പ്രവാചകൻ ദർശിച്ചത്: "കർത്താവിന്റെ ദിനം ആസന്നമായിരിക്കുന്നു" (1,7). "കർത്താവിന്റെ മഹാദിനം അടുത്തിരിക്കുന്നു...അത് അതിവേഗം അടുത്തു വരുന്നു" (1,14).

ജനത്തെ അവരുടെ പാപങ്ങളിൽ നിന്നു രക്ഷിക്കാൻ, വിഗ്രഹാരാധനയിൽ നിന്ന് പിന്തിരിപ്പിക്കാൻ, കർത്താവ് വന്നു. എന്നാൽ അത് ചെവിക്കൊള്ളാൻ കൂട്ടാക്കാത്തവർക്കുള്ള ശിക്ഷകളാണ് പ്രവാചകൻ നിരത്തി വയ്ക്കുന്നത് (1,14-18). അത് കർത്താവിന്റെ ഉത്ഥാനത്തിനു ശേഷം സംഭവിക്കുക തന്നെ ചെയ്തു. റോമാക്കാർ വന്ന് യഹൂദരെ ലോകത്തിന്റെ നാനാ ഭാഗങ്ങളിലേക്കും ചിതറിച്ചപ്പോൾ, ഈ പ്രവചനം പൂർത്തിയായി. "ഞാൻ മനുഷ്യരുടെ മേൽ കഷ്ടത വരുത്തും" (1,17). ആ നാളുകളിൽ ജറുസലേം നിവാസികൾക്ക് അതികഠിനമായ ദുരിതം ഉണ്ടായി. - കാലാന്ത്യത്തിൽ സംഭവിക്കാനിരിക്കുന്നതിന്റെ സൂചനയും ഇതിൽ ഉൾക്കൊണ്ടിരിക്കുന്നു.

## ശൂന്യമായിത്തീർന്ന നിനിവെ (2,13)

"കർത്താവ് ഉത്തര ദിക്കിനെതിരെ കൈ നീട്ടി, അസ്സീറിയായെ നശിപ്പിക്കും. അവിടുന്ന് നിനിവെയെ ശൂന്യവും മരുഭൂമിപോലെ വരണ്ടതുമാക്കും" (2,13). ഇസ്രായേലിന്റെ ദൈവത്തെ അധിക്ഷേപിച്ചതിനാൽ, നിനിവെ ശാപഭൂമിയായിത്തീരും.

## മധ്യത്തിലുള്ള കർത്താവ് (3,5.14-19)

"അവളുടെ മധ്യത്തിലുള്ള കർത്താവ് കുറ്റമറ്റ നീതിമാനാണ്"(3,5). എന്നാൽ ജനത്തെ പറ്റിയും ജനനേതാക്കന്മാരെ പറ്റിയും പ്രവാചകന് നന്നായിട്ടൊന്നും പറയാനില്ല. കർത്താവിൽ ആശ്രയിക്കാത്ത, കർത്താവിലേക്ക് തിരിയാത്ത, ശിക്ഷണരഹിതരാണവർ. പ്രഭുക്കന്മാരും ന്യായാ

ധിപന്മാരും പ്രവാചകന്മാരും പുരോഹിതന്മാരും, ഗർജിക്കുന്ന സിംഹ ങ്ങളും ചെന്നായ്ക്കളും ദുർമാർഗികളും അവിശ്വസ്തരും അശുദ്ധരും നിയമത്തെ കൈയേറ്റം ചെയ്യുന്നവരുമാണ് (3,1-4).

എന്നാൽ അവരുടെ മധ്യത്തിലുള്ള കർത്താവ് നീതിമാനാണ്. ഇത് അന്ത്യോന്മുഖാർഥമുള്ള പ്രവചനമാണ്. 'അവളുടെ മധ്യത്തിൽ', അവളുടെ ഉദരത്തിൽ എന്നർഥം. കർത്താവ് വരുന്നു എന്നു പറഞ്ഞ ശേഷമാണ് ഈ പ്രവചനം. "സാക്ഷ്യം വഹിക്കാൻ ഞാൻ വരുന്ന ദിവസം വരെ എന്നെ കാത്തിരിക്കുക" എന്ന് കർത്താവ് പറയുന്നു. തുടർന്നു വരുന്നത് ഇതുമായി ബന്ധപ്പെട്ടതാണ്. അത് ഉദരത്തിൽ കർത്താവിനെ വഹിച്ചവളെ പറ്റിയാണ്: "സീയോൻ പുത്രീ, ആനന്ദഗാനം ആലപിക്കുക. ഇസ്രായേലേ, ആർപ്പുവിളിക്കുക. ജറുസലേം പുത്രീ, പൂർണഹൃദയ ത്തോടെ സന്തോഷിച്ച് ഉല്ലസിക്കുക. ഇസ്രായേലിന്റെ കർത്താവ് നിന്റെ മധ്യേയുണ്ട്" (3,14-16)

ഈ മഹത്വപൂർണനായ കർത്താവിനെ കാത്തിരിക്കാൻ സെഫനിയാ ആഹ്വാനം ചെയ്യുന്നു. പരിശുദ്ധ കന്യകാമാതാവിൽ നിന്നുള്ള നമ്മുടെ കർത്താവിന്റെ ജനനം സെഫനിയാ ദർശനത്തിൽ കാണുകയാണ്. ആ ജനനം തന്റെ ജനത്തിന് ആനന്ദദായകവും സൗഖ്യദായകവും ആയി രിക്കും.

എന്നാൽ അവരുടെ രാജാവും പുരോഹിതരും നിയമജ്ഞരും ഫരിസേയരും ജറുസലേം നിവാസികളും റോമൻ അധിപന്മാരും കൂടി അത് ദുരിതപൂർണവും ക്ലേശഭൂയിഷ്ഠവും കഠിനതരവും ആക്കി ത്തീർത്തു. കാത്തിരുന്നവർ, വിനയവും എളിമയുമുള്ള ശിഷ്ഠഭാഗം, കർത്താവിനെ സ്വീകരിക്കുകയും അവന്റെ നാമത്തിൽ അഭയം തേടു കയും ചെയ്തു (3,12). അവരിലൂടെ എല്ലാ ജനതകളും താന്താങ്ങളുടെ നാടുകളിൽ കർത്താവിനെ ആരാധിക്കുകയും അംഗീകരിക്കുകയും ചെയ്യുന്നു (2,11). അവർ നീതിയും വിനയവും ഉള്ളവരും ശാന്തരും വിനീതഹൃദയരും ആയിരിക്കും (2,3).

## രക്ഷയുടെ വാഗ്ദാനം (3,9-12.20)

ഈ വിനീതരുടെ ശിഷ്ടഭാഗം കർത്താവിന് സാക്ഷികളായി രിക്കും. അവർ കർത്താവിന്റെ നാമം വിളിച്ചപേക്ഷിക്കാനും ഏകമന സ്സോടെ കർത്താവിന് ശുശ്രൂഷ ചെയ്യാനും സുസജ്ജരാകും. എല്ലാ വരും കർത്താവിന് കാഴ്ചകൾ സമർപ്പിക്കും. അവരോട് കർത്താവ്

 www.malankaralibrary.com

പറയുന്നു: "സീയോനേ, ഭയപ്പെടേണ്ട. നിന്റെ കരങ്ങൾ ദുർബലം ആകാതിരിക്കട്ടെ. വിജയം നൽകുന്ന യോദ്ധാവായ നിന്റെ കർത്താവ് നിന്റെ മധ്യത്തിലുണ്ട്. തന്റെ സ്നേഹത്തിൽ കർത്താവ് നിന്നെ പുനഃപ്രതിഷ്ഠിക്കും. നിന്നെ കുറിച്ച് അവിടുന്ന് ആനന്ദഗീതം ഉതിർക്കും. നിന്നിൽ നിന്ന് വിപത്തുകൾ ദൂരീകരിക്കും. ധര മുഴുവൻ നിന്നെ പ്രകീർത്തിക്കും."

ഇത് ഒന്നാമതായി, രക്ഷിക്കപ്പെടുന്ന ഇസ്രായേലിനെ പറ്റിയാണ്. പഴയ ഇസ്രായേൽ മാനസ്സാന്തരപ്പെട്ട് കർത്താവിലേക്ക് തിരിയുമ്പോൾ സംഭവിക്കുന്നതിനെ പറ്റിയാണ്. രണ്ടാമത്, പുതിയ ഇസ്രായേലായ സഭയെ പറ്റിയാണ്.[2]

2. St. Jerome, *Commentaries, vol.1*, p.114-158; Theodore of Mopsuestia, *Commentary*, p.286-305; Theodoret of Cyrus, *Commentaries, vol. 3*, p.207-219.

# 11
# ഹഗ്ഗായി

ഹഗ്ഗായി ബി.സി.520-ൽ കടന്നുവന്ന് ദൈവാലയ നിർമാണത്തിന് പ്രേരണ നൽകി. ബാബിലോണിയാക്കാർ തകർത്ത ജറുസലേം ദൈവാലയം പുനരുദ്ധരിക്കാൻ പേർഷ്യാക്കാരൻ സൈറസ് രാജാവാണ് അനുവാദം നൽകിയത് (2ദിന 31,23). സക്കറിയാ പ്രവാചകനും ഹഗ്ഗായിയോടൊപ്പം ഉണ്ടായിരുന്നു. എന്നാൽ പല പല തടസ്സങ്ങളാൽ ഏറെ നാൾ നിർമാണം നടന്നില്ല. തുടർന്നു ഭരിച്ച ദാരിയുസ് രാജാവിന്റെ കാലത്ത് നിർമാണത്തിനുള്ള താൽപര്യം ഊർജിതമായി.

ബാബിലോണിയൻ വിപ്രവാസത്തിനു മുമ്പ് പ്രവാചകന്മാർ ശിക്ഷയെപ്പറ്റി പ്രവചിച്ചു. വിപ്രവാസകാലത്ത് സാന്ത്വനമരുളാൻ അവർ ശ്രദ്ധിച്ചു. വിപ്രവാസാനന്തരം ദൈവാലയ പുനരുദ്ധാരണത്തെ പറ്റിയായിരുന്നു അവരുടെ പ്രഘോഷണം.

## ദൈവാലയനിർമാണം

കർത്താവിന്റെ ആലയം പണിതാൽ അനുഗ്രഹവർഷം ഉണ്ടാകുമെന്ന് ഹഗ്ഗായി പ്രസംഗിച്ചു (1,1-5). ജനനേതാവായ സെറുബാബേൽ കർത്താവിന്റെ തെരഞ്ഞെടുക്കപ്പെട്ടവനായി വിരാജിക്കും (2,1-23). യൂസോദോക്കിന്റെ പുത്രനായ ജോഷ്വാ മഹാപുരോഹിതനായി ദൈവാലയ ശുശ്രൂഷ നടത്തണമെന്ന് നിർദേശിക്കപ്പെട്ടു.

കർത്താവിന്റെ ആലയം നിർമിക്കാതെ സ്വന്തമായി മണിമന്ദിരങ്ങൾ കെട്ടിപ്പൊക്കുന്നവർക്കെതിരെ ഹഗ്ഗായി പ്രസംഗിച്ചു (1,4). അപ്രകാരം ജനം പ്രവർത്തിച്ചതിനാൽ അവർക്ക് ഏറെ നാശനഷ്ടങ്ങൾ ഉണ്ടായി: "നിങ്ങൾ ഏറെ വിതച്ചു; കുറച്ചു മാത്രം കൊയ്തു. നിങ്ങൾ

 www.malankaralibrary.com

ഭക്ഷിക്കുന്നു; ഒരിക്കലും തൃപ്തരാകുന്നില്ല. നിങ്ങൾ പാനം ചെയ്യുന്നു; എന്നാൽ മതിവരുന്നില്ല. നിങ്ങൾ വസ്ത്രം ധരിക്കുന്നു; ആർക്കും കുളിരു മാറുന്നില്ല. കൂലി ലഭിക്കുന്നവന് അത് ലഭിക്കുന്നത് ഓട്ടസഞ്ചിയിൽ ഇടാൻ മാത്രം. നിങ്ങൾ ഏറെ തേടി; ലഭിച്ചതോ അൽപം മാത്രം. നിങ്ങൾ അതു വീട്ടിലേക്ക് കൊണ്ടുവന്നു; ഞാനത് ഊതിപ്പറത്തി" (1,6-9).

അതിന് പ്രവാചകൻ കാരണവും പറയുന്നു: "നിങ്ങൾ ഓരോരുത്തരും സ്വന്തഭവനത്തെ പ്രതി വ്യഗ്രത കാട്ടുമ്പോൾ, എന്റെ ആലയം തകർന്നു കിടക്കുന്നു. അതുകൊണ്ട് ആകാശം മഞ്ഞു പെയ്യിക്കുന്നില്ല, ഭൂമി വിളവ് നൽകുന്നുമില്ല...സകലതിലും ഞാൻ വരൾച്ച വരുത്തിയിരിക്കുന്നു" (1,9-11). "ഞാൻ നിങ്ങളോടു കൂടെയുണ്ട്" എന്ന് അരുളിച്ചെയ്തുകൊണ്ട് കർത്താവ് ജനത്തെയും ജനനേതാക്കന്മാരെയും പ്രേരിപ്പിച്ചു (1,14). "ധൈര്യമായിരിക്കുവിൻ, പണിയുവിൻ. ഞാൻ നിങ്ങളോടു കൂടെയുണ്ട്. ഭയപ്പെടേണ്ട. എന്റെ ആത്മാവ് നിങ്ങളുടെ ഇടയിൽ വസിക്കുന്നു. ഈ ആലയം ഞാൻ മഹത്വപൂർണമാക്കും. ഇന്നു മുതൽ ഞാൻ നിങ്ങളെ അനുഗ്രഹിക്കും" (2,4.5.7.19).

"നിങ്ങൾ ദൈവത്തിന്റെ രാജ്യവും അവന്റെ നീതിയും അന്വേഷിക്കുവിൻ. ഇതൊക്കെയും കൂട്ടിച്ചേർത്ത് നിങ്ങൾക്ക് നൽകപ്പെടും" എന്ന് നമ്മുടെ കർത്താവ് അരുളിച്ചെയ്തിരിക്കുന്നു. ഈ ലോകത്തിലെ ജീവിതാവശ്യങ്ങളെ പ്രതി ഉത്കണ്ഠപ്പെടേണ്ട, ആകുലചിത്തരാകുകയും വേണ്ട. നമുക്ക് വേണ്ടത് എന്താണെന്ന് നമ്മുടെ കർത്താവ് അറിയുന്നു. അവിടുത്തെ കുരിശുമരണത്തോടു കൂടി നഷ്ടധൈര്യരായിത്തീർന്ന ശിഷ്യന്മാർ, തങ്ങൾക്കു ലഭിച്ച ദൗത്യം ഉപേക്ഷിച്ചിട്ട്, മീൻ പിടിക്കാൻ പോയപ്പോൾ, രാത്രി മുഴുവൻ അധ്വാനിച്ചിട്ടും ഒന്നും കിട്ടിയില്ല. കെട്ടിയിട്ട വള്ളം തുഴയുന്നവരെപ്പോലെ അവർ അധ്വാനിച്ചു. കർത്താവിനെ മുൻനിർത്തി അധ്വാനിക്കാതെ, വ്യഗ്രത കാട്ടുന്നവർക്കുള്ള പ്രതിഫലം ഇതത്രേ. കർതൃഭവനം തകർന്നു കിടക്കാൻ നാം അനുവദിച്ചുകൂടാ.

ഈ കർതൃഭവനം എവിടെയാണ്? എവിടെയാണ് ദൈവം വസിക്കുന്നത്? "ദൈവരാജ്യം നിങ്ങളിലാകുന്നു" എന്ന് കർത്താവ് അരുളിച്ചെയ്യുന്നു. ദൈവം വസിക്കുന്നിടമാണ് ദൈവരാജ്യവും ദൈവഭവനവും. "നിങ്ങൾ ദൈവത്തിന്റെ ആലയമാണെന്നും ദൈവാത്മാവ് നിങ്ങളിൽ വസിക്കുന്നെന്നും നിങ്ങൾ അറിയുന്നില്ലയോ" എന്ന് വി.പൗലോസ് ശ്ലീഹാ ചോദിക്കുന്നു. തന്റെ കൽപന പാലിക്കുന്നവരിൽ പിതാവും

പുത്രനും വന്നു വസിക്കുന്നു (യോഹ 14,23). കർതൃനാമത്തിൽ സ്നാനം സ്വീകരിച്ചയാൾ ദൈവാലയമാണ്. ഈ ആലയം പരിപാവനമായി സംരക്ഷിക്കാനുള്ള കടമ ദൈവമക്കൾക്കുണ്ട്. "നിന്റെ ആലയത്തെ കുറിച്ചുള്ള തീക്ഷ്ണത എന്നെ വിഴുങ്ങിക്കളഞ്ഞു" എന്ന് എഴുതിയിരിക്കുന്നത് നാമോരോരുത്തരെയും കുറിച്ചാണ്. ഈ തീക്ഷ്ണത നമുക്കും ഉണ്ടാകണം.

രണ്ടാമത്, ദൈവഭവനമാകുന്ന സഭയെ പറ്റിയുള്ള തീക്ഷ്ണത ഉജ്ജ്വലിപ്പിക്കണം. അനേകരിൽ ഈ തീക്ഷ്ണത മന്ദീഭവിച്ചു കിടക്കുകയാണ്. സഭയോടും സഭാപ്രവർത്തനങ്ങളോടുമുള്ള താൽപ്പര്യമില്ലാതെ, നാമമാത്ര ക്രിസ്ത്യാനികളായി, ഞായറാഴ്ച ക്രിസ്ത്യാനികളായി മാത്രം കഴിയരുത്. സഭയെ മാതാവായി കരുതണം, എങ്കിലേ ദൈവത്തെ പിതാവായി കരുതാനും അംഗീകരിക്കാനും ആരാധിക്കാനും കഴിയൂ എന്ന് പിതാക്കന്മാർ പഠിപ്പിക്കുന്നു.

ഓരോരുത്തരെ സംബന്ധിച്ച്, തങ്ങളുടെ ഇടവക പരമ പ്രധാനമാണ്. ഏതെങ്കിലും സംഘടനയിൽ അംഗമായിരിക്കുന്നതു പോലെയല്ല സഭയിലെ അംഗത്വം. "ഞാൻ മുന്തിരിവള്ളിയും നിങ്ങൾ ശാഖകളുമാകുന്നു" എന്നാണ് കർത്താവ് പഠിപ്പിച്ചിരിക്കുന്നത്. പ്രായോഗികമായി എന്റെ ഇടവകയാണ് എന്റെ സഭ. ഇടവക കൂട്ടായ്മയുമായുള്ള അടുത്ത ബന്ധം എന്റെ വിശുദ്ധീകരണത്തിന് അപരിത്യാജ്യമാണ്. കുറേ ഭക്ത കൃത്യങ്ങൾ അനുഷ്ഠിക്കുന്നതോ, തീർഥാടനം നടത്തുന്നതോ അല്ല ഇടവകജീവിതം. ഇടവക വികാരിയോട് ചേർന്നു നിന്ന് ഇടവകയുടെ വളർച്ചയ്ക്കും അഭിവൃദ്ധിക്കും വേണ്ടത് അന്വേഷിച്ചറിഞ്ഞ് ചെയ്യുന്നതാണ് സഭാജീവിതം. അതിന് സന്മനസ്സില്ലെങ്കിൽ, "എന്റെ ആലയം തകർന്നു കിടക്കുന്നു" എന്ന് ഹഗ്ഗായിക്ക് മുഖത്തുനോക്കി പറയേണ്ടി വരും.

ഞായറാഴ്ച ആരാധന നിരന്തരമായി പാടേ ഉപേക്ഷിക്കുക, ഇടവക പ്രവർത്തനങ്ങളിൽ നിന്ന് അകന്നു കഴിയുക തുടങ്ങിയവ നിസ്സംഗതമൂലം സംഭവിക്കുന്നതാണ്. ഫലമോ, "ഏറെ തേടി, ലഭിച്ചതോ അൽപം മാത്രം". മൊത്തത്തിൽ ആത്മീയ വരൾച്ച ഉണ്ടാകുന്നു. ഇടവക ജീവിതത്തെ ഗൗരവമായി കണക്കാക്കണം. നമ്മുടെ വിശുദ്ധീകരണം വെറും വ്യക്തിപരമായി പരിഗണിക്കാതെ, നമ്മുടെ ഇടവക സമൂഹത്തിലാണ് നാം വിശുദ്ധി പ്രാപിക്കേണ്ടതെന്ന് ഗ്രഹിക്കണം. മറ്റുള്ള

വയൊക്കെ പാഴ്വേലയാണ്. അവ മനുഷ്യപ്രീതിക്കുള്ള ഉപാധികളേ ആകുകയുള്ളു. നമ്മെ വിശുദ്ധീകരിക്കുന്നത് എങ്ങനെയെന്ന് ഗ്രഹിച്ച്, തദനുസൃതം ജീവിക്കുന്നതാണ് പ്രധാനപ്പെട്ട സംഗതി.

"ഞാനോ ഇതാ, ലോകാവസാനം വരെ എല്ലാ നാളുകളും നിങ്ങളോടുകൂടെയുണ്ട്.. ഞാൻ നിങ്ങളെ അനാഥരായി വിടുകയില്ല...എന്നും നിങ്ങളോടുകൂടെ ഇരിക്കാൻ മറ്റൊരു സഹായകനെ ഞാൻ അയച്ചു തരും. ഞാൻ നിങ്ങളുടെ അടുത്തേക്ക് വരും" എന്ന് നമ്മുടെ കർത്താവ് അരുളിച്ചെയ്യുന്നു (യോഹ 14,15.18). ഹഗ്ഗായിയുടെ പ്രവചനം നമ്മുടെ കർത്താവ് പൂർത്തിയാക്കി: "ഭയപ്പെടേണ്ട, ഞാനാണ്" (മത്താ 28,10). "നിങ്ങൾക്ക് സമാധാനം. ധൈര്യമായിരിക്കുവിൻ. ഞാൻ നിങ്ങളോടുകൂടെയുണ്ട്. പണിയുവിൻ. ഞാൻ ഈ ആലയം മഹത്വപൂർണമാക്കും".[1]

1. St. Jerome, *Commentaries, vol.1*, p.159-184; Theodore of Mopsuestia, *Commentary*, p.306-321; Theodoret of Cyrus, *Commentaries, vol. 3*, p.222-228.

# 12

# എസ്രാ-നെഹെമിയാ

ഹഗ്ഗായിയും സക്കറിയായും ദൈവാലയ നിർമാണത്തിന് ജനത്തെ പ്രേരിപ്പിച്ചു കൊണ്ടിരുന്നു. എസ്രായുടെയും നെഹെമിയായുടെയും നേതൃത്വത്തിൽ ആലയവും ചുറ്റുമതിലും കോട്ടകളും പണിത് ജറുസലേമിൽ ആരാധന തുടങ്ങി. മോശ നൽകിയ നിയമഗ്രന്ഥം കണ്ടെടുത്ത് ജനത്തിന്റെ മുമ്പാകെ വായന തുടങ്ങി. വിപ്രവാസത്തിൽ നിന്നു തിരികെ എത്തിയവർ  ഏതാണ്ട് മാനസ്സാന്തരപ്പെട്ട ജനവിഭാഗം ആയിരുന്നു. ദൈവാലയ നിർമാണം സമറിയാക്കാർ തടസ്സപ്പെടുത്തിയെങ്കിലും, പേർഷ്യൻ രാജാവിന്റെ കൽപ്പനയാൽ അത് പൂർത്തീകരിക്കാൻ യഹൂദർക്ക് സാധിച്ചു. ഇത് ജറുസലേമിലെ രണ്ടാം ദൈവാലയമാണ്. സോളമന്റെ ദൈവാലയം ബിസി. 587-ൽ ബാബിലോണിയാക്കാർ തീയിട്ടു. തൽസ്ഥാനത്താണ് ഈ ദൈവാലയം നിർമിച്ചത്.

## പരിഷ്കാരങ്ങൾ

വിപ്രവാസത്തിൽ നിന്ന് തിരികെ എത്തിയ യഹൂദർ നാട്ടിലെ വിജാതിയരുമായി വിവാഹബന്ധത്തിൽ ഏർപ്പെട്ടു. അതിലൂടെ വിഗ്രഹാരാധനയിലേക്ക് തിരിയാൻ സാധ്യത ഉണ്ടായിരുന്നതിനാൽ, പ്രസ്തുത ബന്ധം വിച്ഛേദിക്കാൻ എസ്രായും നെഹെമിയായും നിർദേശിച്ചു. ഇതേപ്പറ്റി ഹഗ്ഗായിയും മിക്കായും ജനത്തെ ഉപദേശിച്ചു. ജനം തദനുസൃതം അത്തരം വിവാഹബന്ധങ്ങളെല്ലാം അവസാനിപ്പിച്ചു.

ഇസ്രായേലിന്റെ പാപം നിമിത്തമാണ് അവർക്ക് തകർച്ചയും വിപ്രവാസവും സംഭവിച്ചത്. വിപ്രവാസത്തിൽ വച്ച് അവർ അനുതപിച്ചു. ദൈവാലയവുമായി ബന്ധപ്പെട്ട സംഗതികളൊന്നും വിപ്രവാസകാലത്ത്

അവർക്കില്ലായിരുന്നു. ബലികളോ, പുരോഹിതരോ, നിയമഗ്രന്ഥമോ മറ്റ് അനുഷ്ഠാനങ്ങളോ, ക്ഷാളനങ്ങളോ ഒന്നുമില്ലായിരുന്നു. മൃഗബലികളിൽ നിന്ന് സ്തോത്രബലിയിലേക്ക് അവരെ ഒരുക്കുന്നതിന്റെ ഭാഗമായിരുന്നു അത്.

എന്നാൽ കാലാന്തരത്തിൽ അവർ വീണ്ടും മൃഗബലികളുമായി ബന്ധപ്പെട്ട അനുഷ്ഠാനങ്ങളിൽ മുഴുകുകയും സാമൂഹ്യനീതി പാടേ വിസ്മരിക്കുകയും ചെയ്ത പശ്ചാത്തലത്തിൽ, ഗ്രീക്കുകാർ പലസ്തീന പിടിച്ചെടുത്ത് ദൈവാലയം അശുദ്ധമാക്കി. നാശനഷ്ടങ്ങൾ വരുത്തി. പിന്നീട് ഹേറോദേസാണ് ദൈവാലയം പുതുക്കി പണിതത്. ഈ ദൈവാലയത്തെ പറ്റിയാണ് യേശുവും ശിഷ്യന്മാരും കൂടി സംസാരിച്ചത് (മത്താ 24).

ആ ദൈവാലയം റോമാക്കാർ തകർത്തു. പിന്നൊരിക്കലും അവിടെ യഹൂദരുടെ ദൈവാലയം നിർമിക്കപ്പെട്ടില്ല. മൃഗബലിയുടെ പ്രസക്തി നഷ്ടപ്പെട്ടതിനാൽ, പഴയതിന്റെ രൂപത്തിലുള്ള ഒന്ന് ഇനിയും ആവശ്യമില്ല. തൽസ്ഥാനത്ത് യേശു തന്നെ ദൈവാലയമായി. എല്ലാ മനുഷ്യരും ദൈവാലയമായി. ലോകം മുഴുവൻ ദൈവാലയമായി. പുതിയനിയമത്തിലെ ഈ ദൈവാലയത്തിന്റെ മോടി വർധിപ്പിക്കാനുള്ള ആഹ്വാനമാണ് എസ്രായും നെഹെമിയായും നമുക്ക് നൽകുന്നത്.

# 13
# സക്കറിയാ

ബാബിലോണിയൻ വിപ്രവാസത്തിൽ നിന്ന് തിരിച്ചെത്തിയ ജനത്തെ ദൈവാലയ നിർമാണത്തിന് ബി.സി. 520-518 കാലയളവിൽ ബ്രിക്കിയായുടെ പുത്രനായ സക്കറിയാ പുരോഹിതൻ പ്രേരിപ്പിച്ചു. സക്കറിയായുടെ പേരിൽ അറിയപ്പെടുന്ന പ്രവചന ഗ്രന്ഥത്തിന് രണ്ടു ഭാഗങ്ങളുണ്ട്: (1) സക്കറിയായിൽ നിന്നുള്ള അധ്യായം 1-8. (2.) മറ്റൊരു കാലഘട്ടത്തിൽ എഴുതപ്പെട്ട അധ്യായം 9-14. ബിസി. നാലാം നൂറ്റാണ്ടിൽ ഉണ്ടായ ഗീക്ക് ആക്രമണത്തെ പറ്റി പരാമർശിക്കുന്നതിൽ നിന്നും (9,3) മറ്റു തെളിവുകളിൽ നിന്നുമാണ് ഈ അനുമാനം സ്വീകരിച്ചിട്ടുള്ളത്. ഈ രണ്ടാം ഭാഗം നിയമാവർത്തനം, എസക്കിയേൽ, ജോബ് എന്നീ മുൻകാല തിരുലിഖിത രേഖകളിൽ നിന്ന് കടമെടുത്തിട്ടുണ്ട്.

## വ്യാഖ്യാനങ്ങൾ

ഈ ഗ്രന്ഥത്തിന് പുരാതനകാലത്ത് പലരും വ്യാഖ്യാനങ്ങൾ എഴുതി. പുതിയനിയമകർത്താക്കൾ നമ്മുടെ കർത്താവിനെ പറ്റിയുള്ള പ്രവചനങ്ങൾ ഈ ഗ്രന്ഥത്തിൽ കണ്ടെത്തി. ഇതിലെ അധ്യായം 1,1-6,9 നെ ആധാരമാക്കി ഒരിജൻ രണ്ട് ഗ്രന്ഥങ്ങൾ രചിച്ചു. അത് നമുക്ക് ലഭിച്ചിട്ടില്ല. ഒരിജനെ ആധാരമാക്കി ഈ ഗ്രന്ഥം മുഴുവൻ ചരിത്രപരമായും അന്ത്യോന്മുഖമായും വി. ജറോം വ്യാഖ്യാനിച്ചു. മൊപ്സുവെസ്ത്യായിലെ തിയോഡോറും സൈറസിലെ തിയഡൊറെറ്റും ഇതിന് ഭാഷ്യം രചിച്ചു. തിയഡോർ ചരിത്രപരമായ വ്യാഖ്യാനത്തിനാണ് ഊന്നൽ കൊടുത്തത്. വി. ജറോമിനു വേണ്ടി ഈജിപ്തിലെ അന്ധനായ ദിദിമൂസ്, അഞ്ച് വാല്യങ്ങളിലായി ഒരു വ്യാഖ്യാനം എഴുതി. അത് നമുക്ക് ലഭിച്ചിട്ടുണ്ട്. റോമിലെ ഹിപ്പോളിറ്റസ് എഴുതിയ വ്യാഖ്യാനം നഷ്ടപ്പെട്ടു.


www.malankaralibrary.com

സക്കറിയായിൽ ഉടനീളം അന്ത്യോന്മുഖ പ്രവചനങ്ങളുണ്ട്. അവ മാത്രം പരിശോധിക്കാം.

**(1) സക്കറിയാ 2,10–11:** "സീയോൻപുത്രീ, പാടിയുല്ലസിക്കുക. ഞാൻ വന്ന് നിങ്ങളുടെ ഇടയിൽ വസിക്കും. അന്ന് അനേകം ജനതകൾ കർത്താവിനോട് ചേരും. അവർ എന്റെ ജനമാകും. ഞാൻ നിങ്ങളുടെ ഇടയിൽ വസിക്കും". വീണ്ടും, "സീയോൻ പുത്രീ, അതിയായി ആനന്ദിക്കുക. ജറുസലേം പുത്രീ, ആർപ്പുവിളിക്കുക. ഇതാ, നിന്റെ രാജാവ് നിന്റെ അടുക്കലേക്ക് വരുന്നു. അവൻ പ്രതാപവാനും ജയശാലിയുമാണ്" (9,9).

സെപ്ത്വജിന്തിൽ, "സീയോൻപുത്രീ, സന്തോഷിച്ചാനന്ദിക്കുക" എന്നാണ്. കർത്താവു തന്നെ വന്ന് തന്റെ ജനത്തിന്റെ മധ്യേ വസിക്കും എന്നതിനാലാണ് സന്തോഷിച്ചാനന്ദിക്കാൻ സീയോൻ പുത്രിയോട് പറയുന്നത്. ചരിത്രപരമായി, വിപ്രവാസത്തിൽ നിന്നു തിരികെയെത്തി ദൈവാലയപണി പൂർത്തിയാക്കുമ്പോൾ, കർത്താവ് വന്ന് അവരുടെ ഇടയിൽ വസിക്കുമെന്ന് പ്രവചനം.

ഈ സീയോൻ പുത്രി പരിശുദ്ധ കന്യകാമറിയമായി പിതാക്കന്മാർ വ്യാഖ്യാനിക്കുന്നു. ഈ ഭാഗം അവളോടുള്ള പ്രവചനമായും മനസ്സിലാക്കുന്നു. സന്തോഷിക്കുക എന്നതിന് 'ഖൈറേ' എന്ന ഗ്രീക്കുപദമാണ് ഉപയോഗിച്ചിരിക്കുന്നത്. ഈ പദം തന്നെയാണ് ലൂക്കാ സുവിശേഷത്തിൽ ദൂതന്റെ ആശംസയിൽ കാണുന്നത്. "നിന്റെ മധ്യത്തിൽ" എന്നത് "നിന്റെ ഉദരത്തിൽ" എന്നും മനസ്സിലാക്കാം. "ഞാൻ വന്ന് നിന്നിൽ വസിക്കും".

പിശാചിന്റെ ദാസ്യത്തിൽ നിന്ന് വിടുവിക്കപ്പെട്ട്, സ്വതന്ത്രരാക്കപ്പെട്ട സഭാമക്കളുടെ ഇടയിൽ – സഭയിൽ – നമ്മുടെ കർത്താവ് സന്നിഹിതനാകും എന്നതിന്റെ പ്രവചനം കൂടിയാണിത്. അതിനാൽ സന്തോഷിച്ച് ആഹ്ലാദിക്കാൻ ആഹ്വാനം ചെയ്യുന്നു. കർത്താവ് വന്ന് തന്റെ ജനത്തിന്റെ മധ്യേ വസിക്കുമ്പോൾ, അനേകം ജനതകൾ കർത്താവിനോട് ചേരും. അവർ കർത്താവിന്റെ ജനമാകും. ജറുസലേമിൽ നിന്ന് വിജാതിയരുടെ ഇടയിലേക്ക് രക്ഷകന്റെ സഭ വ്യാപിക്കുന്നതിന്റെ പ്രവചനമാണിത്.

രണ്ടാം സങ്കീർത്തനം ഇത് വ്യക്തമാക്കുന്നു: "എന്നോട് ചോദിച്ചുകൊള്ളുക. ഞാൻ നിനക്ക് ജനതകളെ അവകാശമാക്കിത്തരും. ഭൂമിയുടെ അതിർത്തികൾ നിനക്ക് അധീനമാകും" (2,8). "ഞാനോ, ഇതാ, ലോകാവസാനം വരെ എല്ലാ നാളുകളിലും നിങ്ങളോടുകൂടെ ഉണ്ടായിരിക്കും" എന്ന് കർത്താവ് തന്റെ ശിഷ്യരോട് പറഞ്ഞതും (മത്താ 28,20),

അവിടുന്ന് നമ്മുടെ ഇടയിൽ വസിക്കുന്നതും "ഞാൻ നിങ്ങളുടെ ഇടയിൽ വസിക്കും' എന്നതിന്റെ പൂർത്തീകരണമാണ്.

വിജാതിയരുടെ സഭാപ്രവേശനമാണ്, 'ജനതകൾ കർത്താവിനോട് ചേരും' എന്നത് സൂചിപ്പിക്കുന്നത്. തന്നിൽ വിശ്വസിക്കുന്ന യൂദരെയും വിജാതിയരെയും അവിടുന്ന് തന്റെ സഭയിൽ കൂട്ടിച്ചേർക്കും എന്നത് സെപ്ത്വജിന്തിൽ കാണുന്ന "തന്റെ വിശുദ്ധ നാട്ടിൽ' എന്നത് അർഥമാക്കുന്നു. "ദൈവം തന്റെ ജനത്തിന്റെ സുസ്ഥിതി പുനഃസ്ഥാപിക്കുമ്പോൾ, യാക്കോബ് ആനന്ദിക്കും, ഇസ്രായേൽ സന്തോഷിക്കും" എന്നത് സഭയുടെ വളർച്ചയിലുള്ള സന്തോഷത്തെ കുറിക്കുന്നു (സങ്കീ.53,6). അതുകൊണ്ട്, സീയോൻ പുത്രീ, അതായത്, സഭയേ, സന്തോഷിച്ചാനന്ദിക്കുക. - കർതൃസാന്നിധ്യത്തിൽ ലോകത്തിലുണ്ടാകുന്ന കൃപാവർഷത്തെ ഈ ഭാഗം സൂചിപ്പിക്കുന്നു.[1]

**(2) സക്കറിയാ 9,9-10:** "ഇതാ നിന്റെ രാജാവ് നിന്റെ അടുക്കലേക്ക് വരുന്നു...അവൻ വിനയാന്വിതനായി കഴുതപ്പുറത്ത്, കഴുതക്കുട്ടിയുടെ പുറത്ത്, കയറിവരുന്നു...അവൻ ജനതകൾക്ക് സമാധാനമരുളും. അവന്റെ ആധിപത്യം സമുദ്രം മുതൽ സമുദ്രം വരെയും നദി മുതൽ ഭൂമിയുടെ അറ്റം വരെയും ആയിരിക്കും."

കഴുതപ്പുറത്തു കയറി ജറുസലേമിലേക്കു പോയ നമ്മുടെ കർത്താവിൽ ഈ പ്രവചനം പൂർത്തീകരിച്ചതായി സുവിശേഷകർ രേഖപ്പെടുത്തുന്നു (മത്താ 21,5; യോഹ 12,13; മർക്കോ 11,10; ലൂ 19,38). "അവിടുന്ന് ശിശുക്കളുടെയും മുല കുടിക്കുന്നവരുടെയും അധരങ്ങൾ കൊണ്ട് സുശക്തമായ കോട്ട കെട്ടി" എന്ന സങ്കീർത്തന വചനം (8,2) ഓശാന ദിവസം ജറുസലേമിൽ പൂർത്തിയായി (മത്താ 21,16). അതുകൊണ്ട്, സീയോനും ജറുസലേമും, അതായത്, സഭയും മക്കളും, സന്തോഷത്താൽ ആർപ്പുവിളിക്കുന്നു, ആനന്ദത്താൽ തുള്ളിച്ചാടുന്നു. പ്രവാചക വചനം പൂർത്തീകരിച്ചുകൊണ്ട് നമ്മുടെ കർത്താവ് കടന്നു വന്നതിൽ അവർ ആനന്ദപുളകിതരാകുന്നു.

അവൻ നീതിമാനും രക്ഷകനും പാപവിമോചകനുമാണ് (മത്താ 1,21). അവൻ പ്രതാപവാനും ജയശാലിയുമാണ്. അവൻ വിനയാന്വിതനാണ്. അവൻ സമ്പന്നനായിരിക്കെ, നമ്മെപ്രതി ദരിദ്രനായി (ഫിലി

1. St. Jerome, *Commentaries, vol.2*, p.16-17.

2,15–18; 2കൊറി 8,9). "ഞാൻ ശാന്തശീലനും വിനീതഹൃദയനുമാകയാൽ നിങ്ങൾ എന്നിൽ നിന്നു പഠിക്കുവിൻ" എന്ന് നമ്മുടെ കർത്താവു തന്നെ പറയുന്നു.

കഴുതപ്പുറത്ത്, വാഹനമൃഗത്തിന്റെ പുറത്ത്, കഴുതക്കുട്ടിയുടെ പുറത്ത്, എന്നിവയ്ക്കെല്ലാം പിതാക്കന്മാർ അർഥം നൽകുന്നു. കഴുത യഹൂദരെയും കഴുതക്കുട്ടി വിജാതിയരെയും സൂചിപ്പിക്കുന്നു. യഹൂദർ നിയമത്തിന്റെ ഭാരമുള്ള നുകം വഹിച്ചിരുന്നു (നട.15,10;ഗലാ5,1). ലോകം മുഴുവനുമുള്ള വിഗ്രഹാരാധകരായ വിജാതിയരെ കഴുതക്കുട്ടി സൂചിപ്പിക്കുന്നു. അവർ കടിഞ്ഞാണില്ലാതെ, നിയമരഹിതരായി, വിഗ്രഹാരാധന എന്ന തെറ്റിൽ പൂണ്ടിരുന്നു. അവർക്ക് യഹൂദരെ പോലെ നിയമം ലഭിച്ചിരുന്നില്ല. നമ്മുടെ കർത്താവ് അതിന്മേൽ ഇരുന്നപ്പോൾ, അത് മെരുക്കമുള്ളതായി, നേരായ പാതയിലൂടെ സഞ്ചരിക്കാൻ തുടങ്ങി (മത്താ 7,13–14).

കഴുതപ്പുറത്തു കയറി വിനയാന്വിതനായി വരുന്നവൻ "ജനതകൾക്ക് സമാധാനമരുളും". കാരണം, അവനാണ് ജനതകളുടെ പ്രതീക്ഷ (ഉൽപ 49,10). യഹൂദരും വിജാതിയരും അവനെയാണ് നോക്കിപ്പാർത്തുകൊണ്ടിരുന്നത് (ഏശാ.11,10). അവന്റെ ആധിപത്യം ധര മുഴുവൻ ആയിരിക്കും (സങ്കീ 72,8). അതായത്, ലോകജനത മുഴുവൻ അവന്റെ സദ്വാർത്തയുടെ അവകാശികളാകും എന്നർഥം. അവൻ നമ്മുടെ സമാധാനമാണ് (എഫേ 2,14).അവൻ യഹൂദരെയും വിജാതികളെയും അനുരഞ്ജനപ്പെടുത്തി ഒറ്റ ജനതയാക്കും. അവന്റെ സാർവത്രികാധികാരത്തെയും വിജാതിയർക്കുള്ള രക്ഷയെയും ഈ ഭാഗം സൂചിപ്പിക്കുന്നു. അതുകൊണ്ട്, "സീയോൻ പുത്രീ, അതിയായി ആനന്ദിക്കുക. ജറുസലേം പുത്രീ, ആർപ്പുവിളിക്കുക" എന്ന് പ്രവാചകൻ അട്ടഹസിക്കുന്നു.

**(3) സക്കറിയാ 3,8–9; 6,12–13:** "ജോഷ്വായും അവന്റെ സ്നേഹിതരും കേൾക്കട്ടെ. എന്റെ ദാസനായ ശാഖയെ ഞാൻ കൊണ്ടുവരും... ഒറ്റ ദിവസം കൊണ്ട് ഞാൻ ഈ ദേശത്തിന്റെ പാപം തുടച്ചുമാറ്റും. ഏഴു മുഖമുള്ള ഒറ്റക്കല്ലിൽ ഞാൻ ഈ ലിഖിതം ആലേഖനം ചെയ്യും" (3,8–9).

"ഇതാ, ശാഖ എന്ന നാമം വഹിക്കുന്നവൻ. അവൻ തന്റെ സ്ഥാനത്തു വളരുകയും കർത്താവിന്റെ ആലയം പണിയുകയും ചെയ്യും. അവനായിരിക്കും കർത്താവിന്റെ ആലയം പണിയുന്നത്. അവൻ രാജകീയ പ്രതാപത്തോടെ സിംഹാസനത്തിൽ വാഴും" (6,12–13).

ഹീബ്രുവിലും സെപ്ത്വജിന്തിലും "ശാഖ" എന്നതിനു പകരം 'കിഴക്ക്' എന്നാണ്. ഞാൻ ശാഖയെ അഥവാ കിഴക്കിനെ കൊണ്ടുവരും നമ്മുടെ കർത്താവിന് അനേകം പേരുകളുണ്ട്. ഈശായിയുടെ കുറ്റിയിൽ നിന്നുള്ള മുള (ഏശാ 11,1), മൂലക്കല്ല് (എഫേ 2,20), ഏഴു മുഖങ്ങളുള്ള ഒറ്റക്കല്ല്, കൈ തൊടാതെ പർവതത്തിൽ നിന്ന് അടർന്നു വീണ കല്ല് (ദാനി 2, 34), ദിവസം, നീതിസൂര്യൻ, ഉദയം, എന്നൊക്കെ പേരുകളുണ്ട്.

''ഇതാ, ഞാൻ ദാവീദിന്റെ വംശത്തിൽ നീതിയുടെ ശാഖ മുളപ്പിക്കുന്ന ദിവസം വരുന്നു". ഇതും തുടർന്നു വരുന്ന ഭാഗവും നമ്മുടെ കർത്താവിനെ പറ്റിയാണ് (ജറ 13,5-6). സക്കറിയാ വീണ്ടും പറയുന്നു, "ഇതാ, ശാഖ എന്ന നാമം വഹിക്കുന്നവൻ" (6,12). മലാക്കി ശാഖയെ നീതിസൂര്യൻ എന്നും സംഖ്യാപുസ്തകം നക്ഷത്രം എന്നും വിളിക്കുന്നു (മലാ 4,2); സംഖ്യ24,17). 'ഉയരത്തിൽ നിന്ന് കിഴക്ക് നമ്മെ സന്ദർശിക്കും' എന്ന് സുവിശേഷം പറയുന്നു. 'ഉദയരശ്മി' എന്നും പാഠഭേദം. അവൻ യൂദരെയും വിജാതിയരെയും യോജിപ്പിക്കുന്ന മൂലക്കല്ലാണ്. ഏകഭവനത്തിലെ രണ്ട് ഭിത്തികളെ അവൻ യോജിപ്പിക്കുന്നു. അവിശ്വാസികൾക്ക് അവൻ ഇടർച്ചക്കല്ലാണ്. പണിക്കാർ ഉപേക്ഷിച്ചു കളഞ്ഞ ഈ കല്ല് മൂലക്കല്ലായിത്തീർന്നു (സങ്കീ 118,22-23).

ശാഖ എന്നു വിളിക്കപ്പെടുന്നവൻ ദേശത്തിന്റെ ശാപം തുടച്ചുമാറ്റുന്നവനാണ്. ഏഴു കൂദാശകളാകുന്ന ഏഴു മുഖമുള്ള ഒറ്റക്കല്ലാണവൻ. അവനാണ് കർത്താവിന്റെ ആലയം പണിയുന്നവൻ. അവൻ രാജകീയ പ്രതാപത്തോടെ ഭരിക്കുമെന്ന് പ്രവാചകന്മാരെല്ലാം ഒന്നൊഴിയാതെ പറയുന്നു. കാരണം, കർത്താവിന്റെ ആത്മാവ് അവന്റെ മേലുണ്ട് (ഏശാ 11,1-9)

**(4) സക്കറിയാ 10,2; 13,7:** "ജനം ഇടയനില്ലാത്ത ആടുകളെ പോലെ പീഡനമേറ്റ് അലയുന്നു" (10,2). "ഇടയനെ വെട്ടുക. ആടുകൾ ചിതറട്ടെ" (13,7)

ഇടയനെയും ആടുകളെയും പറ്റിയാണ് ഈ വാചകങ്ങൾ. ഇസ്രായേലിലെ അക്കാലത്തെ ഇടയന്മാർ ദൈവത്തെ വിട്ട് വിഗ്രഹങ്ങളുടെ പിന്നാലെ പോയി വിഡ്ഢികളായി. അവർ വ്യാജദർശനം നടത്തി. കപട സ്വപ്നങ്ങൾ വിവരിച്ച് പൊള്ളയായ ആശ്വാസം പകർന്നു. ഇതാണ് സക്കറിയാ 10,2-ന്റെ പശ്ചാത്തലം.

വസന്ത വൃഷ്ടിയുടെ കാലത്ത് കർത്താവിനോട് മഴ ചോദിക്കാൻ സക്കറിയാ ആഹ്വാനം ചെയ്യുന്നു. നിയമത്തിന്റെ പരിപാലനയാലും

പരിശുദ്ധാത്മ കൃപയാലും ജീവിക്കേണ്ടതിനു പകരം, നേതാക്കന്മാർ ജനത്തെ വഴിതെറ്റിച്ചു. പ്രവചനങ്ങളുടെ പൂർത്തീകരണത്തിന് സമയ മായതിനാൽ, പിൽക്കാല മഴ, അതായത്, പ്രവചിച്ചിരിക്കുന്ന മിശിഹായെ, വേഗം അയക്കാൻ പ്രാർഥിക്കുന്നു. അവൻ വന്ന് മഴയും മഞ്ഞും- കൃപയും ദാനങ്ങളും-വർഷിച്ചുതരും. സുവിശേഷ സന്ദേശമാകുന്ന മഴയും മഞ്ഞും കൊണ്ട് അവൻ എല്ലാ നാടുകളും ഫലപുഷ്ടമാക്കും (മത്താ 5,45).

സുവിശേഷ സന്ദേശം ലഭിച്ചു കഴിയുമ്പോൾ, തങ്ങൾ പിൻചെന്നി രുന്ന നിയമവും, ആരാധിച്ചിരുന്ന വിഗ്രഹങ്ങളും ഒന്നുമല്ലെന്ന്, വിശ്വസിച്ച യഹൂദർക്കും വിജാതിയർക്കും മനസ്സിലാകും. അവ മിഥ്യയാണെന്നും നിഴലാണെന്നും അവർ ഗ്രഹിക്കും. തങ്ങളുടെ നേതാക്കന്മാർ പറഞ്ഞു പഠിപ്പിച്ചവ ഭോഷ്ക്കായിരുന്നെന്ന് അപ്പോൾ അവർ ഗ്രഹിക്കും. നിയമ ത്തിന്റെ തെറ്റായ വ്യാഖ്യാനങ്ങൾ നൽകി, ജനത്തെ ആ ഇടയന്മാർ വഴിതെറ്റിച്ചു. തദ്ഫലമായി ജനം ഇടയനില്ലാത്ത ആടുകളെ പോലെ അലയുന്നു (10,2). ഇത്തരം ജനത്തെ കണ്ടപ്പോൾ "യേശുവിന് അവരുടെ മേൽ അനുകമ്പ തോന്നി. അവർ ഇടയനില്ലാത്ത ആടുകളെപ്പോലെ പരിഭ്രാന്തരും നിസ്സഹായരുമായിരുന്നു" (മത്താ 9,36)

നാം ജീവിക്കുന്ന ഇക്കാലത്തും ഇത്തരം സഭാനേതാക്കന്മാർ ഉണ്ടാകാം. ദൈവവചനം പഠിപ്പിക്കാതെ, സഭാമക്കളെ കേസിനും വഴ ക്കിനും പ്രകടനങ്ങൾക്കും പിളർപ്പിനും പ്രേരിപ്പിക്കുന്ന നേതാക്കന്മാരു ണ്ടാകാം. നമ്മുടെ കർത്താവ് പഠിപ്പിക്കയും കാണിച്ചു തരികയും ചെയ്ത സ്നേഹത്തേക്കാൾ മറ്റ് ചിലത് മുറുകെ പിടിച്ച് നേതൃത്വം കൊടുക്കു ന്നവർ എക്കാലത്തും അപൂർവമായിട്ടാണെങ്കിലും ഉണ്ടായിരുന്നു. നിരവധി ജനങ്ങൾ തദ്ഫലമായി ഇടയനില്ലാത്ത ആടുകളെപ്പോലെ അല യുന്നു. പലരും ചെന്നായ്ക്കളുടെ വായിൽ അകപ്പെടുകയും ചെയ്യുന്നു.

സക്കറിയാ ഇന്നും പ്രസക്തനാണ്. ദൈവവചനം നൽകി ദൈവ സ്നേഹത്തിൽ ദൈവജനത്തെ ഒന്നിച്ചു ചേർത്ത് വളർത്തിക്കൊണ്ടു വരാത്തവരെ പറ്റിയെല്ലാം സക്കറിയാ ഈ പ്രസ്താവന പറഞ്ഞു കൊണ്ടിരിക്കും. സത്യം എന്തെന്ന് മനസ്സിലാക്കാൻ ജനത്തിന് അവസരം നൽകാത്തവരും അധികാരപ്രമത്തരും ആഡംബരപ്രിയരുമായ നേതാ ക്കന്മാരോടെല്ലാം സക്കറിയാ ഇപ്രകാരം പറയും. സ്നേഹത്തിലുള്ള ക്രിസ്തീയസാക്ഷ്യം നൽകാതെ, വിഭജനത്തിന്റെയും കലഹത്തിന്റെയും

തെരുവുപ്രകടനത്തിന്റെയും ശൈലിയിലൂടെ ദൈവജനത്തെ നയിക്കാൻ ശ്രമിക്കുന്ന എല്ലാവരോടും സക്കറിയാ ഇതുതന്നെ പറയും.

'ഇടയനെ വെട്ടുക, ആടുകൾ ചിതറിപ്പോകട്ടെ"(13,7). "നിന്റെ മുതുകിൽ കാണുന്ന ഈ മുറിവുകൾ എന്തെന്ന് ആരെങ്കിലും ചോദിച്ചാൽ, സ്നേഹിതരുടെ വീട്ടിൽ വച്ച് എനിക്കേറ്റ മുറിവുകളാണെന്ന് അവൻ പറയും" (13,6). "നിന്റെ കൈകളുടെ മധ്യത്തിലുള്ള മുറിവുകൾ" എന്ന് സെപ്ത്വജിന്തിലും ഹീബ്രുവിലും. ഇത് നമ്മുടെ കർത്താവിന്റെ പീഡാനുഭവത്തെ കുറിച്ചുള്ള സ്പഷ്ടമായ പ്രവചനമാണ്. സക്കറിയാ 13,7 വി.മത്തായി ഉദ്ധരിക്കുന്നു (26,3). നമ്മുടെ കർത്താവ് ഈ പ്രവചനം ഉദ്ധരിക്കുന്നതായിട്ടാണ് മത്തായി നൽകുന്നത്. കർത്താവിനെ ചതിയിൽ പിടിക്കാൻ ഒറ്റുകാരനോടുകൂടെ യഹൂദർ എത്തിയപ്പോൾ, "ശിഷ്യരെല്ലാം അവനെ വിട്ട് ഓടിപ്പോയി" (മത്താ 26,56). പ്രവാചകവചനം പൂർത്തിയാകാനാണ് ഇതൊക്കെയും സംഭവിച്ചതെന്ന് മത്തായി പറയുന്നു. മർക്കോസും ഇതുതന്നെ പറയുന്നു (14,27.50). സങ്കീർത്തനത്തിൽ (22,20) കർത്താവ് പറയുന്നതായി നാം ഇപ്രകാരം കാണുന്നു: "എന്റെ ജീവനെ വാളിൽ നിന്നു രക്ഷിക്കണമെ. എന്നെ നായയുടെ പിടിയിൽ നിന്നു മോചിപ്പിക്കണമെ". "വെട്ടുക" എന്നതിന്റെ ഇവിടുത്തെ ആഴമായ അർഥം "വെട്ടിക്കൊല്ലുക" എന്നാണ്.

തന്റെ സ്വന്തം ജനത്തിനുവേണ്ടി ജീവൻ അർപ്പിച്ച നല്ല ഇടയനാണ് നമ്മുടെ കർത്താവ് (യോഹ 10,11). "അവിടുന്ന് പ്രഹരിച്ചവനെ അവർ പീഡിപ്പിക്കുന്നു. അവിടുന്ന് മുറിവേൽപ്പിച്ചവനെ അവർ വീണ്ടും ദ്രോഹിക്കുന്നു" എന്ന് കർത്താവ് തന്റെ പിതാവിനോട് പറയുന്നു (സങ്കീ 69,26). അവനെ അവർ കുരിശിൽ തറച്ചു. "പിതാവേ, നിന്റെ കൈകളിൽ എന്റെ ആത്മാവിനെ ഞാൻ സമർപ്പിക്കുന്നു" എന്നു പറഞ്ഞ് അവൻ ജീവൻ വെടിഞ്ഞു (ലൂ 23,46). അപ്പോൾ അവന്റെ ആടുകൾ ചിതറിപ്പോയി.. അങ്ങനെ സക്കറിയായുടെ പ്രവചനം പൂർത്തിയായി.

**(5) സക്കറിയാ 11,12-13:** "അവർ എന്റെ കൂലിയായി 30 ഷെക്കൽ തൂക്കിത്തന്നു. ഞാൻ ആ മുപ്പതു ഷെക്കൽ വെള്ളി കർത്താവിന്റെ ആലയത്തിലെ ഭണ്ഡാരത്തിൽ ഇട്ടു".

"എന്റെ വിലയായി അവർ 30 വെള്ളിനാണയം തന്നു. ഞാൻ അത് ദൈവഭവനത്തിൽ രൂപങ്ങൾ ഉണ്ടാക്കുന്നിടത്തേക്ക് എറിഞ്ഞു" എന്ന് ഹീബ്രുവിൽ.

 www.malankaralibrary.com

“കർത്താവ് എന്നോട് പറഞ്ഞു: അത് കർതൃഭവനത്തിലെ ഉരുക്കു മൂശയിൽ ഇടുക. ഞാൻ അത് അവിടേക്കെറിഞ്ഞു” എന്ന് സെപ്ത്വജിന്ത്. “കർത്താവിന്റെ ഭണ്ഡാരത്തിൽ” എന്ന് സുറിയാനി തർഗും.

സുവിശേഷകൻ ഇത് ഉദ്ധരിക്കുന്നു. കർത്താവിനെ ഒറ്റു കൊടുക്കുന്നതിന് പ്രധാനപുരോഹിതന്മാർ 30 വെള്ളിനാണയങ്ങൾ വാഗ്ദാനം ചെയ്തു (മത്താ 26,15). ഒറ്റുകാരൻ ആ നാണയം ദൈവാലയത്തിലേക്ക് വലിച്ചെറിഞ്ഞു. പുരോഹിതന്മാർ ആ പണമെടുത്ത് വിദേശിയരെ സംസ്ക്കരിക്കാനായി കുശവന്റെ നിലം വാങ്ങി” (മത്താ 27,3-8). തുടർന്ന് മത്തായി ഇപ്രകാരം പറയുന്നു: “ജറമിയാ അരുളിച്ചെയ്തത് അപ്പോൾ പൂർത്തിയായി. അവന്റെ വിലയായി ഇസ്രായേൽ മക്കൾ നിശ്ചയിച്ച 30 വെള്ളിനാണയങ്ങളെടുത്ത് അവർ കുശവന്റെ നിലത്തിനായി കൊടുത്തു” (മത്താ 27,9-10). “ജറമിയായിൽ നിന്ന്” എന്നു പറയുന്ന ഈ ഉദ്ധരണി സക്കറിയാ 11,12-13 ന്റെ ഒരു സ്വതന്ത്രപതിപ്പാണ്. ഒരു സ്ഥലമിടപാടിനെ പറ്റി ജറമിയായിലുണ്ട് (32,6-15). ജറമിയാ കുശവന്റെ കാര്യവും പറയുന്നു (18,20). അങ്ങനെ എല്ലാം കൂട്ടിക്കുഴച്ച് ജറമിയായിൽ ആരോപിക്കുന്നു.

**(6) സക്കറിയാ 12,10; 13,1; 14,8-9:** “തങ്ങൾ കുത്തിത്തുളച്ചവനെ നോക്കി, ഏകജാതനെ പ്രതിയെന്ന പോലെ അവർ കരയും, ദുഃഖത്തോടെ വിലപിക്കും” (12,10).

“ഇസ്രായേലിനെ പവിത്രീകരിക്കാൻ അന്ന് ഒരുറവ പൊട്ടിപ്പുറപ്പെടും” (13,1). “അന്ന് ജീവജലം ജറുസലേമിൽ നിന്നു പുറപ്പെട്ട് പകുതി കിഴക്കേ കടലിലേക്കും പകുതി പടിഞ്ഞാറേ കടലിലേക്കും ഒഴുകും... കർത്താവ് ഭൂമി മുഴുവന്റെയും രാജാവായി വാഴും” (14,8-9).

കർത്താവ് കൃപയുടെയും പ്രാർഥനയുടെയും ചൈതന്യം ഇസ്രായേലിന് നൽകുമ്പോൾ, അവരുടെ കണ്ണുകൾ തുറക്കപ്പെടും. അപ്പോൾ അവർ അവനെ നോക്കി വേദനിക്കും. ഇത് വി. യോഹന്നാൻ ശ്ലീഹാ ഉദ്ധരിക്കുന്നു (19,37). ശ്ലീഹാ ഹീബ്രു ബൈബിളനുസരിച്ച് സക്കറിയായിൽ നിന്ന് കൃത്യമായി ഉദ്ധരിക്കുന്നു. എന്നാൽ സെപ്ത്വജിന്തിൽ വാക്കുകളിൽ അൽപസ്വൽപം വ്യത്യാസമുണ്ട്, സാരസത്തിയിൽ അന്തരമില്ല.

അന്ന് "ഇസ്രായേലിനെ പവിത്രീകരിക്കാൻ ഒരുറവ പൊട്ടിപ്പുറപ്പെടും" (സക്ക 13,1). ഈ ഉറവയെപ്പറ്റി എസക്കിയേലും സംസാരിക്കുന്നു (47,1-12). "ദൈവാലയത്തിന്റെ അടിയിൽ നിന്ന് കിഴക്കോട്ട് വെള്ളമൊഴുകുന്നു. അത് നദിയായി തീരുകയും തീരത്തെ ഫലസമൃദ്ധമാക്കുകയും ചെയ്യും. അത് ചാവുകടലിൽ പതിച്ച് അതിനെ ശുദ്ധജലമാക്കും.

ഈ ദൈവഭവനം സഭയാണ്; തിരുലിഖിതസംബന്ധമായ അറിവുമാണ്. അതുവഴി സകലരും വീണ്ടും ജനിക്കുന്നു. അതായത്, സ്നാനത്തിലൂടെ ലഭിക്കുന്ന വീണ്ടും ജനനത്തെ ഇത് സൂചിപ്പിക്കുന്നു. എല്ലാത്തരം കറകളും മാലിന്യങ്ങളും ഈ സഭാജലം കഴുകി സംശുദ്ധമാക്കുന്നു. നിയമത്തിൽ നിന്നു സുവിശേഷത്തിലേക്കും, അക്ഷരത്തിൽ നിന്ന് ആന്തരികാർഥത്തിലേക്കും, നിഴലിൽ നിന്ന് സത്യത്തിലേക്കും, കാലിക വസ്തുക്കളിൽ നിന്ന് നിത്യയാഥാർഥ്യത്തിലേക്കും നാം കടക്കുന്നു. ഇത് പഴയ ഇസ്രായേലിനും യാഥാർഥ്യമാകും. കാരണം, കർത്താവ് അവരുടെ മേലുള്ള മൂടുപടം നീക്കിക്കളയുന്നു (റോമ. 11,25).

ജറുസലേമിൽ തുടങ്ങിയ കർതൃസുവിശേഷത്തിന്റെ വ്യാപനത്തെ ഇതു കുറിക്കുന്നു. ഏശായാ പറയുന്നു: "കർതൃനിയമം സീയോനിൽ നിന്നു പുറപ്പെടും; അവിടുത്തെ വചനം ജറുസലേമിൽ നിന്നും" (2,3). "സമുദ്രം ജലം കൊണ്ടെന്ന പോലെ, ഭൂമി കർത്താവിനെ കുറിച്ചുള്ള ജ്ഞാനം കൊണ്ടു നിറയും" എന്ന് ഏശായാ വീണ്ടും പറയുന്നു (11,9). രണ്ടായി ഒഴുകുന്നത്, ഇസ്രായേലിനും വിജാതിയർക്കും വേണ്ടിയാണ്. അങ്ങനെ "കിഴക്കു നിന്നും പടിഞ്ഞാറു നിന്നും അനേകർ വന്ന് അബ്രഹാമിനോടും ഇസഹാക്കിനോടും യാക്കോബിനോടും കൂടെ മേശയ്ക്കിരിക്കും" (മത്താ 8,11). കിഴക്കേ കടലും പടിഞ്ഞാറേ കടലും രണ്ടുടമ്പടികളെ കുറിക്കുന്നതായും മനസ്സിലാക്കാം. സകലർക്കും ലഭിക്കുന്ന അനുഗ്രഹത്തെ ഇത് സൂചിപ്പിക്കുന്നു.[2]

2. St. Jerome, *Commentaries, vol.2*, p.1-115; Theodore, *Commentary*, p.322-397; Theodoret, *Commentaries*, *vol. 3*, p.229-277; Didymus the Blind, *Commentary on Zechariah*, p.28-358.

# 14
# മലാക്കി

പഴയനിയമഗ്രന്ഥങ്ങളുടെ പട്ടികയിൽ അവസാനം കാണുന്ന ഗ്രന്ഥമാണ് മലാക്കിയുടെ പ്രവചനം (ബി.സി. 516-444). ബാബിലോണിയൻ വിപ്രവാസത്തിൽ നിന്ന് തിരികെ ജറുസലേമിലെത്തിയ ജനത്തിനു നൽകിയ ഉപദേശമാണ് ഉള്ളടക്കം. ഹീബ്രുവിൽ മലാക്കി എന്നാൽ 'എന്റെ ദൂതൻ' എന്നർഥം. എസ്രായാണ് മലാക്കിയെന്ന് ചില യഹൂദർ കരുതിയിരുന്നു. വി. ജറോമും അപ്രകാരം ചിന്തിച്ചിരുന്നു. മലാക്കിയുടെ പ്രവചനഗ്രന്ഥത്തിലെ പല ആശയങ്ങളും എസ്രാ-നെഹെമിയാ ഗ്രന്ഥങ്ങളിൽ ഉണ്ട്.

പ്രശസ്തനായ ഒരിജൻ മലാക്കിയുടെ പ്രവചന ഗ്രന്ഥത്തിന് മൂന്നു വാല്യത്തിൽ ഒരു ഭാഷ്യം എഴുതിയെന്ന് വി. ജറോം പറയുന്നു. പ്രസ്തുത ഗ്രന്ഥം നഷ്ടപ്പെട്ടുപോയി. ലവദീക്യയിലെ അപ്പൊള്ളിനാരിസ് രചിച്ച വ്യാഖ്യാനക്കുറിപ്പ് വി. ജറോമിന് കിട്ടിയിരുന്നു. ഒരിജൻ ആലങ്കാരികമായിട്ടാണ് വ്യാഖ്യാനിച്ചത് എന്ന് ജറോം പറയുന്നു.

വിപ്രവാസത്തിൽ നിന്നു തിരികെയെത്തിയ ജനം കടുത്ത ദാരിദ്ര്യത്തിലും അരിഷ്ടതയിലുമായിരുന്നു. വരൾച്ചയും കൃഷിനാശവും തുടരെത്തുടരെ ഉണ്ടായി. ചിലർ എല്ലാം സ്വരൂപിച്ചുകൂട്ടി. ഇല്ലാത്തവർ ഒന്നുമില്ലാത്തവരായി. സാമുഹ്യനീതി മറന്ന് പലരും ജീവിക്കാൻ തുടങ്ങി. യഹൂദരുടെ മതാത്മകചിന്താഗതി വിട്ട്, നാട്ടിലെ വിജാതിയരുമായി ഇടകലരുകയും വിവാഹബന്ധത്തിൽ ഏർപ്പെടുകയും ചെയ്തു. ദൈവാലയവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ ജനങ്ങളുടെ ശ്രദ്ധ കുറഞ്ഞു. അവർ ദശാംശം നൽകാതായി. യാഹ്വെയിലുള്ള വിശ്വാസത്തിലും

ദൈവാലയ കർമങ്ങളിലും മനുഷ്യർ സംശയാലുക്കളായി. ഈ സാഹ ചര്യത്തിൽ ജനത്തെ ദൈവോന്മുഖരാക്കുന്നതിനുള്ള ഉപദേശമാണ് മലാക്കി നൽകുന്നത്.

"ദൈവനാമം അശുദ്ധമാക്കരുത്, ദൈവത്തിന് സ്വീകാര്യവും ഉചിതവുമായ ബലിയർപ്പിക്കണം, ദൈവത്തോട് വിശ്വസ്തരായിരി ക്കണം, ദൈവത്തിൻ പക്കലേക്ക് തിരിച്ചു വരണം, ദൈവത്തെ സേവി ക്കുന്നവർക്ക് പ്രതിഫലം ലഭിക്കും, കർതൃദിനം സമാഗതമാകുന്നതിനു മുമ്പ് ദൈവം ഏലിയായെ അയക്കും" എന്നിവയാണ് ഈ ഗ്രന്ഥത്തിൽ പ്രവാചകൻ ചർച്ച ചെയ്യുന്നത്.

## (1) കർത്താവിന്റെ സ്നേഹം

കടുത്ത അരിഷ്ടതയുടെ മധ്യത്തിലും കർത്താവ് തന്റെ ജനത്തെ സ്നേഹിക്കുന്നു എന്നതാണ് ആദ്യത്തെ പ്രമേയം. "ഞാൻ നിങ്ങളെ സ്നേഹിച്ചു എന്ന് യാഹ്വെ അരുളിച്ചെയ്യുന്നു"(മലാക്കി, 1,2). ഇതിൽ വിശ്വാസം ഇല്ലാത്തവർക്ക് കർത്താവ് അടയാളവും നൽകുന്നു: കർതൃ കോപം വഹിക്കുന്ന ജനത്തെ അവിടുന്ന് ഇടിച്ചു തകർക്കും. "സ്വന്തം കണ്ണുകൊണ്ടുതന്നെ ഇതു കണ്ടിട്ട് നിങ്ങൾ പറയും: ഇസ്രാ യേലിന്റെ അതിർത്തികൾക്കപ്പുറത്ത് കർത്താവ് അത്യുന്നതനാണ്" (1,5).

എന്താണ് ഇതിന്റെ ആന്തരികാർഥം? ദൈവം എല്ലാറ്റിനെയും സ്നേഹിക്കുന്നു. താൻ സൃഷ്ടിച്ച യാതൊന്നിനെയും ദൈവം വെറുക്കു ന്നില്ല (വിജ്ഞാനം, 11,24). എന്നാൽ ദൈവം തകർത്തു നശിപ്പിച്ച തിന്മയും ദുഷ്ടതയും വഞ്ചനയും കാപട്യവും വീണ്ടും പണിതുയർത്താൻ ശ്രമി ക്കുന്നവരെ കർത്താവ് വെറുക്കുന്നു. തിന്മയ്ക്കെതിരെ പടപൊരുതു ന്നവരെ അവിടുന്ന് പ്രത്യേകമായി സ്നേഹിക്കുന്നു. അതിനർഥം, ദൈവം വെറുക്കുന്നവയിൽ നിന്ന് നാം ഓടിയകലണം എന്നത്രേ.

കർത്താവിന്റെ തെരഞ്ഞെടുപ്പ് മാനുഷിക തെരഞ്ഞെടുപ്പു പോലെയല്ല. തനിക്ക് ഇഷ്ടമുള്ളവനോട് അവിടുന്ന് ഇഷ്ടം കാട്ടുന്നു. "ദൈവത്തിന്റെ തെരഞ്ഞെടുപ്പിന്റെ ലക്ഷ്യം പ്രവൃത്തികൾ മൂലമല്ല, അവിടുത്തെ വിളി മൂലമാണ്" (റോമ 9,11-12). "എനിക്ക് ദയ തോന്നുന്ന വരോട് ഞാൻ ദയ കാണിക്കും.എനിക്ക് അനുകമ്പ തോന്നുന്നവരോട് അനുകമ്പ കാണിക്കും"(റോമ.9,15;പുറ 33,19). മനുഷ്യന്റെ ആഗ്രഹമോ, പ്രയത്നമോ അല്ല, ദൈവത്തിന്റെ ദയയാണ് എല്ലാറ്റിന്റെയും അടി

സ്ഥാനം"(റോമ 9,16). "താൻ ഇച്ഛിക്കുന്നവരോട് അവിടുന്ന് കരുണ കാണിക്കുന്നു. താൻ ഇച്ഛിക്കുന്നവരെ കഠിനഹൃദയരാക്കുകയും ചെയ്യുന്നു" (റോമ 9,18). വി.പൗലോസ് ശ്ലീഹാ റോമാലേഖനത്തിൽ ഈ ഭാഗം ചർച്ച ചെയ്യുന്നു. ഉത്പത്തിയിൽ നിന്നും മലാക്കിയിൽ നിന്നും എടുത്താണ് ഈ ചർച്ച (ഉത്പ 25,23-25;മലാ 1,2-3)."ഞാൻ യാക്കോബിനെ സ്നേഹിച്ചു, ഏശാവിനെ വെറുത്തു"(റോമ 9,10-11; മലാ 1,2-3).

ദൈവത്തെ അറിയുന്ന ജനത്തെ അവർ ആരായിരുന്നാലും, ദൈവം കൈവിടുകയില്ല (റോമ 11,12). എന്നാൽ ദൈവത്തിന്റെ തെരഞ്ഞെടുപ്പ് തന്റെ ഇഷ്ടമനുസരിച്ചാണ്. വിജാതിയരുടെ ഇടയിലെ തെരഞ്ഞെടുക്കപ്പെട്ടവർക്ക് ദൈവം നൽകുന്ന പ്രകാശം കാണാൻ ഇസ്രായേലിനു സാധിക്കും. കർത്താവ് ജനതകൾക്കിടയിൽ അത്യുന്നതനാണെന്ന് ഇസ്രായേൽക്കാർ മനസ്സിലാക്കണമെന്നു സാരം. എന്നിട്ട് മനസ്സു തിരിയാൻ ആഹ്വാനം ചെയ്യുന്ന ഒരു പ്രവചനമാണിത്

വേദനയിലും പ്രയാസത്തിലുമിരിക്കുന്ന സകലരോടും കർത്താവ് പറയുന്നു: "ഞാൻ നിങ്ങളെ സ്നേഹിക്കുന്നു". ദൈവസ്നേഹത്തിന് ഒരിക്കലും കുറവു വരുന്നില്ല. നമ്മുടെ ബലഹീനതയെക്കാൾ എത്രയോ വലുതാണ് ദൈവത്തിന്റെ സ്നേഹവും കാരുണ്യവും കരുതലും. നാം മാനസ്സാന്തരപ്പെട്ട് ദൈവത്തിൻ പക്കലേക്ക് തിരിയണമെന്നു മാത്രമാണ് ദൈവം ആഗ്രഹിക്കുന്നത്. ദൈവം വെറുക്കുന്നവയെ നാം വെറുക്കണം, ദൈവം സ്നേഹിക്കുന്നവയെ നാം സ്നേഹിക്കണം. അപ്പോൾ ദൈവകൃപ താനേ വർഷിക്കപ്പെടും. ഇതാണ് ഈ ഭാഗം നമുക്കു നൽകുന്ന പാഠം.

## (2) ഔദാര്യത്തോടെയുള്ള അർപ്പണം

ദൈവിക കാര്യങ്ങളിൽ ഉണ്ടാകേണ്ട ശ്രദ്ധയെപ്പറ്റി മലാക്കി 1,6-9 ചർച്ച ചെയ്യുന്നു. പിതാവായ ദൈവത്തോടു കാണിക്കേണ്ട ബഹുമാനത്തെ പറ്റിയും അവിടുത്തെ നാമത്തോടുള്ള ആദരവിനെ പറ്റിയും സംസാരിക്കുന്നു. പ്രവാസത്തിൽ നിന്നു തിരികെ എത്തിയവർ ബലിക്കായി നൽകിയ കാഴ്ചകളിലെ കുറവുകളെ പറ്റി കുറ്റപ്പെടുത്തുന്നു. അവർ "കർത്താവിന്റെ ബലിപീഠത്തെ നിസ്സാരമെന്നു കരുതി"(1,7). കാഴ്ചയില്ലാത്തവയും മുടന്തുള്ളവയും രോഗം ബാധിച്ചവയുമായ മൃഗങ്ങളെ അവർ കാഴ്ച വച്ചു. - ഇതാണ് ചരിത്രപശ്ചാത്തലം. ഈ അർപ്പണങ്ങളിൽ ദൈവം പ്രസാദിക്കയില്ല എന്നു പറയുന്നു (1,9).

"മലിനമായ ഭക്ഷണം" ബലിപീഠത്തിൽ അർപ്പിച്ചതിനും കുറ്റപ്പെടുത്തുന്നു. എബ്രായ പാരമ്പര്യമനുസരിച്ച്, തങ്ങൾ തന്നെ കൃഷി ചെയ്ത്, കൊയ്തെടുത്ത്, പൊടിച്ച് ചുട്ടെടുത്ത അപ്പമാണ് കാഴ്ചയായി സമർപ്പിക്കേണ്ടിയിരുന്നത്. എന്നാൽ ആ ജനം കടയിൽ കിട്ടിയ അപ്പം കാഴ്ച വച്ചു.

ദൈവത്തിന്റെ ബലിപീഠത്തെ സമീപിക്കുന്ന ക്രിസ്തുശിഷ്യൻ പുരോഹിതനാണ് (1പത്രോ 2,9). അതിൽ മെത്രാനും ഡീക്കനും അൽമായരും എല്ലാം ഉൾപ്പെടും. അയോഗ്യതയോടെ കർതൃമേശയെ സമീപിക്കുന്ന ക്രിസ്ത്യാനി ബലിപീഠത്തെ മലിനമാക്കുന്നു. പാപകർമങ്ങൾ ദൈവികമേശയെ നിന്ദിക്കുന്നു. മാനുഷിക ബഹുമാനത്തെ പ്രതി അനീതി ചെയ്യുന്നവർ കർതൃശരീരത്തെ നിന്ദിക്കുന്നു. പണക്കാരന്റെ തെറ്റുകൾക്കു നേരേ കണ്ണടയ്ക്കുകയും പാവപ്പെട്ടവന്റെ നിസ്സാര തെറ്റുകൾക്ക് അവനെ ആട്ടിയോടിക്കുകയും ചെയ്യുന്ന പുരോഹിതനും മലിനമാക്കുന്നു.

ആത്മാവിന്റെ ബലിമൃഗം ക്രിസ്തുവിന്റെ പ്രകാശത്താൽ പ്രകാശിതമല്ലെങ്കിൽ, അത് കുരുടായിരിക്കും. സുവിശേഷ സത്യങ്ങൾ കാണാൻ അതിന് കഴിയാതെവരും. ഇരുമാനസ്സരായി പ്രാർഥനയ്ക്ക് അണയുന്നവരുടെ പ്രാർഥന മുടന്തുള്ളതായിരിക്കും.

ദൈവത്തിന്റെ ശക്തിയും ദൈവത്തിന്റെ ജ്ഞാനവുമായ ക്രിസ്തു ഇല്ലാത്തവയൊക്കെ രോഗഗ്രസ്തമാണ് (1കൊറി 1,24). സത്യത്തിന്റെ പ്രകാശം ഇല്ലാത്തതും വിജ്ഞാനത്തിൽ അടിയുറച്ചതല്ലാത്തതുമായ പ്രാർഥനകൾ വിവിധതരം രോഗങ്ങളാൽ മൂടപ്പെട്ടിരിക്കും. കൂലി തേടാതെ ദൈവശുശ്രൂഷ ചെയ്യുന്നതാണ് ശ്രേയസ്കരമെന്ന് മലാക്കി പറയുന്നു(1,10). ഈഭാഗം ഗ്രീക്കിലും ഹീബ്രുവിലും വ്യത്യാസമാണ്. അതനുസരിച്ച് അർഥവ്യത്യാസവുമുണ്ട്.

വ്യർഥമായി ദൈവിക കാര്യങ്ങൾ പരികർമം ചെയ്യുന്നവർക്കെതിരായി വാതിലുകൾ അടച്ചുകളയുമെന്നും ഒരു വ്യാഖ്യാനം. അതായത്, പിതാവും പുത്രനും പരിശുദ്ധാത്മാവും. കാരണം, "ഞാനാണ് വാതിൽ" എന്നു നമ്മുടെ കർത്താവ് പറയുന്നു (യോഹ 10,9). അതുപോലെ തിരുലിഖിത കവാടങ്ങൾ അവർക്കായി തുറക്കപ്പെടുകയില്ല. ശരിയായി ഗ്രഹിക്കാനും. അതിവിശുദ്ധമായവയിലേക്ക് ഉറ്റുനോക്കാനും കർതൃരഹസ്യങ്ങൾ തിരിച്ചറിയാനും ബലിപീഠത്തിൽ യോഗ്യതയോടെയും ഉചിത

മായും ധൂപാർപ്പണം നടത്താനും അവർക്ക് കഴിയാതെ വരും. പുക മുകളിലേക്കുയരും, പ്രാർഥന മുകളിലേക്കുയരുകയില്ല. അതുകൊണ്ട് അനുതാപത്തിലൂടെ താഴ്മയായി ദൈവകൃപ യാചിക്കാൻ മലാക്കി ആഹ്വാനം ചെയ്യുന്നു.

## (3) ഒരു പ്രവചനം

അധ്യായം 1,11 ഒരു പ്രവചനമാണ്: "സൂര്യോദയം മുതൽ അസ്തമയം വരെ എന്റെ നാമം ജനതകളുടെ ഇടയിൽ മഹത്വപൂർണമാണ്. എല്ലായിടത്തും എന്റെ നാമത്തിന് ധൂപവും ശുദ്ധമായ കാഴ്ചയും അർപ്പിക്കപ്പെടും. എന്തെന്നാൽ എന്റെ നാമം ഉന്നതമാണ്. – സൈന്യങ്ങളുടെ കർത്താവ് അരുളിച്ചെയ്യുന്നു." പുതിയ നിയമത്തിൽ ക്രിസ്ത്യാനികൾ ദൈവത്തിന് ലോകം മുഴുവൻ നിരന്തരം അർപ്പിക്കുന്ന സംശുദ്ധ ബലിയെയും ധൂപാർപ്പണത്തെയും ഇത് സൂചിപ്പിക്കുന്നു.

പഴയ ഇസ്രായേലിന്റെ, ജറുസലേം ദൈവാലയത്തിൽ മാത്രം ഒതുങ്ങിനിന്ന മൃഗബലികൾക്കു പകരം, സ്തുതിയുടെയും സ്തോത്രത്തിന്റെയും ബലി ലോകം മുഴുവനുമുള്ള ദൈവാലയങ്ങളിൽ എല്ലാ നാഴികകളിലും അർപ്പിക്കപ്പെടുന്നതിന്റെ പ്രവചനമാണിത്. ഇസ്രായേലിന്റെ നിന്ദ്യമായ ഭോജനത്തിനു പകരം, മലിനമായ ബലിക്കു പകരം, ക്രിസ്തുവിന്റെ എന്നേക്കുമുള്ള രക്തരഹിതബലി അർപ്പിക്കപ്പെടും. അക്രമം കൊണ്ട് പിടിച്ചെടുത്തതിനെയും മുടന്തുള്ളതിനെയും രോഗം ബാധിച്ചതിനെയും ഊനമുള്ളതിനെയും അർപ്പിച്ച വഞ്ചകർക്കു പകരം ഊനമില്ലാത്ത കൊഴുത്ത കാളക്കുട്ടിയായ മിശിഹായുടെ ഏകബലിയുടെ അവതരണമായ രക്തരഹിത സ്തോത്രബലി ലോകം മുഴുവൻ വിജാതിയരുടെ ഇടയിൽ അർപ്പിക്കപ്പെടുമെന്ന് പ്രവാചകൻ പ്രവചിക്കുന്നു. ദൈവനാമത്തിന് പരിപാവന കാഴ്ചകളും ദൈവത്തെ നിരപ്പാക്കുന്ന അർഥപൂർണമായ ധൂപാർപ്പണവും ഉണ്ടാകും. അതാണ് ക്രിസ്തീയ ദൈവാലയങ്ങളിലെ സംശുദ്ധാരാധന. "ഞാൻ ഉന്നതനായ രാജാവാണ്. ജനതകൾ എന്റെ നാമം ഭയപ്പെടുന്നു" (1,14). സഭാപിതാക്കന്മാർ ഈ വാക്യം (1,11) പുതിയ നിയമബലിയുടെ പ്രവചനമായി മനസ്സിലാക്കിയിരുന്നു. ഈ ബലിയിലൂടെ ദൈവനാമം മഹത്വപ്പെടുന്നു; മനുഷ്യർ വിശുദ്ധീകരിക്കപ്പെടുന്നു (2,2).

## (4) ലേവിയുടെ ഉടമ്പടിയും കർത്താവിന്റെ ദൂതനും (2,4–7)

"ലേവിയുമായുള്ള എന്റെ ഉടമ്പടി നിലനിൽക്കേണ്ടതിനാണ് ഈ

കൽപന ഞാൻ നിങ്ങൾക്ക് നൽകിയിരിക്കുന്നത്. അവനോടുള്ള എന്റെ ഉടമ്പടി ജീവന്റെയും സമാധാനത്തിന്റെയും ഉടമ്പടി ആയിരുന്നു. അവന്റെ നാവിൽ യഥാർഥ പ്രബോധനം ഉണ്ടായിരുന്നു. അവന്റെ അധരത്തിൽ ഒരു തെറ്റും കണ്ടില്ല. സമാധാനത്തിലും സത്യസന്ധത യിലും അവൻ എന്നോടുകൂടെ വ്യാപരിച്ചു. അനേകരെ അകൃത്യങ്ങളിൽ നിന്ന് അവൻ പിന്തിരിപ്പിച്ചു." (2,4-6).

ചരിത്രപരമായി ഇത് ലേവിക്കു കൊടുത്ത ദൗത്യത്തെ കുറി ക്കുന്നു. എന്നാൽ ലേവിഭവനക്കാരനല്ലാത്ത യേശുവിലൂടെയാണ് ലേവിയുടെ ഉടമ്പടി യാഥാർഥ്യമാകുന്നത് എന്നാണ് വിവക്ഷ. "ജീവന്റെ യും സമാധാനത്തിന്റെയും ഉടമ്പടിയായിരുന്നു ലേവിയുമായി ഉണ്ടാ ക്കിയത്. 'ഞാൻ ജീവനാകുന്നു' എന്നു പറഞ്ഞ കർത്താവിലാണ് ഈ പ്രവചനം പൂർത്തിയായത് (യോഹ14,6). അവനാണ് നമ്മുടെ സമാധാനം (എഫേ 2,14). അവന്റെ നാവിൽ യഥാർഥ പ്രബോധനം ഉണ്ടായിരുന്നു. അവന്റെ അധരത്തിൽ ഒരു തെറ്റും കണ്ടില്ല. - ഇത് നമ്മുടെ കർത്താവിനെ പറ്റി വി.പത്രോസ് ശ്ലീഹാ പറയുന്നു: "അവൻ പാപം ചെയ്തിട്ടില്ല. അവന്റെ അധരത്തിൽ വഞ്ചന കാണപ്പെട്ടുമില്ല" (1 പത്രോ 2,22). "സമാ ധാനത്തിലും സത്യത്തിലും അവൻ എന്നോടുകൂടെ വ്യാപരിച്ചു". അവനിൽ സമാധാനം ഉണ്ടായിരുന്നു. അവൻ മറ്റുള്ളവരുമായി രമ്യത യുണ്ടാക്കി. "അവൻ അനേകരെ അകൃത്യങ്ങളിൽ നിന്ന് പിന്തിരിപ്പിച്ചു." മഹാപുരോഹിതനായ അവന്റെ അധരം വിജ്ഞാനത്തികവായിരുന്നു. ജനം അവന്റെ പക്കൽ പ്രബോധനത്തിനായി ഓടിക്കൂടി. അവനാണ് കർത്താവിന്റെ ദൂതൻ (2,8).

എല്ലാക്കാലത്തുമുള്ള ക്രിസ്തീയ പുരോഹിതന്മാർക്കുള്ള ഉപദേശവും ഈ ഭാഗത്ത് നിഗൂഢമായിരിക്കുന്നു:

"പുരോഹിതന്മാരേ, ഇതാ, ഈ കൽപന നിങ്ങൾക്കു വേണ്ടി യാണ്. പുരോഹിതൻ അധരത്തിൽ ജ്ഞാനം സൂക്ഷിക്കണം. ജനം പ്രബോധനം തേടി അവനെ സമീപിക്കണം" (2,1.7).

കർത്താവിന് നിരന്തരം മഹത്വം നൽകുക എന്നതാണ് പുരോഹിത ധർമം. അതാണ് നമ്മുടെ കർത്താവ് മാതൃകയായി നൽകിയത്: "ഭൂമിയിൽ ഞാൻ നിന്നെ മഹത്വപ്പെടുത്തി. ഇപ്പോൾ നിന്റെ സന്നിധിയിൽ എന്നെ മഹത്വപ്പെടുത്തണമെ"(യോഹ 17,4-5). പിതാവ് ഏൽപ്പിച്ച ദൗത്യം നിറവേറ്റിക്കൊണ്ടാണ് പുത്രൻ പിതാവിനെ മഹത്വപ്പെടുത്തിയത്.

## (5) വിവാഹമോചനം എന്ന തെറ്റ് (2,10-16)

വിപ്രവാസത്തിൽ നിന്ന് തിരികെയെത്തിയ ഇസ്രായേൽ പുരുഷന്മാരിൽ അനേകർ തങ്ങളുടെ ഭാര്യമാരെ ഉപേക്ഷിച്ചിട്ട്, നാട്ടുകാരായ വിജാതിയ സ്ത്രീകളെ വിവാഹം ചെയ്തു. ഇതിനെതിരെ ശക്തിയായ ഭാഷയിൽ എസ്രായും മലാക്കിയും അവരെ കുറ്റപ്പെടുത്തി (എസ്രാ 9,1-3; 10,18-19.44). ഇക്കാര്യത്തിൽ നേതാക്കന്മാരും പുരോഹിതന്മാരും ലേവ്യരും സാധാരണ ജനങ്ങളും കുറ്റക്കാരായിരുന്നു. ദാരിദ്ര്യവും വിപ്രവാസവും യാത്രാക്ലേശവും നിമിത്തം കോലം കെട്ട ഭാര്യമാരെ അവർ വിവാഹമോചനച്ചീട്ടു നൽകി ഉപേക്ഷിച്ചു. കനാൻ നാട്ടിൽ എത്തിയപ്പോൾ സുന്ദരികളും ചെറുപ്പക്കാരും ധനാഢ്യരും പ്രബലരുമായ സ്ത്രീകളെ സ്വന്തമാക്കി. അങ്ങനെ കനാന്യർ, ഹിത്യർ, ഫെരെസ്യർ, ജബൂസ്യർ, അമോന്യർ, മൊവാബ്യർ, ഈജിപ്തുകാർ, അമോര്യർ തുടങ്ങിയ വിഗ്രഹാരാധകരുടെ പെൺമക്കളെ വിവാഹം കഴിച്ചു. തങ്ങളുടെ മക്കളെ അവർക്ക് ഭാര്യമാരായി നൽകുകയും ചെയ്തു. ഇത് ദൈവിക നിയമത്തിന് എതിരാണെന്ന് മലാക്കി പ്രഖ്യാപിച്ചു:

“നമ്മുടെ പിതാക്കന്മാരുടെ ഉടമ്പടിയുടെ പവിത്രത നശിപ്പിച്ചുകൊണ്ട് എന്തിന് പരസ്പരം അവിശ്വസ്തത കാണിക്കുന്നു. യൂദാ വിശ്വാസവഞ്ചന കാണിച്ചിരിക്കുന്നു. ജറുസലേമിലും ഇസ്രായേലിലും മ്ലേച്ഛപ്രവൃത്തികൾ നടന്നിരിക്കുന്നു...അന്യദേവന്റെ പുത്രിയെ വിവാഹം ചെയ്തിരിക്കുന്നു...ഉടമ്പടി അനുസരിച്ച് നിന്റെ ഭാര്യയും സഖിയും ആയിരുന്നിട്ടും, നീ അവിശ്വസ്തത കാണിച്ച, നിന്റെ യൗവനത്തിലെ ഭാര്യയും നീയും തമ്മിലുള്ള ഉടമ്പടിക്ക് കർത്താവ് സാക്ഷിയായിരുന്നു. ഏകശരീരവും ഏകാത്മാവുമായിട്ടല്ലേ ദൈവം നിങ്ങളെ സൃഷ്ടിച്ചത്. ദൈവഭക്തരായ സന്താനങ്ങളെ അല്ലാതെ എന്താണ് ദൈവം ആഗ്രഹിക്കുന്നത്. അതുകൊണ്ട്, യൗവനത്തിലെ ഭാര്യയോട് അവിശ്വസ്തത കാണിക്കാതിരിക്കാൻ ശ്രദ്ധിക്കുവിൻ...വിവാഹ മോചനത്തെ ഞാൻ വെറുക്കുന്നു” (2,10-16).

പുതുതായി വിവാഹിതരായവരെ ഉപേക്ഷിക്കാൻ എസ്രായും മിക്കായും നിർദേശിച്ചു. അതനുസരിക്കാമെന്ന് ജനം പ്രതിജ്ഞയെടുത്തു. - ഈ സന്ദേശം ഇന്നും പ്രസക്തമാണ്.

ഇന്ന് എന്നത്തേക്കളധികം വിവാഹമോചനം നടക്കുന്നു. വിവാഹം എന്ന പേരിൽ പല തട്ടിപ്പുകളും നടക്കുന്നു. ഒരിക്കൽ വിവാഹിതരായവർ

അതു മറച്ചുവച്ച് വീണ്ടും വിവാഹിതരാകുന്നു. ദീർഘനാൾ സ്നേഹിച്ചു നടന്ന് വിവാഹം കഴിച്ചവർ വേർപിരിയുന്നു. പണവും സ്വർണവും തട്ടിയെടുക്കാൻ വേണ്ടി വിവാഹം കഴിക്കാൻ മുതിരുന്നവരുണ്ട്. പുരുഷനും പുരുഷനും തമ്മിലും, സ്ത്രീയും സ്ത്രീയും തമ്മിലും, വിവാഹം എന്ന പേരിൽ ഒന്നുചേരുന്നു. രാഷ്ട്രങ്ങൾ അതിന് നിയമസാധുത നൽകുന്നു. പലരും വിഗ്രഹാരാധകരുടെ കൂടെക്കൂടി വിഗ്രഹാരാധകരാകുന്നു. വിവാഹമേഖല സർവത്ര കബളിപ്പിക്കലിന്റെ രംഗമായി മാറിയിരിക്കുന്നു. ഏതെല്ലാം വിധത്തിലുള്ള തട്ടിപ്പുകളാണ് ഇപ്പോൾ അരങ്ങേറുന്നത്. ഇവയൊക്കെ തിരിച്ചടിക്ക് വിധേയമാണെന്ന് ആരും കരുതുന്നില്ല. ഇത് എവിടെച്ചെന്ന് അവസാനിക്കും! വിവാഹമോചനത്തിന്റെ കഥ പറയാനുമില്ല.

ഇക്കാലത്ത് നല്ലൊരു വിവാഹപങ്കാളിയെ ലഭിക്കുന്നത് വലിയ ദൈവാനുഗ്രഹമാണ്. എന്നാൽ എത്രപേർ ദൈവാനുഗ്രഹം തേടുന്നു? "അതുകൊണ്ട്, നിങ്ങൾ ശ്രദ്ധയോടെ വ്യാപരിക്കുക. അവിശ്വസ്തത കാണിക്കരുത്" എന്ന് മലാക്കി ഉദ്ബോധിപ്പിക്കുന്നു (2,16). തിന്മ പ്രവർത്തിച്ചിട്ട്, പലരും നല്ലപിള്ള ചമഞ്ഞ് നടക്കുന്നു. ഒന്നും സംഭവി ക്കാത്ത മട്ടിൽ വ്യാപരിക്കുന്നു.

## (6) കർത്താവിന്റെ ദിവസവും കർത്താവിന്റെ മുന്നോടിയും (3,1-4)

നമ്മുടെ കർത്താവിന്റെ മനുഷ്യാവതാരത്തെ പറ്റിയുള്ള സ്പഷ്ടമായ ഒരു പ്രവചനം ഈ ഭാഗത്തുണ്ട്: "നിങ്ങൾ തേടുന്ന കർത്താവ് ഉടൻ തന്നെ വേഗത്തിൽ തന്റെ ആലയത്തിലേക്ക് വരും. നിനക്ക് പ്രിയങ്കരനായ, ഉടമ്പടിയുടെ ദൂതൻ, ഇതാ, വരുന്നു. എന്നാൽ അവന്റെ വരവിന്റെ ദിനത്തെ അതിജീവിക്കാൻ ആർക്കു കഴിയും? ഉലയിലെ അഗ്നി പോലെയും അലക്കുകാരന്റെ കാരം പോലെയുമാണ് അവൻ. വെള്ളി ഉലയിൽ ശുദ്ധീകരിക്കുന്നവനെപ്പോലെ അവൻ ഉപവിഷ്ടനാകും. അവൻ ലേവിപുത്രന്മാരെ ശുദ്ധീകരിക്കും" (3,1-3). വീണ്ടും, "ചൂളപോലെ കത്തുന്ന ദിനം, ഇതാ, വരുന്നു. അന്ന് അഹങ്കാരികളും ദുഷ്ടരും വയ്ക്കോൽ പോലെയാകും. ആ ദിനം അവരെ വേരും ശാഖയും അവശേഷിപ്പിക്കാത്തവിധം ദഹിപ്പിച്ചു കളയും" (4,1).

നമ്മുടെ കർത്താവ് ശരീരത്തിൽ ആഗതനാകുന്നതിനെ പറ്റിയാണിത്. അതുപോലെ തന്റെ സഭയിൽ സന്നിഹിതനായിരിക്കുന്നതിനെ

പറ്റിയുമാകാം. "നിങ്ങൾ തേടുന്ന കർത്താവ്" എന്നാൽ ഇസ്രായേൽക്കാർ പ്രതീക്ഷിച്ചിരുന്ന മിശിഹാ എന്നർഥം. അവൻ സജീവാഗ്നിയാണ്. ദുഷ്ടരെ അവൻ സംഹരിച്ചുകളയും. അനുതാപികളെ അവൻ പവിത്രീകരിക്കും. ചെറിയ തെറ്റുകളുള്ളവരെ കഴുകി ശുദ്ധീകരിക്കും. മറ്റുള്ളവരെ അഗ്നിയാൽ വെടിപ്പാക്കും:

"അവന്റെ മുമ്പിൽ സംഹാരാഗ്നിയുണ്ട്. അവന്റെ ചുറ്റും കൊടുങ്കാറ്റിരമ്പുന്നു" (സങ്കീ 50,3). തന്റെ ജനത്തെ വിധിക്കാൻ അവൻ ആകാശത്തെയും ഭൂമിയെയും വിളിക്കുന്നു. – നമ്മുടെ കർത്താവിനെ സംഹാരാഗ്നിയെന്ന് തിരുലിഖിതം വിളിക്കുന്നു (ആവ 4,24; 9,3; എബ്രാ 12,29). അത് നമ്മുടെ വയ്ക്കോലും തടിയുമെല്ലാം കത്തിച്ചുകളയുന്നു (1കൊറി 3,12). "ന്യായവിധിയുടെ തീക്കാറ്റയച്ച് കർത്താവ് സീയോൻ പുത്രിയുടെ മാലിന്യങ്ങൾ ഇല്ലാതാക്കും; ജറുസലേമിന്റെ മധ്യത്തിലുള്ള രക്തക്കറ തുടച്ചുമാറ്റും" (ഏശാ 4,4). തനി സ്വർണവും വെള്ളിയും വേർതിരിക്കപ്പെട്ട് നിലനിൽക്കാനായി കർത്താവ് ഉലയിൽ ശുദ്ധീകരിക്കും (എസ 22,20.22). അതുകൊണ്ട്, കർത്താവ് തന്റെ സുവിശേഷത്തിൽ അരുളിച്ചെയ്യുന്നു: "ഭൂമിയിൽ തീയിടാൻ ഞാൻ വന്നിരിക്കുന്നു. അത് എത്രയും വേഗം കത്തിയിരുന്നെങ്കിൽ എന്നു ഞാൻ ആശിക്കുന്നു" (ലൂ 12,49).

ഇസ്രായേലിനെതിരെ എസക്കിയേലിലുള്ള പരാമർശമാണ് ഇതിന്റെ പശ്ചാത്തലം: "ഇസ്രായേൽ ഭവനം മുഴുവൻ എനിക്ക് ലോഹക്കിട്ടമായി തീർന്നിരിക്കുന്നു...നിങ്ങളെ ഒരുമിച്ചുകൂട്ടി നിങ്ങളുടെമേൽ എന്റെ കോപാഗ്നി ഞാൻ ചൊരിയും. അതിൽ നിങ്ങൾ ഉരുകും" (എസ 22,18–22). തിന്മ നിറഞ്ഞ ഇസ്രായേലിന്റെ തിന്മകൾ എണ്ണിയെണ്ണി പറഞ്ഞശേഷമാണ് (22,1–12), അവരെ ഉരുക്കി ശുദ്ധീകരിക്കുന്ന കാര്യം പറഞ്ഞിരിക്കുന്നത്. അതുപോലെ ലോകജനതയെ ശുദ്ധീകരിക്കുന്ന അഗ്നിയായി അവിടുന്ന് വന്നിരിക്കുന്നു എന്നാണ് കർതൃവചനത്തിന്റെ അർഥം. ശിക്ഷയായിട്ടല്ല, ശിക്ഷണമായിട്ടത്രേ. "പാപികളെ അനുതാപത്തിലേക്ക് വിളിക്കാനാണ് " താൻ വന്നതെന്ന് കർത്താവ് അരുളിച്ചെയ്യുന്നു. ഇപ്രകാരം ശുദ്ധീകരിക്കപ്പെട്ടു കഴിയുമ്പോൾ, ദൈവത്തിന് സ്വീകാര്യമായ ബലിയർപ്പിക്കാൻ ലേവ്യഭവനത്തിന്–പുതിയനിയമ പുരോഹിതന്മാർക്ക്–സാധിക്കും.

"നിങ്ങൾ എന്റെ പക്കലേക്ക് മടങ്ങിവരുവിൻ. അപ്പോൾ ഞാൻ നിങ്ങളുടെ അടുത്തേക്ക് വരും" എന്ന് കർത്താവ് അരുളിച്ചെയ്യുന്നു (മലാ 3,7; യാക്കോ 4,8; സക്ക 4,3). "ഞാൻ നിങ്ങൾക്കായി സ്വർഗ

കവാടങ്ങൾ തുറന്ന് അനുഗ്രഹം വർഷിക്കും...അനുഗൃഹീതർ എന്നു ജനതകൾ നിങ്ങളെ വിളിക്കും. നിങ്ങളുടെ ദേശം ആനന്ദത്തിന്റെ ദേശമാകും" (മിക്കാ 3,7.12).

കർത്താവിന്റെ ദിവസം ദുഷ്ടരെ സംബന്ധിച്ച് ചൂളപോലെ കത്തുന്ന ദിനമായിരിക്കും. അന്ന് അഹങ്കാരികളും ദുഷ്ടന്മാരും വൈക്കോൽ പോലെയാകും. ആ ദിനം അവരെ പാടേ നശിപ്പിക്കും. ഒന്നും അവശേഷിപ്പിക്കുകയില്ല (മലാ 4,1).

"കർത്താവിന്റെ വരവിനുമുമ്പ് പ്രവാചകനായ ഏലിയാ പ്രത്യക്ഷനാകും...എനിക്കു വഴിയൊരുക്കാൻ ഞാൻ എന്റെ ദൂതനെ അയക്കുന്നു"(മലാ 4,5; 3,1). ഈ ദൂതൻ സ്നാപകയോഹന്നാൻ ആണെന്ന് നമ്മുടെ കർത്താവ് വ്യാഖ്യാനിക്കുന്നു (മത്താ 11,10). ഇതുതന്നെ മർക്കോസും പറയുന്നു. മർക്കോസ് ഏശായായെയും മലാക്കിയെയും ഒന്നിച്ചുചേർത്ത് പറയുന്നു: "ഇതാ, നിനക്കു മുമ്പേ ഞാൻ എന്റെ ദൂതനെ അയക്കുന്നു. അവൻ നിന്റെ വഴിയൊരുക്കും. മരുഭൂമിയിൽ വിളിച്ചു പറയുന്നവന്റെ ശബ്ദം: കർത്താവിന്റെ വഴിയൊരുക്കുവിൻ. അവന്റെ പാത നേരെയാക്കുവിൻ" (മർക്കോ 1,2–3; മലാ 3,1; മത്താ 11,10; ലൂ 7,27; ഏശാ 40,3).

കർത്താവിന് വഴിയൊരുക്കുക എന്നതായിരുന്നു ദൂതന്റെ ദൗത്യം (മലാ 4,6; മർക്കോ 1,3; ലൂ.3,4; യോഹ 1,23). യോഹന്നാൻ അനുതാപത്തിന്റെ സ്നാനം നൽകി. "പിതാക്കന്മാരുടെ ഹൃദയം മക്കളിലേക്കും മക്കളുടെ ഹൃദയം പിതാക്കന്മാരിലേക്കും തിരിക്കും" എന്ന് മലാക്കി പ്രവചിച്ചത് അവൻ യാഥാർഥ്യമാക്കി (മലാ 4,6). "ജനങ്ങൾ യോഹന്നാന്റെ അടുത്തെത്തി പാപങ്ങൾ ഏറ്റുപറഞ്ഞ് സ്നാനം സ്വീകരിച്ചു" (മത്താ 3,5–6). "മാനസ്സാന്തരത്തിന് യോജിച്ച ഫലം പുറപ്പെടുവിക്കുവിൻ" എന്ന് അവൻ വിളിച്ചുപറഞ്ഞു (മത്താ 3,8). വഴിയൊരുക്കുന്ന മുന്നോടി മാത്രമാണ് താനെന്നും പിന്നാലെ വരുന്നവനാണ് ശക്തനെന്നും അവൻ പ്രഖ്യാപിച്ചു: "അവൻ പരിശുദ്ധാത്മാവിനാലും അഗ്നിയാലും നിങ്ങളെ സ്നാനപ്പെടുത്തും". അവന്റെ പക്കൽ അഗ്നിയും വീശുമുറവുമുണ്ട് (മത്താ 3,11–12). യോഹന്നാൻ ഏലിയായുടെ ചൈതന്യത്തോടും ശക്തിയോടും കൂടെ കർത്താവിന്റെ മുമ്പേ വന്നു (ലൂ 1,17).[1]

1. St. Jerome, *Commentaries, vol.2*, p.116 -147; Theodore, *Commentary*, p.398-423; Theodoret, *Commentaries*, *vol. 3*, p.279-293.

 www.malankaralibrary.com

# 15
# വിലാപങ്ങൾ

വിലാപങ്ങൾ എന്നപേരിൽ ഒരു തിരുലിഖിതഗ്രന്ഥമുണ്ട്. ജറുസലേമും ദൈവാലയവും തകർക്കപ്പെട്ടതിനു ശേഷം (ബിസി.587) ആരോ രചിച്ചതാണിത്. അന്നത്തെ ദുഃഖപൂർണമായ അവസ്ഥ ദർശിച്ചു കൊണ്ട് വിരചിതമാണെങ്കിലും, ഇതിന് അന്ത്യോന്മുഖാർഥമുണ്ട്. കർത്താവിന്റെ പീഡാനുഭവത്തിന്റെ അവസരത്തിലുള്ള വിലാപം ഇതിൽ അടങ്ങിയിരിക്കുന്നു.

നമ്മുടെ കർത്താവു തന്നെ ജറുസലേമിനെ നോക്കി വിലപിച്ച തായി നാം വായിക്കുന്നു (മത്താ 24). കഴിഞ്ഞ കാലത്തെ പറ്റിയാണ് വിലാപഗ്രന്ഥകർത്താവ് വിലപിക്കുന്നതെങ്കിൽ, വരാനിരിക്കുന്നവയെ സംബന്ധിച്ചാണ് നമ്മുടെ കർത്താവിന്റെ പ്രവചനം. കൽദായർ ചെയ്ത തിനേക്കാൾ ക്രൂരമായിട്ടാണ് റോമൻ പട്ടാളക്കാർ ജറുസലേമിനോടും അതിലെ നിവാസികളോടും പെരുമാറിയത്.

"സീയോൻ പുത്രിയിൽ നിന്ന് അവളുടെ മഹിമ വിട്ടകന്നു. അവളെ ആശ്വസിപ്പിക്കാൻ ആരുമില്ല" (വിലാ 1,6.9). ഈ മഹിമ സമ്പൂർണമായി വിട്ടകന്നതിന്റെ സൂചന ആയിട്ടാണ്, നമ്മുടെ കർത്താവ് കുരിശിൽ മരിച്ചപ്പോൾ, ദൈവാലയത്തിന്റെ തിരശ്ശീല രണ്ടായി കീറിപ്പോയത് (മത്താ 27,51). ഇപ്പോഴും ആ മഹിമ അവർക്ക് തിരികെ കിട്ടിയിട്ടില്ല.

"കർത്താവേ, എന്റെ പീഡനം നീ കാണണമെ...കർത്താവേ, കടാ ക്ഷിക്കണമെ. ഞാൻ നിന്ദനമേൽക്കുന്നു...കർത്താവ് എന്റെ പാദങ്ങൾക്ക് വല വിരിച്ചു. അവിടുന്ന് എന്നെ നിലം പതിപ്പിച്ചു. അവിടുന്ന് എന്നെ ഉപേക്ഷിച്ചു...എന്റെ അകൃത്യങ്ങൾ ഒരു നുകമായി കെട്ടി, അവിടുത്തെ കരം അവ ഒരുമിച്ചു ചേർത്തു. അവ എന്റെ കഴുത്തിൽ വച്ചു" (1,9-14).

- മനുഷ്യകുലത്തിന്റെ പാപം മുഴുവൻ അവൻ ചുമലിൽ ഏറ്റിയതിന്റെ പ്രവചനമാണിത്.

''എന്റെ ശക്തി അവിടുന്ന് ചോർത്തിക്കളഞ്ഞു. എനിക്ക് എതിർത്തു നിൽക്കാൻ ആവാത്തവരുടെ കൈയിൽ കർത്താവ് എന്നെ ഏൽപ്പിച്ചുകൊടുത്തു...എന്റെ കണ്ണുകൾ നിറഞ്ഞൊഴുകുന്നു. എനിക്കു ധൈര്യം പകരാൻ ഒരാശ്വാസകൻ പോലും അടുത്തില്ല... കർത്താവേ, കാണണമെ. ഞാൻ ദുരിതത്തിലാണ്. എന്റെ ആത്മാവ് അസ്വസ്തമാണ്. എന്റെ ഹൃദയം വിങ്ങുന്നു" (വിലാ 1,14-20; യോഹ 13,21).

"കർത്താവേ, കേൾക്കണമെ. ഞാൻ എത്ര നെടുവീർപ്പിടുന്നു. എന്നെ ആശ്വസിപ്പിക്കാൻ ആരുമില്ല... ഞാൻ അത്യധികം നെടുവീർപ്പിട്ട് കരയുന്നു. എന്റെ ഹൃദയം തളരുന്നു" (വിലാ 1,21-22).

"ഇസ്രായേലിന്റെ മഹത്വത്തെ കർത്താവ് ആകാശത്തുനിന്ന് ഭൂമിയിലേക്ക് വലിച്ചെറിഞ്ഞു... ഇസ്രായേലിന്റെ സർവശക്തിയും അവിടുന്ന് വെട്ടിവീഴ്ത്തി... കരഞ്ഞുകരഞ്ഞ് എന്റെ കണ്ണുകൾ ക്ഷയിച്ചു. എന്റെ ആത്മാവ് അസ്വസ്തമാണ്. എന്റെ ഹൃദയം ഉരുകിപ്പോയി" (വിലാ 2,1.3.11).

"കടന്നുപോകുന്നവരെല്ലാം നിന്നെ നോക്കി കൈ കൊട്ടുന്നു. അവർ ചൂളമടിക്കുകയും തലയാട്ടുകയും ചെയ്യുന്നു...നിന്റെ സകല ശത്രുക്കളും നിന്നെ നിന്ദിക്കുന്നു... അവർ ചൂളമടിക്കുകയും പല്ലിറുമ്മുകയും ചെയ്യുന്നു" (വിലാ 2,15-16; മത്താ 27,39-40).

മൂന്നാം അധ്യായം മുഴുവൻ പീഡനത്തിന്റെ വിവിധ വശങ്ങൾ എണ്ണിയെണ്ണി പറയുന്നു: ''ഞാൻ വിളിച്ചപേക്ഷിക്കുന്നെങ്കിലും, അവിടുന്ന് എന്റെ പ്രാർഥന ചെവിക്കൊള്ളുന്നില്ല... ഞാൻ ജനതകൾക്ക് പരിഹാസപാത്രമായി. ദിവസം മുഴുവൻ അവർ എന്നെ പരിഹസിച്ച് പാടുന്നു. അവിടുന്ന് എന്നെ കയ്പു കൊണ്ട് നിറച്ചു, കാഞ്ഞിരം കൊണ്ട് മത്തുപിടിപ്പിച്ചു...എന്റെ ആത്മാവിന് സ്വസ്തതയില്ല"(വിലാ 3,8.14-15.17; മത്താ 27,34). "അവന്റെ കവിൾത്തടം തല്ലേറ്റുവാങ്ങട്ടെ. നിന്ദനം കൊണ്ട് അവൻ നിറയട്ടെ"(വിലാ 3,30; മർക്കോ 14,65). "ഞങ്ങളുടെ ജീവശ്വാസം, കർത്താവിന്റെ അഭിഷിക്തൻ, അവരുടെ കുഴിയിൽ പതിച്ചു" (വിലാ 4,20). "എന്തുകൊണ്ടാണ് കർത്താവ് ഞങ്ങളെ എന്നേക്കുമായി മറന്നത്?" (വിലാ 5,20). ഇപ്രകാരം ക്രിസ്തോന്മുഖ പ്രവചനങ്ങൾ ഉള്ളതിനാലാണ് ചില ആരാധനക്രമങ്ങൾ പീഡാനുഭവ ആഴ്ചയിൽ ഈ ഗ്രന്ഥം സഭയിൽ വായിക്കുന്നത്.

# 16
## ബാറൂക്ക്

ജറമിയാ പ്രവാചകന്റെ ഗുമസ്തനായിരുന്ന ബാറൂക്കിന്റെ പേരിൽ ഒരു തിരുലിഖിതം അറിയപ്പെടുന്നു വിപ്രവാസത്തിൽ ആയിരിക്കവെ, ജറുസലേമിൽ ഉള്ളവരെ സമാശ്വസിപ്പിച്ചുകൊണ്ട് ബാബിലോണിൽ വച്ച് എഴുതിയതാണിത്. ബാബിലോണിയാക്കാർ ജറുസലേം പിടിച്ചടക്കി, ദൈവാലയം അഗ്നിക്കിരയാക്കിയപ്പോഴാണ് ഇതെഴുതിയത്. ജനത്തിന്റെ പാപമാണ് തകർച്ചയ്ക്ക് കാരണമെന്ന് പറയുന്നു. മോശയും മറ്റു പ്രവാചകന്മാരും പറഞ്ഞത് ചെവിക്കൊള്ളാതെ, ജനം തിന്മ പ്രവർത്തിച്ച തിനാൽ, ഈ നാശം സംഭവിച്ചു. “ദേശം മുഴുവൻ ഞാൻ വിജനമാക്കും” (ബാറൂ 2,23). പ്രവാസദേശത്തു വച്ച് മനഃപരിവർത്തനം ഉണ്ടാകുവാനാണ് കർത്താവ് കഷ്ടതകൾ അനുവദിച്ചത് (2,30).

വിപ്രവാസത്തിനും പീഡനങ്ങൾക്കും അന്ത്യമുണ്ടാകുമെന്നു പറഞ്ഞ് ജനത്തെ സമാശ്വസിപ്പിക്കുന്നു: “ഇസ്രായേലേ, ദൈവത്തിന്റെ ആലയം വിസ്തൃതവും അതിരറ്റതുമാണ്. ഉന്നതവും അപരിമേയവു മാണ്” (3,24). “നിങ്ങളെ ജനതകൾക്ക് വിറ്റത് നശിപ്പിക്കാനായിരുന്നില്ല. ദൈവത്തെ കോപിപ്പിച്ചതിനാലാണ് നിങ്ങളെ ശത്രുകരങ്ങളിൽ ഏൽപ്പി ച്ചത” (4,6). “എന്റെ മക്കളേ, ധൈര്യമായിരിക്കുവിൻ. ദൈവത്തെ വിളിച്ച പേക്ഷിക്കുവിൻ. നിങ്ങളുടെ നിത്യരക്ഷകനിൽ നിന്ന് നിങ്ങൾക്ക് ഉടൻ കാരുണ്യം ലഭിക്കും”(4,21-22).

“ജറുസലേമേ, കിഴക്കോട്ടു നോക്കുക. ദൈവത്തിൽ നിന്ന് നിനക്ക് ലഭിക്കുന്ന ആനന്ദം കണ്ടാലും ദൈവത്തിൽ നിന്നുള്ള മഹത്വത്തിന്റെ സൗന്ദര്യം എന്നേക്കുമായി അണിയുക. ദൈവത്തിൽ നിന്നുള്ള നീതി യുടെ മേലങ്കി ധരിക്കുക. നിത്യനായവന്റെ മഹത്വത്തിന്റെ കിരീടം ശിര

സ്സിൽ അണിയുക"(4,36; 5,1-2). വീണ്ടും പറയുന്നു, "ജറുസലേമേ, ഉണരുക. ഉയരത്തിൽ നിന്ന് കിഴക്കോട്ടു നോക്കുക. പരിശുദ്ധന്റെ കൽപനാനുസൃതം കിഴക്കുനിന്നും പടിഞ്ഞാറുനിന്നും ശേഖരിക്കപ്പെട്ട നിന്റെ മക്കളെ കാണുക" (5,5).

"ആകാശത്തിൻ കീഴിൽ എല്ലായിടത്തും ദൈവം നിന്റെ തേജസ്സ് വെളിപ്പെടുത്തും. നീതിയുടെ സമാധാനവും ഭക്തിയുടെ മഹത്വവും എന്ന് ദൈവം എന്നേക്കുമായി നിന്നെ പേരുവിളിക്കും"(5,4).

ബാറൂക്കിന്റെ ഗ്രന്ഥത്തിനും അന്ത്യോന്മുഖാർഥമുണ്ട്. പ്രവാചകസ്വരം ശ്രവിച്ച് ബാബിലോണിന് വിധേയപ്പെടാനായിരുന്നു ദൈവസ്വരം. എന്നാൽ ജനം ചെവിക്കൊണ്ടില്ല. ഫലമോ? ദൈവാലയം തകർക്കപ്പെട്ടു. ജനം അടിമകളാക്കപ്പെട്ടു. ഇതുതന്നെ കർതൃനാളുകളിൽ സംഭവിച്ചു. കർത്താവ് ചുറ്റിനടന്ന് അനുതാപത്തിന് ആഹ്വാനം ചെയ്തു. മതനേതാക്കന്മാർ അതു ധിക്കരിച്ച്, തോട്ടത്തിന്റെ ഉടമസ്ഥനെ കുരിശിൽ തറച്ചുകൊന്നു.

ഈ കൊടുംഭീകരതയ്ക്കെതിരായി മുമ്പെങ്ങും ഉണ്ടാകാത്ത തരത്തിൽ സർവനാശം സംഭവിച്ചു. അതും ദീർഘനാൾ, നൂറ്റാണ്ടുകൾ! രാജ്യമില്ലാതെയും രാജാവില്ലാതെയും പുരോഹിതന്മാരില്ലാതെയും പ്രവാചകന്മാരില്ലാതെയും ദൈവാലയമില്ലാതെയും അവർ വിപ്രവാസത്തിൽ കഴിയേണ്ടി വന്നു. അവർ ചെയ്ത തെറ്റിന്റെ അനന്തരഫലമാണ് 135-ഓടു കൂടി യൂദയായിൽ സംഭവിച്ചത്. അവർ റോമൻ പട്ടാളക്കാരുടെ പിടിയിലമർന്നു. ബാബിലോണിയാക്കാർ ചെയ്തതിനേക്കാൾ കൊടുംക്രൂരതകൾക്ക് അവർ വിധേയരായി. ബാറൂക്ക് പറഞ്ഞ തിരുവചനങ്ങളൊക്കെ യാഥാർഥ്യമായി. ദൈവാലയം തകർന്നു തരിപ്പണമായി, ജനം കൊന്നൊടുക്കപ്പെട്ടു, ശേഷിച്ചവർ നാടുകടത്തപ്പെട്ടു. ജറുസലേമിനു ചുറ്റുമുള്ള പ്രദേശം മരുഭൂമിയും വിജനപ്രദേശവുമായി.

വിദൂരഭാവിയിൽ മഹത്വം തിരിച്ചുവരുമെന്ന് ബാറൂക് പ്രവചിച്ചു. "കിഴക്ക്" നോക്കാനാണ് ആഹ്വാനം. "കിഴക്ക്" നമ്മുടെ കർത്താവിന്റെ ഒരു നാമമാണ്. അവനെ നോക്കാനാണ് ആഹ്വാനം. അവനാണ് ദൈവാലയം. അത് മഹോന്നതമാണ്. അതിരുകളില്ലാത്തതാണ് അവന്റെ ഭവനം. അവൻ നിത്യരക്ഷകനാണ്. ലോകം മുഴുവൻ ഈ നവഇസ്രായേലിന്റെ തേജസ്സ് വെളിപ്പെടും.


www.malankaralibrary.com

ദൈവം ഇപ്പോൾ അവരെ ഒന്നിച്ചു കൂട്ടിയിരിക്കുന്നു. അവർ കിഴക്കോട്ടുനോക്കി രക്ഷ പ്രാപിക്കാനും ലോകത്തിന്റെ മഹത്വമായിരിക്കാനും നിത്യനായവന് മഹത്വം കരേറ്റേണ്ടതിനുമാണിത്. അത് സംഭവിക്കുക തന്നെ ചെയ്യും. എന്നാൽ അവനിലേക്ക് അവർ തിരിയണം എന്നു മാത്രം. അവനെ മനസ്സിലാക്കണം.

അവനോട് ജറുസലേമിലുള്ളവർ ചെയ്ത ക്രൂരതകൾക്കും വഞ്ചനകൾക്കും പീഡനങ്ങൾക്കും അവർക്ക് ലഭിച്ചത് സുദീർഘമായ വിപ്രവാസമായിരുന്നു. അതുകൊണ്ട്, "ജറുസലേമേ, ഉണരുക. കിഴക്കോട്ടു നോക്കുക, മഹത്വകിരീടമണിയുക"എന്ന് ബാറൂക് ആഹ്വാനം ചെയ്യുന്നു. പുറജാതികളുടെ പൂർണത പ്രവേശിച്ചു കഴിയുമ്പോൾ, അതു സംഭവിച്ചിരിക്കും (റോമ 11,25-26).

അത് ദൈവികസമയത്തായിരിക്കും നടക്കുക. അതുവരെ അവർ സ്വന്ത നാട്ടിൽ പോലും മല്ലടിക്കേണ്ടിവരും. എതിരാളികൾ അവരുടെ ഉറക്കം കെടുത്തും. അവർ ശത്രുക്കളെ നിഷ്കരുണം നശിപ്പിക്കും. അവർ ക്രൂശിതന്റെ പാത സ്വീകരിച്ച് അനുരഞ്ജനത്തിന് തയാറായാലേ അതു നടക്കൂ. ഇടുങ്ങിയ ഭൗമികരാഷ്ട്ര ചക്രവാളം വിട്ട് രക്ഷകന്റെ വിസ്തൃതമായ സ്നേഹസാമ്രാജ്യം അവർക്കായി വച്ചു നീട്ടപ്പെട്ടിരിക്കുന്നു. "ദൈവം നിങ്ങൾക്ക് നൽകുന്ന രക്ഷ നിങ്ങൾ ഉടൻ കാണും. മഹാപ്രതാപത്തോടും നിത്യനായവന്റെ തേജസ്സോടും കൂടെ അത് നിങ്ങൾക്ക് ലഭിക്കും" (4,24). ദൈവം നിങ്ങളെ സ്മരിക്കും. അവൻ നിങ്ങൾക്ക് രക്ഷയും നിത്യാനന്ദവും നൽകും (4,27.29).

# 17

# സഭാപ്രസംഗകൻ

യഹൂദപണ്ഡിതന്മാർ ഗ്രീക്കുചിന്തയുടെ സ്വാധീനത്തിൽ ബി.സി. മൂന്നാം നൂറ്റാണ്ടിൽ തയാറാക്കിയതാണ് സഭാപ്രസംഗകൻ എന്ന ഗ്രന്ഥം. കഷ്ടതകളിലും പ്രയാസങ്ങളിലും ദുരിതങ്ങളിലും രോഗങ്ങളിലും വിപ്രവാസത്തിലും അടിമത്തത്തിലും കൂടി കടന്നുപോയ അനുഭവമുള്ള യഹൂദർ ജീവിതസായാഹ്നത്തിൽ കുത്തിക്കുറിച്ചതാണിത്. വാർധക്യത്തിൽ എത്തുന്ന ഏതു മനുഷ്യന്റെയും അനുഭവമാണ് ഇവിടെ കുറിച്ചിരിക്കുന്നത്.

## ജ്ഞാനീസൂക്തം

സഭാപ്രസംഗകനിലെ ഒരു വാക്യമെടുത്ത് (12,6) സ്രോഗിലെ മാർ യാക്കോബ് (449-521) ഇങ്ങനെ പാടുന്നു: "പാത്രമുടഞ്ഞുറവിങ്കൽ ജ്ഞാനീസൂക്തം"[1] ജീവിതാന്ത്യത്തിൽ മർത്യനു സംഭവിക്കുന്നവയെ പറ്റിയാണ് പരാമർശം. യുവത്വവും വാർധക്യവും തമ്മിൽ താരതമ്യപ്പെടുത്തിക്കൊണ്ടാണ് ചർച്ച (സഭാ 11,9-12,8).

യൗവനത്തിൽ ഓടിനടന്ന് വെട്ടിപ്പിടിച്ച്, നേടിയെടുത്തവയൊക്കെ ജീവിതാന്ത്യത്തിൽ ഒന്നുമല്ല എന്ന അനുഭവത്തിൽ എത്തിച്ചേരുമ്പോൾ, ആർക്കും ഉണ്ടാകാം സഭാപ്രസംഗകന്റെ ചിന്തകൾ. കഠിനാധ്വാനം ചെയ്ത്, പഠിച്ച് ജോലി നേടി, വിവാഹം ആഘോഷപൂർവം നടത്തി, മക്കളെ ജനിപ്പിച്ച് വളർത്തി വലുതാക്കി, വീടും പുരയിടവും കാറും

1. യാമപ്രാർഥന, വെള്ളി സൂത്താറാ, മെനഒാലം, ശ്ഹീമോ നമസ്കാരം 2009, തിരുവനന്തപുരം, പേ.298.

സ്കൂട്ടറും ഒക്കെ സ്വന്തമാക്കി. മക്കളൊക്കെ വലിയവരായി വിദേശത്ത് ജോലി ചെയ്യുന്നു. വാർധക്യത്തിൽ പലവിധ രോഗങ്ങളാൽ അലട്ടപ്പെട്ട്, വലിയ വീടിന്റെ സംരക്ഷകരായി, ബന്ധുക്കൾ കുറഞ്ഞ് ഒറ്റപ്പെട്ടു കഴിയുമ്പോൾ, ഏതു പണക്കാരനും ഉന്നതസ്ഥാനീയനും തോന്നാം സഭാപ്രസംഗകന്റെ ചിന്തകൾ. ഓമനിച്ചു വളർത്തി വലുതാക്കിയ മക്കൾ, ആണ്ടിലൊരിക്കൽ വന്നെങ്കിലായി, വന്നില്ലെങ്കിലായി. മറ്റു പലർക്കും ആശ്രയം വൃദ്ധമന്ദിരങ്ങളാകാം. അഥവാ, തെരുവാകാം, അഥവാ, അനാഥാലയങ്ങളാകാം. ഇങ്ങനെയുള്ള അവസ്ഥയിൽ ഏതു സാത്വികനും സഭാപ്രസംഗകന്റെ വാക്കുകൾ ഉച്ചരിച്ചുപോകും: "മിഥ്യ, സമസ്തവും മിഥ്യ"(സഭാ 1,2;12,8).

ജ്ഞാനസമ്പാദനമോ, സുഖസമൃദ്ധിയോ, ഭൗതിക നേട്ടങ്ങളോ, സ്ഥാനമാനങ്ങളോ, സമ്പത്തോ, ജനങ്ങളുടെ കൈയടിയോ ഒന്നും ഇത്തരം സന്ദർഭങ്ങളിൽ ആശ്വാസം പകരുകയില്ല. ആ ജീവിതാന്ത്യകാലത്തെപ്പറ്റിയാണ് സഭാപ്രസംഗകൻ വ്യംഗ്യഭാഷയിൽ സംസാരിക്കുന്നത് (12,1-8 ). "ഒന്നിലും സന്തോഷം തോന്നുന്നില്ലെന്ന് നീ പറയുന്ന ദുർദിനങ്ങളും വർഷങ്ങളും ആഗമിക്കും" (12,1). ഇത് വാർധക്യാവസ്ഥയെ സൂചിപ്പിക്കുന്നു. ഭക്ഷണത്തോട് വിരക്തി, ലൗകികാസക്തികളിൽ നിന്നുള്ള അകൽച്ച, സംസാരക്കുറവ് തുടങ്ങി ഈ ലോകത്തിലെ സുഖസന്തോഷങ്ങളിൽ ഒട്ടും താൽപ്പര്യമില്ലാത്ത അവസ്ഥ. അനേകരെ സംബന്ധിച്ച് അതാണ് വാർധക്യം. ആർക്കും വേണ്ടാ എന്നു തോന്നുന്ന അവസ്ഥ. പണവും വസ്തുവകകളും മക്കളുടെ കൈയിൽ പോയി. എല്ലാറ്റിനും മറ്റുള്ളവരെ ആശ്രയിച്ചു കഴിയുക തുടങ്ങി ദുർദിനങ്ങൾ കടന്നു കൂടുന്നു.

"സൂര്യനും പ്രകാശവും, ചന്ദ്രനും നക്ഷത്രങ്ങളും ഇരുണ്ടു പോകും. വൃഷ്ടി കഴിഞ്ഞ് മറഞ്ഞ മേഘങ്ങൾ വീണ്ടും വരും" (12,2). 'മൃതന് ഇപ്രകാരം സംഭവിക്കുന്നു' എന്ന് വി. ജറോം പറയുന്നു.[2] ജീവിതാന്ത്യത്തിൽ കണ്ണിന്റെ കാഴ്ച കുറയുന്നു, കണ്ണ് മങ്ങിപ്പോകുന്നു, കാഴ്ച ഇല്ലാതാകുന്നു, കേൾവി നഷ്ടപ്പെടുന്നു, രുചിയില്ലാതാകുന്നു. അപ്പോൾ ആ വ്യക്തിയെ സംബന്ധിച്ച് ഇതൊക്കെ യാഥാർഥ്യമാകുന്നു; മരണത്തോടുകൂടി ഇത് പൂർണമാകുന്നു. സൂര്യചന്ദ്രന്മാരൊക്കെ ജീവിച്ചിരിക്കുന്നവർക്കുള്ളതാണ്; മരിച്ചവർക്ക് ശവക്കല്ലറയും അന്ധകാരവും!

2. St. Jerome, *Commentary on Ecclesiastes*, p.126.

പാപം ചെയ്യുന്നവന് മധ്യാഹ്നത്തിൽ പോലും നീതിസൂര്യൻ അസ്തമിക്കുന്നു. അറിവിന്റെ പ്രകാശം മരിക്കും. ചന്ദ്രന്റെ ശോഭ, അതായത്, സഭയുടെ കൃപ, എടുത്തു മാറ്റപ്പെടും. ലോകത്തിൽ നക്ഷത്രങ്ങളെപ്പോലെ പ്രകാശിക്കേണ്ടവർ നിന്ദിതരാകും. "മേഘങ്ങൾ" പ്രവാചകവചനങ്ങളെ കുറിക്കുന്നു. മഴ കഴിഞ്ഞ്, മേഘങ്ങൾ പിൻവലിയുന്നതുപോലെ, പ്രവാചകവചനം പാപിയെ വിട്ടകലുന്നു. മനുഷ്യഹൃദയങ്ങളെ നനച്ചുകൊണ്ടിരുന്ന ദൈവവചനമാണ് പ്രവാചകന്മാർ പ്രഘോഷിച്ചത്. ആ സജീവജലത്തിന് പാപി അനർഹനാകുന്നു എന്നൊക്കെ വി.ജറോം ഈ ഭാഗം വ്യാഖ്യാനിക്കുന്നു.[3] അതുകൊണ്ട്,"യൗവനകാലത്ത് സ്രഷ്ടാവിനെ ഓർക്കുക"എന്ന് സഭാപ്രസംഗകൻ ആഹ്വാനം ചെയ്യുന്നു (12,1).

"വീട്ടുകാവൽക്കാർ സംഭ്രമിക്കുകയും (നീക്കപ്പെടുകയും) ശക്തന്മാർ കൂനിപ്പോകുകയും അരയ്ക്കുന്നവർ വിരമിക്കുകയും കിളിവാതിലിലൂടെ നോക്കുന്നവർ അന്ധരാകുകയും ചെയ്യും" (12,3). മനുഷ്യശരീരവുമായി ബന്ധപ്പെടുത്തി ഇവ വ്യാഖ്യാനിക്കുന്നവരുണ്ട് എന്ന് വി. ജറോം പറയുന്നു. 'വീട്ടുകാവൽക്കാർ' എന്നത് വാരിയെല്ലിനെ കുറിക്കുന്നു. ആന്തരികാവയവങ്ങളെ സംരക്ഷിക്കുന്നത് വാരിയെല്ലുകളാണ്. അവ നീക്കപ്പെടുന്നു. 'ശക്തന്മാർ' എന്നത് കാലുകളെ കുറിക്കുന്നു. "സൂര്യൻ, ചന്ദ്രൻ, നക്ഷത്രങ്ങൾ എന്നിവ കണ്ണ്, മൂക്ക്, കാത്, തലയിലെ മറ്റ് അവയവങ്ങൾ എന്നിവയെ സൂചിപ്പിക്കുന്നു. ഇവയെയെല്ലാം താങ്ങുന്നത് കാലുകളാണ്. "അരയ്ക്കുന്നവർ" പ്രബോധകരാണ്. അവരൊക്കെ കടന്നുപോയതിനാൽ, പ്രബോധനം ലഭിക്കാതെ മനുഷ്യർ അന്ധരും ഭോഷന്മാരും ആയിത്തീരും. അറിവിന്റെ പ്രകാശം നയനങ്ങളിൽ നിന്ന് നീക്കപ്പെടും. "കിളിവാതിലിലൂടെ നോക്കുന്ന സ്ത്രീകൾ" എന്ന് ജറോമിൽ പാഠഭേദം. 'കിളിവാതിൽ' കണ്ണുകളെ കുറിക്കുന്നു. 'അരയ്ക്കുന്നവർ' എന്നത് പല്ലുകളെ സൂചിപ്പിക്കുന്നു എന്നു ചിലർ. പ്രായമാകുമ്പോൾ, ഭക്ഷണം ചവയ്ക്കുന്ന പല്ലുകൾ ഒന്നുകിൽ പിഴുതുപോകും, അല്ലെങ്കിൽ ബലഹീനമാകും. ചവയ്ക്കാൻ പറ്റാത്ത അവസ്ഥയെ ഈ പ്രയോഗം കുറിക്കുന്നു. പ്രായമാകുമ്പോൾ കണ്ണിന്റെ കാഴ്ച മങ്ങുന്നതിനെ അവസാനഭാഗം സൂചിപ്പിക്കുന്നു.[4]

"തെരുവിലെ വാതിലുകൾ അടയ്ക്കപ്പെടും"(12,4). ഒരുക്കമില്ലാത്തവർക്കു മുമ്പിൽ വാതിലുകൾ അടയ്ക്കപ്പെടുമെന്ന് സൂചന. അഥവാ,

---

3. St. Jerome, *Commentary on Ecclesiastes*, p.127.

4. St. Jerome, *Commentary on Ecclesiastes*, p.127-128.

 www.malankaralibrary.com

വാർധക്യവും നരയും ബാധിച്ചവരെ തിരസ്കരിക്കുന്നതിനെയും സൂചിപ്പിക്കാം. അവരെ കാണുമ്പോൾ, തെരുവിലേക്കുള്ള വാതിലുകൾ കൊട്ടിയടയ്ക്കപ്പെടാം. "മാവു പൊടിക്കുന്ന ശബ്ദം മന്ദീഭവിക്കും"(12,4). ഭക്ഷണം ചവയ്ക്കാൻ പറ്റാത്ത അവസ്ഥ. താടിയെല്ലും പല്ലുകളും ബല ക്ഷയമാകും. ശ്വസിക്കുന്നതിനുള്ള തടസ്സവും സൂചിതം. ചെറിയ രീതി യിലേ ശ്വാസോച്ഛ്വാസശബ്ദം വെളിയിൽ വരികയുള്ളു. "പക്ഷിയുടെ ശബ്ദം കേട്ട് മനുഷ്യർ ഉണർന്നുപോകും"(12,4). വാർധക്യത്തിൽ നേരിയ ശബ്ദം പോലും ഉറക്കം കെടുത്തും. തുടർന്ന് ഉറങ്ങാൻ പറ്റാത്ത അവസ്ഥയുണ്ടാകും. കിടക്കയിൽ തിരിഞ്ഞും മറിഞ്ഞും കിടക്കുമെന്നു മാത്രം. "ഗായികമാരുടെ ശബ്ദം താഴും' (12,4). ഇത് കേൾവിശക്തി കുറയുന്നതിനെ സൂചിപ്പിക്കുന്നു. വാക്കുകൾ വേർതിരിച്ചറിയാൻ സാധി ക്കാത്തതിനാൽ, സംഗീതം ആസ്വദിക്കാൻ കഴിയാതെ വരുന്നു. "ഉയർന്നു നിൽക്കുന്നതും വഴിയിൽ കാണുന്നതുമെല്ലാം അവർക്ക് ഭീതി ജനകമാകും" (12,5). മലയും കുന്നും കയറാൻ കഴിയാതെ, അവരുടെ കാൽമുട്ടുകൾ ബലഹീനമാകും. അനാവശ്യഭീതി ചിലരെ വാർധക്യ ത്തിൽ പിടികൂടും. അവർ മിഥ്യാദർശനങ്ങൾ കാണും.[5]

"ബദാം തളിർക്കും, പച്ചക്കുതിര ഇഴയും. ആശ അറ്റുപോകും. മനുഷ്യൻ തന്റെ നിത്യഭവനത്തിലേക്ക് പോകും. വിലപിക്കുന്നവർ തെരുവീഥികളിലൂടെ നീങ്ങും" (12,5). വി.ജറോമിന്റെ അഭിപ്രായത്തിൽ, മനുഷ്യനു സംഭവിക്കുന്ന മാറ്റങ്ങൾ ഉപമാമയമായി ഇവിടെ പറഞ്ഞിരി ക്കുന്നതാണ്. വാർധക്യത്തിൽ നര ബാധിക്കുന്നതിനെ 'ബദാം തളിർപ്പ്' സൂചിപ്പിക്കുന്നു. പാദങ്ങൾ നീരുവയ്ക്കും. ആശകൾ തണുത്തു മരവി ക്കും. മരണം മർത്യനെ കീഴടക്കി നശിപ്പിക്കും. അവൻ ധരയിലേക്ക് മടങ്ങും. ശവസംസ്കാരത്തിന് ഗായകസംഘം ശവത്തിനു മുമ്പിൽ ദുഃഖസൂചക കീർത്തനങ്ങൾ ആലപിക്കും. 'പച്ചക്കുതിര' എന്നതിനു പകരം പാദങ്ങൾ എന്നു പറയണമെന്ന് വി. ജറോം. 'ആശകൾ' എന്നത് ലൈംഗികാഭിനിവേശത്തെ കുറിക്കുന്നു. ലൈംഗികാവയവങ്ങൾ ബലഹീനമാകുകയും ലൈംഗികാസക്തി ഇല്ലാതാകുകയും ചെയ്യും.-ഈ ഭാഗത്തിനും മറ്റു പല ഭാഗങ്ങൾക്കും പാഠഭേദം ഉള്ളത് വി. ജറോം ചൂണ്ടിക്കാണിക്കുന്നു[6]

5. St. Jerome, *Commentary on Ecclesiastes,* p.128-129.
6. St. Jerome, *Commentary on Ecclesiastes,* p.129-130

"വെള്ളിച്ചരട് പൊട്ടും" (12,6). സ്വർഗത്തിൽ നിന്ന് നൽകപ്പെട്ട ശോഭായമാനമായ ജീവനും ജീവശ്വാസവും മരണത്തോടുകൂടി തകരുന്നതിനെ ഇത് സൂചിപ്പിക്കുന്നു. "കനകപാത്രങ്ങൾ തകരും" അഥവാ, "സ്വർണ റിബൺ മുറിയും" എന്നത് ആത്മാവ് വന്നിടത്തേക്കു തന്നെ, ദൈവത്തിങ്കലേക്ക്, തിരികെ പോകുന്നതിനെ കുറിക്കുന്നു. "അരുവിയിൽ വച്ച് കുടം ഉടയും നീർത്തൊട്ടിയുടെ ചക്രം തകരും" എന്നത് മരണത്തെ കുറിക്കാൻ ആലങ്കാരികമായി പ്രയോഗിച്ചിരിക്കുന്നതാണ്. ഉടഞ്ഞ കലത്തിൽ വെള്ളമെടുക്കാനാവില്ല. കിണിറ്റിൽ നിന്ന് വെള്ളം കോരിയെടുക്കുന്ന ചക്രം തകർന്നാൽ, ജലം കോരിയെടുക്കാനാവില്ല. "ധൂളി അതിന്റെ ഉറവിടമായ മണ്ണിലേക്ക് മടങ്ങും. ആത്മാവ് തന്റെ ദാതാവായ ദൈവത്തിങ്കലേക്ക് തിരിച്ചു പോകുകയും ചെയ്യും" (12,7). - അതായത്, മനുഷ്യാത്മാവ് ദൈവത്തിൽ നിന്നാണെന്ന് വ്യക്തമായി പറയുന്നു. അധ്വാനങ്ങളുടെയെല്ലാം അവസാനം ശരീരം മണ്ണിലേക്കും ആത്മാവ് ദൈവത്തിലേക്കും മടങ്ങുന്നു.[7]

ഈ ഭൗമിക ജീവിതത്തിലുള്ളവയെല്ലാം മായയാണ് എന്ന ചിന്ത സഭാപ്രസംഗകൻ എന്ന ഗ്രന്ഥത്തിൽ ഉടനീളം ദൃശ്യമാണ്. ഗ്രീക്കു തത്വചിന്തയുടെ സ്വാധീനം ഉടനീളം കാണാം. എന്നാൽ അതേസമയം അയാൾ വിശ്വാസിയായ യഹൂദനുമാണ്. "ദൈവത്തിൽ നിന്നകന്ന് ഭക്ഷിക്കാനോ, ആനന്ദിക്കാനോ ആർക്കാണു കഴിയുക? തന്നെ പ്രസാദിപ്പിക്കുന്നവന് ദൈവം ജ്ഞാനവും  അറിവും ആനന്ദവും നൽകുന്നു" (2,25). "എല്ലാ മനുഷ്യരും ഭക്ഷിക്കുകയും പാനം ചെയ്യുകയും അധ്വാനഫലം ആസ്വദിക്കുകയും ചെയ്യുക എന്നത് ദൈവദാനമാണ്" (3,13). "ദൈവഭക്തന് എല്ലാം  ശുഭമായിരിക്കുമെന്ന് എനിക്ക് നന്നായിട്ടറിയാം. കാരണം, അവൻ ദൈവസന്നിധിയിൽ ഭക്തിയോടെ വ്യാപരിക്കുന്നു" (8,12). "ദൈവഭയമുള്ളവനായിരിക്കുക. അവിടുത്തെ കൽപ്പനകൾ പാലിക്കുക. മനുഷ്യന്റെ മുഴുവൻ കർത്തവ്യവും ഇതുതന്നെ" (12,13).

കുറേ ചിതറിയ ചിന്തകൾ ഇടയ്ക്കിടെ കാണാം. ഈ ഭൂമിയിൽ ജീവിക്കുമ്പോൾ, ദൈവം തരുന്ന നന്മകൾ നന്ദിപൂർവം സ്വീകരിച്ച് ആസ്വദിക്കാൻ ആഹ്വാനം ചെയ്യുന്നു. സ്ത്രീകളെ പറ്റിയുള്ള പരാമർശം ഇന്നത്തെ മനുഷ്യർ എങ്ങനെ സ്വീകരിക്കുമെന്ന് അറിഞ്ഞുകൂടാ.[8]

---

7. St. Jerome, *Commentary on Ecclesiastes*, p.130
8. St. Jerome, *Commentary on Ecclesiastes*, p.33-134


www.malankaralibrary.com

# 18
# സുഭാഷിതങ്ങൾ

അനുദിന ജീവിതത്തിന് ഉപയുക്തമായ നിരവധി സൂക്തങ്ങളുടെ സമാഹാരമാണ് സുഭാഷിതങ്ങൾ. പൗരസ്ത്യരുടെ ഇടയിൽ ഇത്തരം ചൊല്ലുകൾ പരക്കെ നിലനിന്നിരുന്നു. ദൈവികമായ കാഴ്ചപ്പാടോടു കൂടി പരിഷ്ക്കരിക്കപ്പെട്ട്, ബി. സി. രണ്ടാം നൂറ്റാണ്ടിൽ ഇന്നത്തെ രീതിയിൽ ഇവ അന്തിമരൂപം പ്രാപിച്ചു. പല മൊഴികളും വളരെ പുരാതനമാണ്. ഈ സുഭാഷിതങ്ങളിൽ സ്ത്രീകളെ പറ്റി ഇടയ്ക്കിടെ പരാമർശിക്കുന്നു. നല്ലവരും ദുശ്ചരിതകളും അവരുടെ പ്രവർത്തന ശൈലിയും ചർച്ചാവിഷയമാണ്.

## ശാലീനരും ദുഷ്ടരും

സ്ത്രീകളെപ്പറ്റി പൊതുവെ നിഷേധാത്മക നിലപാടാണ് കാണുക. പുരുഷമേധാവിത്വം നിലനിന്ന സമൂഹത്തിൽ പുരുഷന്മാർ രൂപീകരിച്ച മൊഴികളിൽ ഇതു കാണുന്നതിൽ ആശ്ചര്യപ്പെടാനില്ല. യുവാക്കളെയും അനുഭവജ്ഞാനം കുറഞ്ഞവരെയും മുന്നിൽ കണ്ടുകൊണ്ടാണ് ഈ സംഗതികൾ പറഞ്ഞിരിക്കുന്നത്. അഥവാ, അത്തരക്കാർ അവരുടെ ഇടയിൽ അക്കാലത്ത് കൂടുതലായി ഉണ്ടായിരുന്നിരിക്കാം. ചീത്ത പുരുഷന്മാർ ഉണ്ടായതിനാലല്ലേ ചീത്ത സ്ത്രീകൾ ഉണ്ടായതെന്ന ചോദ്യത്തിന് പ്രസക്തിയില്ലേ? ഭോഷന്മാരായ പുരുഷന്മാരെപ്പറ്റി പരാമർശിക്കുന്നെങ്കിലും, വഷളത്തം നിറഞ്ഞ സ്ത്രീകളെ ഒഴിഞ്ഞു മാറണമെന്ന് പുരുഷന്മാർക്കു നൽകുന്ന ഉപദേശത്തിനാണ് മുൻതൂക്കം!

"ദുശ്ചരിതയായ സ്ത്രീയിൽ നിന്ന്, സ്വൈരിണിയുടെ ചാടുവാക്കുകളിൽ നിന്ന്, രക്ഷപെടുക" (സുഭാ 2,16).

എന്താണ് അവളുടെ തെറ്റ്?

“അവൾ തന്റെ യൗവനത്തിലെ സഹചരനെ പരിത്യജിക്കുകയും തന്റെ ദൈവത്തിന്റെ ഉടമ്പടി വിസ്മരിക്കുകയും ചെയ്യുന്നു”.

അനന്തര ഫലമെന്ത്?

“അവളുടെ ഭവനം മരണത്തിൽ താഴുന്നു. അവളുടെ പാത നിഴലുകളുടെ ലോകത്തിലേക്ക് നയിക്കുന്നു. അവളുടെ അടുത്തേക്ക് പോകുന്നവർ മടങ്ങിവരുന്നില്ല. അവർ ജീവന്റെ പാത വീണ്ടെടുക്കുന്നുമില്ല” (സുഭാ 2,17-19).

“ദുശ്ചരിതയായ സ്ത്രീയുടെ അധരം തേൻ പൊഴിക്കുന്നു. അവളുടെ മൊഴികൾ തൈലത്തേക്കാൾ സ്നിഗ്ധമാണ്. എന്നാൽ ഒടുവിൽ അവൾ കാഞ്ഞിരം പോലെ കയ്പുള്ളവളും ഇരുതലവാൾ പോലെ മൂർച്ചയുള്ളവളുമായിത്തീരും. അവളുടെ പാദങ്ങൾ മരണത്തിലേക്ക് ഇറങ്ങുന്നു. അവളുടെ കാലടികൾ പാതാളത്തിലേക്കുള്ള മാർഗത്തിലാണ്. അവൾ ജീവന്റെ വഴി ശ്രദ്ധിക്കാതെ എങ്ങോട്ടെന്നില്ലാതെ അലഞ്ഞുതിരിയുന്നു. അവൾ അത് അറിയുന്നുമില്ല” (4,3-6) .

അതുകൊണ്ട്:

“അവളിൽ നിന്ന് അകന്നുമാറുവിൻ. അവളുടെ വാതിൽക്കൽ ചെല്ലരുത്. ചെന്നാൽ നിന്റെ സത്കീർത്തി നഷ്ടപ്പെടും. നിന്റെ ആയുസ് നിർദയർ അപഹരിക്കും. നിന്റെ സമ്പത്ത് അന്യർ അപഹരിക്കും. നിന്റെ അധ്വാനഫലം അവരുടെ വീട്ടിലെത്തും. ജീവിതാന്ത്യത്തിൽ ശരീരം ക്ഷയിച്ച് എല്ലും തോലുമായി നീ ഞരങ്ങും” (4,8-12).

എന്നിട്ട് ഗുരു ഉപദേശിക്കുന്നു:

“നിന്റെ കിണറ്റിൽ നിന്ന്, നിന്റെ ഉറവയിൽ നിന്നു മാത്രമേ വെള്ളം കുടിക്കാവൂ. നിന്റെ ഉറവകളെയും നീരൊഴുക്കുകളെയും മറുനാട്ടിലും തെരുവുകളിലും ഒഴുക്കിക്കളയരുത്. അവ നിനക്കുവേണ്ടി മാത്രമായിരിക്കട്ടെ. നിന്റെ ഉറവ, നിന്റെ യൗവനത്തിലെ ഭാര്യ, അനുഗൃഹീത ആയിരിക്കട്ടെ. അവളിൽ ആനന്ദം കൊള്ളുക”(5,15-18). തുടർന്ന് അവളുടെ ഗുണഗണങ്ങൾ നിരത്തിവയ്ക്കുന്നു (5,19).

തുടർന്ന് അയാൾ ചോദിക്കുന്നു:

“മകനേ, നീ ദുശ്ചര്യയായ സ്ത്രീക്ക് വഴിപ്പെടുകയും സൈ്വരിണിയുടെ വക്ഷസിനെ ആശ്ലേഷിക്കുകയും ചെയ്യുന്നതെന്തിന്?” (5,20).

“ദുശ്ചരിതയായ സ്ത്രീയിൽ നിന്ന്, സൈ്വരിണിയുടെ മൃദുലഭാഷണത്തിൽ നിന്ന്, കൽപ്പനയും ഉപദേശവും ശിക്ഷണത്തിന്റെ ശാസ്സനകളും നിന്നെ കാത്തുസൂക്ഷിക്കുന്നു” (6,23-24).

അത്തരക്കാരുടെ സൗന്ദര്യവും കടാക്ഷവിക്ഷേപങ്ങളും നിന്നെ വഴിതെറ്റിക്കാതിരിക്കട്ടെ. വേശ്യ കൂലി കൊണ്ട് തൃപ്തിപ്പെടുന്നു. വ്യഭിചാരിണി ജീവൻ തന്നെ വേട്ടയാടുന്നു (6,25-26).

“അയൽക്കാരന്റെ ഭാര്യയെ പ്രാപിക്കുന്നവനും സ്പർശിക്കുന്നവനും ശിക്ഷ കിട്ടും...വ്യഭിചാരിക്ക് സുബോധമില്ല. അവൻ തന്നെത്തന്നെ നശിപ്പിക്കുന്നു. ക്ഷതങ്ങളും മാനഹാനിയും ഫലം. അവന്റെ അപമാനം എന്നും നിലനിൽക്കുന്നു” (6,29.32-33).

ദുശ്ചരിതയായ സ്ത്രീയിൽനിന്ന്, മൃദുലഭാഷണം നടത്തുന്ന സൈ്വരിണിയിൽ നിന്ന്, സംരക്ഷിക്കപ്പെടാൻ ’ജ്ഞാനവും ഉൾക്കാഴ്ചയും ആവശ്യമാണ് (7,5).

ബുദ്ധിശൂന്യർ “രാത്രിയുടെയും ഇരുളിന്റെയും മറവിൽ അവളുടെ വീട്ടിലേക്കുള്ള വഴിയിലേക്ക് നീങ്ങുന്നു. അപ്പോൾ അവൾ ഉടുത്തൊരുങ്ങി അവനെ സ്വീകരിക്കാൻ വരുന്നു” (7,9-10).

തുടർന്ന് അവളുടെ പെരുമാറ്റവും സംസാരവും ഒക്കെ വിവരിക്കുന്നു:

“ഒട്ടേറെ ചാടുവാക്കുകൾ കൊണ്ട് അവൾ അവനെ പ്രേരിപ്പിക്കുന്നു...പെട്ടെന്ന് അവൻ അവളെ അനുഗമിക്കുന്നു. ജീവനാണ് തനിക്ക് നഷ്ടപ്പെടാൻ പോകുന്നതെന്ന് അവനറിയുന്നില്ല”(7,11-23).

‘‘ദുശ്ചരിതയായ സ്ത്രീയുടെ വായ് അഗാധഗർത്തമാണ്. കർതൃകോപത്തിന് ഇരയായവൻ അതിൽ നിപതിക്കും” (22,14). “വേശ്യ അഗാധഗർത്തമാണ്. സൈ്വരിണി ഇടുങ്ങിയ കിണറും. അവൾ കവർച്ചക്കാരനെപ്പോലെ പതിയിരിക്കുന്നു. അവൾ അവിശ്വസ്തരുടെ എണ്ണം വർധിപ്പിക്കുന്നു” (23,27-28).

“വേശ്യകളോട് സഹവസിക്കുന്നവൻ സമ്പത്ത് ധൂർത്തടിക്കുന്നു” (29,3). “വ്യഭിചാരിണി വിശപ്പടക്കി മുഖം തുടച്ചുകൊണ്ടു പറയുന്നു, ഞാൻ ഒരു തെറ്റും ചെയ്തില്ല.” (30,20).

"രാജാക്കന്മാരെ പാട്ടിലാക്കി നശിപ്പിക്കുന്ന സ്ത്രീകൾക്കുവേണ്ടി നിന്റെ പൗരുഷവും കഴിവുകളും ധൂർത്തടിക്കരുത്...സൗകുമാര്യം വഞ്ചന നിറഞ്ഞതും സൗന്ദര്യം വ്യർഥവുമാണ്"(31,3.30).

കലഹിക്കുന്ന ഭാര്യയെപ്പറ്റിയും മൊഴിയുന്നു:

"ഭാര്യയുടെ കലഹം തുടർച്ചയായ ചാറ്റൽമഴ പോലെയാണ്" (19,13;27,15). "കലഹക്കാരിയായ ഭാര്യയോടൊപ്പം വീട്ടിനുള്ളിൽ പാർക്കുന്നതിനേക്കാൾ മെച്ചം തട്ടിൻ പുറത്ത് ഒരു കോണിൽ കഴിഞ്ഞു കൂടുകയാണ്" (21,9; 25,24).

സുഭാഷിതങ്ങളുടെ അതേ വീക്ഷണമുള്ള പ്രയോഗം സഭാ പ്രസംഗകനും നടത്തുന്നു:

"മരണത്തേക്കാൾ കയ്പുള്ളവളാണ് നാരി എന്നു ഞാൻ മനസ്സിലാക്കി. കാരണം, അവളുടെ ഹൃദയം കെണിയും വലയുമാണ്. കൈകൾ ചങ്ങലയും. ദൈവപ്രസാദമുള്ളവർ അവളിൽ നിന്ന് രക്ഷനേടും. എന്നാൽ പാപി അവളുടെ പിടിയിൽ പെടും"(സഭാ 7,26).

"ആയിരത്തിൽ ഒരുവനെ ഞാൻ പുരുഷനായി കണ്ടു. എന്നാൽ ഒരുവളെയും സ്ത്രീയായി കണ്ടില്ല" (സഭാ 7,28).

എന്നാൽ "ശാലീനയായ സ്ത്രീ ആദരം നേടുന്നു" (സുഭാ 11,16). "ഉത്തമയായ ഭാര്യയെ കണ്ടെത്തുന്നവൻ ഭാഗ്യവാൻ. അതു കർത്താവിന്റെ അനുഗ്രഹമാണ്" (സുഭാ 18,22). "വിവേകവതിയായ ഭാര്യ കർത്താവിന്റെ ദാനമാണ്" (സുഭാ 19,14). "ഉത്തമയായ ഭാര്യ രത്നങ്ങളേക്കാൾ അമൂല്യയത്രേ" (സുഭാ 31,10). ദൈവഭക്തിയുള്ള സ്ത്രീ പ്രശംസ അർഹിക്കുന്നു" (സുഭാ 31,30).


www.malankaralibrary.com

# 19

# ദൈവത്തിന്റെ ഇസ്രായേൽ

പൂർവപിതാവായ യാക്കോബിനെ ദൈവം ഇസ്രായേൽ എന്നു വിളിച്ചു. ആ പേര് പിന്നീട് യാക്കോബിന്റെ മക്കളെ മൊത്തത്തിൽ കുറിക്കാൻ ഉപയോഗിച്ചിരുന്നു. യാക്കോബിന്റെ മക്കളുടെ രാജ്യം സോളമനു ശേഷം രണ്ടായി പിളർന്നപ്പോൾ, വടക്കുള്ള ഗോത്രങ്ങളുടെ രാജ്യത്തിന് ഇസ്രായേൽ എന്നു പേരായി. തെക്കുള്ളതിനെ യൂദയാ രാജ്യമെന്നും വിളിച്ചു. അസ്സീറിയൻ ആക്രമണത്തോടുകൂടി ഇസ്രായേൽ രാജ്യം ഇല്ലാതായി. തുടർന്ന് യാക്കോബിന്റെ മക്കളെല്ലാവരെയും ഇസ്രായേൽക്കാർ എന്നു വിളിക്കാൻ തുടങ്ങി. കഴിഞ്ഞ നൂറ്റാണ്ടിൽ യഹൂദരുടെ രാജ്യം സ്ഥാപിതമായപ്പോൾ, ഇസ്രായേൽ എന്ന് രാജ്യത്തിന് പേരിട്ടു. ഇന്ന് ഇസ്രായേൽ എന്നു പറഞ്ഞാൽ ആ രാജ്യമാണ് അറിയപ്പെടുക.

ദൈവം തെരഞ്ഞെടുത്ത് പരിപാലിച്ച ജനമായിരുന്നു ഇസ്രായേൽ. ലോകത്തിന്റെ മധ്യത്തിൽ തന്റെ പദ്ധതികളുടെ പൂർത്തീകരണത്തിനായി ദൈവം ആ ജനതയെ തെരഞ്ഞെടുത്തു. ഇസ്രായേലിന് ദൈവിക പരിപാലന ലഭിച്ചതുപോലെ മറ്റൊരു ജനതയ്ക്കും ലഭിച്ചിട്ടില്ല. ഇത്രമാത്രം ദൈവം സ്നേഹിച്ച് അനുഗ്രഹിച്ച മറ്റൊരു ജനതയുമില്ല. എന്നാൽ ദൈവത്തെ ഇത്രമാത്രം പ്രകോപിപ്പിച്ച വേറേ ജനതയുമില്ല.

അബ്രഹാമിന്റെ വിളി മുതലാണ് അവരുടെ ചരിത്രം ആരംഭിക്കുന്നതെങ്കിലും, സീനായ് മലയിലെ ദൈവികോടമ്പടിയോടു കൂടിയാണ് അവർ ഒരു ജനമായിത്തീർന്നത്. പശ്ചിമേഷ്യയിൽ കടുത്ത ദാരിദ്ര്യം ഉണ്ടായപ്പോൾ യാക്കോബും മക്കളും ഈജിപ്തിലേക്ക് കുടിയേറി. അവിടെ അവർ വലിയോരു ജനതയായിത്തീർന്നു. അപ്പോൾ ഈജിപ്തുകാർ അവരെ കഠിനമായി പീഡിപ്പിച്ചു. ദൈവം അവരെ മോശയുടെ

നേതൃത്വത്തിൽ ആ അടിമത്തത്തിൽ നിന്ന് വിടുവിച്ച് കനാൻ നാട്ടിലെത്തിച്ചു.

അടിമകളായിരുന്ന ജനം മരുഭൂമിയിലൂടെയുള്ള നാൽപ്പതു വർഷത്തെ അലഞ്ഞു തിരിയലിലൂടെ യുദ്ധവീരന്മാരായി. ഇതൊരത്ഭുത സംഭവമാണ്. ചുറ്റുമുള്ളവരോട് യുദ്ധം ചെയ്യാൻ പ്രാപ്തിയുള്ളവരായി. ഈജിപ്തിൽ നിന്ന് നേരേ കനാൻ നാട്ടിലെത്തിയിരുന്നെങ്കിൽ, നാട്ടുകാർ അവരെയെല്ലാം കശാപ്പു ചെയ്യുമായിരുന്നു. അപ്പോൾ ആ അലഞ്ഞു തിരിയൽ ദൈവിക പരിപാലനയുടെ ഭാഗമായിരുന്നു എന്നു സാരം. ദൈവം അവരെ മരുഭൂമിയിൽ നാൽപ്പതു വർഷം മന്നായും കാടപ്പക്ഷിയും പാറയിലെ ജലവും നൽകി പരിപാലിച്ചു.

സീനായ് മലയിൽ വച്ച് അവർ ദൈവവുമായി ചെയ്ത ഉടമ്പടിയനുസരിച്ച് യാഹ്വെയെ (കർത്താവിനെ) അവരുടെ ദൈവമായി അവർ അംഗീകരിച്ചു. ദൈവം അവരെ തന്റെ സ്വന്തം ജനമായി തെരഞ്ഞെടുത്തു. മുൾപ്പടർപ്പിൽ മോശയ്ക്ക് കാണപ്പെട്ട ദൈവത്തിന് എന്നും ആരാധന അർപ്പിക്കുമെന്ന് അവർ തീരുമാനിച്ചു. എന്നാൽ ഈ മരുഭൂവാസകാലത്തും അവരിൽ അനേകർ അവിശ്വസ്തരായിരുന്നു. അവർ ചുറ്റുമുള്ളവരുമായി ഇടകലർന്ന് വിഗ്രഹാരാധനയിലേക്ക് തിരിഞ്ഞു. മോശ മലയിലേക്ക് കയറിപ്പോയപ്പോൾ അവർ കാളക്കുട്ടിയെ വാർത്തുണ്ടാക്കി, അതിന്റെ മുമ്പിൽ തുള്ളിച്ചാടി. ദൈവം അവരെ അതിന് ശാസിക്കുകയും ശിക്ഷിക്കുകയും തിരുത്തുകയും ചെയ്തു.

ഇസ്രായേൽക്കാർ കനാൻ നാട്ടിലെത്തി അവിടെ പാർത്തിരുന്നവരെ പരാജയപ്പെടുത്തി ആ നാട് കൈവശമാക്കി. അവിടെ ദൈവത്തെ അറിഞ്ഞ നാളുകളിൽ അവർക്ക് സമൃദ്ധമായ അനുഗ്രഹവർഷം ഉണ്ടായി. ദൈവത്തെ വിട്ട് വിഗ്രഹാരാധനയിലേക്കും നീതി നിഷേധത്തിലേക്കും തിരിഞ്ഞപ്പോൾ, ചുറ്റുമുള്ള ശത്രുക്കൾ അവരെ കീഴടക്കി പ്രഹരിച്ചു.

ദാവീദിന്റെ ഭരണം ഐശ്വര്യപൂർണമായിരുന്നു. സോളമൻ ജ്ഞാനി ആയിരുന്നെങ്കിലും, ഭാര്യമാർ വഴി വിഗ്രഹാരാധന നിലവിൽ വന്നു. തദ്ഫലമായി രാജ്യം ശിഥിലമായി. അങ്ങനെയാണ് യൂദയാ എന്നും ഇസ്രായേൽ എന്നും രാജ്യം രണ്ടായി പിളർന്നത്.

യൂദയാരാജ്യം ജറുസലേം ദൈവാലയം കേന്ദ്രീകരിച്ച് അനുഷ്ഠാനങ്ങൾ നടത്തി. എങ്കിലും ദൈവം നിശ്ചയിച്ച ആത്മീയാരാധനയിൽ

നിന്നകന്ന് നിയമത്തിന്റെ നൂലാമാലകളിൽ മനുഷ്യരെ വരിഞ്ഞുമുറുക്കി. നീതിക്ക് സ്ഥാനമില്ലാതായി. ഫരിസേയരും നിയമജ്ഞരും പുരോഹിതന്മാരുമെല്ലാം വഴിപിഴച്ചു. ബാഹ്യമായി മതകർമങ്ങളും മൂകജന്തുക്കളുടെ ബലിയുമൊക്കെയായി അവർ കഴിഞ്ഞുകൂടി.

സമറിയാ കേന്ദ്രമാക്കിയുള്ള ഇസ്രായേൽ രാജ്യം പാടേ വിഗ്രഹാരാധനയിൽ നിപതിച്ചു. ബാൽ ദേവന്റെ ആരാധന സാർവത്രികമായി. അതോടൊപ്പം ധാർമികാധഃപതനവും സംഭവിച്ചു. ഇതിന്റെ ശിക്ഷയായി അവർ അസ്സീറിയായിലേക്ക് നാടുകടത്തപ്പെട്ടു. അവരുടെ രാജ്യം അസ്തമിച്ചു.

യൂദയാ രാജ്യം ദൈവത്തിൽ നിന്നകന്നപ്പോൾ, ബാബിലോണിയാക്കാർ (കൽദായർ) അവരെ പരാജയപ്പെടുത്തി ബാബിലോണിലേക്ക് കൊണ്ടുപോയി. രണ്ടുകൂട്ടരും സർവതും നഷ്ടപ്പെട്ട് അടിമകളായി വിപ്രവാസത്തിൽ കഷ്ടപ്പെടേണ്ടിവന്നു. അപ്പോൾ അവർ ദൈവത്തെ വിളിച്ചപേക്ഷിച്ചു. അവരുടെ കഷ്ടതയിൽ ദൈവം കണ്ണുതുറന്നു. ദൈവം മേദ്യരെ ഉയർത്തി. അവർ കൽദായരെ പരാജയപ്പെടുത്തി പേർഷ്യൻ സാമ്രാജ്യം സ്ഥാപിച്ചു. അവർ അടിമകൾക്കെല്ലാം സ്വാതന്ത്ര്യം നൽകി. അങ്ങനെ നിരവധിയാളുകൾ സ്വന്തനാട്ടിൽ തിരിച്ചെത്തി ദൈവാലയം പുതുക്കി പണിത് ആരാധന പുനരാരംഭിച്ചു.

നാട്ടിൽ വന്ന് പച്ചപിടിച്ചു കഴിഞ്ഞപ്പോൾ മാസിഡോണിയാക്കാരൻ (ഗ്രീക്കുകാരൻ) അലക്സാണ്ഡർ പലസ്തീനാ പിടിച്ചടക്കി. ഗ്രീക്ക് ഭരണാധികാരികൾ യഹൂദരെ പീഡിപ്പിക്കുകയും ദൈവാലയം അശുദ്ധമാക്കുകയും സേവൂസ് എന്ന ഗ്രീക്കുദേവന്റെ പ്രതിമ ദൈവാലയത്തിൽ സ്ഥാപിക്കുകയും ചെയ്തു. ഇക്കാലത്ത് മക്കബായരുടെ നേതൃത്വത്തിൽ യഹൂദർ ഗ്രീക്കുകാർക്കെതിരെ പോരാട്ടം നടത്തി. ഈജിപ്തിലും സിറിയായിലും ഭരിച്ചിരുന്ന ഗ്രീക്കു ഭരണാധിപന്മാരുടെ കീഴിൽ കടുത്ത ഞെരുക്കത്തിൽ യഹൂദർ കഴിഞ്ഞുകൂടി. ഇടയ്ക്കിടെ അവർക്കെതിരെ ജനമുന്നേറ്റങ്ങൾ ഉണ്ടായെങ്കിലും അവയെല്ലാം അടിച്ചമർത്തപ്പെട്ടു.

ഇസ്രായേലിലെ പ്രവാചകന്മാരുടെ വീക്ഷണത്തിൽ, ഈ കടന്നാക്രമണങ്ങൾക്കെല്ലാം കാരണം ജനത്തിന്റെ അവിശ്വസ്തതയാണ്. അവർ ദൈവത്തെ മറന്നു. തദ്ഫലമായി നീതിനിഷേധം സാർവത്രികമായി. ജനം സാമൂഹ്യനീതി വിസ്മരിച്ചു. പ്രവാചക വചനത്തിന് ജനം ചെവിക്കൊണ്ടില്ല. അപ്പോൾ അവരെ നേരായ പാതയിലേക്കു നയിക്കാൻ അടിമത്തം ആവശ്യമായിരുന്നു.

റോമാക്കാരനായ പോംപെ ബിസി. 63-ൽ പലസ്തീനാ കീഴടക്കി റോമൻ സാമ്രാജ്യത്തിൽ ചേർത്തു. യേശു ജനിച്ചപ്പോൾ (ബിസി. 7-6), ഹേറോദേസായിരുന്നു പലസ്തീനായിലെ രാജാവ് (ബി.സി. 40-ഏ.ഡി.4) യേശുവിനെ ജറുസലേമിലേമിലെ യഹൂദരും റോമൻ പ്രൊക്കുറേറ്ററായ പീലാത്തോസും കൂടി കുരിശിൽ തറച്ചുകൊന്നു. അതിനു ശേഷമുണ്ടായ ലഹളകളിൽ നിരവധി യഹൂദർ കൊല്ലപ്പെട്ടു. ഏ.ഡി. 69/70, 135 എന്നീ വർഷങ്ങളിൽ റോമാക്കാർ ജറുസലേം തകർത്തു തരിപ്പണമാക്കി. ദൈവാലയം ഇടിച്ചുനിരത്തി, ജറുസലേമിനു ചുറ്റുമുള്ള പ്രദേശങ്ങൾ മരുഭൂമിയാക്കി. നിരവധി പേരേ കൊന്നു, ബാക്കി ജനത്തെ റോമാ സാമ്രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിലേക്ക് നാടു കടത്തി. യൂദന്മാർ ജറുസലേമിൽ കയറുന്നത് നിരോധിച്ചു. ഏലിയാ കാപ്പിത്തൊളീനാ എന്ന ഒരു റോമൻ കോളനി ജറുസലേമിന്റെ സ്ഥാനത്ത് സ്ഥാപിച്ച്, ഗ്രീക്കു കാരെ അവിടെ കുടിയിരുത്തി. രണ്ടാം ലോകമഹായുദ്ധം വരെ യഹൂദർ ലോകത്തിലെ വിവിധ രാജ്യങ്ങളിൽ പരദേശികളായി കഴിഞ്ഞു. രണ്ടാം ലോകമഹായുദ്ധത്തിൽ അവർക്ക് വലിയ കഷ്ടനഷ്ടങ്ങളും ആൾനാശ വും ഉണ്ടായി.

എത്ര നൂറ്റാണ്ടുകൾ അവർ അലഞ്ഞുനടന്നു! എന്തിനായിരുന്നിത്? അവർ കടന്നുചെന്ന നാടുകളിലെല്ലാം അവർ വൻശക്തിയായി ത്തീർന്നു. റഷ്യ, പോളണ്ട്, ജർമനി, യു.എസ്.ഏ. തുടങ്ങിയ രാജ്യങ്ങളിൽ അവർ നിർണായകശക്തി ആയിത്തീർന്നു. ലോകപ്രശസ്തരായ ശാസ്ത്രജ്ഞന്മാരും പണ്ഡിതന്മാരും കണ്ടുപിടുത്തക്കാരുമെല്ലാം ഈ യഹൂദരായിരുന്നു.

യുദ്ധാനന്തരം അവർ കനാൻ നാട്ടിലെത്തി അവിടെ പാർത്തിരുന്ന വരെ തുരത്തിയിട്ട്, ഇസ്രായേൽ എന്ന രാജ്യം സ്ഥാപിച്ചു. ഇന്നത്തെ ഇസ്രായേൽ രാജ്യം ലോകത്തിൽ ഒരു നിർണായകശക്തി ആയിത്തീർന്നു. ചുറ്റുമുള്ള ധനാഢ്യരായ അറബികളുടെ ഇടയിൽ തല ഉയർത്തി നിൽ ക്കാനുള്ള കഴിവ് അവർക്കുണ്ടായി. ബൗദ്ധികമായും സൈനികമായും അവരിന്ന് വൻശക്തിയാണ്. എന്തിനാണ് ദൈവം ദീർഘനാൾ അവരെ ലോകരാഷ്ട്രങ്ങൾക്കിടയിൽ ചിതറിച്ചത്? എന്തിനാണ് ജർമനിയിലും പോളണ്ടിലും ഇത്രയധികം യഹൂദരെ കൂട്ടക്കുരുതി നടത്തിയത്? മനുഷ്യ രായ നമുക്ക് ഇതിനെല്ലാം ഉത്തരം നൽകാൻ സാധ്യമല്ലെങ്കിലും ദൈവിക പദ്ധതിയിൽ ഇതിനൊക്കെ സ്ഥാനമുണ്ടായിരുന്നു.

(1) യൂദയാ, ഇസ്രായേൽ എന്നിങ്ങനെ രണ്ടായി തിരിഞ്ഞുള്ള വിഭജനം അവസാനിച്ചു. ഇപ്പോൾ അവർ ഒറ്റജനമായി. അതായിരുന്നു ദൈവിക പദ്ധതി.

(2) അവർ പലസ്തീനായിൽ തന്നെ കഴിഞ്ഞിരുന്നെങ്കിൽ, ജറുസലേം ദൈവാലയം റോമാക്കാർ തകർക്കാതിരുന്നെങ്കിൽ, യഹൂദർ പഴയ മൃഗബലികൾ തുടരുമായിരുന്നു. അതിന് അന്ത്യം കുറിക്കേണ്ടത് ആവശ്യമായിരുന്നു.

(3) അവർ അവിടെത്തന്നെ കഴിയുകയും ക്രിസ്ത്യാനികൾ ആകുകയും ചെയ്തിരുന്നെങ്കിൽ, ക്രിസ്തുമതത്തിന് മറ്റൊരു മുഖച്ഛായ ഉണ്ടാകുമായിരുന്നു. അത് വിജാതിയരുടെ മാനസ്സാന്തരത്തിന് വലിയ തടസ്സമാകുമായിരുന്നു.

(4) പിന്നീട് ഉയർന്നുവന്ന അറബി-ഇസ്ലാം മുന്നേറ്റത്തിൽ പിടിച്ചു നിൽക്കാൻ കഴിയാതെ അവർ തകർക്കപ്പെടുമായിരുന്നു. അത്ര ക്രൂര മായിരുന്നു അവരുടെ മുന്നേറ്റം. യമനിലും അറേബ്യൻ രാജ്യങ്ങളിലു മുണ്ടായിരുന്ന യഹൂദർക്ക് സംഭവിച്ചതു പോലെ പലസ്തീനിയൻ യഹൂ ദർക്കും സംഭവിക്കുമായിരുന്നു. തങ്ങളോട് ചേരാത്തവരെയൊക്കെ വെട്ടിവീഴ്ത്തുന്ന രീതിയായിരുന്നു അറബികളുടേത്. അങ്ങനെയാണ ല്ലോ പുരാതന റോമൻ പ്രവിശ്യകൾ ഒന്നൊന്നായി അവർ പിടിച്ചടക്കി, അവിടെ പാർത്തിരുന്ന ക്രിസ്ത്യാനികളെ വകവരുത്തിയത്. അതിന്റെ കീഴിൽ നശിക്കാതെ ദൈവം ഇസ്രായേലിനെ സംരക്ഷിച്ചു. നൂറു ശതമാനം ക്രിസ്ത്യാനികളുണ്ടായിരുന്ന പശ്ചിമേഷ്യൻ-ഉത്തര ആഫ്രിക്കൻ രാജ്യങ്ങളിൽ ഇപ്പോൾ ക്രിസ്ത്യാനികൾ നാമമാത്രമായ അസ്തിത്വ ത്തിലേക്ക് താണുപോയി. ഇത് യഹൂദർക്ക് സംഭവിക്കാതെ ദൈവം കാത്തുരക്ഷിച്ചു.

(5) രണ്ടാം ലോകമഹായുദ്ധം ഉണ്ടായില്ലെങ്കിൽ, വിവിധ രാജ്യ ങ്ങളിൽ പാർത്ത് സമ്പന്നരായിത്തീർന്ന യഹൂദർ പലസ്തീനയിൽ തിരികെ എത്തുമായിരുന്നില്ല, ഇസ്രായേൽ രാജ്യം സ്ഥാപിക്കുമായി രുന്നില്ല. ദൈവികപദ്ധതിയിൽ അവർ വീണ്ടും കൂട്ടിച്ചേർക്കപ്പെടേണ്ടത് ആവശ്യമായിരുന്നു. എന്നാൽ അതിന് ലക്ഷക്കണക്കിന് മനുഷ്യർ കഠിന യാതന അനുഭവിക്കണമായിരുന്നോ എന്ന ചോദ്യം അവശേഷിക്കുന്നു. “തങ്ങൾ കുത്തിത്തുളച്ചവനെ അവർ നോക്കുന്നതിനും, ഏക ജാതനെ എന്നപോലെ അവനെ പ്രതി കരയുന്നതിനും” അവരുടെ കൂടിച്ചേരൽ അത്യന്താപേക്ഷിതമാണ്.

നൂറ്റാണ്ടുകൾ കഴിഞ്ഞിട്ടും ദൈവം അവരെ തള്ളിക്കളഞ്ഞിട്ടില്ല. എന്നാൽ മുമ്പ് ഇസ്രായേലിന് ചുറ്റുമുണ്ടായിരുന്ന ശത്രുരാജ്യങ്ങളെല്ലാം അറബി-മുസ്ലീം മലവെള്ളപ്പാച്ചിലിൽ ഒലിച്ചുപോയി. യഹൂദരെ രക്ഷ യിൽ നിന്ന് അകറ്റി നിർത്തിയ കർത്താവു തന്നെ, അവരെ വീണ്ടും

ഒട്ടിച്ചുചേർക്കും. കാട്ടുചെടിയെ നല്ല ഒലിവുമരത്തിൽ ഒട്ടിച്ചു ചേർത്ത ദൈവത്തിന്, നല്ല ഒലിവായിരുന്ന ഇസ്രായേലിനെ വീണ്ടും ഒട്ടിക്കാൻ എത്രയോ എളുപ്പമാണ് (റോമ 11).

നസ്രായനേശു തന്നെയാണ് പ്രവാചകന്മാർ പ്രവചിച്ചതും ഇസ്രായേൽ പ്രതീക്ഷിച്ചിരുന്നതുമായ മിശിഹായെന്നുള്ള അവബോധം അവർക്കുണ്ടാകുകയും അവർ യേശുവിനെ മിശിഹാ ആയി അംഗീ കരിക്കുകയും ചെയ്യും. ഇത് ലോകത്തിൽ വലിയ മാറ്റത്തിന് വഴിയൊ രുക്കും. ഇത് ലോകത്തെ മുഴുവൻ ഉണർത്തും. യേശുവിലേക്ക് തിരി യാൻ ഇത് അവർക്കിടയാക്കും. ഇസ്രായേൽ ലോകജനതകൾക്കിടയിൽ ഉയർന്നു നിൽക്കും. അവരുടെ ക്രിസ്തുമതത്തിന്റെ മുഖം മറ്റൊന്നാ യിരിക്കും. പരമ്പരാഗത ക്രിസ്തുമതവും യഹൂദക്രിസ്തുമതവും ഒരേ ലക്ഷ്യത്തിലേക്ക് കുതിക്കുന്ന രണ്ട് കൈവഴികൾ ആയിരിക്കും. അതൊരു നനവസൃഷ്ടിയായിരിക്കും.

മഹത്വത്തിന്റെ കർത്താവും (1കൊറി 2,8) വിശ്വസ്ത പുരോഹി തനും (1സാമു 2,35) ഇസ്രായേലിന്റെ മഹത്വവുമായ (വിലാ 2,1; 1സാമു 15,29; 1ദിന 22,9) നമ്മുടെ കർത്താവേശുമിശിഹാ ദൈവത്തിന്റെ ഇസ്രായേൽ എന്ന് വിളിക്കപ്പെടുന്നു. യഥാർഥ ഇസ്രായേൽ അവിടു ന്നാണ്.

ക്രിസ്തുവിനെ അംഗീകരിച്ചവർ പുതിയ ഇസ്രായേൽ എന്ന് വിളി ക്കപ്പെടുന്നു. "ദൈവത്തിന്റെ ഇസ്രായേൽ' എന്ന് വി. പൗലോസ് ശ്ലീഹാ ഗലാത്യലേഖനത്തിൽ വിളിക്കുന്നത് ഈ ജനത്തെയാണ്: "ദൈവ ത്തിന്റെ ഇസ്രായേലിന് സമാധാനവും കാരുണ്യവും ഉണ്ടാകട്ടെ" (6,16). ഇത് സങ്കീർത്തനം 125,5 നമ്മെ അനുസ്മരിപ്പിക്കുന്നു: "ഇസ്രായേലിൽ സമാധാനം നിലനിൽക്കട്ടെ".

# ഭാഗം - 2

# 1

## യേശുനാമ മന്ത്രം

യേശുനാമം സൗഖ്യദായകമാണ്: "യേശുവേ, എന്നിൽ കനിയണമെ" എന്ന് നിലവിളിച്ചവർക്കെല്ലാം യേശു ഉത്തരമരുളി. "ദാവീദിന്റെ പുത്രനായ യേശുവേ, എന്നിൽ കനിയണമേ" എന്ന് അന്ധൻ പ്രാർഥിച്ചപ്പോൾ, അവനു സൗഖ്യം കിട്ടി (മർക്കോ 10,47). അതുപോലെ യേശുവിനെ നോക്കി "യേശുവേ, ഗുരോ, ഞങ്ങളിൽ കനിയണമെ" എന്ന് വിളിച്ചപേക്ഷിച്ച പത്തു കുഷ്ഠരോഗികൾക്കും സൗഖ്യം ലഭിച്ചു (ലൂ 17,13) "കർത്താവേ, അങ്ങേക്ക് മനസ്സുണ്ടെങ്കിൽ എന്നെ ശുദ്ധനാക്കുവാൻ കഴിയും" എന്ന് വിശ്വാസപ്രഖ്യാപനം നടത്തിയവനും (മത്താ 8,3; മർക്കോ 1,40) "കർത്താവേ, എന്റെ പുത്രനിൽ കനിയണമെ" എന്നപേക്ഷിച്ചവനും (മത്താ 17,15) അനുഗ്രഹം കിട്ടി. യേശുവിന്റെ പാദത്തിൽ വന്നിരുന്ന് കരഞ്ഞ പാപിനിയും സന്തോഷത്തോടെ തിരികെ പോയി (ലൂ.7,36-50). കല്ലേറു കൊണ്ട് പിടഞ്ഞു മരിക്കുമെന്ന് കരുതിയവൾ യേശുവിന്റെ പക്കൽ നിന്ന് സന്തുഷ്ടയായി തിരികെപ്പോയി (യോഹ 8,1-11). അതുപോലെ നിരവധി സംഭവങ്ങൾ സുവിശേഷത്തിൽ നാം വായിക്കുന്നു,.

തന്നെ സമീപിച്ചവർക്കെല്ലാം യേശു സൗഖ്യദാതാവായിരുന്നു: "എന്റെ അടുത്തു വരുന്നവനെ ഞാൻ ഒരു നാളും തള്ളിക്കളയുകയില്ല" എന്ന് സ്പഷ്ടമായി അവിടുന്ന് അറിയിച്ചു.വിശ്വാസത്തോടുകൂടെ യേശുവിനെ സമീപിച്ചവരൊക്കെ സ്വീകൃതരായി, പാപവിമുക്തരായി, സൗഖ്യം പ്രാപിച്ചവരായി, അവന്റെ പിന്നാലെ പോയി.

ഇന്ന് യേശുക്രിസ്തു ആത്മാവായി, ജീവദാതാവായി, മഹത്വീകൃതനായി, കൂടുതൽ ശക്തിമാനായി, മഹോന്നതനായി, നമ്മുടെയെല്ലാം

മധ്യസ്ഥനായി, പിതാവിന്റെ വലത്തുഭാഗത്തിരിക്കുന്നു. "യേശുക്രിസ്തു ഇന്നലെയും ഇന്നും എന്നും ഒരാൾ തന്നെ"(എബ്രാ 13,8). അവന് മാറ്റമില്ല. അവൻ സത്യവാനും വാഗ്ദാനങ്ങളിൽ വിശ്വസ്തനുമാണ്. അവൻ വാക്കു മാറ്റി പറയുന്നവനല്ല. അവൻ സർവശക്തനും സ്നേഹസമ്പന്ന നും മനുഷ്യസ്നേഹിയും കാരുണ്യവാനും അനുകമ്പയുള്ളവനും എല്ലാം പൊറുക്കുന്നവനുമാണ്. അവൻ നമ്മുടെ രക്ഷകനും നാഥനും നിയന്താവും നമുക്കെല്ലാം ഉപരിനന്മ കാംക്ഷിക്കുന്നവനുമാണ്.

നിങ്ങൾ ഏതു ജാതിയിൽ പെട്ട ആളായിരുന്നാലും, ഏതു മത ത്തിൽ പെട്ട ആളായിരുന്നാലും, ഏതു വിഭാഗത്തിൽ പെട്ട ആളായി രുന്നാലും, ഏതു രാജ്യത്തിൽ പെട്ട ആളായിരുന്നാലും, വിശ്വാസപൂർവം യേശുവിനെ വിളിച്ചപേക്ഷിച്ചാൽ, നിശ്ചയമായും സത്യമായും നിങ്ങൾക്ക് മറുപടി കിട്ടും. "എനിക്ക് ഇത് ചെയ്യാൻ കഴിവുണ്ടെന്ന് നീ വിശ്വസി ക്കുന്നുവോ?" എന്നാണ്, തന്നെ സമീപിച്ചവരോട് അവിടുന്ന് ആരാഞ്ഞത്. യേശു സർവശക്തനാണെന്നും നമ്മെ സ്നേഹിക്കുന്നെന്നും നമുക്ക് ഉത്തരമരുളുമെന്നും ഉറച്ചു വിശ്വസിക്കുന്നവർക്ക് യേശു സമീപസ്ഥ നാണ്. എന്നിട്ട് നിങ്ങളുടെ യാചനകൾ അവിടുത്തെ സമക്ഷം സമർപ്പിച്ചു കൊള്ളൂ. നിങ്ങൾ അത്ഭുതങ്ങൾ ദർശിക്കും.

ശാരീരികമോ, മാനസ്സികമോ, ആത്മീയമോ ആയ അസ്വസ്തതകൾ ഉള്ളപ്പോൾ, കൈ നെഞ്ചത്ത് ചേർത്തു വച്ച് *യേശുവേ* എന്ന് ഈ പരി പാവനനാമം കുറേ നേരം ഉച്ചരിക്കുക. ശാന്തമായിരുന്ന് ഈ മഹോന്നത വും ശ്രേഷ്ഠവും അതുല്യവുമായ നാമം കുറേ നേരം ചൊല്ലി നോക്കുക. രോഗം വരുമ്പോൾ ആദ്യം യേശുവിനെ സമീപിക്കുക. രോഗം യേശു വിന്റെ കുരിശിൻ ചുവട്ടിൽ സമർപ്പിക്കുക. യേശുവിനെ വിളിച്ചപേക്ഷി ക്കുക. "യേശുവേ, ദാവീദിന്റെ പുത്രാ, എന്നിൽ കനിയണമെ," എന്നോ, "ദൈവപുത്രനായ യേശുവേ, പാപിയായ എന്നിൽ കനിയണമെ" എന്നോ തുടർച്ചയായി ചൊല്ലുന്നത് നല്ലതാണ്. യേശു നാമം മാത്രം ഉച്ചരിക്കു ന്നതും സൗഖ്യദായകമാണ്. യേശുനാമം നമ്മെ വ്യത്യസ്ത വ്യക്തി കളാക്കും. അവിടുത്തേക്ക് എന്നുമെന്നേക്കും മഹത്വം ഉണ്ടായിരിക്കട്ടെ.


www.malankaralibrary.com

# 2

# പരിശുദ്ധനായ ദൈവം

ഭൂവാനങ്ങൾ അനവരതം ദൈവത്തിന്റെ പരിശുദ്ധി പ്രകീർത്തിക്കുന്നു. സ്വർഗീയമാലാഖമാർ ഇടതടവില്ലാതെ, പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ എന്ന് ഉദ്ഘോഷിക്കുന്നു. നാമും സഭയിലെ ആരാധനാവസരങ്ങളിലെല്ലാം “ദൈവം പരിശുദ്ധനാകുന്നു” എന്ന് പ്രഘോഷിക്കുന്നു. “നിങ്ങളെ വിളിച്ചവൻ പരിശുദ്ധനായിരിക്കുന്നതു പോലെ നിങ്ങളും പരിശുദ്ധരായിരിക്കുവിൻ” എന്ന് തിരുലിഖിതം അനുശാസിക്കുന്നു (1പത്രോ 1,15). ലേവ്യപുസ്തകം ഉടനീളം ദൈവത്തിന്റെ പരിശുദ്ധിയെപ്പറ്റി സംസാരിക്കുന്നു (ലേവ്യ 11,44.45; 19,2; 20,7.26; 21,8.15; 22,9.16.32)

ദൈവത്തിന്റെ അടിസ്ഥാന സവിശേഷതയാണ് പരിശുദ്ധി. ഇതു നാം തിരിച്ചറിയുകയും അംഗീകരിക്കുകയും ദൈവത്തെ ജീവിതത്തിലൂടെ മഹത്വപ്പെടുത്തുകയും വേണം. ദൈവത്തെ ആരാധിക്കുക, ദൈവം ചെയ്ത നന്മകൾ അനുസ്മരിച്ച് നന്ദി പറയുകയും ധ്യാനിക്കുകയും ചെയ്യുക, ദൈവഹിതാനുസൃതം ജീവിക്കുക എന്നിവ പരിശുദ്ധിക്ക് ചേർന്നതാണ്. ദൈവവുമായി നമുക്കുള്ള ബന്ധം മനസ്സിലാക്കി ജീവിക്കാനുള്ള ആഹ്വാനം, ദൈവനാമം “പരിശുദ്ധമാക്കപ്പെടണമെ” എന്നതിൽ അടങ്ങിയിരിക്കുന്നു. നാം ദൈവമക്കളാണ്. മക്കളായ നാം ദൈവത്തിന് നിരന്തരമായി മഹത്വം നൽകാൻ കടപ്പെട്ടിരിക്കുന്നു.

“തിരുനാമം പരിശുദ്ധമാക്കപ്പെടണമെ” എന്ന പ്രാർഥനയുടെ അർഥം, എല്ലാവരാലും തിരുനാമം പരിശുദ്ധമാക്കപ്പെടുന്ന, മഹത്വീകരിക്കപ്പെടുന്ന, സാഹചര്യം സംജാതമാകണമെ എന്നാണ്. മക്കളുടെ ജീവിതശൈലി മറ്റുള്ളവർക്ക്, പിതാവിന് മഹത്വം നൽകാൻ പ്രേരകമാകണം. ദൈവനാമത്തെ അനാദരിക്കരുത്, അനീതിയും ദുഷ്ടതയും വച്ചുപുലർ

ത്തരുത്, ദൈവദൂഷണം നടത്തരുത് തുടങ്ങിയ കാര്യങ്ങൾ ഇതിൽ അടങ്ങിയിരിക്കുന്നു. തങ്ങളുടെ ജീവിതത്തിലൂടെ പിതൃനാമത്തിന് കളങ്കമേൽക്കാൻ സാധ്യതയുള്ള സമസ്ത തിന്മകളിൽ നിന്നും അകറ്റണമെ എന്ന യാചനയും ഇതിൽ ഉൾക്കൊണ്ടിരിക്കുന്നു. പിതാവിന്റെ നാമത്തെ മഹത്വപ്പെടുത്താൻ എല്ലാവരെയും ആനയിക്കാൻ കൃപ നൽകണമെ എന്നും അർഥം പറയാം.[1]

മലങ്കര ആരാധനക്രമത്തിൽ നാം ദൈവത്തിന്റെ പരിശുദ്ധി പ്രകീർത്തിക്കുന്നു. വിശുദ്ധ കുർബാനയുടെ പരസ്യാരാധനയുടെ ആരംഭത്തിൽ തന്നെ "ദൈവമേ, നീ പരിശുദ്ധനാകുന്നു, ബലവാനേ, നീ പരിശുദ്ധനാകുന്നു, മരണമില്ലാത്തവനേ, നീ പരിശുദ്ധനാകുന്നു" എന്ന ത്രൈശുദ്ധകീർത്തനം നാം ആലപിക്കുന്നു. ഇതിന്റെ പൂർവരൂപം, "പരിശുദ്ധനായ ദൈവമേ, പരിശുദ്ധനായ ബലവാനേ, പരിശുദ്ധനായ അമർത്യനേ, ഞങ്ങളെ അനുഗ്രഹിക്കണമെ" എന്നാണ്.

ദൈവത്തിന്റെ പരിശുദ്ധി നാം പ്രകീർത്തിക്കുമ്പോൾ, ഇവിടെ നാം എന്താണ് വിവക്ഷിക്കുന്നത്? ദൈവം പരിശുദ്ധി ആയിരിക്കുമ്പോൾ തന്നെ മക്കളായ നാം പാപികളും ബലഹീനരുമാണെന്നും നമ്മെ താങ്ങിക്കൊള്ളണമെന്നും ദൈവത്തിന്റെ പരിശുദ്ധിയിൽ ഭാഗഭാക്കുകൾ ആക്കണമെന്നും നാം പ്രാർഥിക്കുകയാണ് ചെയ്യുന്നത്. അതായത്, ദൈവത്തിന്റെ പരിശുദ്ധി പ്രകീർത്തിക്കുന്നതോടൊപ്പം, നാം നമ്മുടെ ബലഹീനത ഏറ്റുപറഞ്ഞുകൊണ്ട് നമ്മുടെ സമസ്ത പ്രത്യാശയും ദൈവത്തിൽ വയ്ക്കുന്നു. ദൈവം തരുന്ന പരിശുദ്ധി മാത്രമേ നമുക്കുള്ളു. അതിൽ ഭാഗഭാഗിത്വം നൽകണമെ എന്ന് നാം യാചിക്കുകയും അപേക്ഷിക്കുകയും ചെയ്യുന്നു.

ധൂപക്കുറ്റി വാഴ്ത്തുമ്പോഴും നാം ദൈവത്തിന്റെ പരിശുദ്ധിയുടെ പ്രഘോഷണം നടത്തുന്നു. "പരിശുദ്ധനായ പിതാവ് പരിശുദ്ധൻ, പരിശുദ്ധനായ പുത്രൻ പരിശുദ്ധൻ, ജീവപ്രദനായ പരിശുദ്ധാത്മാവ് പരിശുദ്ധൻ" എന്ന് നാം പ്രകീർത്തിക്കുന്നു. ഈ പരിശുദ്ധനായ ദൈവം മനസ്സലിവു തോന്നി നമ്മെ അനുഗ്രഹിക്കുന്നവനാകുന്നു എന്നും കൂട്ടിച്ചേർത്തു ചൊല്ലുന്നു. ഇത് വലിയൊരു വിശ്വാസപ്രഖ്യാപനമാണ്.

1. ഹെൻറി പട്ടരുമഠത്തിൽ, മലയിലെ പ്രസംഗം-വിശകലനവും വ്യാഖ്യാനവും, പേ. 147-150)

 www.malankaralibrary.com

"സ്വർഗീയസൈന്യങ്ങൾ പരിശുദ്ധൻ എന്ന് ഉച്ചത്തിൽ പാടി മഹത്വപ്പെടുത്തുന്ന ദൈവത്തെ നമുക്കും മഹത്വപ്പെടുത്താം" എന്ന് സ്ഥാപക വചനങ്ങൾക്കു മുമ്പ് പുരോഹിതൻ ആഹ്വാനം ചെയ്യുന്നു. "തന്റെ മഹത്വത്താൽ ആകാശവും ഭൂമിയും നിറഞ്ഞിരിക്കുന്ന ബലവാനായ ദൈവം തമ്പുരാൻ പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ. ഉന്നതങ്ങളിൽ ഓശാന" എന്നു ജനം പ്രത്യുത്തരിക്കുന്നു. തദവസരം പുരോഹിതൻ ഇപ്രകാരം രഹസ്യപ്രാർഥന ചൊല്ലുന്നു: "ലോകങ്ങളുടെ രാജാവേ, നീ യഥാർഥത്തിൽ പരിശുദ്ധനും ശുദ്ധീകരിക്കുന്നവനുമാകുന്നു. നിന്റെ പുത്രനും ഞങ്ങളുടെ കർത്താവുമായ യേശുമിശിഹാ പരിശുദ്ധനാകുന്നു. നിന്റെ ആത്മാവും പരിശുദ്ധനാകുന്നു"- ഇത് അല്പസ്വൽപ വ്യത്യാസങ്ങളോടെ എല്ലാ അനാഫറകളിലും കാണപ്പെടുന്നു.

ദിവ്യരഹസ്യങ്ങൾ ഉയർത്തുമ്പോൾ വൈദികൻ ചൊല്ലുന്നു: 'വിശുദ്ധ രഹസ്യങ്ങൾ വിശുദ്ധിയും വെടിപ്പും ഉള്ളവർക്ക് നൽകപ്പെടുന്നു." ജനത്തിന്റെ പ്രത്യുത്തരം: "പരിശുദ്ധനായ ഏകപിതാവും പരിശുദ്ധനായ ഏകപുത്രനും പരിശുദ്ധനായ ഏകറൂഹായും അല്ലാതെ പരിശുദ്ധനില്ല". ദൈവം മാത്രമാണ് പരമപരിശുദ്ധൻ. ഈ ദിവ്യരഹസ്യങ്ങൾ വിശുദ്ധിയും വെടിപ്പും ഉള്ളവർക്കു മാത്രം നൽകപ്പെടുന്നതിനാൽ, പാപികളായ ഞങ്ങളെ വിശുദ്ധീകരിക്കണമെ. ഇത് സ്വീകരിപ്പാൻ കൃപയാൽ യോഗ്യരാക്കണമെ എന്ന് പ്രാർഥിക്കയാണ്. ദൈവത്തിന്റെ വിശുദ്ധിയിലുള്ള ഭാഗഭാഗിത്വത്തിന് അപേക്ഷിക്കുകയാണ്.

വി.കുർബാനയിൽ എന്നതുപോലെ, എല്ലാ സഭാശുശ്രൂഷകളിലും നാം ദൈവത്തിന്റെ വിശുദ്ധി പ്രഖ്യാപിക്കുകയും ദൈവത്തെ മഹത്വപ്പെടുത്തുകയും ചെയ്യുന്നു. ഈ മഹത്വപ്പെടുത്തൽ, ദൈവമക്കൾ എന്ന നിലയ്ക്ക് യോജിച്ച രീതിയിൽ ജീവിക്കാൻ നമുക്ക് പ്രേരണ നൽകുന്നു. നാം നമ്മുടെ ബലഹീനത ഏറ്റുപറയുന്നു. അവിടുത്തെ കൃപകൾക്കായി നാം യാചിക്കുന്നു. ദൈവത്തിൽ നമുക്കുള്ള ആശ്രയബോധം ഉറപ്പിക്കുന്നു.

# 3

# ദൈവത്തിന്റെ ആയുധങ്ങൾ

വി. പൗലോസ് ശ്ലീഹാ എഫേസോസുകാർക്കെഴുതിയ ലേഖനത്തിൽ രണ്ടിടത്ത് ദൈവത്തിന്റെ ആയുധങ്ങളെപ്പറ്റി പറയുന്നു: “സാത്താന്റെ കുടില തന്ത്രങ്ങളെ എതിർത്തു നിൽക്കാൻ ദൈവത്തിന്റെ എല്ലാ ആയുധങ്ങളും ധരിക്കുവിൻ” (6,11). വീണ്ടും, “തിന്മയുടെ ദുരാത്മാക്കൾക്കെതിരെ ദൈവത്തിന്റെ എല്ലാ ആയുധങ്ങളും ധരിക്കുവിൻ” (6,13).

ഏവയാണ് ദൈവത്തിന്റെ ആയുധങ്ങൾ?

“സത്യം കൊണ്ട് അരമുറുക്കി, നീതിയുടെ കവചം ധരിച്ച് ഉറച്ചു നിൽക്കുവിൻ.

സമാധാനത്തിന്റെ സുവിശേഷം പ്രചരിപ്പിക്കാനുള്ള തീക്ഷ്ണത എന്ന പാദരക്ഷ ധരിക്കുവിൻ.

എപ്പോഴും വിശ്വാസത്തിന്റെ പരിച എടുക്കുവിൻ.

രക്ഷയുടെ പടത്തൊപ്പി അണിയുകയും ആത്മാവിൽ നിന്ന് ദൈവവചനം എന്ന വാൾ സ്വീകരിക്കുകയും ചെയ്യുവിൻ” (എഫേ 6,14-17).

പണ്ട് പട്ടാളക്കാർ യുദ്ധത്തിനു പോകുമ്പോൾ ധരിക്കുന്ന പടച്ചട്ടകളുടെ ഭാഷയാണ് പൗലോസ് ശ്ലീഹാ ഇവിടെ ഉപയോഗിച്ചിരി ക്കുന്നത്. കാരണം, നമ്മുടേത് ഒരു പോരാട്ടമാണ്. നാം ചുറ്റുമുള്ള മനുഷ്യരോടല്ല പോരാടേണ്ടത്. പിന്നെയോ, അദൃശ്യ ശത്രുവിനോടാണ്. അവൻ കുടില

 www.malankaralibrary.com

തന്ത്രങ്ങൾ ഉള്ളവനാണ്. തിന്മയുടെ ദുരാത്മാക്കളാണവർ. അന്ധകാര ലോകത്തിന്റെ അധിപന്മാരാണവർ. പാപമാണ് അവരുടെ രാജ്യം. പാപികളാണ് അവന്റെ പ്രജകൾ. പാപികളുടെമേൽ അവൻ ഭരണം നടത്തുന്നു. അവൻ നമ്മുടെ ശത്രുവാണ്.

“അലറുന്ന സിംഹത്തെപ്പോലെ ആരെ വിഴുങ്ങണമെന്ന് അന്വേഷിച്ചു കൊണ്ട് അവൻ ചുറ്റിനടക്കുന്നു” (1പത്രോ 5,9). അവൻ ആദിമുതലേ കൊലപാതകിയാണ്. അതുകൊണ്ട് ഈ മരുഭൂയാത്രയിൽ നാം ദൈവത്തിന്റെ ആയുധങ്ങൾ ധരിച്ചേ മതിയാകൂ. എല്ലാറ്റിനുമുപരി ദൈവവചനമാകുന്ന ആത്മീയവാൾ എടുത്തു പോരാടണം. അതാണ് തന്റെ പോരാട്ടത്തിൽ നമ്മുടെ കർത്താവ് ചെയ്തത്. തിരുലിഖിതം കൊണ്ട് കർത്താവ് സാത്താനെ ഓടിച്ചു. ഉത്ഥാനം ചെയ്ത നമ്മുടെ കർത്താവ്, എമ്മാവോസിലേക്ക് പോയ രണ്ട് ശിഷ്യരുടെ ഹൃദയങ്ങളെ ഉജ്ജ്വലിപ്പിച്ചതു പോലെ തിരുവചനം നമ്മുടെ ഹൃദയങ്ങളെ ഉജ്ജ്വലിപ്പിക്കണം (ലൂ 24,32).

മുകളിൽ പറഞ്ഞ ആയുധങ്ങൾ ഉണ്ടെങ്കിൽ, ശത്രുവിനെ കീഴ്പ്പെടുത്താൻ നമുക്ക് കഴിയും. നാം ബലഹീനരാകയാൽ, നമുക്ക് ദൈവസഹായം അത്യന്താപേക്ഷിതമാണ്. “ഞാൻ വഴിയും സത്യവും ജീവനുമാകുന്നു” എന്നു പറഞ്ഞവനെ നമുക്ക് മുറുകെ പിടിക്കാം. ഇരുമനസ്സു കൂടാതെ ദൈവത്തോട് ചേർന്നു നിൽക്കാം. അവൻ നമ്മോട് ചേർന്നു നിൽക്കും. അതാണ് നമ്മുടെ കവചം.

ഈ സത്യസുവിശേഷം, ഈ സ്നേഹസന്ദേശം, ഈ സദ്വാർത്ത പ്രചരിപ്പിക്കാനുള്ള അദമ്യമായ ഔൽസുക്യം സദാ നമ്മെ വഴിനടത്തണം. ദൈവത്തിൽ നിന്നുള്ള രക്ഷയാണ് പടത്തൊപ്പി. നാം ഇവ കാത്തുസൂക്ഷിക്കണം. ഇവയോടു ചേർന്നു പോകുന്ന മറ്റു സംഗതികളും നിലനിർത്തണം. സദാ ഉണർവുള്ളവരായി വിശ്വാസത്തിൽ അടിയുറച്ച് നിലനിൽക്കണം.

# 4

# പ്രവചനകാലവും പൂർത്തീകരണകാലവും

"നിയമവും പ്രവാചകന്മാരും" ഇസ്രായേൽ ജനത്തെ നയിച്ചു. 'നിയമം' മോശയുടെ അഞ്ച് ഗ്രന്ഥങ്ങളെ കുറിക്കുന്നു. "നിയമം", നിഷ്കൃഷ്ടാർഥത്തിൽ, സീനായ് മലയിൽ വച്ച് ദൈവം മോശയിലൂടെ നൽകിയ നിയമങ്ങളെന്നു പറയാം. അതോടൊപ്പം ലഭിച്ച ചട്ടങ്ങളും അനുഷ്ഠാനങ്ങളും കർമവിധികളും ആചാരങ്ങളും കൂടി നിയമത്തിന്റെ വിശാലാർഥത്തിൽ വരുന്നു. 'പ്രവാചകന്മാർ', മോശയുടെ കാലശേഷം ഇസ്രായേൽക്കാരെ ദൈവിക പാതയിലൂടെ നയിക്കാൻ നിയുക്തരായ വരും ദൈവാത്മാവു നിറഞ്ഞവരുമായ നേതാക്കന്മാരാണ്. ആ പ്രവചന കാലഘട്ടത്തിന്റെ പൂർത്തീകരണമായി യേശു കടന്നുവന്നു.

അബ്രഹാമിന്റെ കാലം മുതലാണ് ഇസ്രായേൽ ചരിത്രം ആരംഭി ക്കുന്നതെങ്കിലും, സീനായ് മലയിലെ ഉടമ്പടിയിലൂടെയാണ് ജനത എന്ന നിലയിലുള്ള അവരുടെ തുടക്കം. മോശയിലൂടെ ലഭിച്ച പ്രമാണങ്ങൾക്ക് യഹൂദരുടെ പിൽക്കാല മതനേതാക്കന്മാർ പുനർവ്യാഖ്യാനം നൽകി അവതരിപ്പിച്ചു. ആദ്യപ്രവാചകന്മാരുടെ ആരാധനാധിഷ്ഠിത വ്യാഖ്യാന ങ്ങളിൽ നിന്ന് ഒരു പടി കൂടി കടന്ന്, സാമുഹ്യനീതിക്ക് കൂടുതൽ പ്രാധാന്യം നൽകുന്ന വ്യാഖ്യാനം പിൽക്കാല പ്രവാചകന്മാർ നൽകി. മൃഗബലിയിൽ അധിഷ്ഠിതമായിരുന്ന ആരാധനയ്ക്കു പകരം, അവർ സ്തോത്രബലിക്ക് കൂടുതൽ ഊന്നൽ നൽകി.

യൂദയാ വിപ്രവാസത്തിൽ പോയപ്പോൾ, ജറുസലേം ദൈവാലയം കേന്ദ്രമാക്കി നടത്തിയിരുന്ന മൃഗബലി ഇല്ലാതായി. ദൈവാലയം തന്നെ തകർക്കപ്പെട്ടു. രാജ്യം നഷ്ടപ്പെട്ട്, നാടുകടത്തപ്പെട്ട അടിമകളുടെ കാഴ്ചപ്പാട് വ്യത്യസ്തമായിരുന്നു. അവർ തിരികെ വന്ന് ദൈവാലയം

വീണ്ടും പണിത് ആരാധനാസമ്പ്രദായങ്ങൾ നടപ്പാക്കി. ദൈവാലയത്തോട് അനുബന്ധിച്ചുള്ള മൃഗബലിക്കൊപ്പം സ്തോത്രബലിക്കും പ്രാധാന്യം കിട്ടി. അക്കാലമായപ്പോഴേക്കും മിശിഹായെ കുറിച്ചുള്ള പ്രതീക്ഷ ശതഗുണീഭവിച്ചു. മിശിഹായെ പറ്റി വ്യത്യസ്ത രീതികളിലുള്ള സങ്കൽപ്പങ്ങൾ അവർ വച്ചുപുലർത്തി.

നമ്മുടെ കർത്താവിന്റെ കാലത്തെ യഹൂദമതനേതൃത്വം മോശയുടെ നിയമത്തെ വളരെ വികലമാക്കി ജനത്തിന്റെ മുമ്പിൽ അവതരിപ്പിച്ചു. പുരോഹിതന്മാർ, മറ്റ് ദൈവാലയപ്രമാണിമാർ, ഫരിസേയർ, സദൂക്യർ, നിയമജ്ഞർ തുടങ്ങി മേലേക്കിടയിൽ വ്യാപരിച്ചവർ, രാഷ്ട്രീയാധികാരികളുടെ ഓരം ചേർന്ന് സാധാരണക്കാരെ ഞെരുക്കിക്കൊണ്ടിരുന്നു. സാധാരണ ജനത്തെ "നിയമം അറിയാത്ത ശപിക്കപ്പെട്ടവരായി" ഇക്കൂട്ടർ കരുതി. മേലേക്കിടയിലുള്ളവർ നിയമം അനുസരിക്കാതെ, ഭാരമുള്ള നുകം ജനത്തിന്റെ മേൽ കെട്ടിവച്ചു. കർത്താവ് ഇക്കൂട്ടരെ വിമർശിക്കുകയും കുറ്റപ്പെടുത്തുകയും ചെയ്തുകൊണ്ട്, മോശയുടെ നിയമത്തിന്റെ ശരിയായ വ്യാഖ്യാനം നൽകി (മത്താ 23). ദൈവാലയം പ്രാർഥനാലയമാണ്, കച്ചവടസ്ഥലമല്ല എന്നു പറഞ്ഞുകൊണ്ട്, കച്ചവടക്കാരെ അവിടെ നിന്ന് ആട്ടിയോടിച്ചു (യോഹ 21,12–17). ഫലരഹിതമായ ആ അത്തിവൃക്ഷത്തെ അവിടുന്ന് ശപിച്ച് ഉണക്കിക്കളഞ്ഞു (യോഹ 21,18–22).

"ശപിക്കപ്പെട്ടവർ" എന്നു പറഞ്ഞ് യഹൂദർ അകറ്റി നിർത്തിയവരെ അനുഗൃഹീതർ എന്ന് യേശു വിളിച്ചു(മത്താ 5,1–11). അവർക്ക് സ്വർഗരാജ്യം വാഗ്ദാനം ചെയ്തു. തന്റെ അനുയായികളെ ഭൂമിയുടെ ഉപ്പും ലേകത്തിന്റെ പ്രകാശവുമായി അവിടുന്ന് അവതരിപ്പിച്ചു. അവൻ ചുങ്കക്കാരോടും പാപികളോടും ചേർന്നു നിന്നു. യഹൂദരുടെ സാബതാചരണരീതികൾ തള്ളിക്കളഞ്ഞു. അവരുടെ നിയമാനുഷ്ഠാനരീതികളും ശുദ്ധാശുദ്ധവീക്ഷണങ്ങളും നിരാകരിച്ചു. മൊത്തത്തിൽ അന്നത്തെ യഹൂദ സാമുഹ്യ വ്യവസ്ഥിതിയിലെ പുഴുക്കുത്തുകൾ ചൂണ്ടിക്കാണിച്ച്, നിയമത്തിന്റെ യഥാർഥ വ്യാഖ്യാനം ആധികാരികമായി നൽകി.

ഇവയൊക്കെ പ്രമാണിമാരെ പ്രകോപിപ്പിച്ചു. യേശു തങ്ങളുടെ ശത്രുവാണെന്നും രാജ്യദ്രോഹിയാണെന്നും കരുതി. അവൻ അവരുടെ വിശുദ്ധ ഗ്രന്ഥങ്ങൾ ഉദ്ധരിച്ച് എതിരാളികളുടെ വായടച്ചു. എങ്കിലും അവരുടെ സംശയനിവാരണത്തിനായി അവൻ പറഞ്ഞു: "നിയമ

ത്തെയോ, പ്രവാചകന്മാരെയോ ഇല്ലാതാക്കാനാണ് ഞാൻ വന്നതെന്ന് നിങ്ങൾ വിചാരിക്കരുത്. ഇല്ലാതാക്കാനല്ല, പൂർത്തിയാക്കാനാണ് *ഞാൻ* വന്നത്...നിയമത്തിൽ നിന്ന് വള്ളിയോ, പുള്ളിയോ മാറുകയില്ല...ഇവ അനുസരിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നവൻ സ്വർഗരാജ്യത്തിൽ വലിയവനെന്ന് വിളിക്കപ്പെടും" (മത്താ 5,17-19).

നിയമത്തിലെ ഏറ്റവും ചെറുതുപോലും അനുഷ്ഠിക്കുന്നതാനായിരിക്കും സ്വർഗരാജ്യത്തിലെ ഏറ്റവും വലിയവൻ എന്ന ധ്വനിയുമുണ്ടിതിൽ. ദൈവം തന്നെ ഇറങ്ങി വന്ന് നിയമത്തിന് നിയമജ്ഞരിൽ നിന്ന് വ്യത്യസ്തമായ വ്യാഖ്യാനം നൽകി. അതുകൊണ്ടാണ് ആധികാരികമായി *ഞാൻ* എന്നു പറഞ്ഞിരിക്കുന്നത്. ദൈവം പ്രവാചകരിലൂടെ നൽകിയ വാഗ്ദാനങ്ങളുടെ പൂർത്തീകരണമാണ് താനെന്ന് അവിടുന്ന് വ്യക്തമാക്കുന്നു. നിയമവും പ്രവാചകന്മാരും പറഞ്ഞിരിക്കുന്നത് യാഥാർഥ്യമാക്കുന്നവനാണ് താനെന്നും അർഥം. അപൂർണനിയമം യേശുവിലൂടെ പൂർണമാകുന്നു, അതിന് അർഥക്ലിപ്തത വരുന്നു. അവിടുന്ന് നിയമത്തിന്റെ യഥാർഥമായ അരൂപിയിൽ പഠിപ്പിക്കുന്നു.

ദൈവവും മനുഷ്യനുമായുള്ള ബന്ധം, മനുഷ്യനും മനുഷ്യനുമായുള്ള ബന്ധം എന്നിവയാണ് ഇസ്രായേലുമായുള്ള ദൈവികോടമ്പടിയുടെ അടിസ്ഥാനം. ഈ ബന്ധം ജീവിതസ്പർശി ആക്കാനാണ് നിയമം നൽകപ്പെട്ടത്. ദൈവത്തോടുള്ള വിശ്വസ്തത ആണ് പ്രവചനങ്ങളുടെ അന്തഃസത്ത. കർത്താവു തന്നെ ഇതു വ്യക്തമാക്കുന്ന: "ദൈവത്തെയും അയൽക്കാരനെയും സ്നേഹിക്കുന്നതിൽ സമസ്ത നിയമവും പ്രവാചകന്മാരും അടങ്ങിയിരിക്കുന്നു" (മത്താ 22,37-40). ദൈവം പ്രവാചകരിലൂടെ നൽകിയ നിയമത്തിന്റെ സമഗ്രവും പൂർണവും അന്തിമവുമായ വ്യാഖ്യാനം നൽകാൻ കഴിയുന്നത് ദൈവപുത്രനാണ്. ഇതാണ് സദ്വാർത്ത. ഈ സദ്വാർത്ത എത്തിക്കാനാണ് മനുഷ്യപുത്രൻ വന്നത്. ഇതനുഷ്ഠിച്ചാലേ സ്വർഗരാജ്യ പ്രവേശനം സാധ്യമാകൂ. ഇത് അന്നത്തെ അനുഷ്ഠാന വ്യവസ്ഥിതിക്ക് ഉപരിസ്ഥമായിട്ടുള്ളതായിരുന്നു. അതുകൊണ്ട്, നാമിന്ന് ജീവിക്കുന്നത് പൂർത്തീകരണ കാലത്താണ്. പ്രവാചകകാലത്തു ലഭിച്ചവ പൂർത്തീകരണകാല പശ്ചാത്തലത്തിൽ വ്യാഖ്യാനിക്കണം. അതാണ് യേശു ചെയ്തത്. അതനുസരിച്ച് ജീവിക്കണം. അങ്ങനെ പിതാവിനെ മഹത്വപ്പെടുത്തണം. സ്വർഗരാജ്യത്തിൽ വലിയവരായിരിക്കണം. അവന്റെ സന്തോഷത്തിൽ ഭാഗഭാക്കുകളാകണം.

 www.malankaralibrary.com

# 5

# രണ്ട് സുവിശേഷപ്രഘോഷണ രീതികൾ

വിശുദ്ധ ശ്ലീഹന്മാർ തങ്ങളുടെ സുവിശേഷപ്രഘോഷണത്തിന് രണ്ടു രീതികൾ അവലംബിച്ചു:

(1) യഹൂദരോടുള്ള പ്രഘോഷണത്തിനുള്ള രീതി.

(2) വിജാതിയരോടുള്ള പ്രഘോഷണത്തിനുള്ള മറ്റൊരു രീതി.

(1) ശ്ലീഹന്മാരെല്ലാവരും യഹൂദരായിരുന്നു. യഹൂദർ മിശിഹായെ പ്രതീക്ഷിച്ചിരുന്നു. അവരുടെ പ്രവാചകന്മാർ രക്ഷകന്റെ വരവിനെപ്പറ്റി പ്രവചിച്ചിരുന്നു. എന്നാൽ യഹൂദരുടെ ഇടയിലെ വിവിധ വിഭാഗങ്ങൾ അത് വ്യത്യസ്തമായി മനസ്സിലാക്കിയിരുന്നു. തങ്ങളുടെ താൽപര്യങ്ങൾക്ക് അനുസൃതമായ രക്ഷകനെ അവർ വിഭാവന ചെയ്തു. ദാവീദിനെപ്പോലെ ഭൗമികരാജ്യം സ്ഥാപിക്കുന്ന ഒരു മഹാരാജാവായി മിശിഹായെ കണ്ടവരുണ്ട്. വിദേശികളുടെ അടിമത്തത്തിൽ നിന്ന് തങ്ങളെ സ്വതന്ത്രരാക്കി, ചുറ്റുമുള്ള വിജാതിയരെ കീഴ്പ്പെടുത്തി, ഒരു ഭൗമിക രാജ്യസ്ഥാപനം സ്വപ്നം കണ്ടവർ അനേകരാണ്. സായുധ വിപ്ലവത്തിലൂടെ വിദേശമേൽക്കോയ്മ തട്ടിനീക്കി സ്വതന്ത്രരാജ്യ സ്ഥാപനം ചിലർ ഭാവനയിൽ കണ്ടു. പിൽക്കാല പ്രവാചകന്മാർ വ്യത്യസ്ത രീതിയിൽ മിശിഹായെപ്പറ്റി സൂചന നൽകിയെങ്കിലും, അവ കാര്യമായി പരിഗണിക്കാത്തവർ ആയിരുന്നു ഏറിയപങ്കും.

നസ്രത്തിലെ യേശുവിന്റെ ഭൗമിക ജീവിതകാലത്ത് അനേകം യഹൂദർ അനുയായികളായി. കർത്താവിന്റെ ഉത്ഥാനത്തോടുകൂടി അനേകർക്ക് ആ ബോധ്യം ഉണ്ടായി. അവരും യേശുവിൽ വിശ്വസിച്ചു. പരിശുദ്ധാത്മാവിന്റെ ആവാസത്തോടുകൂടി അനേകായിരം യഹൂദർ യേശുവിൽ വിശ്വസിച്ചു.

യഹൂദരോടുള്ള പ്രഘോഷണത്തിന് ശ്ലീഹന്മാർ പഴയനിയമ പ്രവചനങ്ങൾ ഉപയോഗിച്ചു. പ്രസ്തുത പ്രവചനങ്ങളുടെ പൂർത്തീകരണം നടന്നതായി അവർ തെളിയിച്ചു. ജറുസലേമിൽ നിന്ന് ലോകത്തിന്റെ വിവിധ ഭാഗങ്ങളിലേക്ക് പോകാൻ നിയോഗം ലഭിച്ച ശ്ലീഹന്മാർ, പോയ സ്ഥലങ്ങളിലെ യഹൂദ സിനഗോഗുകളിലേക്കാണ് ആദ്യം കടന്നു ചെന്നത്. അവർ അവിടെ കൂടിയിരുന്ന യഹൂദരോട് യേശുവിനെപ്പറ്റി പ്രസംഗിച്ചു. മോശയുടെ നിയമവും പ്രവാചക ഗ്രന്ഥങ്ങളും അറിയാവുന്നവരോടാണ് അവർ പ്രസംഗിച്ചത്.

നടപടി പുസ്തകത്തിൽ, അബ്രഹം, മോശ, ദാവീദ്, ഏശായാ, ആമോസ് എന്നിവരെ ലൂക്കാ ഉദ്ധരിക്കുന്നു (ഉൽപ്പ 22,18;26,4; നിയമാ 18,15-19; ജോയേൽ 2,28-32; ആമോ 5,25-27;9,11-12; ഏശാ 53,7-8;55,3;42,6;49,6). "മോശയും പ്രവാചകന്മാരും പറഞ്ഞിരിക്കുന്നതുപോലെ" എന്ന പരാമർശവും കാണാം (നടപടി, 26,23; 28,23). "പ്രവാചക വചനം" (നടപടി, 11,27;10,43), "പ്രവാചകന്മാർ സഹനം മുൻകൂട്ടി അറിയിച്ചു" (നടപടി, 3,18), "സാമുവേലും മറ്റു പ്രവാചകന്മാരും" (നടപടി 3,24) എന്നു തുടങ്ങിയ പ്രയോഗങ്ങളും കാണാം. ആ പ്രവചനങ്ങളുടെ പൂർത്തീകരണം യേശുവിൽ നടന്നെന്ന് അവർ സമർഥിച്ചു. ദാവീദിന്റെ സങ്കീർത്തനങ്ങളിൽ നിന്നാണ് ഏറ്റവും കൂടുതൽ ഉദ്ധരിച്ചിട്ടുള്ളത് (സങ്കീ 69,25;16,8-11;132,11;110,1; 118,22; 2,1-2.14).-നടപടിയിൽ കാണുന്നത് ചില ദൃഷ്ടാന്തങ്ങൾ മാത്രം.

പരിശുദ്ധാത്മാവ് ശിഷ്യരുടെ ഹൃദയം തുറന്നപ്പോൾ, മിശിഹായെ പറ്റിയുള്ള പ്രവചനങ്ങൾ അവർ കൂടുതലായി ഗ്രഹിക്കാൻ തുടങ്ങി. എമ്മാവോസിലേക്ക് പോയ രണ്ടു ശിഷ്യന്മാരെ കർത്താവ് ഇപ്രകാരം പ്രബോധിപ്പിച്ചത് ലൂക്കാ രേഖപ്പെടുത്തിയിരിക്കുന്നു. കർത്താവ് അവരെ കുറ്റപ്പെടുത്തിക്കൊണ്ട് പറഞ്ഞു:

"പ്രവാചകന്മാർ പറഞ്ഞിട്ടുള്ളത് വിശ്വസിക്കാൻ കഴിയാത്തവിധം ഹൃദയം മന്ദീഭവിച്ചവരേ, മിശിഹാ ഇതെല്ലാം സഹിച്ച് മഹത്വത്തിലേക്ക് പ്രവേശിക്കേണ്ടതായിരുന്നില്ലേ? മോശ തുടങ്ങി എല്ലാ പ്രവാചകന്മാരും വിശുദ്ധ ലിഖിതങ്ങളിൽ തന്നെപ്പറ്റി എഴുതിയിരിക്കുന്നവയെല്ലാം യേശു അവർക്ക് വ്യാഖ്യാനിച്ചു കൊടുത്തു" (ലൂ 24,25-27).

യഹൂദരോട് അവിടുന്ന് പറഞ്ഞു:"മോശ എന്നെപ്പറ്റി എഴുതിയിരിക്കുന്നു. നിങ്ങൾ മോശയെ വിശ്വസിച്ചിരുന്നെങ്കിൽ, എന്നെയും


www.malankaralibrary.com

വിശ്വസിക്കുമായിരുന്നു. മോശ ആയിരിക്കും നിങ്ങളെ കുറ്റപ്പെടുത്തുക" (യോഹ 5,45-46).

നടപടിയിൽ നാം വായിക്കുന്നു, "ഇസ്രായേലിന് അനുതാപവും പാപമോചനവും നൽകാൻ ദൈവം യേശുവിനെ നാഥനും രക്ഷകനുമായി തന്റെ വലത്തുഭാഗത്തേക്കുയർത്തി" (നടപടി 5,31). ഈ യേശുവാണ് പ്രവചിക്കപ്പെട്ടിരുന്ന മിശിഹാ എന്ന് ശ്ലീഹന്മാർ പ്രസംഗിക്കുകയും പഠിപ്പിക്കുകയും ചെയ്തു (നടപടി 5,42). സ്തേഫാനോസിന്റെ പ്രസംഗത്തിലും മോശയെ ഉദ്ധരിക്കുന്നു (നടപടി, 7,37).

വി.പൗലോസ് ശ്ലീഹാ അന്ത്യോക്യയിൽ വച്ച് കർത്താവിന്റെ സുവിശേഷത്തിന് പഴയ നിയമത്തിൽ നിന്ന് തെളിവുകൾ നിരത്തിവച്ചു. അവൻ തുടർന്നു പറഞ്ഞു: "അബ്രഹാമിന്റെ സന്തതികളേ, നമ്മുടെ അടുത്തേക്ക് ഈ രക്ഷയുടെ വചനം അയക്കപ്പെട്ടിരിക്കുന്നു. ജറുസലേം നിവാസികളും അവരുടെ അധികാരികളും അവനെ അറിയാതെയും എല്ലാ സാബതിലും വായിക്കുന്ന പ്രവാചക വചനങ്ങൾ ഗ്രഹിക്കാതെയും അവനെ ശിക്ഷയ്ക്കു വിധിച്ചു" (നടപടി 13,26-27).

വി.പൗലോസ് തെസലോനിക്കയിൽ വച്ച് യഹൂദരോട് പറഞ്ഞു: "ഞാൻ നിങ്ങളുടെ മുമ്പിൽ പ്രഘോഷിക്കുന്ന ഈ യേശു തന്നെയാണ് മിശിഹാ" (നടപടി 17,3).

പൗലോസും ശീലാസും പറഞ്ഞത് സത്യമാണോ എന്നറിയാൻ ബേറോയായിലെ യഹൂദർ വിശുദ്ധ ഗ്രന്ഥങ്ങൾ അനുദിനം പരിശോധിച്ചു (നട 17,11).

വി.പൗലോസ് കൊറിന്തോസിൽവച്ച്, യേശുവാണ് മിശിഹാ എന്ന് സാക്ഷ്യം നൽകി യഹൂദരെ ബോധ്യപ്പെടുത്താൻ ശ്രമിച്ചു. എന്നാൽ അവർ അവനെ എതിർക്കുകയും ദൂഷണം പറയുകയും ചെയ്തു. അപ്പോൾ "പൗലോസ് സ്വന്തം വസ്ത്രങ്ങൾ കുടഞ്ഞുകൊണ്ട് പറഞ്ഞു: നിങ്ങളുടെ രക്തം നിങ്ങളുടെ തന്നെ ശിരസ്സിൽ പതിക്കട്ടെ. ഞാൻ നിരപരാധനാണ്. ഇനി ഞാൻ വിജാതിയരുടെ പക്കലേക്ക് പോകുന്നു" (നട 18,1-6).

വി.പൗലോസ് റോമായിലെ യഹൂദരോട് "രാവിലെ മുതൽ സന്ധ്യ വരെ മോശയുടെ നിയമത്തെയും പ്രവാചകന്മാരെയും അടിസ്ഥാനമാക്കി, യേശുവിനെ കുറിച്ച് യഹൂദരെ ബോധ്യപ്പെടുത്താൻ ശ്രമിക്കു

കയും ദൈവരാജ്യത്തെ കുറിച്ച് പരസ്യമായി സാക്ഷ്യപ്പെടുത്തുകയും ചെയ്തു". എന്നാൽ അവർ പരസ്പരം അഭിപ്രായ വ്യത്യാസത്തോടെ പിരിഞ്ഞു പോയപ്പോൾ പൗലോസ് പറഞ്ഞു: "ദൈവത്തിൽ നിന്നുള്ള ഈ രക്ഷ വിജാതിയരുടെ പക്കലേക്ക് അയക്കപ്പെട്ടിരിക്കുന്നു. അവർ അത് കേൾക്കുകയും ചെയ്യും" (നട 28,23.29).

അന്നറിയപ്പെട്ടിരുന്ന ലോകത്തിന്റെ എല്ലാ ഭാഗങ്ങളിലും യഹൂദർ ഉണ്ടായിരുന്നു. നാനാ ദേശങ്ങളിലേക്കും പോയ ശ്ലീഹന്മാർ യഹൂദ സിനഗോഗുകൾ വഴി യഹൂദരോടും മാനസ്സാന്തരപ്പെട്ട യഹൂദരിലൂടെ വിജാതിയരോടും മോശയെയും പ്രവാചകന്മാരെയും ആധാരമാക്കി നമ്മുടെ കർത്താവിന്റെ സുവിശേഷം പ്രഘോഷിച്ചു.

(2) വിജാതിയരോടുള്ള പ്രഘോഷണത്തിന് വ്യത്യസ്ത രീതിയാണ് അവലംബിച്ചത്. അതിന്റെ ഒരു ദൃഷ്ടാന്തം നടപടിയിൽ കൊടുത്തിട്ടുണ്ട്. വിജാതിയരോട് മോശയെയും പ്രവാചകന്മാരെയും പറ്റി പറഞ്ഞാൽ അവർക്ക് സുഗ്രാഹ്യമല്ല. അതിന് വ്യത്യസ്തരീതി അവലംബിക്കേണ്ടിയിരുന്നു. ആഥൻസിൽവച്ച് പൗലോസ് അവിടെയുള്ളവരോട് പ്രസംഗിച്ചതാണ് സന്ദർഭം (നട 17,16-34). ആഥൻസ് നഗരം മുഴുവൻ വിഗ്രഹങ്ങൾ കൊണ്ട് നിറഞ്ഞിരിക്കുന്നതു കണ്ട് പൗലോസിന്റെ മനസ്സിൽ വലിയ ക്ഷോഭമുണ്ടായി. പൊതുസ്ഥലത്തുവച്ച് അവിടെ കൂടിയിരുന്നവരോട് അവൻ തർക്കിച്ചു. അവൻ യേശുവിനെ കുറിച്ചും പുനരുത്ഥാനത്തെ കുറിച്ചും സംസാരിച്ചു.

അരയോപാഗസിൽ നിന്നുകൊണ്ട് പൗലോസ് ഇപ്രകാരം പറഞ്ഞു: "അജ്ഞാതദേവന് എന്ന് എഴുതിയിരിക്കുന്ന ഒരു ബലിപീഠം ഞാൻ കണ്ടു. ആ അജ്ഞാതനെ പറ്റിയാണ് ഞാൻ പ്രസംഗിക്കുന്നത്... അവനിൽ നാം ജീവിക്കുന്നു, ചരിക്കുന്നു, നിലനിൽക്കുന്നു. നാം അവന്റെ സന്താനങ്ങളാണെന്ന് നിങ്ങളുടെ തന്നെ ചില കവികൾ പറഞ്ഞിട്ടുണ്ടല്ലോ. അതുകൊണ്ട് കൊത്തുവിഗ്രഹം പോലെയാണ് ദൈവമെന്ന് വിചാരിക്കരുത്. ഇപ്പോൾ എല്ലായിടത്തും എല്ലാവരും അനുതപിക്കണമെന്ന് ദൈവം ആജ്ഞാപിക്കുന്നു" (നട 17,22-30). തുടർന്ന് യേശുവിനെ പറ്റിയും പുനരുത്ഥാനത്തെ പറ്റിയും ന്യായവിധിയെ പറ്റിയും സംസാരിച്ചു. കുറേപ്പേർ വിശ്വസിച്ചു, മറ്റുചിലർ പരിഹസിച്ചു (17,31-34).

പൗലോസ് ശ്ലീഹാ അവരുടെ ചുറ്റുപാടിൽ നിന്നുകൊണ്ടും അവരുടെ കവിയെ ഉദ്ധരിച്ചുകൊണ്ടും സാവധാനം യേശുവിന്റെ പുനരു

ത്ഥാനത്തിലേക്ക് കടന്നുവന്നു. വിജാതിയരോടുള്ള പ്രഘോഷണമെല്ലാം ഈ രീതിയിൽ ആയിരുന്നു. വിജാതിയർക്ക് മോശയും പ്രവാചകന്മാരും സുപരിചിതരല്ല. അവരുടെ ഭാഷയും ശൈലികളും ചിന്താരീതിയും ഉപയോഗിച്ച് അവരോട് പസംഗിക്കണം. അവരുടെ സാഹിത്യകൃതികളും മതഗ്രന്ഥങ്ങളും ഉപയോഗിച്ച് അവയിലെ സൂചനകൾ വഴി യേശുവിലേക്ക് എത്തണം. യേശു ദൈവപുത്രനാണ് എന്നത് സത്യം. എന്നാൽ യേശു ഒരു ഗുരുവാണ്, പ്രവാചകനാണ്, ലോകഗുരുവും മഹാപ്രവാചകനുമാണ്. അതിനപ്പുറം അവിടുന്ന് ഒരുത്തമ മനുഷ്യനാണ്. നമ്മെപ്പോലെ ജീവിക്കയും നമ്മുടെ ജീവിതാവസ്ഥയിലൂടെ കടന്നുപോകുകയും ചെയ്ത മനുഷ്യനാണ്. ഒരു മനുഷ്യന് എപ്രകാരം ഉത്തമവ്യക്തിയായി ജീവിക്കാൻ കഴിയുമെന്നതിന് മാതൃക കാട്ടിത്തന്ന വിശിഷ്ട വ്യക്തിയാണ് യേശു.


യേശുവിന്റെ ജീവിതം സാവകാശം അവതരിപ്പിക്കണം. നന്മ മാത്രം ചെയ്ത് ജീവിച്ച യേശുവിനുണ്ടായ തിരസ്കരണവും പീഡനവും കുരിശുമരണവും പ്രഘോഷിക്കണം. യേശുവിന്റെ സന്ദേശത്തിന്റെ കാതലായ ഭാഗം അവർക്ക് വെളിവാക്കിക്കൊടുക്കണം. മഹത്തായ ഈ രക്ഷയെപ്പറ്റി സംസാരിക്കണം. ഈ രക്ഷ നമുക്ക് നേടിത്തരുന്നവ എന്താണെന്നും എന്തു നേട്ടമാണ് നമുക്ക് കൈവരിക്കാൻ പോകരുന്നതെന്നും പറയണം. മനുഷ്യരെല്ലാം ദൈവമക്കളാണെന്നും സ്നേഹമാണ് ദൈവമെന്നും പഠിപ്പിക്കണം. ഈ സ്നേഹത്തിന്റെ സാക്ഷികളാണ് ക്രിസ്ത്യാനികൾ എന്നു പറയുകയും ജിവിതത്തിലൂടെ ബോധ്യപ്പെടുത്തുകയും വേണം. കേൾക്കാൻ ചെവിയുള്ളവർ കേൾക്കട്ടെ.

മാനസ്സാന്തരവും മനഃപരിവർത്തനവും മാനുഷിക പ്രക്രിയ അല്ല, പരിശുദ്ധാത്മ പ്രവർത്തനമാണ്. ചിലർ സ്വീകരിക്കും, ചിലർ പരിഹസിക്കും, ചിലർ തിരസ്കരിക്കും, ചിലർ പീഡിപ്പിക്കും. എന്നാൽ "ദൈവത്തിന്റെ വചനം ഒരിക്കലും പരാജയപ്പെട്ടിട്ടില്ല" (റോമ 9,6). ലോകം മാറിമറിഞ്ഞു കൊണ്ടിരിക്കും. ഭരണാധികാരികൾ മാറിമാറി വരും. രാജ്യങ്ങൾ ഉദിക്കയും അസ്തമിക്കും ചെയ്യും. എന്നാൽ കുരിശ് എന്നേക്കും നിലനിൽക്കും. അന്തിമവിജയം ക്രൂശിതന്റേതായിരിക്കും. കാരണം, അവൻ മരണത്തെ ജയിച്ചവനും പാതാളവാതിലുകൾ തുറന്നവനും കള്ളനെ പറുദീസായിൽ പ്രവേശിപ്പിച്ചവനും എന്നേക്കും ജീവിക്കുന്ന ജീവാത്മാവുമാണ്.

എല്ലാ മനുഷ്യരെയും പ്രകാശിപ്പിക്കുന്ന സത്യപ്രകാശമാണവൻ. അവൻ എല്ലാ മനുഷ്യരെയും തന്നിലേക്ക് ആകർഷിക്കുകയും ചെയ്യുന്നു. എല്ലാവരെയും അനുതാപത്തിന് ക്ഷണിക്കുന്നു (മർക്കോ 1,15). എല്ലാ ദാഹാർത്തരെയും അവൻ തന്റെ പക്കലേക്ക് വിളിക്കുന്നു (യോഹ 7,37). “ഞാൻ നൽകുന്ന വെള്ളം കുടിക്കുന്നവന് ഒരിക്കലും ദാഹിക്കയില്ല” (യോഹ 4,14). “ഞാൻ ജീവന്റെ അപ്പമാകുന്നു. ആരെങ്കിലും ഈ അപ്പത്തിൽ നിന്നു ഭക്ഷിച്ചാൽ അവൻ എന്നേക്കും ജീവിക്കും” (യോഹ 6,51). സത്യദൈവത്തെ പറ്റിയും സത്യാരാധനയെ പറ്റിയും അവൻ അറിവു നൽകി. സമറിയാക്കാരിയോട് അവൻ പറഞ്ഞു: “യഥാർഥ ആരാധകർ ദൈവത്തെ ആത്മാവിലും സത്യത്തിലും ആരാധിക്കും” (യോഹ 4,23). ഇങ്ങനെയുള്ള ആരാധകരെയാണ് ദൈവം തേടുന്നത്. സന്മനസ്സുള്ളവരുടെ ഹൃദയം പരിശുദ്ധാത്മാവ് തുറക്കും. അവർ യേശുവിനെപ്പറ്റി ഗ്രഹിക്കാൻ ഇടയാകും. അവർ മാമോദീസായിലൂടെ യേശുവുമായി ഒട്ടിക്കപ്പെടും.

ഈ രീതിയിൽ ഘട്ടം ഘട്ടമായി മാത്രമേ നമ്മുടെ രക്ഷകനും ദൈവവും മഹാരാജാവും നാഥനും കർത്താവും നമ്മുടെ സർവസ്വവുമായ യേശുവിനെ അവതരിപ്പിക്കാവൂ. നാം ആർക്കും എതിരല്ല, നാം ആരെയും മതപരിവർത്തനം ചെയ്യുന്നില്ല. അത് നമ്മുടെ ജോലിയല്ല. നമുക്ക് ലഭിച്ചിരിക്കുന്ന രക്ഷയുടെ സദ്വാർത്ത നാം പ്രഘോഷിക്കുക തന്നെ വേണം. അത് നമ്മുടെ ദൗത്യമാണ്.

കർത്താവായ യേശുമിശിഹായ്ക്കും തന്റെ പിതാവിനും തന്റെ പരിശുദ്ധാത്മാവിനും എന്നുമെന്നേക്കും മഹത്വവും സ്തുതിയും പുകഴ്ചയും ഉണ്ടായിരിക്കട്ടെ. ആമ്മീൻ.



# 6
# യേശുവിന്റെ പ്രാർഥനാജീവിതം

യേശുമിശിഹാ ദൈവപുത്രനും പ്രതീക്ഷിക്കപ്പെട്ട രക്ഷകനും ആണെങ്കിലും, അവിടുന്ന് മനുഷ്യപുത്രിയിൽ നിന്നു പിറന്ന ഒരു മനുഷ്യനായിരുന്നു. അവൻ ആത്മാവും ശരീരവുമുള്ള സമ്പൂർണ മനുഷ്യനായിരുന്നു. അവനിൽ മനുഷ്യത്വത്തിന്റെ പൂർണത ഉണ്ടായിരുന്നു. "പാപമൊഴികെ മറ്റെല്ലാറ്റിലും അവൻ നമ്മെപ്പോലെ ആയി." അവൻ ദൈവത്തിന്റെ രൂപത്തിൽ ആയിരുന്നു. ദൈവതുല്യൻ ആയിരുന്നു, ദൈവമായിരുന്നു. എന്നാൽ അവൻ ദാസന്റെ രൂപമെടുത്ത്, ആകൃതിയിൽ മനുഷ്യനെപ്പോലെ കാണപ്പെട്ടു. അവൻ അനുസരണം ഉള്ളവനായി, തന്നെത്തന്നെ താഴ്ത്തി. മനുഷ്യന്റെ ഭൗമികജീവിതത്തിലെ പ്രയാസങ്ങളിലും പ്രലോഭനങ്ങളിലും കൂടി കടന്നുപോയി. എന്നാൽ പ്രലോഭകൻ അവനെ കീഴ്പ്പെടുത്തിയില്ല. അവനിൽ പാപം ഇല്ലായിരുന്നു. അവൻ നമ്മുടെ പാപവും ശാപവും പേറി, നമ്മെപ്രതി പാപവും ശാപവുമായിത്തീർന്നു. അവയെല്ലം തന്റെ കുരിശിൽ തറച്ചു.

എബ്രായ ലേഖനകർത്താവ് യേശുവിനെപ്പറ്റി ഇപ്രകാരം പറയുന്നു: "തന്റെ ഐഹികജീവിതകാലത്ത് ക്രിസ്തു, മരണത്തിൽ നിന്നു തന്നെ രക്ഷിക്കാൻ കഴിവുള്ളവന് കണ്ണീരോടും വലിയ വിലാപത്തോടും കൂടെ പ്രാർഥനകളും യാചനകളും സമർപ്പിച്ചു. അവന്റെ ദൈവഭയം മൂലം അവന്റെ പ്രാർഥന കേട്ടു. പുത്രനായിരുന്നിട്ടും, തന്റെ സഹനത്തിലൂടെ അവൻ അനുസരണം അഭ്യസിച്ചു. പരിപൂർണനൻ ആക്കപ്പെട്ടതുവഴി, തന്നെ അനുസരിക്കുന്നവർക്കെല്ലാം അവൻ നിത്യരക്ഷയുടെ ഉറവിടമായി" (5,7-9).

വീണ്ടും അവൻ പറയുന്നു: “നമ്മുടെ ബലഹീനതകളിൽ നമ്മോടൊത്ത് സഹതപിക്കാൻ കഴിയാത്ത ഒരു പ്രധാനപുരോഹിതനല്ല നമുക്കുള്ളത്. പിന്നെയോ, ഒരിക്കലും പാപം ചെയ്തിട്ടില്ലെങ്കിലും, എല്ലാ കാര്യങ്ങളിലും നമ്മെപ്പോലെ തന്നെ പരീക്ഷിക്കപ്പെട്ടവനാണവൻ' (എബ്രാ 4,15).

അവൻ മനുഷ്യനായി തീർന്നതിനാൽ, അവനും പ്രാർഥന ആവശ്യമായിരുന്നു. അതുകൊണ്ടാണ് അവനെപ്പറ്റി ഇപ്രകാരം എഴുതിയിരിക്കുന്നത്: “അവൻ പ്രാർഥിക്കാനായി ഒരു മലയിലേക്ക് പോയി. അവിടെ ദൈവത്തോട് പ്രാർഥിച്ചു കൊണ്ട് രാത്രി മുഴുവൻ ചെലവഴിച്ചു” (ലൂ 6,12). ശിഷ്യന്മാരെ തെരഞ്ഞെടുക്കുന്നതിനു മുമ്പാണ് ഈ സംഭവം.

വീണ്ടും, “അവൻ അതിരാവിലെ ഉണർന്ന് ഒരു വിജനസ്ഥലത്തേക്കു പോയി. അവിടെ അവൻ പ്രാർഥിച്ചു കൊണ്ടിരുന്നു...അവൻ പ്രാർഥിക്കാൻ മലയിലേക്കു പോയി”(മർക്കോ1,35;6,46; ലൂ 4,42).

താബോർമലയിൽ വച്ചുണ്ടായ രൂപാന്തരീകരണത്തോട് അനുബന്ധിച്ച് ലൂക്കോസ് എഴുതുന്നു: “അവൻ പ്രാർഥിക്കാൻ മലയിലേക്ക് കയറിപ്പോയി. പ്രാർഥിച്ചുകൊണ്ടിരിക്കുമ്പോൾ, അവന്റെ മുഖഭാവം മാറി. വസ്ത്രം വെൺമയോടെ ശോഭിച്ചു” (9,28-29).

പീഡാനുഭവത്തിനു മുമ്പുള്ള പ്രാർഥനയെപ്പറ്റി ലൂക്കോസ് എഴുതുന്നു: “അവൻ പതിവുപോലെ ഒലിവുമലയിലേക്കു പോയി... അവൻ മുട്ടിന്മേൽ വീണു പ്രാർഥിച്ചു...തീവ്രവേദനയിൽ മുഴുകി, കൂടുതൽ തീക്ഷ്ണമായി പ്രാർഥിച്ചു (22,39-40.44). “അവൻ ഗത്സേമെനി എന്ന സ്ഥലത്തെത്തി. തീവ്രദുഃഖത്താൽ ഞാൻ മരണത്തോളം എത്തിയിരിക്കുന്നു എന്ന് അവൻ ശിഷ്യരോട് പറഞ്ഞു. അവൻ കമിഴ്ന്നുവീണു പ്രാർഥിച്ചു” എന്നാണ് മത്തായി രേഖപ്പെടുത്തി യിരിക്കുന്നത് (26,36-39). “അവൻ നിലത്തുവീണ് പ്രാർഥിച്ചു” എന്ന് മർക്കോസ് പറയുന്നു(14,35).

യേശു യഥാർഥമായും സത്യമായും മനുഷ്യനായിരുന്നു, വളരെ ശ്രേഷ്ഠനായ, എല്ലാം തികഞ്ഞവനായ, മനുഷ്യനായിരുന്നു. മനുഷ്യൻ എന്ന നിലയിൽ എല്ലാം തികഞ്ഞവൻ ആയിരുന്നിട്ടും, ദൈവത്വത്തിന്റെ പൂർണത അവനിൽ വസിച്ചിരുന്നിട്ടും, അവൻ പിതാവിനോട് പുത്രനെന്ന നിലയിൽ പ്രാർഥിച്ചു. അത് പിതാവുമായുള്ള നിരന്തര സമ്പർക്കവും സംസർഗവുമായിരുന്നു.

രാത്രി മുഴുവനും, അതിരാവിലെയും, നിരന്തരമായും, അവൻ ഈ സംസർഗം നിലനിർത്തി. പിതൃഹിതം നിറവേറ്റുക എന്ന ഒറ്റ ദൗത്യമേ അവന്റെ മനസ്സിൽ ഉണ്ടായിരുന്നുള്ളു. "പിതാവേ, അങ്ങ് എന്റെ പ്രാർഥന എപ്പോഴും ശ്രവിക്കുമെന്ന് എനിക്കറിയാം" എന്ന് ലാസറിന്റെ കല്ലറയ്ക്കു മുമ്പിൽ നിന്നുകൊണ്ട് യേശു പിതാവിനോട് പറഞ്ഞു (യോഹ 11,42). ഈ നിരന്തര ബന്ധമായിരുന്നു യേശുവിന്റെ പ്രാർഥന.

യേശുവിന്റെ ശിഷ്യന്മാർക്ക് പ്രാർഥിക്കാൻ അറിയില്ലായിരുന്നു. സ്നാപക യോഹന്നാന്റെ ശിഷ്യന്മാർ പ്രാർഥിക്കുന്നതു കണ്ടപ്പോൾ, തങ്ങളെയും പ്രാർഥിക്കാൻ പഠിപ്പിക്കണമെന്ന് ശിഷ്യന്മാർ യേശുവിനോട് അപേക്ഷിച്ചു. യേശു ഒരിടത്ത് പ്രാർഥിച്ചു കൊണ്ടിരിക്കയായിരുന്നു. പ്രാർഥന കഴിഞ്ഞപ്പോഴാണ് ഈ അഭ്യർഥന നടന്നത് (ലൂ 11,1). അതിനു പ്രത്യുത്തരമായി കർതൃപ്രാർഥന എന്നറിയപ്പെടുന്ന 'സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ,' എന്നു തുടങ്ങുന്ന പ്രാർഥന അവൻ അവരെ പഠിപ്പിച്ചു. അതോടൊപ്പം പ്രാർഥനയുടെ വിവിധ വശങ്ങളും വിവരിച്ചു നൽകി.

യേശു നമുക്കെല്ലാവർക്കും പ്രാർഥിക്കാനായി മഹനീയ മാതൃക നൽകിയിരിക്കുന്നു. ദൈവപുത്രൻ തന്റെ ഭൗമിക ജീവിതകാലത്ത് തന്റെ സ്വർഗീയ പിതാവുമായി പ്രാർഥനയിലൂടെ നിരന്തരം സംസർഗത്തിൽ കഴിഞ്ഞെങ്കിൽ, ദത്തുപുത്രരായി എടുക്കപ്പെട്ട നമുക്ക് പ്രാർഥന എത്രയോ കൂടുതൽ ആവശ്യമായിരിക്കുന്നു! ദൈവികബന്ധമാണ് സർവപ്രധാനം. ദൈവത്തോട് എന്തെങ്കിലും ചോദിക്കുന്നതിലുപരി, നിരന്തരമായ ദൈവസംസർഗമാണ് പ്രാർഥന. ദൈവം എന്ന നിലയിൽ യേശു സർവശക്തനാണ്. എന്നാൽ മനുഷ്യൻ എന്ന നിലയിൽ യേശുവിന് ഇത്രമാത്രം നന്മ ചെയ്യാൻ സാധിച്ചത്, സൗഖ്യം നൽകാനായത്, ഉദാത്തമായ വചസ്സുകൾ ഉരുവിടാൻ സാധിച്ചത്, ഈ നിരന്തര ദൈവ സംസർഗം നിമിത്തമാണ്.

"എന്നെ അയച്ചവന്റെ ഇഷ്ടം പ്രവർത്തിക്കുകയും അവന്റെ ജോലി പൂർത്തിയാക്കുകയുമാണ് എന്റെ ഭക്ഷണം" എന്ന് യാക്കോബിന്റെ കിണറ്റിൻ കരയിൽ വച്ച് യേശു തന്റെ ശിഷ്യരോട് അരുളി ച്ചെയ്തു (യോഹ 4,34). "പിതാവു ചെയ്തു കാണുന്നതല്ലാതെ, പുത്രന് സ്വന്തം ഇഷ്ടമനുസരിച്ച് ഒന്നും പ്രവർത്തിക്കാൻ സാധിക്കയില്ല... ഞാൻ

എപ്പോഴും അവിടുത്തേക്ക് ഇഷ്ടമുള്ളത് പ്രവർത്തിക്കുന്നു" എന്ന് യേശു യഹൂദരോട് പറഞ്ഞു (യോഹ. 5,19; 8,29).

എബ്രായലേഖന കർത്താവ് പറയുന്ന "കണ്ണീരും വലിയ വിലാപവും" ഗത്സേമെൻ തോട്ടത്തിൽ വച്ചുണ്ടായി. സകലരും കൈവിട്ട നിമിഷം, പീഡാനുഭവത്തിന്റെ ഭീകരദൃശ്യം, അതിൽനിന്ന് ഓടിയകലാനുള്ള പ്രലോഭനം! മനുഷ്യന് താങ്ങാവുന്നതിൽ അധികമായിരുന്നു ആ നിമിഷം. അതുപോലെ കുരിശിൽ കിടന്നു കൊണ്ടുള്ള പച്ചമനുഷ്യന്റെ നിലവിളി: "ഏലീ, ഏലീ, ലമാ സബക്താനീ- എന്റെ ദൈവമേ, എന്റെ ദൈവമേ, എന്തുകൊണ്ട് എന്നെ കൈവിട്ടു?". "എങ്കിലും എന്റെ ഇഷ്ടമല്ല, നിന്റെ ഇഷ്ടം നടക്കട്ടെ...പിതാവേ, നിന്റെ തൃക്കൈയിൽ എന്റെ ആത്മാവിനെ ഞാൻ സമർപ്പിക്കുന്നു എന്ന് ഉച്ചത്തിൽ നിലവിളിച്ചു കൊണ്ട് അവൻ ജീവൻ വെടിഞ്ഞു" (മത്താ 27,50).

# 7

# കൊളുത്തിയ വിളക്ക്

നമ്മുടെ കർത്താവ് തന്റെ ശിഷ്യരെ ഉപ്പിനോടും പ്രകാശത്തോടും മലമുകളിലെ പട്ടണത്തോടും കൊളുത്തിയ വിളക്കിനോടും ഉപമിക്കുന്നു (മത്താ 5,13-16). ഇവയൊക്കെ അവർ ചെയ്യുന്ന സത്കർമങ്ങളെയും അവരുടെ സുകൃതജീവിതത്തെയും സൂചിപ്പിക്കുന്നു. അതുവഴി അവർ ദൈവത്തെ മഹത്വപ്പെടുത്തുകയും ലോകത്തിന് അനുഗ്രഹമായി തീരുകയും ചെയ്യുന്നു. ഇതാണ് ക്രിസ്ത്യാനിയുടെ വിളി.

## ഭൂമിയുടെ ഉപ്പ്

ഉപ്പ് രുചി പകരുന്നു, സാധനങ്ങൾ കേടുകൂടാതെ സംരക്ഷിക്കുന്നു. പഴയനിയമത്തിൽ ബലിക്കും പരസ്പരബന്ധത്തിന്റെ ഉറപ്പിനും ശുദ്ധീകരണത്തിനും ഉപ്പുപയോഗിച്ചിരുന്നു. ഉപ്പ് ഔഷധമാണ്. അലിഞ്ഞില്ലാതാകുന്ന ഉപ്പ് ശൂന്യവൽക്കരണത്തെ സൂചിപ്പിക്കുന്നു. ദൈവത്തിന്റെ ഈ മനോഹരഭൂമിയിൽ നന്മ വിതറി സൗരഭ്യം പരത്തുന്നവരാണ് യേശുവിന്റെ ശിഷ്യർ. അവരാണ് സമൂഹത്തെ കേടുകൂടാതെ

സൂക്ഷിക്കേണ്ടവർ. അതിനെ ശുദ്ധീകരിക്കുന്നവരും സുഖപ്പെടുത്തുന്നവരും വളർത്തുന്നവരും അവരാണ്. അതിർത്തികൾക്കപ്പുറത്തു കടന്ന് എല്ലാവർക്കും രുചി പകരേണ്ടവരാണവർ. യേശുവിന്റെ അനുയായികളുടെ അധഃപതനത്തെ "ഉറകെട്ട ഉപ്പ്"എന്ന് വിളിച്ചിരിക്കുന്നു. അത്തരം ഉപ്പ് പുറത്തേക്ക് വലിച്ചെറിയപ്പെടുന്നു. അത് വിലകെട്ടതും നിന്ദിതവുമാണ്. ശിഷ്യർ എന്ന ദൗത്യത്തിൽ നിന്നു മാറിപ്പോയാൽ, ശിഷ്യർ ഉറകെട്ട ഉപ്പായിത്തീരും.

## ലോകത്തിന്റെ പ്രകാശം

"ഞാൻ ലോകത്തിന്റെ പ്രകാശമാകുന്നു. എന്നെ അനുഗമിക്കുന്നവൻ ഒരിക്കലും അന്ധകാരത്തിൽ നടക്കുകയില്ല...എന്നിൽ വിശ്വസിക്കുന്നവരാരും അന്ധകാരത്തിൽ വസിക്കാതിരിക്കേണ്ടതിന് ഞാൻ വെളിച്ചമായി ലോകത്തിലേക്ക് വന്നിരിക്കുന്നു...ലോകത്തിൽ ആയിരിക്കുമ്പോൾ ഞാൻ ലോകത്തിന്റെ വെളിച്ചമാണ്" (യോഹ 8,12. 46; 9,5). "അവനിൽ ഉണ്ടായിരുന്ന ജീവൻ മനുഷ്യരുടെ വെളിച്ചമായിരുന്നു. ആ വെളിച്ചം ഇരുളിൽ പ്രകാശിക്കുന്നു. അതിനെ കീഴടക്കാൻ ഇരുളിന് കഴിഞ്ഞില്ല...അവൻ എല്ലാ മനുഷ്യരെയും പ്രകാശിപ്പിക്കുന്ന സത്യവെളിച്ചമാണ് (യോഹ 1,4-5.9).

അന്ധകാരത്തിൽ ഇരുന്ന ജനത്തിന് വലിയ വെളിച്ചമായി യേശു ഉദിച്ചുവന്നു. അത് ഏശായായുടെ പ്രവചനത്തിന്റെ പൂർത്തീകരണമായി വി. മത്തായി ശ്ലീഹാ രേഖപ്പെടുത്തുന്നു (ഏശാ 9,1-2; മത്താ 4,13-17). "നിങ്ങൾ ലോകത്തിന്റെ പ്രകാശമാണ്" എന്ന് യേശു തന്റെ ശിഷ്യരോട് പറയുന്നു. ലോകത്തിന്റെ പ്രകാശമാകാൻ നിയുക്തരായവരാണ് ക്രിസ്തുശിഷ്യർ. പ്രകാശമായ യേശുവിന്റെ ദൗത്യം അവരാണ് തുടരേണ്ടത്. യേശുവിന്റെ ശിഷ്യർ ഇല്ലെങ്കിൽ ഈ ലോകം അന്ധകാരത്തിൽ അമർന്നുപോകും.

## മലമുകളിലെ പട്ടണവും കൊളുത്തിയ വിളക്കും(മത്താ 5,15)

പ്രകാശമായ ക്രിസ്തുശിഷ്യർ ചുറ്റുമുള്ളതിനെയെല്ലാം പ്രകാശിപ്പിക്കുന്നു. ഈ പ്രകാശം മറയ്ക്കാനാവില്ല. മലമുകളിലെ പട്ടണം എല്ലാവർക്കും ദൃശ്യമാകുന്നതു പോലെ, ഈ പ്രകാശം എല്ലാവർക്കും അനുഭവവേദ്യമാകുന്നു.

കൊളുത്തിയ വിളക്ക് പ്രകാശം നൽകുന്നു. വിളക്ക് വേണ്ടവിധം

കത്തിച്ച് പ്രകാശിപ്പിക്കാതിരിക്കാൻ ക്രിസ്തുശിഷ്യർ ചിലപ്പോഴൊക്കെ പ്രലോഭിതരാകാം. ലഭിച്ച പ്രകാശം പങ്കുവയ്ക്കാതിരിക്കുന്നതും പ്രലോഭനമാണ്. ഭയത്താലോ, ഈ മഹത്തായ രക്ഷയുടെ ശ്രേഷ്ഠത വേണ്ട വണ്ണം ഗ്രഹിക്കാത്തതിനാലോ ആകാം ഈ കമഴ്ത്തിവയ്പ്. അതിനാലാകാം ചിലപ്പോഴൊക്കെ പറയുടെ കീഴിൽ വയ്ക്കപ്പെട്ട് രീതി കാണപ്പെടുന്നത്.

യേശുവിനെ അനുഗമിക്കുന്നതു വഴിയാണ് ക്രിസ്തുശിഷ്യർ ഉപ്പും പ്രകാശവും കൊളുത്തിയ വിളക്കും പട്ടണവുമായിരിക്കുന്നത്. പരിശുദ്ധാത്മ കൃപയാലാണ് അവർ അതായിരിക്കുന്നത്. ഈ പ്രകാശം അണയാനുള്ളതല്ല, ചുറ്റും പ്രകാശിക്കാനുള്ളതാണ്. അതുകൊണ്ട് ഇത് കട്ടിലിന്റെ കീഴിൽ വയ്ക്കരുത്, പറ കൊണ്ട് മൂടുകയുമരുത്. ഈ പ്രകാശം മനുഷ്യർക്ക് ദൃശ്യമാകണം. അതുവഴി അവർ സ്വർഗീയ പിതാവിനെ മഹത്വപ്പെടുത്തണം. സത്പ്രവൃത്തികളാകുന്ന ഉപ്പും വെളിച്ചവും കൊണ്ടാണ് അവർ പിതാവിനെ മഹത്വപ്പെടുത്തേണ്ടത്. സ്നേഹം, കരുണ, ദയ, നീതി, ക്ഷമ, സമാധാനം ആദിയായ സദ്ഗുണങ്ങളെല്ലാം ഇതിൽ ഉൾപ്പെടുന്നു. സത്യദൈവത്തെ അറിയുകയും അംഗീകരിക്കുകയും സ്വീകരിക്കുകയും ആരാധിക്കുകയും ചെയ്യുന്നതിൽ മഹത്വപ്പെടുത്തൽ അടങ്ങിയിരിക്കുന്നു. ഈ രീതിയിൽ മറ്റുള്ളവരെ ഇരുളിൽ നിന്നു വെളിച്ചത്തിലേക്ക് ആനയിക്കാൻ ശിഷ്യർക്ക് കഴിയണം. നന്മ നിറഞ്ഞ ജീവിതസാക്ഷ്യമാണ് ഇതിന് വേണ്ടത്.[1]

# 8

# പാപമെന്ന യാഥാർഥ്യം

ഈ ലോകത്തിൽ പാപമുണ്ട്. നമ്മുടെ കർത്താവ് തന്റെ കുരിശുമരണത്തിലൂടെ മനുഷ്യരെ പാപത്തിൽ നിന്നു മോചിപ്പിച്ച് രക്ഷിച്ചു. അവരെ പുണ്യപാതയിലേക്ക് തിരിച്ചുവിടുകയും കൃപയാൽ നിറയ്ക്കുകയും ചെയ്തു. എന്നാൽ ഇപ്പോഴും പാപവും തിന്മയും ലോകത്തിൽ വർധിച്ചു പെരുകിക്കൊണ്ടിരിക്കുന്നു. നന്മ വർധിക്കുന്നതോടൊപ്പം തിന്മയും വർധിക്കുന്നു. അതിന്റെ കാരണം കർത്താവു തന്നെ പറഞ്ഞിട്ടുണ്ട്: "കള വിതച്ചത് ദുഷ്ടനാണ്" (മത്താ 13,39). തിന്മയുടെ ശക്തി

1. ഹെൻറി പട്ടരുമഠത്തിൽ, മലയിലെ പ്രസംഗം-വിശകലനവും വ്യാഖ്യാനവും, പേ.62-69


www.malankaralibrary.com

രാത്രിയിൽ കളവിതച്ച് കടന്നുകളയുന്നു. ആ കള വളർന്ന് പന്തലിച്ച് ദുഷ്ടത പരത്തുന്നു.

പ്രലോഭിപ്പിച്ച ദുഷ്ടശക്തിക്ക് ആദിമാതാപിതാക്കൾ വിധേയരായി. അവരുടെ ആദ്യസന്താനങ്ങളിൽ ഒരുവൻ കൊലപാതകം നടത്തി; സഹോദരനെ നിഷ്കരുണം കൊന്നു. എല്ലാക്കാലത്തും എല്ലാ തലമുറ കളിലും എല്ലാ നാടുകളിലും എല്ലാ ജനപദങ്ങളുടെ ഇടയിലും പാപം നിലനിൽക്കുന്നു. അതിന് ഒരു പ്രധാന പ്രേരണ പിശാചിൽ നിന്നു ലഭിക്കുന്നു. ബലഹീനമായ മർത്യശരീരത്തിലൂടെ പാപം പുറത്തേക്കു വരുന്നു. "പാപം ചെയ്യുന്നവൻ പിശാചിൽ നിന്നുള്ളവനാണ്. പിശാച് ആദിമുതലേ പാപം ചെയ്യുന്നവനാണ്...എന്നാൽ ദൈവത്തിൽ നിന്നു ജനിച്ചവൻ പാപം ചെയ്യുന്നില്ല" (1യോഹ 3,8-9;5,18).

ആധുനിക മാധ്യമങ്ങൾ - ടെലിവിഷൻ, സിനിമാ, ഇന്റർനെറ്റ്, മൊബൈൽ ഫോൺ, ഫെയ്സ്ബുക്ക് ആദിയായവ - ധാരാളം നന്മ പ്രചരിപ്പിക്കുന്നു. അതോടൊപ്പം വളരെയധികം ദുഷ്ടതയും തിന്മയും പാപസാഹചര്യങ്ങളും പ്രചരിക്കുന്നു. സംസ്കാരമുള്ള മനുഷ്യർ പരസ്യമായി പറയാനും എഴുതാനും മടിക്കുന്നവ, അറപ്പുളവാക്കുന്നവ, ഗോപ്യമായി വച്ചേക്കേണ്ടവ, ജുഗുപ്സാവഹമായവ, എഴുതി വിടുകയും പറഞ്ഞു പരത്തുകയും ചെയ്തു കാട്ടുകയും ചെയ്യുന്ന പൈശാചിക പ്രവൃത്തി പ്രബലപ്പെട്ടു വരികയാണ്. ഒരു വലിയ ധാർമിക നിലവാര ത്തകർച്ചയിലേക്കാണ് നാം കൂപ്പു കുത്തുന്നത്. ഒരു സാംസ്കാരിക മാനദണ്ഡവും ഇല്ലാത്തവർ, ഞരമ്പുരോഗികൾ, വികലമാനസ്സർ, എന്തും എഴുതാനും പറയാനും ചെയ്യാനും മടിക്കാത്തവർ ആദിയായ വർ കാട്ടിക്കൂട്ടുന്ന കോപ്രായങ്ങൾ അറപ്പുളവാക്കുന്നവ തന്നെയാണ്. തിന്മ ആവർത്തിച്ച് അവതരിപ്പിക്കുമ്പോൾ, സത്യമെന്ന് കരുതി ശുഷ്ക മാനസ്സർ അതിനനുസരിച്ച് പ്രവർത്തിക്കുന്നു. സിനിമാലോകം മാഫിയാ കൾ കൈയടക്കി വച്ചിരിക്കുന്നു. സിനിമായിൽ സ്ത്രീകളോടു കാട്ടുന്ന ക്രൂരതകൾ തുടരെത്തുടരെ കണ്ടും കേട്ടും തഴമ്പിച്ചവർക്ക് ക്രൂരത വിനോദമായി മാറുന്നു. അതുകൊണ്ടാണ് നമ്മുടെ നാട്ടിൽ ഇത്രയേറെ ക്രൂരത തഴച്ചുവളരുന്നത്.

മീഡിയാക്കാരുടെ ചർച്ചകൾ പണം കൊടുക്കുന്നവരുടെ താൽ പര്യങ്ങൾ നിലനിർത്താനും വളർത്താനും വേണ്ടിയുള്ളതായി തോന്നും. പണക്കാരൻ തനിക്കിഷ്ടമുള്ളത് മീഡിയാവഴി പ്രചരിപ്പിക്കുന്നു. നമ്മുടെ

മീഡിയാകൾ ഇനിയും വളരെയധികം മെച്ചപ്പെടേണ്ടതുണ്ട്. മൊബൈൽ ഫോൺ, ഇന്റർനെറ്റ് തുടങ്ങിയവ വിവേചനാബുദ്ധിയോടെ കൈകാര്യം ചെയ്യാൻ യുവജനങ്ങളിൽ പലർക്കും സാധിക്കുന്നില്ല. അവരെ ശരിയായ ദിശയിൽ തിരിച്ചുവിടേണ്ടതാണ്. ധാർമികതയെ ചവിട്ടിത്താഴ്ത്തുന്ന തരത്തിലുള്ള പരിപാടികൾ പലരും അവതരിപ്പിക്കുന്നു. ചിലർ ക്രൂരഭാവങ്ങൾ അവതരിപ്പിക്കുന്നതിൽ വിദഗ്ധരാണ്. എല്ലാം സത്യമെന്നു ചിന്തിച്ച് അന്ധാളിച്ച് പലരും മുന്നോട്ടു പോകുന്നു. അതിനന്ത്യം പരാജയത്തിന്റെ പടുകുഴി തന്നെ.

മദ്യപാനവും മയക്കുമരുന്നും നാട്ടിൽ സാർവത്രികമായി. ജനസേവകർ പലരും ഇക്കാര്യത്തിൽ ജനദ്രോഹികളായി മാറുന്നു. ഭരണാധികാരികൾക്ക് പണമെന്ന ചിന്തയേ ഉള്ളു എന്നു തോന്നും. ജനത്തിന്റെ സാംസ്കാരിക വളർച്ചയോ, ധാർമിക നിലവാരമോ, ഉന്നതിയോ, ശ്രേഷ്ഠതയോ ഒന്നും അധികാരികൾ കാര്യമായി പരിഗണിക്കുന്നില്ലെന്നു തോന്നും. മദ്യത്തിൽ ജനത്തെ മുക്കിക്കൊല്ലുന്ന നേതാക്കന്മാർ! തകരുന്ന കുടുംബങ്ങൾ! കൈക്കൂലിയും അഴിമതിയും നിറഞ്ഞ ഉദ്യോഗസ്തവൃന്ദം! എവിടെയും സ്വാർഥതയും തിന്മയും! ഓരോ ദിവസവും നാം കാണുകയും കേൾക്കുകയും ചെയ്യുന്ന വാർത്തകൾ ഞെട്ടിപ്പിക്കുന്നവയാണ്. ഈ മലയാളിക്ക് എന്തു പറ്റി എന്നു ചോദിച്ചു പോകുകയാണ്. ചോരക്കുഞ്ഞു മുതൽ വർധക്യത്തിൽ എത്തിയവരെ വരെ, വിവിധ പ്രായത്തിലുള്ള സ്ത്രീകളെ, കടന്നാക്രമിച്ച്, പീഡിപ്പിച്ച്, മൃഗീയമായി കൊല ചെയ്യുന്ന വാർത്തകൾ ഇല്ലാത്ത ദിവസങ്ങൾ ചുരുക്കം. മനുഷ്യത്വം മരവിച്ച കാപാലികന്മാർ. മനുഷ്യനെ മനുഷ്യനായി കാണാൻ കഴിയാത്തവർ. ഇവരെ കശ്മലന്മാർ എന്നു തന്നെ വിളിക്കാം. മീഡിയാ വഴി പ്രചരിക്കുന്നവയിലൂടെ, ഇവയൊന്നും തെറ്റല്ല എന്ന ചിന്ത തലയിൽ കയറ്റി ഇക്കൂട്ടർ പ്രവർത്തിക്കുന്നു. മനസ്സു മരവിച്ച്, മദ്യത്തിനും മയക്കുമരുന്നിനും അടിമകളായി ഒരുതരം ഭ്രാന്താവസ്ഥയിലാണ് കുറേ മലയാളികളെങ്കിലും.

കേരളത്തിൽ ക്വട്ടേഷൻ സംഘങ്ങൾ തഴച്ചുവളരുന്നു. എന്തു നികൃഷ്ടകാര്യവും ചെയ്യാൻ മടിയില്ലാത്തവരെ കൂലിക്കെടുത്ത് ചാവേർപണി നടത്തുന്നു. അവരെ സംരക്ഷിക്കാൻ അവരുടെ പിന്നിൽ ആളുണ്ട്, അർഥമുണ്ട്, പകരക്കാരുമുണ്ട്.

എന്നാൽ നാടിന്റെ നട്ടെല്ലായ കർഷകനെ സംരക്ഷിക്കാൻ, വന്യമൃഗങ്ങളിൽ നിന്ന് രക്ഷിക്കാനും, കൃഷി സംരക്ഷിക്കാനും, വേണ്ടതു

പോലെ പ്രവർത്തിക്കാൻ ജനനേതാക്കന്മാർക്ക് കഴിയുന്നുണ്ടോ എന്ന് ചിന്തിക്കേണ്ടതാണ്. പട്ടിയും പന്നിയും മറ്റ് കാട്ടുമൃഗങ്ങളും നാട്ടിൽ ഉടനീളം വിലസുന്നു. വനപാലകർ വനം സംരക്ഷിച്ചാൽ പോരേ? അവരെന്തിന് മനുഷ്യനെ ഇടിച്ച് നടുവൊടിക്കന്നു? കർഷകന് എന്നും കഷ്ടപ്പാടുതന്നെ.

നേതാക്കന്മാർ നിലകൊള്ളുന്നത് വൻകിട ജന്മികൾക്കും മുതലാളിമാർക്കും ഫാക്ടറി ഉടമകൾക്കും വ്യവസായ പ്രമുഖർക്കും വേണ്ടിയാണെന്ന് തോന്നിപ്പോകുന്നു. പ്രസംഗചാതുരി ഉപയോഗിച്ച് സാധാരണക്കാരനെ വശികരിക്കയും അവന്റെ വോട്ടുനേടി അധികാരത്തിലെത്തുകയും പിന്നീട് അവനെ മറന്നുകളയുകയും ചെയ്യുന്നു. - ഇവയെല്ലാം പാപമെന്ന യാഥാർഥ്യത്തിന്റെ വിവിധ അവതാരങ്ങളാണ്.

ഇവയുടെയൊക്കെ മൂർധന്യമാണ് പൈശാചിക സേവയും അതിൽ നിന്നുളവാകുന്ന ദുഷ്ടതകളും. ഈ നാട്ടിൽ ഇത്തരം ദുഷ്കർമങ്ങൾ പടന്നു പിടിച്ചുകൊണ്ടിരിക്കയാണ്. ആരെയും കൊല്ലാനം നശിപ്പിക്കാനും തകർക്കാനും പ്രേരിപ്പിക്കുന്ന പൈശാചികശക്തി ഈ സേവയിൽ നിന്ന് കിട്ടുന്നു. അതോടൊപ്പം ലൈംഗികമായ അരാജകത്വവും.

യുവജനങ്ങളിൽ പലരും ഇവയിലേക്കൊക്കെ പാഞ്ഞടുക്കുന്നു. മദ്യം, ലൈംഗികാരാജകത്വം, മയക്കുമരുന്നുകൾ എന്നിവ ഇത്തരം സേവയുമായി ബന്ധപ്പെട്ട് കാണപ്പെടുന്നതായി പറയപ്പെടുന്നു. മനുഷ്യനെ ഒരുതരം ഉന്മാദാവസ്ഥയിൽ എത്തിക്കുന്ന പ്രക്രിയയാണ് അത്തരം സമ്മേളനങ്ങളിൽ നടക്കുക. ഇതൊക്കെ അറിഞ്ഞുകൊണ്ടാണോ യുവജനങ്ങൾ പൈശാചികസേവയ്ക്ക് പോകുന്നത്?

നമ്മുടെ നാട്ടിൽ നിരവധി കരിസ്മാറ്റിക് ധ്യാനകേന്ദ്രങ്ങളുണ്ട്. അനേകം സാത്വികരും ധാരാളം ആൾദൈവങ്ങളും ഈ നാട്ടിലുണ്ട്. ചിലർക്കൊക്കെ പ്രത്യേക വരങ്ങളും ദാനങ്ങളുമുണ്ട്. പലരും കർത്താവിലേക്ക് ജനത്തെ അടുപ്പിക്കാനല്ല, തങ്ങൾക്കു ചുറ്റും ആളെ കൂട്ടാനാണ് ഈ വരങ്ങളും ദാനങ്ങളും ഉപയോഗിക്കുന്ന്ത്. ഈ നാട് പാടേ നശിച്ചുപോകാത്തത് നല്ല ധ്യാനകേന്ദ്രങ്ങളുടെ നിലനിൽപ്പു കൊണ്ടാണ്.

ധ്യാനകേന്ദ്രങ്ങളിൽ പോയി സൗഖ്യം പ്രാപിക്കുകയും മെച്ചപ്പെട്ട ജീവിതം നയിക്കുകയും ചെയ്യുന്നവരുണ്ട്. എന്നാൽ വിശ്വാസത്തിലും ബോധ്യങ്ങളിലും ആഴത്തിൽ അടിയുറയ്ക്കാൻ നമ്മുടെ മനുഷ്യർക്ക് സാധിക്കുന്നുണ്ടോ എന്നു സംശയം. ഈ നാട്ടിൽ ആത്മഹത്യ പെരുകി

ക്കൊണ്ടിരിക്കയാണ്. അനേകർ പത്രോസിന്റെ പാതയല്ല, യൂദാസിന്റെ പാതയാണ് പ്രശ്നപരിഹാരത്തിന് തെരഞ്ഞെടുക്കുന്നത്. പലരും ഭക്തരായിരിക്കാം, ആരാധനാലയങ്ങളിൽ പോകുന്നവരാകാം. എന്നാൽ പക്വമതികളായ മനുഷ്യരായി ഇക്കൂട്ടർ വളരുന്നുണ്ടോ എന്ന് ചിന്തിക്കേണ്ടതാണ്.

ദൈവമില്ല എന്നു പഠിപ്പിക്കുന്ന നിരീശ്വര പ്രസ്ഥാനങ്ങൾ നാട്ടിൽ പ്രബലമാണ്. അവർ ശിക്ഷയെ ഭയന്നു മാത്രമാണ് ചില മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്നത്. കൊലയ്ക്കു കൊല എന്ന ഹീനതത്വം അവർ നടപ്പാക്കുന്നു; അവരെ അനുകരിച്ച് മറ്റുള്ളവരും.

“ദൈവത്തിനു വിധേയരാകുവിൻ, പിശാചിനെ ചെറുത്തു നിൽക്കുവിൻ” എന്ന് വി. യാക്കോബുശ്ലീഹാ ഉപദേശിക്കുന്നു (4,7). നാം ക്രിസ്തുവിന്റെ മനോഭാവം ആയുധമാക്കിയാൽ (1പത്രോ 4,1), തിന്മയുടെ ദിനത്തിൽ പിടിച്ചുനിൽക്കാൻ സാധിക്കും. ദൈവമില്ലാത്തവർ, വിഗ്രഹാരാധകർ തുടങ്ങിയവർ, അഴിഞ്ഞാട്ടം, ജഡമോഹം, മദിരോത്സവം ആദിയായ ദുർവൃത്തികളിൽ മുഴുകാൻ ഇഷ്ടപ്പെടുന്ന വരാണ് ( 1പത്രോ 4,3). യേശുവിന്റെ രക്തം എല്ലാ പാപങ്ങളിൽ നിന്നും നമ്മെ ശുദ്ധീകരിക്കുന്നു (1 യോഹ 1,7). അതുകൊണ്ട്, യേശുവിനോട് ചേർന്നു നിൽക്കുക. അവനെ ഹൃദയത്തിൽ സ്വീകരിക്കുക. നാം ദൈവമക്കളെന്നു വിളിക്കപ്പെടുന്നു. നാം അങ്ങനെയാണുതാനും (1 യോഹ 3,1). ഈ അവബോധം നിലനിർത്തിയാൽ, ഈ ലോകത്തിൽ സ്നേഹം പകരാൻ നമുക്ക് സാധിക്കും.

നാം തിന്മയുടെ ദുർദിനത്തിലാണ് ജീവിക്കുന്നത്. എല്ലാ വശത്തേക്കും നമ്മെ വലിച്ചിഴയ്ക്കാൻ നിരന്തരം ശ്രമിക്കുന്ന ദുഷ്ടശക്തികളുടെ മധ്യത്തിലാണു നാം. അതുകൊണ്ട് ദൈവത്തിന്റെ എല്ലാ ആയുധങ്ങളും ധരിക്കുകയും ദൈവവചനമാകുന്ന ആത്മാവിന്റെ വാൾ എടുക്കുകയും ചെയ്യണം. അപ്പോൾ മഹത്വത്തിന്റെ ആത്മാവ് നമ്മെ പരിപാലിച്ച് വഴിനടത്തി വിജയത്തിൽ എത്തിക്കും. അവന് എന്നുമെന്നേക്കും മഹത്വം ഉണ്ടായിരിക്കട്ടെ.

 www.malankaralibrary.com

# 9

# പാപഹന്താവായ തമ്പുരാൻ

നമ്മുടെ കർത്താവിനെപ്പറ്റി സുവിശേഷം നൽകുന്ന ആദ്യ പരാമർശം, "അവൻ തന്റെ ജനത്തെ അവരുടെ പാപങ്ങളിൽ നിന്നു മോചിപ്പിക്കുന്നതിനാൽ, അവന് യേശു എന്നു പേരിടണം" എന്നത്രേ (മത്താ 1,21). പാപം ഒരു യാഥാർഥ്യമാണ്. മാംസവും രക്തവുമുള്ള ബലഹീന മനുഷ്യൻ ജീവിക്കുന്ന ഈ ധരയിൽ അവൻ പ്രലോഭനങ്ങളുടെ മധ്യത്തിലാണ്. വിവിധ ജനപദങ്ങൾ പാപപരിഹാരത്തിനും പരേതരുടെ ആത്മശാന്തിക്കും മറ്റും വിവിധ കർമങ്ങൾ എക്കാലവും അനുഷ്ഠിച്ചുവരുന്നു. ഇസ്രായേൽക്കാർ മൃഗങ്ങളെയും പറവകളെയും പാപപരിഹാരാർഥം ബലി കഴിച്ചിരുന്നു.

മനുഷ്യരുടെ ബലഹീനാവസ്ഥ മനസ്സിലാക്കി ദൈവം തന്നെ താണിറങ്ങി വന്ന് അവരെ പാപത്തിൽ നിന്ന് മോചിപ്പിക്കുന്നു. അതാണ് യേശു എന്ന രക്ഷകനിലൂടെ ദൈവം ചെയ്തത്. തന്നെ സമീപിച്ച പാപികളെയും രോഗികളെയും തള്ളിക്കളയാതെയും ആട്ടിയോടിക്കാതെയും യേശു കാരുണ്യപൂർവം സ്വീകരിക്കുകയും സൗഖ്യം നൽകുകയും പാപം മോചിക്കുകയും ചെയ്തു. തളർവാതരോഗിയോട് കർത്താവ് പറഞ്ഞു: "മകനേ, നിന്റെ പാപങ്ങൾ ക്ഷമിക്കപ്പെട്ടിരിക്കുന്നു" (മത്താ 9,2). ഹൃദയത്തിൽ തിന്മ നിരൂപിച്ച നിയമജ്ഞരോട് കർത്താവു പറഞ്ഞു: "ഭൂമിയിൽ പാപങ്ങൾ ക്ഷമിക്കാൻ മനുഷ്യപുത്രന് അധികാരമുണ്ടെന്ന് നിങ്ങൾ അറിയണം" (9,6). പാപിനിയോട് അവിടുന്ന് പറഞ്ഞു: "നിന്റെ പാപങ്ങൾ ക്ഷമിക്കപ്പെട്ടിരിക്കുന്നു (ലൂ 7,48). "പൊയ്ക്കൊള്ളുക. മേലിൽ പാപം ചെയ്യരുത്" (യോഹ 8,11).

ഉത്ഥാനം ചെയ്ത കർത്താവ് തന്റെ ശിഷ്യന്മാരോട് പറഞ്ഞു: “പിതാവ് എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയക്കുന്നു. നിങ്ങൾ പരിശുദ്ധാത്മാവിനെ സ്വീകരിക്കുവിൻ. നിങ്ങൾ ആരുടെ പാപങ്ങൾ ക്ഷമിക്കുന്നുവോ, അവ അവരോട് ക്ഷമിക്കപ്പെട്ടിരിക്കും. നിങ്ങൾ ആരുടെ പാപങ്ങൾ ബന്ധിക്കുന്നുവോ, അവ ബന്ധിക്കപ്പെട്ടിരിക്കും” (യോഹ 20.21-23).

“സ്വർഗത്തിലും ഭൂമിയിലുമുള്ള എല്ലാ അധികാരവും എനിക്ക് നൽകപ്പെട്ടിരിക്കുന്നു” എന്നാണ് സ്വർഗാരോഹണത്തിനു മുമ്പ് അവിടുന്ന് അരുളിച്ചെയ്തത് (മത്താ 28,18). തന്റെ പരസ്യജീവിതകാലത്തു തന്നെ കർത്താവ് ഇക്കാര്യം വാഗ്ദാനം ചെയ്തിട്ടുണ്ട്: “നിങ്ങൾ ഭൂമിയിൽ കെട്ടുന്നതെല്ലാം സ്വർഗത്തിലും കെട്ടപ്പെട്ടിരിക്കും. നിങ്ങൾ ഭൂമിയിൽ അഴിക്കുന്നതെല്ലാം സ്വർഗത്തിലും അഴിക്കപ്പെട്ടിരിക്കും”(മത്താ 16,19).

നമ്മുടെ കർത്താവ് തന്റെ പരസ്യജീവിതകാലത്ത് പാപമോചനം നൽകിയതുപോലെ, തന്റെ ശിഷ്യന്മാർക്കും ഈ അധികാരം നൽകി. അതാണ് സഭയിലെ പാപമോചനം. ഇത് രമ്യതയുടെയും അനുരഞ്ജനത്തിന്റെയും ശുശ്രൂഷയാണ് (2 കൊറി 5,18-21). “ഞങ്ങൾ ക്രിസ്തുവിന്റെ സ്ഥാനപതികളാണ്. ഞങ്ങൾ വഴി ദൈവം നിങ്ങളോട് അഭ്യർഥിക്കുന്നു: നിങ്ങൾ ദൈവത്തോട് രമ്യതപ്പെടുവിൻ”(5,20). ‘നമുക്ക് പാപം ഇല്ലെന്നു നാം പറഞ്ഞാൽ, അത് ആത്മവഞ്ചനയാകും. അപ്പോൾ നമ്മിൽ സത്യം ഇല്ലെന്നുവരും. എന്നാൽ നാം പാപം ഏറ്റുപറയുന്നെങ്കിൽ, പാപങ്ങൾ ക്ഷമിക്കുകയും എല്ലാ അനീതികളിലും നിന്ന് നമ്മെ ശുദ്ധീകരിക്കുകയും ചെയ്യും” (1യോഹ 1,9-10).

ദൈവം പാപം ക്ഷമിച്ചിരിക്കുന്നു എന്ന് പ്രഖ്യാപിക്കുക മാത്രമല്ല വൈദികൻ ചെയ്യുന്നത്. കർതൃവചനാനുസൃതം പാപം മോചിച്ച് വിശുദ്ധീകരിക്കുകയും സഭയുമായി രമ്യതപ്പെടുത്തുകയും ചെയ്യുന്നു. “നമ്മുടെ ബലഹീനതയിൽ നമ്മോട് സഹതപിക്കാൻ കഴിയുന്ന പ്രധാനാചാര്യനാണ് നമുക്കുള്ളത്” (എബ്രാ 5,2;2,18;4,15;2കൊറി 5,21). ലോകത്തിൽ പാപം നിലനിൽക്കുന്നിടത്തോളം കാലം പാപമോചനം ആവശ്യമാണ്. അതാണ് സഭയിലെ കുമ്പസാരം.

# 10

# പ്രലോഭനവും തിന്മയും

"പ്രലോഭനത്തിൽ ഉൾപ്പെടുത്തരുതേ. തിന്മയിൽ നിന്ന് രക്ഷിക്കണമെ"എന്ന് പ്രാർഥിക്കാൻ നമ്മുടെ കർത്താവ് തന്റെ ശിഷ്യരെ പഠിപ്പിച്ചു (മത്താ 6,13). ഇത് കർതൃപ്രാർഥനയുടെ ഭാഗമാണ്. ഈ പ്രാർഥന പല രീതികളിൽ വിവർത്തനം ചെയ്തു കാണുന്നുണ്ട്:

"പരീക്ഷയിലേക്ക് ഞങ്ങളെ പ്രവേശിപ്പിക്കരുതേ. പ്രലോഭനത്തിൽ നിന്നു ഞങ്ങളെ രക്ഷിച്ചുകൊള്ളണമെ. പ്രലോഭനത്തിൽ ഞങ്ങളെ വീഴ്ത്തരുതേ. പ്രലോഭനം സംഭവിക്കാൻ ഇടയാക്കരുതേ. ഞങ്ങളെ പരീക്ഷണ വിധേയരാക്കരുതേ."

പരീക്ഷ, പരീക്ഷണം, പ്രലോഭനം, പരിശോധന എന്നിങ്ങനെ വിവിധ മലയാള പദങ്ങൾ മൂല ഗ്രീക്കുവാക്കിനുണ്ട്. അതുപോലെ മൂല ഗ്രീക്കുവാക്കിന് തിന്മയെന്നും ദുഷ്ടനെന്നും അർഥം പറയാം.

ഈ പ്രാർഥന കേട്ടാൽ, ദൈവം തിന്മയിലേക്ക് പ്രവേശിപ്പിക്കുന്നു എന്നു തോന്നാം. എന്നാൽ അങ്ങനെയല്ല അതിനർഥം എടുക്കേണ്ടത്. പരീക്ഷകളും പ്രലോഭനങ്ങളും ദൈവം വരുത്തുന്നു എന്നു കരുതുകവയ്യാ. വി. യാക്കോബുശ്ലീഹാ പറയുന്നു: "പരീക്ഷിക്കപ്പെടുമ്പോൾ, താൻ ദൈവത്താലാണ് പരീക്ഷിക്കപ്പെടുന്നതെന്ന് ആരും പറയാതിരിക്കട്ടെ. ദൈവം ആരെയും പ്രലോഭിപ്പിക്കുന്നില്ല. ഒരോരുത്തുരും പരീക്ഷിക്കപ്പെടുന്നത് സ്വന്തം ദുർമോഹങ്ങളാൽ വശീകരിക്കപ്പെട്ട് കുടുക്കിലാകുമ്പോഴാണ്" (1,13-14).

ഈ ഭൂമിയിൽ മർത്യരെല്ലാവരും പ്രലോഭന വിധേയരാണ്. "ഈ ധരയിലെ ജീവിതം നിരന്തര പ്രലോഭനമാണ്" (ജോബ് 7,1; സങ്കീ 30).

തിരിച്ചറിവു വരുന്ന കാലം മുതൽ മനുഷ്യർ പ്രലോഭന വിധേയരാണ് (സങ്കീ 37,14;സുഭാ 18,8). ഏതുസമയത്തും ഏതു സാഹചര്യത്തിലും ഏതു ജീവിതാവസ്ഥയിലും പരീക്ഷകൾ ഉണ്ടാകാം.

'പരീക്ഷകൾ ഉണ്ടാകുമ്പോൾ പരീക്ഷകനാൽ നയിക്കപ്പെടാൻ അനുവദിക്കരുതേ, പരീക്ഷയിൽ ദൈവം നമ്മെ ഉപേക്ഷിക്കരുതേ, പരീക്ഷയിൽ ഉൾപ്പെട്ടുപോകാൻ അനുവദിക്കരുതേ' എന്നാണ് ഈ പ്രാർഥന വഴി നാം ദൈവത്തോട് അപേക്ഷിക്കുന്നത്. പരീക്ഷിക്കപ്പെ ടുക എന്നതും പരീക്ഷയിൽ ഉൾപ്പെട്ടു പോകുക എന്നതും രണ്ടു കാര്യങ്ങളാണ്. പരീക്ഷ വഴി മാറ്റുരയ്ക്കപ്പെടുന്നു, നാം അംഗീകരിക്ക പ്പെടുന്നു. ഉൾപ്പെടുന്നതുവഴി നാം പരീക്ഷയിൽ വീണു പോകുന്നു. പരീക്ഷയിൽ പരാജയപ്പെടാതിരിക്കാനാണ് നാം പ്രാർഥിക്കുന്നത്. പ്രലോഭനത്തിന്റെ ശക്തിക്ക് അധീനരാകാതിരിക്കാനാണ് അപേക്ഷി ക്കുന്നത്. 'പ്രലോഭനവലയിൽ കുടുങ്ങി പരാജയപ്പെടാൻ അനുവദി ക്കരുതേ, രക്ഷിക്കണമെ, താങ്ങിക്കൊള്ളണമെ' എന്നാണ് അർഥം.

അബ്രഹാമിനു പരീക്ഷ ഉണ്ടായത് വിശ്വാസം പരീക്ഷിക്കാനല്ല, വിശ്വാസം തെളിയിക്കാനാണ്. അവൻ പരീക്ഷയിൽ ജയിച്ചതിനാൽ, മനുഷ്യകുലത്തിന് മാതൃക ആയിത്തീർന്നു. "ദൈവത്തേക്കാൾ കൂടു തലായി മറ്റൊന്നിനെയും സ്നേഹിക്കാൻ പാടില്ല"എന്ന് അവൻ തെളിയിച്ചു.

ജോബിനെ പരീക്ഷണ വിധേയനാക്കിയതും ഇത്തരത്തിലാണ്. ദൈവത്തെ ദുഷിക്കാൻ പലരും പ്രലോഭിപ്പിച്ചെങ്കിലും കഷ്ടതക്കടലി ലൂടെ കടന്നുപോയെങ്കിലും, ജോബ് കർത്താവിനെതിരായി ഒരക്ഷരം ഉരിയാടിയില്ല: "കർത്താവു തന്നു, കർത്താവെടുത്തു. കർത്താവിന്റെ നാമം മഹത്വപ്പെടട്ടെ"എന്നു മാത്രം അവൻ പറഞ്ഞു (1,21). "ദൈവ ത്യക്കരങ്ങളിൽ നിന്നു നന്മ സ്വീകരിച്ച നാം തിന്മ സ്വീകരിക്കാൻ മടിക്കു കയോ?" എന്നും അവൻ കൂട്ടിച്ചേർത്തു (2,10). കർത്താവ് അവനെ പരീക്ഷണവിധേയനാക്കിയ ശേഷം അവനുണ്ടായിരുന്ന ഐശ്വര്യം ഇരട്ടിയായി തിരികെ കൊടുത്തു (42,10). അതുകൊണ്ട് സങ്കീർത്തകൻ പറയുന്നു: "കർത്താവേ, എന്നെ പരീക്ഷിച്ച് എന്റെ ഉള്ളം തെളിയിക്ക ണമെ. എന്റെ ഹൃദയവും മനസ്സും പരീക്ഷിക്കണമെ"(26,2).

ശിക്ഷണം നൽകാൻ ദൈവം പരീക്ഷിക്കുന്നു എന്ന് യൂദിത് പറയുന്നു. ദൈവം പൂർവപിതാക്കന്മാരെ പരീക്ഷിച്ച കാര്യം അവൾ അനുസ്മരിക്കുന്നു (8,26ff.).

നിയമാവർത്തനം പറയുന്നു: "നിങ്ങളുടെ ദൈവമായ കർത്താവ് നിങ്ങളെ എളിമപ്പെടുത്താനും തന്റെ കൽപ്പനകൾ അനുസരിക്കുമോ ഇല്ലയോ എന്നറിയാൻ നിങ്ങളെ പരീക്ഷിച്ച് നിങ്ങളുടെ ഹൃദയ വിചാരങ്ങൾ മനസ്സിലാക്കാനും വേണ്ടി ഈ നാൽപ്പതു സംവൽസരം മരുഭൂമിയിലൂടെ നിങ്ങളെ നയിച്ച വഴിയെല്ലാം നിങ്ങൾ ഓർക്കണം. അവിടുന്ന് നിങ്ങളെ എളിമപ്പെടുത്തുകയും വിശപ്പറിയാൻ വിടുകയും നിങ്ങൾക്കും നിങ്ങളുടെ പിതാക്കന്മാർക്കും അപരിചിതമായിരുന്ന മന്നാ കൊണ്ട് നിങ്ങളെ സംതൃപ്തരാക്കുകയും ചെയ്തത്, അപ്പം കൊണ്ടു മാത്രമല്ല, കർത്താവിന്റെ നാവിൽ നിന്നു പുറപ്പെടുന്ന ഓരോ വാക്കു കൊണ്ടുമാണ് മനുഷ്യൻ ജീവിക്കുന്നതെന്ന് നിങ്ങൾക്ക് മനസ്സിലാക്കിത്തരാൻ വേണ്ടിയാണ്' (8,2-3).

ഇസ്രായേൽക്കാർ പരീക്ഷണവിധേയർ ആയെങ്കിലും, അവർ മരുഭൂമിയിൽ പരാജയപ്പെട്ടു. കനാൻ നാട്ടിൽ എത്തിയിട്ടും അവർ പരാജയപ്പെട്ടു. സത്യഇസ്രായേലായ നമ്മുടെ കർത്താവ് പരീക്ഷിക്കപ്പെട്ടെങ്കിലും, അവൻ പരീക്ഷകനെ ചൂണ്ടിക്കാട്ടി, പിതാവിനോട് ചേർന്നു നിന്നു.

ഈ കർത്താവാണ് നമ്മോട് പറയുന്നത്, "പരീക്ഷയിൽ ഉൾപ്പെടാതിരിക്കാൻ ഉണർന്നിരുന്ന് പ്രാർഥിക്കുവിൻ" എന്ന് (ലൂ.22,46). ശിഷ്യന്മാർക്ക് കഠിനപരീക്ഷ ഉണ്ടായി. പ്രാർഥിക്കുന്നതിനു പകരം അവർ ഉറങ്ങിപ്പോയി. തദ്ഫലമായി അവർ ഗുരുവിനെ ഉപേക്ഷിച്ച് ഓടിപ്പോയി. രാത്രി മുഴുവൻ പ്രാർഥിച്ച കർത്താവിനു മാത്രമേ പ്രാർഥനയ്ക്കുള്ള മാതൃക നൽകാൻ കഴിയൂ.[1]

'പരീക്ഷയിൽ ഉൾപ്പെടുത്തരുതേ' എന്നതിനർഥം 'തിന്മയിൽ നിന്നു രക്ഷിക്കണമെ' എന്നാണെന്ന് *തെർത്തുല്യൻ* (+220) പറയുന്നു.

"പരീക്ഷണവിധേയൻ ആകാത്തവൻ അംഗീകരിക്കപ്പെട്ടവനല്ല. പരീക്ഷകൾ ഉണ്ടാകുമ്പോൾ സന്തോഷിക്കുവിൻ. പരീക്ഷയിൽ പ്രവേശിക്കുക എന്നാൽ പരാജയപ്പെടുക എന്നല്ല, അതിൽ വിജയിച്ച് നീന്തിക്കടക്കുക എന്നാണർഥം എന്ന് *ജറുസലേമിലെ വി. സിറിൽ* (+386) പറയുന്നു.

1. പട്ടരുമഠത്തിൽ, മലയിലെ പ്രസംഗം-വിശകലനവും വ്യാഖ്യാനവും, പേ.159-163.

ശത്രുവിനോട് നേരിട്ട് പോരാടാതെ, ദൈവസഹായം തേടുക. നാം നമ്മുടെ ബലഹീനത ദൈവതിരുമമ്പാകെ ഏറ്റുപറഞ്ഞ് അഹങ്കാരം ശമിപ്പിക്കുക. പ്രാർഥിക്കുമ്പോൾ കർത്താവ് നമ്മുടെ അരിഷ്ടത മനസ്സിലാക്കി, നമ്മെ കൈ തന്നുയർത്തുമെന്ന് *വി. ജോൺ ക്രിസൊസ്തോം* (+407) പറയുന്നു.

പിശാചിന് പല പേരുകളുണ്ട്: ബേൽസെബൂബ്, മാമോൻ, നുണകളുടെ പിതാവ്, ഈ ലോകത്തിന്റെ പ്രഭു, മനുഷ്യരെ കൊല്ലു ന്നവൻ, ദുഷ്ടൻ. 'പരീക്ഷകൻ' എന്നതും അവന്റെ പേരാണ്. പരീക്ഷ (പ്രലോഭനം) എന്നും തിന്മ എന്നും പറയുന്നത് ഒന്നുതന്നെ. പരീക്ഷയിൽ പ്രവേശിക്കാത്തവൻ തിന്മയിൽ നിന്ന് മാറ്റപ്പെട്ടവനാണ്. പരീക്ഷയിൽ വീണുപോയവൻ തിന്മയുമായി ചേർന്നിരിക്കുന്നു. ഈ ലോകം മുഴുവൻ ദുഷ്ടതയിൽ സ്ഥിതി ചെയ്യുന്നു. ഈ ദുഷ്ടത-കള-ദുഷ്ടൻ വിതച്ചതാണ്. ലൗകികവ്യഗ്രതയാണ് പ്രധാനപ്പെട്ട പ്രലോഭന ഹേതു. പരീക്ഷയിലേക്ക്, ലോകത്തിന്റെ തിന്മകളിലേക്ക്, പ്രവേശിപ്പിക്കരുതേ എന്നാണ് നാം പ്രാർഥിക്കുന്നത്. 'കാത്തു പരിപാലിക്കണമെ, സംരക്ഷിക്കണമെ' എന്ന് നാം പ്രാർഥിക്കുന്നു എന്ന് *വി. ഗ്രിഗറി നീസ്സാ* (+394) പറയുന്നു.

പരീക്ഷയിൽ ദൈവം നമ്മെ ഉപേക്ഷിക്കരുതെന്ന് നാം പ്രാർഥിക്കുന്നു. പരാജയപ്പെട്ടു എന്ന തിന്മയിൽ നിന്നു രക്ഷിക്കണം എന്നപേക്ഷിക്കുന്നു. പരീക്ഷയിലേക്ക് ആനയിക്കപ്പെടാൻ ഇടയാക്കരുതെന്ന് യാചിക്കുന്നു. ദൈവസഹായം പിൻവലിക്കപ്പെട്ടാൽ, നാം പരീക്ഷയിൽ ഉൾപ്പെടും. പരീക്ഷിക്കപ്പെടുക, ഉൾപ്പെടുക എന്നിവ രണ്ടുകാര്യങ്ങളാണ്. നമ്മെത്തന്നെ മനസ്സിലാക്കാനും ദൈവത്തെ മഹത്വപ്പെടുത്താനും പ്രലോഭനം സഹായിക്കുന്നു. നീതിമാന്മാരുടെ പീഡനം അവരെ ശുദ്ധീകരിക്കുന്നു. നേരായ മാർഗത്തിൽ തിരിച്ചു വിടുന്നതിന് അവിടുന്ന് പ്രലോഭനം അനുവദിക്കുന്നു എന്ന് *വി.അഗസ്റ്റിൻ* (+430) പറയുന്നു.

ദൈവത്തെ അംഗീകരിക്കാത്തവരെ അനുചിത പ്രവൃത്തികൾ ചെയ്യാൻ നികൃഷ്ട ചിന്തകൾക്ക് ദൈവം കൈവിട്ടു എന്ന് റോമാലേഖനം പറയുന്നു (1,22 മുതൽ). അതായത്, ദൈവത്തെ തിരസ്കരിക്കുന്നവർ പിശാചിന്റെ സ്വാധീനത്തിൽ പെടുകയും തിന്മയുടെ പടുകുഴിയിൽ നിപതിക്കുകയും ചെയ്യുന്നു. ധൂർത്തപുത്രനെപ്പോലെ അവർ തിരിച്ചു വരാൻ ദൈവം കാത്തിരിക്കുന്നു. പടുകുഴിയിൽ കിടക്കുന്നവന് തെറ്റിനെപ്പറ്റി അവബോധം ഉണ്ടാകുന്നു. അപ്പോൾ, നന്മയിലേക്ക് നയിക്കാൻ

അവന്റെ പ്രലോഭനം ഹേതുവാകുന്നു. അതുകൊണ്ട്, സദാ ജാഗരൂകരും ഒരുക്കമുള്ളവരും ആയിരിക്കണമെന്നു സാരം. കുറവുകൾ പരിഹരിക്കുന്ന ദൈവത്തോട് ചേർന്നു നിന്നാൽ, പരീക്ഷയിൽ ഉൾപ്പെട്ടു പോകാതെ ദൈവം കാത്തുകൊള്ളും (റോമ 8,28). ദൈവം നിരന്തരം പ്രോത്സാഹിപ്പിക്കുകയും രക്ഷിക്കുകയും കാത്തുകൊള്ളുകയും കൈക്കുമ്പിളിൽ താങ്ങുകയും ദുഷ്ടനെ ഓടിക്കുകയും നമുക്കു ചുറ്റും മാലാഖമാരെ നിർത്തുകയും ചെയ്യും. (സങ്കീ 4,2). ദൈവം അനുവദിക്കാതെ, യാതൊരു ശക്തിക്കും നമ്മെ സമീപിക്കാനാവില്ല. ഈ ലോകത്തിലെ ദുഷ്ടാരൂപികളാണ് നമ്മുടെ ശത്രുക്കൾ. അവർ അന്ധകാരവാസികളാണ്. നാം കരുതലുള്ളവരായിരിക്കണം. അലറുന്ന സിംഹത്തെപ്പോലെ അവർ ചുറ്റി നടക്കുന്നു. അതുകൊണ്ട് ദൈവത്തിന്റെ എല്ലാ ആയുധങ്ങളും ധരിച്ച് ദൈവത്തോടൊത്ത് ജീവിക്കണം (എഫേ.6,10-17) എന്ന് പ്രശസ്തനായ *ഒരിജൻ* (+253) പറയുന്നു.

# 11
# ശാന്തനായ തമ്പുരാൻ

നമ്മുടെ കർത്താവ് അരുളിച്ചെയ്തു: “ഞാൻ ശാന്തനും വിനീതഹൃദയനും ആകയാൽ, എന്റെ നുകം വഹിക്കുകയും എന്നിൽ നിന്നു പഠിക്കുകയും ചെയ്യുവിൻ. അപ്പോൾ നിങ്ങൾക്ക് ആശ്വാസം ലഭിക്കും” (മത്താ 12,29). നമ്മുടെ കർത്താവ് ദൈവത്തിന്റെ ശക്തിയും ദൈവത്തിന്റെ ജ്ഞാനവുമാണ് (1കൊറി 1,24). ഈ ജ്ഞാനി ഭോഷന്മാരും പാപികളും പാമരന്മാരുമായ മനുഷ്യരുടെ ഇടയിൽ എത്ര ശാന്തനായി ജീവിച്ചു എന്നു ചിന്തിക്കുക. ഒരു മരപ്പണിക്കാരനായി മുപ്പതു വർഷം നസ്രത്തിലെ കുടിലിൽ കഴിഞ്ഞു. അവിടെ കിട്ടിയവ ഭക്ഷിച്ചു. കഠിനാധ്വാനം ചെയ്തു. പാപികളെപ്പോലെ യോഹന്നാനിൽ നിന്ന് അനുതാപത്തിന്റെ സ്നാനം സ്വീകരിച്ചു.

ഈ തമ്പുരാന് ഒന്നിനെപ്പറ്റിയും പരിഭവം ഇല്ലായിരുന്നു. ബേത്‌ലഹേമിൽ കാലിത്തൊഴുത്തിൽ പിറന്നപ്പോഴും, ഈജിപ്തിലേക്ക് ഓടിപ്പോകേണ്ടി വന്നപ്പോഴും നസ്രത്തിൽ പണിയെടുത്തപ്പോഴും പിറുപിറുത്തില്ല.

സ്വർഗീയ പിതാവിന്റെ ഹിതം നിറവേറ്റാനാണ് അവിടുന്ന് വന്നത്. രാജാവിന്റെ അരമനയിലെ സുഖസൗകര്യങ്ങൾ ലഭിച്ചില്ലെന്നോ, ദൈവാലയത്തിൽ പ്രാമാണികത്വം കിട്ടിയില്ലെന്നോ, പുരോഹിതന്മാരും ലേവ്യരും മഹാപുരോഹിതനും പരിഗണിച്ചില്ലെന്നോ, എല്ലാവരും അവഗണിച്ചെന്നോ ചിന്തിച്ചില്ല. അവിടുന്ന് പിതൃഹിതപ്രകാരം ശാന്തനായി ജീവിച്ചു.

പാമരന്മാരായ കുറേ മുക്കുവരെയും ചുങ്കക്കാരനെയും തീവ്രവാദികളെയും ഒക്കെയാണ് ശിഷ്യന്മാരായി കിട്ടിയത്. അവരോടും കയർത്തില്ല, കോപിച്ചില്ല. തന്റെ പിതാവിന്റെ തിരുഹിതത്തിൽ നിന്ന് പിന്തിരിപ്പിക്കാൻ ശ്രമിച്ചപ്പോൾ മാത്രമേ ശിഷ്യനെ ശകാരിച്ചുള്ളു. ഈ അജ്ഞരും എടുത്തുചാട്ടക്കാരും അധികാരമോഹികളും ധനമോഹികളുമായ മനുഷ്യരെ കൂടെക്കൂട്ടി കൊണ്ടുനടന്നു. അവരോട് ഇടപെട്ടപ്പോഴും ശാന്തനായി വർത്തിച്ചു.

കരയുന്നവരോടു കൂടെ കരയാനും വേദനിക്കുന്നവരോട് സഹതപിക്കാനും വിശക്കുന്നവരുടെ വിശപ്പറിയാനും പരിഹാരം ഉണ്ടാക്കാനും അനുതപിക്കുന്ന പാപികളെ മാറോടണയ്ക്കാനും ഈ ശാന്തശീലനു മാത്രമേ കഴിഞ്ഞുള്ളു. അവൻ തർക്കിക്കാനോ, ബഹളം വയ്ക്കാനോ തുനിഞ്ഞില്ല. അവന്റെ ദൃഷ്ടി സദാ പിതാവിങ്കലായിരുന്നു. അതുകൊണ്ട് പിതാവ് അവന് സാക്ഷ്യം നൽകി, അവനെ മഹത്വപ്പെടുത്തി: “ഇവൻ എന്റെ പ്രിയപുത്രൻ, ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു. ഇവന്റെ വാക്കു ശ്രവിക്കുവിൻ”. ഈ സ്വരം യോർദാനിലും താബോറിലും വച്ചുണ്ടായി.

ഗത്സമേൻ തോട്ടത്തിൽ തന്നെ പിടിക്കാൻ വന്നവരോട്, “അത് ഞാനാണ്”എന്നു പറഞ്ഞ് തന്നെത്തന്നെ ശാന്തമായി കൊലപാതകികൾക്ക് ഏൽപ്പിച്ചുകൊടുത്തു. കഠിനവേദനയിലൂടെ കടന്നു പോയെങ്കിലും, പിറുപിറുപ്പോ, ആവലാതിയോ കൂടാതെ, ശപിക്കാതെ, പ്രാകാതെ, പിതൃഹിതപ്രകാരം പീഡാനുഭവത്തിന് തന്നെത്തന്നെ കൈയാളിച്ചു. പുരോഹിതന്മാർ മാറിമാറി ചോദ്യം ചെയ്തപ്പോഴും മൗനമായി നിന്നതേയുള്ളു. അവിടുന്ന് മറുപടി ഒന്നും പറഞ്ഞില്ല (ലൂ23,9; മർക്കോ14,61; മത്താ 26,63; 27,14).

കാവല്ക്കാർ യേശുവിനെ പരിഹസിക്കുകയും അടിക്കുകയും ചെയ്തു. കണ്ണു മൂടിക്കൊണ്ട് അടിച്ചവൻ ആരെന്ന് പ്രവചിക്കുക എന്നു പറഞ്ഞു. അവനെ അധിക്ഷേപിച്ച് അവനെതിരെ പലതും പറഞ്ഞു (ലൂ

22,63-65). പ്രധാന പുരോഹിതന്മാരും നിയമജ്ഞരും അവന്റെ മേൽ ആവേശപൂർവം കുറ്റം ചുമത്തിക്കൊണ്ട് ചുറ്റും നിന്നു. ഹേറോദേസ് പടയാളികളോടു ചേർന്ന് അവനോട് നിന്ദ്യമായി പെരുമാറുകയും അവനെ അധിക്ഷേപിക്കുകയും ചെയ്തു (ലൂ 23,10-11). "ചിലർ അവനെ തുപ്പാനും അവന്റെ മുഖം മൂടിക്കെട്ടി മുഷ്ടികൊണ്ട് ഇടിക്കാനും നീ പ്രവചിക്കുക എന്ന അവനോട് പറയാനും തുടങ്ങി. ഭൃത്യന്മാർ അവന്റെ ചെകിട്ടത്തടിച്ചു" (മർക്കോ.14,65; മത്താ 26,67-68). ഒറ്റുകാരൻ ഗുരോ, സ്വസ്തി എന്നു പറഞ്ഞ് ചുംബിച്ചപ്പോഴും "സ്നേഹിതാ, നീ എന്തിനാണ് വന്നത്?" എന്ന് ചോദിക്കുക മാത്രം ചെയ്തു.

സൈന്യവിഭാഗത്തെ മുഴുവൻ നിരായുധനായ മനുഷ്യനെതിരെ അണിനിരത്തി. പടയാളികൾ അവന്റെ വസ്ത്രം ഉരിഞ്ഞുമാറ്റി, ഒരു ചെമന്ന പുറങ്കുപ്പായം അണിയിച്ചു. ഒരു മുൾക്കിരീടം മെടഞ്ഞ്, അവന്റെ ശിരസ്സിൽ വച്ചു. വലത്തുകൈയിൽ ഒരു ഞാങ്ങണയും കൊടുത്തു. അവന്റെ മുമ്പിൽ മുട്ടുകുത്തിക്കൊണ്ട്, 'യഹൂദന്മാരുടെ രാജാവേ, സ്വസതി' എന്നു പറഞ്ഞ് അവനെ പരിഹസിച്ചു. അവർ അവന്റെമേൽ തുപ്പി. ഞാങ്ങണ വാങ്ങി അവന്റെ തലയിലടിച്ചു (മത്താ 27,27-30). അവർ അവനെ കുരിശിൽ തറച്ചു കൊന്നു. അവന്റെ വിലാപ്പുറം കുന്തം കൊണ്ട് കുത്തിത്തുളച്ചു.

കുരിശിൽ കിടന്നപ്പോഴും അവൻ ശാന്തത കൈവെടിഞ്ഞില്ല. വഴി പോക്കർ തലകുലുക്കിക്കൊണ്ട് അവനെ പരിഹസിച്ചു. 'ദൈവപുത്രൻ ആണെങ്കിൽ കുരിശിൽ നിന്നിറങ്ങിവരിക, നിന്നെത്തന്നെ രക്ഷിക്കുക' എന്നുപറഞ്ഞു. അപ്പോഴും വലത്തു ഭാഗത്തെ അനുതപിച്ച കള്ളനോടു പറഞ്ഞു,"നീ ഇന്ന് എന്നോടുകൂടെ പറുദീസായിൽ ആയിരിക്കും". തന്റെ ആത്മാവിനെ പിതാവിന്റെ കരങ്ങളിൽ ഏൽപ്പിച്ചുകൊണ്ട് അവൻ ജീവൻ വെടിഞ്ഞു (ലൂ 23,46). ഈ ശാന്തതയാണ് നമുക്കെല്ലാം വേണ്ടത്. നമുക്ക് അവനിൽ നിന്ന് ഇതു പഠിക്കാം. ഈ ശാന്തത നമുക്കും തരണമേയെന്ന് പ്രാർഥിക്കുകയും ചെയ്യാം.

# 12

## ഒരു സ്വീകരണവും ഒരു യാത്രയയപ്പും

നമ്മുടെ കർത്താവായ യേശുതമ്പുരാൻ ഈ ലോകത്തിലേക്ക് കടന്നുവന്നപ്പോൾ അവനു ലഭിച്ചത് കാലിത്തൊഴുത്തും ഗുഹയും തിരസ്കരണവും അവഗണനയും ആയിരുന്നു. അവനെ തിരിച്ചറിയാതിരുന്നവർ അവനു നൽകിയത് നിന്ദനവും പരിഹാസവും ആട്ടിയോടിക്കലും ആയിരുന്നു. "ഈ സത്രത്തിൽ ഇടമില്ല" എന്ന് ബേത്ലഹേമിലെ എല്ലാ സത്രങ്ങളിൽ നിന്നും മറുപടി കേട്ടു; വാതിലുകളെല്ലാം അവനെ തിരെ കൊട്ടിയടയ്ക്കപ്പെട്ടു. ദാവീദിന്റെ പുത്രൻ ദാവീദിന്റെ നഗരത്തിൽ എത്തിയപ്പോൾ അവനിടം ലഭിച്ചില്ല.

അവനെപ്പറ്റി കേട്ടപ്പോൾ ജറുസലേം മുഴുവനും ഇളകിവശായി. ഭൂമികുലുക്കത്തിനു തുല്യമായിരുന്നു ആ ഇളക്കം. അതിന്റെ അനന്തരഫലമായി പരിഭ്രാന്തരായ ഭരണാധികാരികൾ ഭ്രാന്തന്മാരെ കയറൂരി വിട്ട് നാടുനീളെ ശിശുക്കളെ വധിച്ചു. ബേത്ലഹേമിൽ ഉടനീളം കൂട്ടക്കരച്ചിലും നിലവിളിയും വലിയ സംഭ്രമവും ഉണ്ടായി.

മാലാഖമാർ അവന് സ്തോത്രം പാടി. ദരിദ്രരും പാപികളുമായ ആട്ടിടയന്മാർ അവനെ വന്ദിച്ചു. പൗരസ്ത്യവിദ്വാന്മാർ അവനു കാഴ്ചകൾ അർപ്പിച്ചു. "ആകാശം ദൈവമഹത്വം പ്രഘോഷിച്ചപ്പോൾ" ഭൂമി പുഷ്പലതാദികളാൽ അവനെ മഹത്വപ്പെടുത്തി. എന്നാൽ അവനും അവന്റെ അമ്മയും യൗസേപ്പും രാത്രിയിൽ ബേത്ലഹേമിൽ നിന്ന് ഈജിപ്തിലേക്ക് ഒളിച്ചോടി പോകേണ്ടി വന്നു.

അവന് സ്വന്തജനമായ യഹൂദരിൽ നിന്നാകട്ടെ, യഹൂദ പുരോഹിതന്മാരിൽ നിന്നാകട്ടെ, ഭരണാധികാരികളിൽ നിന്നാകട്ടെ ഒരു സ്വീകരണ

വും ലഭിച്ചില്ല. അവർ അവനെ തിരിച്ചറിഞ്ഞില്ല. അവസരം ലഭിച്ചിട്ടും, അവർ അന്ധരും അജ്ഞരുമായി കഴിഞ്ഞു. ഇതായിരുന്നു അവനു ലഭിച്ച സ്വീകരണം. അവൻ നസ്രേത്തിൽ തിരികെ എത്തിയ പ്പോൾ, വീണ്ടും അവഗണിക്കപ്പെട്ടു: "ഇവൻ മറിയത്തിന്റെ മകനായ തച്ചനല്ലേ?" എന്ന് അവർ പറഞ്ഞു (മർക്കോ 6,3).

'അവന് ഭ്രാന്താണ്. അവൻ പിശാചുബാധിതനാണ്. അവൻ സമരിയാക്കാരനാണ്.അവൻ മോശയെ ധിക്കരിക്കുന്നവനാണ്' എന്നൊക്കെ അവർ വിളിച്ചുപറഞ്ഞു. അവനെ കല്ലെറിയാനും കൊല്ലാനും അവർ ഉദ്യമിച്ചു. ചുരുക്കത്തിൽ, നന്മ മാത്രം ചെയ്തു കൊണ്ട് ചുറ്റിനടന്ന അവനെ അവർ മനസ്സിലാക്കിയില്ല. അവൻ നിന്ദനത്തിനും പരിഹാസത്തിനും വിഷയമായി.

മഹാപുരോഹിതനായ അവന് യഹൂദപുരോഹിതന്മാരുടെ ഇടയിൽ സ്ഥാനമില്ലായിരുന്നു. "ദൈവത്തിന്റെ ജ്ഞാനവും ശക്തിയുമായ" അവന് (1കൊറി 1,24) നിയമജ്ഞരുടെ ഇടയിൽ സ്ഥാനമില്ലായിരുന്നു. നിയമം അനുസരിക്കാത്തതിന് ഫരിസേയർ അവനെ പുച്ഛിച്ചു. അവന്റെ ഇടം ചുങ്കക്കാരുടെയും വേശ്യകളുടെയും പാർശ്വവൽക്കരിക്കപ്പെട്ടവരുടെയും അവഗണിക്കപ്പെട്ടവരുടെയും നിന്ദിക്കപ്പെട്ടവരുടെയും ഇടയിലായിരുന്നു. അവർ അവനെ സ്വീകരിക്കുകയും സൽക്കരിക്കുകയും ചെയ്തു. അവന്റെ കൂടെ കൂടിയവർ വെറും മുക്കുവരായിരുന്നു. കടലിനോട് മല്ലടിച്ച് ജീവിച്ച നിരക്ഷരകുക്ഷികളായിരുന്നു അവനെ സ്വീകരിച്ച് അംഗീകരിച്ചത്. അവർ പറഞ്ഞു: "നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ മിശിഹായാണ്".

അവന്റെ യാതയയപ്പ് എങ്ങനെയെന്നു നോക്കാം: അവനെ യാത്രയാക്കാൻ പൂമാലയും ബൊക്കെയും കൊണ്ടല്ല പ്രമാണിമാർ എത്തിയത്. പിന്നെയോ, പിടിച്ചുകെട്ടാൻ ചങ്ങലയും കൊണ്ടാണ് രാത്രിയിൽ കള്ളന്റെ നേരെയെന്നവണ്ണം അവർ പടയാളികളുമായി എത്തിയത്. അവർ അവനെ ബന്ധിച്ചു. കൂടെയുണ്ടായിരുന്നവർ നാലു പാടും ചിതറിപ്പോയി. അവനെ അവർ വലിച്ചിഴച്ച് ആ രാത്രിയിൽ അധികാരികളുടെ പക്കൽ മാറിമാറി ഹാജരാക്കി, നിരവധി ദുരാരോ പണങ്ങൾ നിരത്തി. എന്നാൽ അവയൊന്നും തെളിയിക്കാൻ അവർക്ക് കഴിഞ്ഞില്ല. സൈന്യനിരയെ മുഴുവൻ അവനെതിരെ അണിനിരത്തി. മദ്യപിച്ച് ലക്കുകെട്ട പട്ടാളക്കാർ അവനെ എല്ലാ രീതിയിലും അധിക്ഷേപിച്ചു. അവന്റെ വസ്ത്രം ഉരിഞ്ഞിട്ട്, ഒരു

ചുവന്ന മേലങ്കി ധരിപ്പിച്ചു. ഒരു മുൾക്കിരീടം തലയിൽ വച്ചു. ഒരു ഞാങ്ങണ കൈയിൽ കൊടുത്തു. “യൂദന്മാരുടെ രാജാവേ,” എന്നു പറഞ്ഞ് അവനെ പരിഹസിച്ചു. അവർ ഞാങ്ങണ തിരികെ വാങ്ങി അവന്റെ തലയിൽ അടിച്ചു. മുഖത്തു തുപ്പി. മത്തു പിടിച്ച പടയാളികളുടെ വായിൽ നിന്നു വന്നവയെല്ലാം പറഞ്ഞ് പരിഹസിച്ചു.

അവർ അവനെ ന്യായാധിപസവിധം എത്തിച്ച്, “അവനെ ക്രൂശിക്കുക” എന്ന് ആർത്തു വിളിച്ചുകൊണ്ടിരുന്നു. ജറുസലേം ദൈവാലയ പ്രമാണികളും ഹേറോദേസിന്റെ പക്ഷക്കാരും ഫരിസേയരുടെയും സദൂക്യരുടെയും  അണികളും ബറബാസിന്റെ പക്ഷക്കാരും ഒത്തുകൂടി അവനെതിരെ കള്ളസാക്ഷ്യം പറഞ്ഞ്, പീലാത്തോസിനെ പ്രേരിപ്പിച്ചു കൊണ്ടിരുന്നു. കള്ളനും കവർച്ചക്കാരനുമായ ‘ബറബാസിനെ മതി, യേശുവിനെ ക്രൂശിക്കുക’ എന്ന് ജനക്കൂട്ടത്തെക്കൊണ്ട് പുരോഹിത പ്രമാണികൾ പറയിച്ചു.

വിവരണാതീതമായ പീഡനത്തിനുശേഷം അവനെ ക്രൂശിക്കാനായി റോമാക്കാരൻ പീലാത്തോസ് യഹൂദർക്ക് വിട്ടുകൊടുത്തു. അവർ അവനെക്കൊണ്ട് കുരിശു ചുമപ്പിച്ച്, രണ്ടു കള്ളന്മാരുടെ മധ്യത്തിൽ ഗോഗുൽത്തായിൽ കുരിശിൽ തറച്ചുകൊന്നു. കള്ളന്മാരിൽ ഒരുവനും വഴിപോക്കരും അവനെ പരിഹസിച്ചു. “ഇവർ ചെയ്യുന്നത് എന്താണെന്ന് ഇവർ അറിയാത്തതിനാൽ ഇവരോട് ക്ഷമിക്കണമെ” എന്ന് ആ മരണ വിനാഴികയിലും ആ ഭാഗ്യവാൻ പിതാവിനോട് പ്രാർഥിച്ചു. “എല്ലാം പൂർത്തിയായി” എന്നു പറഞ്ഞു കൊണ്ട് തിരുവെഴുത്തിലെ പ്രവചന ങ്ങൾ പൂർത്തിയാക്കിക്കൊണ്ട് അവൻ തല ചായ്ച്ച് തന്റെ പ്രാണനെ പിതാവിങ്കൽ സമർപ്പിച്ചു: “പിതാവേ, നിന്റെ തൃക്കൈയിൽ എന്റെ ആത്മാവിനെ ഞാൻ സമർപ്പിക്കുന്നു”- ഇതായിരുന്നു അവന്റെ യാത്രയയപ്പ്.

അവന്റെ വരവിലും അവന്റെ പോക്കിലും ചെണ്ടമേളമോ, താലപ്പൊലിയോ, വാദ്യഘോഷമോ, എഴുന്നെള്ളിപ്പോ, സ്വീകരണമോ പൂവിതറലോ, ഒന്നും ഉണ്ടായിരുന്നില്ല. അവൻ ദരിദ്രനും വിനീതനുമായി വന്നു. ദരിദ്രനായിത്തന്നെ തിരകെപോയി.

ഈ സ്വീകരണവും യാത്രയയപ്പുമാണ് നമുക്ക് മാതൃക. ഈ ദൈവമനുഷ്യനാണ് നമ്മുടെ ഉള്ളിലും കൺമുമ്പിലും ചുറ്റിലും എപ്പോഴുമുള്ളത്. അവന് ആരോടും പിണക്കമില്ല. ആരെയും അവൻ ശത്രുവായി കണ്ടില്ല. പാപം നീക്കുന്നവനായി അവൻ കടന്നുവന്നു (മത്താ 1.21).

കുരിശിൽ കിടന്നു കൊണ്ടുപോലും അവൻ കള്ളന്റെ പാപം പോക്കി. നമ്മുടെയെല്ലാം അറിവില്ലായ്മയെപ്പറ്റി പിതാവിന്റെ സന്നിധിയിൽ ഉണർത്തിച്ചു. അങ്ങനെ നമ്മുടെ വേദനയിലും സഹനത്തിലും ക്ലേശത്തിലും അജ്ഞതയിലും നമ്മോട് സഹതപിക്കാൻ കഴിയുന്ന പ്രധാനാചാര്യനായി അവൻ പിതൃസവിധത്തിലേക്ക് എടുക്കപ്പെട്ടു. എന്നേക്കും നിത്യപുരോഹിതനായി നമുക്കുവേണ്ടി പിതാവിന്റെ പക്കൽ മാധ്യസ്ഥ്യം വഹിക്കുന്നു. അവന് എന്നുമെന്നേക്കും മഹത്വവും സ്തോത്രവും ഉണ്ടായിരിക്കട്ടെ.

# 13

## ആരാണ് ക്രിസ്ത്യാനി?

"നിങ്ങൾ ഭൂമിയുടെ ഉപ്പാണ്. നിങ്ങൾ ലോകത്തിന്റെ വെളിച്ചമാണ്. നിങ്ങൾ മലമുകളിൽ പണിതുയർത്തിയ പട്ടണം പോലെയും ഭവനത്തിൽ പീഠത്തിന്മേൽ കത്തിച്ചു വച്ച വിളക്കുപോലെയുമാണ്" എന്നത്രേ നമ്മുടെ കർത്താവ് തന്റെ ശിഷ്യരെപ്പറ്റി പറഞ്ഞിരിക്കുന്നത് (മത്താ 5,12-16). സ്വർഗസ്ഥപിതാവിനെപ്പോലെ പരിശുദ്ധരും പരിപൂർണരും കരുണയുള്ളവരും ആകുവാൻ വിളിക്കപ്പെടുകയും തെരഞ്ഞെടുക്കപ്പെടുകയും വേർതിരിക്കപ്പെടുകയും സഭയിൽ കൂട്ടിച്ചേർക്കപ്പെടുകയും അഭിഷേകം ചെയ്യപ്പെടുകയും ദത്തെടുക്കപ്പെടുകയും ചെയ്തവരാണ് ക്രിസ്തുശിഷ്യർ (മത്താ 5,48; യോഹ 2,26-27; 1പത്രോ 1,15; മർക്കോ 3,13; ലൂ 6,36; റോമ 1,6-7; ഗലാ 1,11;1 തെസ്സ 1,4; 2 തെസ്സ 2,13).

കർത്താവ് തനിക്കിഷ്ടമുള്ളവരെ വിളിക്കുന്നു. "എന്റെ പിതാവ് ആകർഷിച്ചാലല്ലാതെ ആർക്കും എന്റെ അടുക്കൽ വരാൻ സാധ്യമല്ല" (യോഹ 6,45). "ഞാൻ ഭൂമിയിൽ നിന്ന് ഉയർത്തപ്പെടുമ്പോൾ, എല്ലാ മനുഷ്യരെയും എന്നിലേക്ക് ആകർഷിക്കും" (യോഹ 12,32). "പിതാവ് എനിക്കു നൽകുന്നവരെല്ലാം എന്റെ അടുത്തു വരും. എന്റെ അടുക്കൽ വരുന്നവനെ ഞാൻ ഒരുനാളും തള്ളിക്കളയുകയില്ല" (യോഹ 6,37).

“നിങ്ങൾ എന്നെ തെരഞ്ഞെടുക്കുകയല്ല, ഞാൻ നിങ്ങളെ തെരഞ്ഞെടുക്കുകയാണ് ചെയ്തത്” (യോഹ 15,16).

അതായത്, ക്രിസ്തുശിഷ്യനായിരിക്കുക എന്നത് ദൈവദാനമാണ്, ദൈവത്തിന്റെ വിളിയും തെരഞ്ഞെടുപ്പുമാണ്. ക്രിസ്ത്യാനികളെല്ലാം ഇപ്രകാരം വിളിക്കപ്പെട്ടവരും ദൈവകാരുണ്യത്താൽ തെരഞ്ഞെടുക്കപ്പെട്ടവരുമാണ്. നമ്മുടെ സത്പ്രവൃത്തികളോ, സുകൃതങ്ങളോ അല്ല, ദൈവത്തിന്റെ തെരഞ്ഞെടുപ്പാണ് വ്യക്തികളെ ക്രിസ്തുശിഷ്യർ ആക്കുന്നത് (റോമ 9,11-12). “എനിക്ക് ദയ തോന്നുന്നവരോട് ഞാൻ ദയ കാണിക്കും. എനിക്ക് അനുകമ്പ തോന്നുന്നവരോട് അനുകമ്പ കാണിക്കും...ദൈവത്തിന്റെ ദയയാണ് എല്ലാറ്റിന്റെയും അടിസ്ഥാനം. താൻ ഇച്ഛിക്കുന്നവരോട് അവിടുന്ന് കരുണ കാണിക്കുന്നു” (റോമ 9,15-16.19).

ക്രിസ്തുശിഷ്യർ ആയിരിക്കുന്നവരെല്ലാം ദൈവത്താൽ മുൻകൂട്ടി നിശ്ചയിക്കപ്പെട്ടവരും നീതീകരിക്കപ്പെട്ടവരും മഹത്വീകരിക്കപ്പെട്ടവരുമാണ്. ഇതിന് യഹൂദനെന്നോ,യഹൂദൻ അല്ലാത്തവനെന്നോ വ്യത്യാസമില്ല. ഭൂമിയിലുള്ള എല്ലാ ജനപദങ്ങളിൽ നിന്നും ഇപ്രകാരം വിളിക്കപ്പെട്ട്, സഭയോട് ചേർക്കപ്പെട്ടവരാണ് ലോകം മുഴുവനുമുള്ള ക്രിസ്ത്യാനികൾ.

നമുക്കാർക്കും ഒരു മനുഷ്യനെയും ക്രിസ്ത്യാനിയാക്കാൻ സാധ്യമല്ല. നിർബന്ധിക്കാനും പ്രലോഭിപ്പിച്ച് ചേർക്കാനും സാധ്യമല്ല. സർവലോകത്തിനും വേണ്ടിയുള്ള മഹാസന്തോഷത്തിന്റെ സദ്വാർത്തയാണിത് (ലൂ 2,10). പാപമോചനത്തിനുള്ള അനുതാപം യേശുവിന്റെ നാമത്തിൽ ജറുസലേമിൽ ആരംഭിച്ച്, എല്ലാ ജനതകളോടും പ്രഘോഷിക്കപ്പെടേണ്ടിയിരിക്കുന്നു (ലൂ.24,47). ഈ രക്ഷയ്ക്ക് അവകാശികളായവർക്ക് ഇത് പ്രഘോഷിക്കാതിരിക്കാൻ കഴിയില്ല. ഈ രക്ഷ സ്വന്തമാക്കാൻ യേശുക്രിസ്തുവിലുള്ള വിശ്വാസവും ഹൃദയ പരിവർത്തനവും പാപത്തിൽ നിന്നുള്ള മാനസ്സാന്തരവും മാത്രം മതി. പിതാവ് ആകർഷിക്കുന്നവരൊക്കെ ഇത് സ്വന്തമാക്കും. അതിനെ തടയാൻ ആർക്കും സാധ്യമല്ല.

യഹൂദരുടെ പ്രശസ്തഗുരു ആയിരുന്ന ഗമാലിയേൽ യഹൂദരോട് പറഞ്ഞത് ഇന്നും പ്രസക്തമാണ്: “ഈ ആലോചനയും ഉദ്യമവും മനുഷ്യരിൽ നിന്നാണെങ്കിൽ, പരാജയപ്പെടും. ദൈവത്തിൽ നിന്നാണെങ്കിൽ അവരെ നശിപ്പിക്കാൻ നിങ്ങൾക്ക് സാധിക്കുകയില്ല. ദൈവത്തെ എതിർക്കുന്നവരായി നിങ്ങൾ എണ്ണപ്പെടുകയും ചെയ്യും” (നട.5,32-39).

 www.malankaralibrary.com

ക്രിസ്തുശിഷ്യരാകുന്നത് ക്രിസ്തുവിലുള്ള വിശ്വാസം വഴിയാണ്: “യേശു കർത്താവാണെന്ന് അധരം കൊണ്ട് ഏറ്റുപറയുകയും ദൈവം അവനെ മരിച്ചവരിൽ നിന്ന് ഉയിർപ്പിച്ചു എന്ന് ഹൃദയത്തിൽ വിശ്വസിക്കുകയും ചെയ്താൽ, നീ രക്ഷ പ്രാപിക്കും. മനുഷ്യൻ ഹൃദയം കൊണ്ട് വിശ്വസിക്കുകയും തന്മൂലം നീതീകരിക്കപ്പെടുകയും ചെയ്യുന്നു. അവൻ അധരം കൊണ്ട് ഏറ്റുപറയുകയും തന്മൂലം രക്ഷ പ്രാപിക്കുകയും ചെയ്യുന്നു...കർത്താവ് തന്നെ വിളിച്ചപേക്ഷിക്കുന്ന എല്ലാവരുടെയും മേൽ തന്റെ സമ്പത്ത് വർഷിക്കുന്നു. കർത്താവിന്റെ നാമം വിളിച്ചപേക്ഷിക്കുന്ന എല്ലാവരും രക്ഷ പ്രാപിക്കും” എന്ന് വി. പൗലോസ് ശ്ലീഹാ പറയുന്നു (റോമ 10,9-13).

രക്ഷ പ്രാപിക്കാൻ എന്തു ചെയ്യണമെന്ന് ആരാഞ്ഞ തടവറ സൂക്ഷിപ്പുകാരനോട് പൗലോസും ശീലാസും പറഞ്ഞു: “കർത്താവായ യേശുവിൽ വിശ്വസിക്കുക. നീയും നിന്റെ കുടുംബവും രക്ഷ പ്രാപിക്കും” (നട 16,31). വി. പത്രോസ് യഹൂദപ്രമാണികളുടെ മുമ്പിൽവച്ച് ഇപ്രകാരം പറഞ്ഞു: “ആകാശത്തിൻ കീഴെ മനുഷ്യരുടെ ഇടയിൽ നമുക്കു രക്ഷയ്ക്കുവേണ്ടി മറ്റൊരു നാമവും നൽകപ്പെട്ടിട്ടില്ല. മറ്റാരിലും രക്ഷയില്ല” (നട 4,11-12).

ദൈവത്തിലേക്ക് അടുക്കാൻ നിരവധി വഴികളുണ്ടാകാം. എന്നാൽ രക്ഷപ്രാപിക്കാൻ മനുഷ്യനു നൽകപ്പെട്ട ഈ ഒരൊറ്റ നാമമേയുള്ളു എന്നാണ് വി. പത്രോസ് പറയുന്നത്. ദൈവത്തിലേക്കും ക്രിസ്തുവിലേക്കും നയിക്കുന്ന ഗുരുക്കന്മാരുണ്ടാകാം. നിരവധി പാതകളും മാർഗങ്ങളുമുണ്ടാകാം. എന്നാൽ അവയെല്ലാം എത്തിച്ചേരുന്നത് ഈ മഹാഗുരുവിലാണ്. ഈ ലോകത്തിൽ ഉടലെടുത്ത ശ്രേഷ്ഠ ഗുരുക്കന്മാരെല്ലാം സത്യത്തിനും സ്നേഹത്തിനും നീതിക്കും വേണ്ടി ഉത്തേജിപ്പിച്ചവരാണ്. അവരെല്ലാം, “ഞാൻ വഴിയും സത്യവും ജീവനുമാകുന്നു” എന്നു പറഞ്ഞയാളിനെ ചൂണ്ടിക്കാണിക്കുക ആയിരുന്നു.

യേശുക്രിസ്തുവിനെ കർത്താവായി അംഗീകരിക്കുകയും ഹൃദയത്തിൽ സ്വീകരിക്കുകയും അധരം കൊണ്ട് ഏറ്റുപറയുകയും ചെയ്യുന്നവർ അവന്റെ നാമത്തിൽ സ്നാനമേൽക്കുന്നു. “ജലത്താലും പരിശുദ്ധാത്മാവിനാലും വീണ്ടും ജനിക്കുന്നില്ലെങ്കിൽ, ആർക്കും ദൈവരാജ്യത്തിൽ പ്രവേശിക്കാനും യേശുവിന്റെ ശിഷ്യഗണത്തിൽ ഉൾപ്പെടാനും സാധ്യമല്ല” എന്ന് യേശു തന്നെ ഖണ്ഡിതമായി പറഞ്ഞിട്ടുണ്ട്

(യോഹ 3,3.5). യേശുവിന്റെ ശിഷ്യർ വീണ്ടും ജനിച്ചവരാണ്, രണ്ടാമത് ജനിച്ചവരാണ്. ദൈവത്തിൽ നിന്നാണ് അവർ ജനിച്ചത് (യോഹ 1,13). യേശു തന്റെ അനുയായികളെ പരിശുദ്ധാത്മാവിനാൽ സ്നാനപ്പെടുത്തുന്നു (മർക്കോ 1,8). അതായത്, വീണ്ടുംജനനം പരിശുദ്ധാത്മാഭിഷേകമാണ്. അത് ത്രിത്വനാമം ഉച്ചരിച്ചുകൊണ്ട് ജലസ്നാനത്തിലൂടെ ലഭിക്കുന്നു. വി. പത്രോസ് പറയുന്നു: "നാം വീണ്ടും ജനിച്ചിരിക്കുന്നത് നശ്വരബീജത്തിൽ നിന്നല്ല, അനശ്വര ബീജത്തിൽ നിന്നാണ്" (1പത്രോ 1,23).

നാം സ്വീകരിക്കുന്ന ജലസ്നാനത്തിലൂടെ (മാമോദീസായിലൂടെ) നാം യേശുക്രിസ്തുവിന്റെ മരണത്തിലും ഉത്ഥാനത്തിലും പ്രതീകാത്മകമായി പങ്കുകാരാകുന്നു. ക്രിസ്തു യഥാർഥത്തിൽ ക്രൂശിൽ മരിച്ചു, കല്ലറയിൽ സംസ്കരിക്കപ്പെട്ടു. മൂന്നാംനാൾ മഹത്വത്തോടെ ഉയിർത്തെഴുന്നേറ്റു. നാം യഥാർഥത്തിൽ മരിക്കാതെ സത്യമായി പാപത്തിന് മരിക്കുന്നു. നാം ജലത്തിൽ മുങ്ങുമ്പോൾ, മരണത്തിന്റെ സാദൃശ്യത്തിൽ പാപത്തിനു മരിക്കുന്നു. നാം ജലത്തിൽ നിന്നു കയറുമ്പോൾ, കർത്താവിന്റെ ഉത്ഥാനത്തിനു സദൃശ്യമായി നാം ഉയിർക്കുന്നു.

അതായത്, സ്നാനം വഴി നമ്മുടെ സമസ്ത കറകളും അപരാധങ്ങളും എന്നേക്കുമായി നിശ്ശേഷം കഴുകപ്പെടുന്നു. അങ്ങനെ പാപത്തെ സംബന്ധിച്ച നാം മരിക്കുന്നു (റോമ 6,2.11). നാം യേശു ക്രിസ്തുവിന്റെ മരണത്തോട് ഐക്യപ്പെടുന്നു (റോമ 6,3). അവനുമായി നാം ഐക്യപ്പെട്ട് ഒന്നായിത്തീരുന്നു. സ്നാനത്തിലൂടെ അവനോടൊത്ത് സംസ്കരിക്കപ്പെട്ടതിനാൽ, നാം മേലിൽ പാപജീവിതം ഉപേക്ഷിച്ച് പുതിയ ജീവിതം നയിക്കാനുള്ളവരാണ് (റോമ 6,4). അവനോടൊത്തു മരിക്കുന്നവർ അവനോടൊത്ത് ജീവിക്കും (റോമ 6,8). നാം പാപത്തെ സംബന്ധിച്ച് മരിച്ചവരും യേശുക്രിസ്തുവിൽ ദൈവത്തിനുവേണ്ടി ജീവിക്കുന്നവരുമാണ് (റോമ 6,11).

സ്നാനം വഴി നാം യേശുക്രിസ്തുവിനെ ധരിച്ചവരാണ് (റോമ 13,14; ഗലാ 3,26). നാം ദൈവത്തിന്റെ ആലയമായി തീരുന്നു. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ത്രിയേകദൈവം നമ്മിൽ വസിക്കുന്നു. അങ്ങനെ നാം സജീവാലയമാകുന്നു. സജീവാലയമായി ദൈവ മക്കളായി ദത്തെടുക്കപ്പെടുന്നു (1കൊറി 3,16;2 കൊറി 6,16.19-22; 7,23; ഗലാ 1,5; 3,26). ഈ ജലസ്നാനം വഴി നാം സർവ പാപങ്ങളിൽ നിന്നും പവിത്രീ

കരിക്കപ്പെടുകയും നീതീകരിക്കപ്പെടുകയും ചെയ്യുന്നു (1കൊറി 6,11). ഈ സ്നാനം ക്രിസ്തുവിന്റെ നാമത്തിലും ദൈവാത്മാവിലുമാണ്. നമ്മുടെ ഈ വീണ്ടും ജനനം സജീവ പ്രത്യാശയിലേക്കും ഒളിമങ്ങാത്ത അവകാശത്തിലേക്കുമാണ് (1പത്രോ 1,4). നാം രക്ഷിക്കപ്പെടുകയും വീണ്ടെടുക്കപ്പെടുകയും നവീകരിക്കപ്പെടുകയും ചെയ്തിരിക്കുന്നു. പുത്രന്റെ ജീവനാണ് ഇതിനെല്ലാം കാരണം (റോമ 5,10).

നാം ദൈവത്തിന്റെ സ്വന്തമാണ്, ക്രിസ്തുവിന്റെ സ്വന്തമാണ്, ആത്മാവിനാൽ അഭിഷിക്തരാണ്, ദൈവമക്കളാണ്. ദൈവത്തിന്റെ അവകാശികളും ക്രിസ്തുവിന്റെ കൂട്ടവകാശികളുമാണ് (റോമ 7,4;8,17). നമ്മെ നയിക്കുന്നത് പരിശുദ്ധാത്മാവാണ് (റോമ 8,14). ഈ ആത്മാവ് പുത്രസ്വീകാര്യത്തിന്റെ ആത്മാവാണ് (റോമ 8,15). ഈ ആത്മാവ് നമ്മെ മുദ്രകുത്തി അഭിഷേകം ചെയ്തിരിക്കുന്നു (ഗലാ 1,13; 1യോഹ 2,20). ഇത് രക്ഷാദിനത്തിനു വേണ്ടിയുള്ള മുദ്രകുത്തലാണ് (ഗലാ 4,30).

ജലസ്നാനം വഴി നാം യേശുക്രിസ്തുവുമായി ഒന്നായി തീരുന്നു. നാം അവന്റെ ശരീരത്തിന്റെ അവയവങ്ങളാകുന്നു. നാം പലരാണെങ്കിലും ക്രിസ്തുവിൽ ഏകശരീരമാണ് (റോ 12,5). “ഞാൻ മുന്തിരിവള്ളിയും നിങ്ങൾ ശാഖകളുമാകുന്നു” എന്നാണ് അവിടുന്ന് പറഞ്ഞിരിക്കുന്നത് (യോഹ 15,5). “നാം ക്രിസ്തുവിന്റെ ശരീരവും ഓരോരുത്തരും അതിലെ അവയവങ്ങളുമാണ്' (1കൊറി 12,27). അങ്ങനെ നാം ഒരേ ശരീരത്തിന്റെ അവയവങ്ങളാണ് (ഗലാ 4,25).

അക്കാരണത്താൽ നമ്മുടെ ഔന്നത്യം വലുതാണ്. “നാം ദൈവമക്കളും ദൈവത്തിന്റെ സ്നേഹഭാജനങ്ങളും യേശുക്രിസ്തു വിന്റെ സ്വന്തവും സ്വർഗീയമായ എല്ലാ ആത്മീയവരങ്ങളാലും അനുഗൃഹീതരുമാണ്”(ഗലാ 1,3). “നാം അന്യരോ പരദേശികളോ അല്ല. നാം വിശുദ്ധരുടെ സഹപൗരരും ദൈവഭവനത്തിലെ അംഗങ്ങളുമാണ്. നാം നിബിയന്മാരും ശ്ലീഹന്മാരുമാകുന്ന അടിത്തറമേൽ പണിയപ്പെട്ട വരാണ്. നാം പരിശുദ്ധാത്മാവിൽ ദൈവത്തിന്റെ വാസസ്ഥലമായി യേശു ക്രിസ്തുവിൽ പണിയപ്പെട്ടുകൊണ്ടിരിക്കുന്നു” (ഗലാ 2,19.22). “നാം തെരഞ്ഞെടുക്കപ്പെട്ട വംശവും രാജകീയ പുരോഹിതഗണവും വിശുദ്ധ ജനതയും ദൈവത്തിന്റെ സ്വന്തം ജനവുമാണ്” (1പത്രോ 2,9). ഇപ്രകാരമുള്ള മഹത്വത്തിലേക്കും ഔന്നത്യത്തിലേക്കുമാണ് നാം വിളിച്ചടുപ്പിക്കപ്പെട്ടിരിക്കുന്നത് (2പത്രോ 1,2).

ഇപ്രകാരം യേശുക്രിസ്തുവിലൂടെ നാം ദൈവവുമായി രമ്യതപ്പെട്ടു (റോമ 5,10-11). ഇത് പുത്രന്റെ മരണത്തിലൂടെയാണ് സംഭവിച്ചത്. അതു കൊണ്ട് നാം ദൈവത്തിൽ അഭിമാനിക്കുന്നു. നാം ദൈവത്തിനുവേണ്ടി ഫലം പുറപ്പെടുവിക്കണം (റോമ 7,4). നാം നമുക്കുവേണ്ടി മാത്രം ജീവിക്കുന്നില്ല. നാം ജീവിച്ചാലും മരിച്ചാലും കർത്താവിനുള്ളവരാണ്. നാം ക്രിസ്തുവിനുള്ളവരാകയാൽ (ഗലാ 3,29) ശിരസ്സായ ക്രിസ്തുവിലേക്ക് എല്ലാ വിധത്തിലും വളരേണ്ടിയിരിക്കുന്നു (ഗലാ 4,15). നാം ക്രിസ്തുവിൽ പ്രകാശമാകയാൽ, (ഗലാ 5,8; 1തെസ്സ5,5), കർത്താവിൽ ഉറച്ചുനിൽക്കണം (ഫിലി 4,1). ദൈവത്തിനു യോഗ്യമാം വിധം ജീവിക്കണം (1തെസ്സ 2,12). "നാം പ്രകാശത്തിന്റെയും പകലിന്റെയും സന്തതികളാകയാൽ, ഉറക്കത്തിലും ഉണർവിലും ക്രിസ്തുവിനോടൊത്ത് ജീവിക്കണം" (1തെസ്സ 5,5.10).

# 14

# ക്രിസ്തീയ വിശ്വാസത്തിന്റെ ശ്രേഷ്ഠത

ദൈവം തന്നെ ഇറങ്ങിവന്ന് നമുക്ക് പകർന്നു തന്നതാണ് നമ്മുടെ വിശ്വാസം. ദൈവം തന്റെ ഏകജാതനാം പുത്രനെ മനുഷ്യരക്ഷയ്ക്കു വേണ്ടി മനുഷ്യന്റെ രൂപത്തിൽ നമ്മുടെ മധ്യത്തിലേക്ക് അയച്ചുതന്നു. അവൻ സ്നേഹമായി, സത്യമായി, വഴിയായി, ജീവനായി അവതരിച്ചു. പാപത്തിൽ നിന്നു മനുഷ്യരെ രക്ഷിക്കാൻ, ഈ ദൈവപുത്രൻ താണിറങ്ങിവന്നു. തന്റെ പെസഹാരഹസ്യം വഴി അവൻ മഹത്വീകൃതനായി. ദൈവം ആരാണെന്നും, നാമും ദൈവവും തമ്മിലുള്ള ബന്ധം എന്താണെന്നും ദൈവത്തെ എങ്ങനെയാണ് ആരാധിക്കേണ്ട തെന്നും അവിടുന്ന് നമ്മെ പഠിപ്പിച്ചു. ദാസരായിരുന്ന നമ്മെ അവിടുന്ന് മക്കളാക്കി തീർത്തു. നമ്മെ ദൈവാലയങ്ങളാക്കി. "ഞാനോ, ഇതാ, ലോകാവസാനം വരെ എല്ലാ നാളുകളും നിങ്ങളോടു കൂടെയുണ്ട്" എന്നു പറഞ്ഞുകൊണ്ട് സത്യവാനായ അവിടുന്ന് വാഗ്ദാനം നൽകി.

മാമോദീസായിലൂടെ നാം അവന്റെ സ്വന്തമായി. നാം അവന്റെ സഹോദര രായി, അവന്റെ ശരീരത്തിലെ അവയവങ്ങളായി. തന്റെ പരിശുദ്ധാത്മാ വിനെ അവൻ നമ്മിൽ വർഷിച്ചിരിക്കുന്നു.

യഹൂദർ നിയമത്തിൽ വീമ്പടിച്ചിരുന്നു. അബ്രഹാമിന്റെ വിളി യിലും പരിച്ഛേദനത്തിലും സാബതിലും ആശ്രയം വച്ചു. മൃഗബലികളും ക്ഷാളനങ്ങളും മറ്റും അവർക്കുണ്ടായിരുന്നു. എന്നാൽ അവയ്ക്കൊ ന്നും അവരെ രക്ഷിക്കാനായില്ല. യഹൂദരുടെ അനുഷ്ഠാന കർമങ്ങളെ ല്ലാം ഇപ്പോൾ നിന്നുപോയി. മൃഗബലിയുടെ സ്ഥാനത്ത് സ്തോത്രബലി നമുക്ക് ലഭിച്ചു. നിയമത്തിന്റെ അക്ഷരാർഥമല്ല, ആന്തരികാർഥമാണ് നാം സ്വീകരിക്കേണ്ടതെന്ന് അവിടുന്ന് വ്യക്തമാക്കി. നാം പഴയ ഇസ്രായേൽ എന്ന ഒലിവു മരത്തോട് ഒട്ടിക്കപ്പെട്ടു. യഹൂദസഭയാണ് നമ്മുടെ അടിസ്ഥാനം. എന്നാൽ കർത്താവ് തന്റെ പീഡാസഹനത്തി ലൂടെ പുതിയ പെസഹാ സ്ഥാപിച്ചു. അവിടുന്ന് മൂലക്കല്ലായി തീർന്നു. യഹൂദരെയും വിജാതിയരെയും അവൻ തന്നിൽ കോർത്തിണക്കി.

വിജാതിയർ വിഗ്രഹങ്ങളെ ആരാധിച്ചു നടന്നു. നിയമരഹിതരായ അവർ തന്നിഷ്ടമായി ജീവിച്ചു. അവരെ രക്ഷിക്കുന്നതിന്റെ പ്രതീകമായി അവിടുന്ന് കഴുതക്കുട്ടിയുടെ പുറത്തു കയറി പീഡാനുഭവത്തിനായി ആരോഹണം ചെയ്തു.

ലോകത്തിലുള്ള സകല മനുഷ്യർക്കും രക്ഷ ആവശ്യമായിരുന്നു. തദനുസൃതമായി രക്ഷകൻ വന്ന വഴിയും എല്ലാവരെയും - യൂദരെയും വിജാതിയരെയും - ഉൾക്കൊണ്ടു കൊണ്ടുള്ളതായിരുന്നു. "ഇതാ, സർവലോകത്തിനും വേണ്ടിയുള്ള മഹാസന്തോഷത്തിന്റെ സദ്വാർത്ത നിങ്ങളെ അറിയിക്കുന്നു" എന്നാണ് യേശുവിന്റെ ജനനത്തിൽ മാലാഖ മാർ ഇടയന്മാരോട് പറഞ്ഞത്.

നമുക്ക് ലഭിച്ചിരിക്കുന്ന സദ്വാർത്ത മഹനീയവും അതുല്യവുമാണ്. അതായത്, സ്നേഹത്തിന്റെ സുവിശേഷം. നാം ദൈവത്തെ സ്നേഹി ക്കുന്നു എന്നതിലല്ല, ദൈവം നമ്മെ സ്നേഹിച്ചു എന്നതിലാണ് നമ്മുടെ മഹനീയത. നാം സത്യദൈവത്തെ കണ്ടുമുട്ടി, നമുക്ക് സത്യാരാധന ലഭിച്ചു. നം ഇപ്പോഴും ഇരുട്ടിൽ തപ്പിത്തടയുകയല്ല. നാമിപ്പോൾ പ്രകാശി തരായി, പ്രശോഭിതരായി. അവിടുന്ന് നമ്മെ പ്രകാശിപ്പിച്ചു.

നാം ലോകജനതയെ ഈ പ്രകാശത്തിലേക്കാണ് ക്ഷണിക്കുന്നത്. സ്നേഹമായ ദൈവത്തെ നമുക്ക് സ്നേഹിക്കാം. ദൈവത്തിന്റെ

മക്കളായ മനുഷ്യരെ സ്നേഹിക്കാം. നമുക്കു വെളിപ്പെട്ട ദൈവം കാട്ടിത്തന്ന സ്നേഹത്തിന്റെ പാതയിലൂടെ സഞ്ചരിക്കാം. നമുക്ക് ജീവൻ ഉണ്ടാകുവാനും അത് സമൃദ്ധമായി ഉണ്ടാകുവാനും നാം ഫലം പുറപ്പെടുവിക്കാനുമാണ് അവിടുന്ന് വന്നത്. അവൻ നമുക്ക് നിത്യജീവൻ വാഗ്ദാനം ചെയ്യുന്നു. ഈ സത്യദൈവത്തെ നമുക്ക് ആരാധിക്കാം, കൊത്തുവിഗ്രഹങ്ങളെ കൈവെടിയാം. ദൈവം സ്നേഹമാണെന്നും അവിടുന്ന് നമ്മെ സ്നേഹിക്കുന്നെന്നും നമുക്ക് പ്രഘോഷിക്കാം. ഈ സദ്വാർത്തയിലേക്ക് സകലരെയും ക്ഷണിക്കാം.

ഈ ദൈവം ചെയ്തതു പോലെ മറ്റാര് മനുഷ്യകുലത്തിനുവേണ്ടി ചെയ്തിട്ടുണ്ട്? ഈ ദൈവം മരിച്ചതുപോലെ മറ്റാര് മനുഷ്യരെ പ്രതി മരിച്ചിട്ടുണ്ട്? നിയമവും പ്രവാചകന്മാരും ദർശിച്ചവൻ തന്നെയാണ് തന്റെ ദിനത്തിൽ, കാലപൂർത്തിയിൽ, നമ്മുടെ മധ്യേ വസിച്ചത്. അവൻ ഇന്നും സജീവനും ജീവദാതാവുമാണ്.

ഈ ദൈവത്തോടുകൂടെ ജീവിക്കാൻ ഭാഗ്യം ലഭിച്ച നാം അനുഗൃഹീതരാണ്. നമുക്ക് സത്യവെളിച്ചം ലഭിച്ചു, യഥാർഥജ്ഞാനം ലഭിച്ചു. സമൃദ്ധമായ കൃപ ലഭിച്ചു. നമ്മെ ദൈവം കൈപിടിച്ചു നടത്തുന്നു ഈ കൃപയെ അവഹേളിക്കുന്നത് മഹാപരാധമാണ്. ഈ കൃപയ്ക്ക് പുറം തിരിയുന്നവർ കണക്ക് കൊടുക്കേണ്ടിവരും. എങ്കിലും അന്ത്യ വിനാഴിക വരെ ദൈവം കാത്തിരിക്കുന്നു. എല്ലാവരും രക്ഷ പ്രാപിക്കണമെന്നും സത്യപാതയിൽ ചരിക്കണമെന്നും ദൈവം ആഗ്രഹിക്കുന്നു. നമ്മെ രക്ഷിക്കുകയും വീണ്ടെടുക്കുകയും വീണ്ടും ജനിപ്പിക്കുകയും ചെയ്ത നമ്മുടെ കർത്താവും ദൈവവും നാഥനും രാജാവുമായ യേശുക്രിസ്തുവിൽ വിശ്വസിക്കാം. മനുഷ്യരക്ഷയ്ക്ക് ഈ വിശ്വാസം മാത്രം മതി. അവന് അനുസ്യൂതം മഹത്വം കരേറ്റാം. നമുക്കു ലഭിച്ച ഈ മഹനീയ വിശ്വാസത്തിന് നിരന്തരം നന്ദിപറയാം. അവിടുന്ന് കാട്ടിത്തന്ന പിതാവിനും അവിടുന്ന് അയച്ചുതന്ന പരിശുദ്ധാത്മാവിനും എന്നുമെന്നേക്കും സ്തുതിയും മഹത്വവും ബഹുമാനവും കൃതജ്ഞതയും ആരാധനയും ഉണ്ടായിരിക്കട്ടെ.

# 15

## മഹത്തായ രക്ഷ

മനുഷ്യകുലത്തിന്റെ രക്ഷ കാംക്ഷിച്ച ദൈവം ഒരു ജനതയെ തെരഞ്ഞെടുത്തു. പ്രവാചകന്മാരിലൂടെ അവരെ പ്രബോധിപ്പിച്ച് വഴി നടത്തി. അവർ വഴിതെറ്റിപ്പോയപ്പോഴെല്ലാം തിരികെ ദൈവിക പാത യിലൂടെ നടത്താൻ ശിക്ഷണനടപടികൾ സ്വീകരിച്ചു. കാലപൂർത്തിയിൽ തന്റെ പുത്രനിലൂടെത്തന്നെ അവിടുന്ന് നമ്മോട് സംസാരിച്ചു.

“അവൻ ദൈവമഹത്വത്തിന്റെ തേജസ്സും സത്തയുടെ മുദ്രയു മാണ്”. അവൻ പാപം മോചിക്കുന്നവനും നമ്മുടെയെല്ലാം പാപം വഹി ക്കുന്നവനുമാണ്. പ്രവാചകന്മാർ സംസാരിച്ചവയുടെ പൊരുൾ അവൻ വ്യക്തമാക്കി. നന്മയുടെ വഴി കാട്ടിത്തന്നു. “ഞാൻ വഴിയും സത്യവും ജീവനുമാകുന്നു. എന്നിലൂടെയല്ലാതെ ആരും പിതാവിങ്കലേക്ക് അടു ക്കുന്നില്ല. ജീവനുണ്ടാകുവാനും അത് സമൃദ്ധിയായി ഉണ്ടാകുവാനു മാണ് ഞാൻ വന്നത്” എന്ന് അവൻ അരുളിച്ചെയ്തു.

പഴയ ഇസ്രായേൽക്കാർ നൂറ്റാണ്ടുകളായി രക്ഷകനെ പ്രതീക്ഷി ച്ചുകൊണ്ടിരുന്നു. പ്രവാചകന്മാർ ഈ പ്രതീക്ഷ സജീവമായി നില നിർത്തി. എന്നാൽ പ്രവാചകന്മാർ പറഞ്ഞവ പൂർണമായി ഗ്രഹിക്കാതെ, തങ്ങൾക്കിഷ്ടമുള്ള മിശിഹാചിത്രം മതനേതാക്കന്മാർ അവതരിപ്പിച്ചു. നസ്രായനേശു തങ്ങളുടെ ഭാവനാനുസൃതമുള്ള മിശിഹായല്ല എന്നു കണ്ട യഹൂദർ അവനെ തിരസ്കരിച്ചു. അങ്ങനെ തങ്ങളോട് സംസാരിച്ച ദൈവത്തെ അവർ തള്ളിക്കളഞ്ഞു.

“ബറബാസിനെ മതി, യേശുവിനെ ക്രൂശിക്കുക, സീസറല്ലാതെ ഞങ്ങൾക്ക് മറ്റു രാജാവില്ല” എന്നു പറഞ്ഞ്, സ്വാർഥമതികളായ യഹൂദർ

ഈ മഹത്തായ രക്ഷയെ(എബ്രാ 2,3) അവഗണിക്കുകയും തിരസ്കരിക്കുകയും അനന്തരഫലം അനുഭവിക്കുകയും ചെയ്തു. അവർക്ക് ഭയാനകമായ തകർച്ച സംഭവിച്ചു. സീസറിന്റെ ആളുകൾ വന്ന് ജറുസലേം ദൈവാലയം തകർത്തു, യഹൂദരെ നാടുകടത്തി, ജറുസലേമിനു ചുറ്റുമുള്ള പ്രദേശം മരുഭൂമിയാക്കി, റോമൻ കോളനി സ്ഥാപിച്ച് യഹൂദർ അല്ലാത്തവരെ കുടിയിരുത്തി, ജറുസലേമിന്റെ പേരു മാറ്റി ഏലിയാ കാപ്പിത്തൊളീനാ എന്നാക്കി. യഹൂദർ ജറുസലേമിൽ കയറുന്നതുതന്നെ വിലക്കി. കല്ലിന്മേൽ കല്ല് ശേഷിപ്പിക്കാതെ ജറുസലേമിനെ റോമാക്കാർ നഷ്ടക്കൂമ്പാരമാക്കി. ജറുസലേം ദൈവാലയം ഇരുന്ന സ്ഥലത്ത് എട്ടാം നൂറ്റാണ്ടിൽ ഓമാർ എന്ന അറബിമുസ്ലീം നേതാവ് ഒരു മോസ്ക് പണിതു.

അന്നത്തെ നാശത്തിന് ചുക്കാൻ പിടിച്ചവരാരും ഇന്നില്ല. ഫരിസേയർ ഒഴിച്ച് മറ്റുള്ള വിഭാഗക്കാരൊക്കെ ചരിത്രത്തിൽ നിന്ന് അപ്രത്യക്ഷരായി. എന്നാൽ ക്രൂശിക്കപ്പെട്ടവന്റെ അനുയായികൾ ലോകം മുഴുവൻ വ്യാപിച്ചിരിക്കുന്നു. അവരിൽ യേശുവിനെ അംഗീകരിച്ച യഹൂദരും വിജാതിയരും ഉൾപ്പെടുന്നു. യേശുവിന്റെ കുരിശ് ലോകജനതയെ മാടിവിളിച്ചുകൊണ്ട് മഹനീയമായി നിലകൊള്ളുന്നു.

യേശുവിന്റെ ക്രൂശാരോഹണത്തിനുശേഷം യഹൂദർ നൂറ്റാണ്ടുകളായി വിപ്രവാസത്തിലായിരുന്നു. അവരുടെ രാജ്യം ഇല്ലാതായി, ദൈവാലയം തകർന്നു, പ്രവാചകന്മാർ ഇല്ലാതായി, പൗരോഹിത്യം അസ്തമിച്ചു. ഈ വിപ്രവാസം രണ്ടാം ലോകമഹായുദ്ധം വരെ നിലനിന്നു. ഇത്ര മഹത്തായ രക്ഷയെ യഹൂദർ അവഗണിച്ചതിന്റെ അനന്തരഫലമാണിത്.

ക്രിസ്തുമതത്തിന്റെ ആദ്യനൂറ്റാണ്ടുകളിൽ റോമൻ ചക്രവർത്തിമാർ ക്രിസ്തുമതത്തെ കഠിനമായി പീഡിപ്പിച്ചു. ക്രിസ്ത്യാനി ആയിരിക്കാൻ പാടില്ല എന്നതായിരുന്നു റോമൻ നിയമം. എന്നാൽ ആ സാമ്രാജ്യം കിഴക്കെന്നും പടിഞ്ഞാറെന്നും രണ്ടായി. പാശ്ചാത്യ റോമാസാമ്രാജ്യം വടക്കുനിന്നുള്ള അപരിഷ്കൃതർ തകർത്തു. പൗരസ്ത്യ റോമാസാമ്രാജ്യം അറബികളും തുർക്കികളും കൂടി അവസാനിപ്പിച്ചു. എന്നാൽ ക്രൂശിതൻ ഇപ്പോഴും ജീവിക്കുന്നു. കാരണം, “ദൈവം സമസ്തവും അവന്റെ പാദങ്ങൾക്ക് കീഴിലാക്കിയിരിക്കുന്നു. അവൻ മഹത്വത്തിന്റെയും ബഹുമാനത്തിന്റെയും കിരീടം അണിഞ്ഞവനായി കാണപ്പെടുന്നു”. “മരണത്തിന്മേൽ അധികാരമുള്ള പിശാചിനെ തന്റെ മരണത്താൽ അവൻ

 www.malankaralibrary.com

നശിപ്പിക്കുകയും ജീവിതകാലം മുഴുവൻ മരണ ഭയത്തോടെ അടിമത്ത ത്തിൽ കഴിയുന്നവരെ രക്ഷിക്കുകയും ചെയ്തു" (എബ്രാ 1-2).

പേർഷ്യാക്കാർ, അറബികൾ, മംഗോളിയർ, തുർക്കികൾ ആദി യായവരും കഠിനമായ മതമർദനം നടത്തി. അറബികളും മംഗോളിയരും തുർക്കികളും കൂടി പേർഷ്യൻ സാമ്രാജ്യം തകർത്തു. അറബികളുടെ മുന്നേറ്റം പേർഷ്യയിലെയും പൗരസ്ത്യ റോമാസാമ്രാജ്യത്തിലെയും ക്രിസത്യാനികൾക്ക് കനത്ത പ്രഹരം ഏൽപ്പിച്ചു. അറബികൾ അനേകരെ വധിച്ചു, അനേകരെ കൂട്ടത്തോടെ മുസ്ലീമാക്കി. ക്രിസ്ത്യാനികൾക്ക് കടുത്ത വിവേചനം ഏർപ്പെടുത്തി.

പാശ്ചാത്യ റോമാസാമ്രാജ്യത്തിലേക്ക് ഇരച്ചുകയറിയ അപരി ഷ്കൃതരെ അവിടുത്തെ ക്രിസ്ത്യാനികൾ കുരിശിന്റെ പാതയിലേക്ക് കൊണ്ടുവന്നു. ഈ മഹത്തായ രക്ഷയെ അവഗണിച്ച്, കലഹിച്ചുകഴിഞ്ഞ പൗരസ്ത്യ ക്രിസ്തുമതം മാർജിനൽ അസ്തിത്വത്തിൽ ഒതുങ്ങി. അവർ ക്രൈസ്തവമർമം വിസ്മരിക്കയും, പരസ്പരം പോരടിച്ച് നശിക്കുകയും ചെയ്തു. ക്രിസ്തുസന്ദേശത്തിന്റെ അന്തസ്സത്ത ചോർത്തിക്കളയുന്ന കലഹവും വൈരവും ഉൾപ്പോരും പൗരസ്ത്യ ക്രിസ്ത്യാനികളുടെ ഇടയിലുണ്ടായി. "ക്രിസ്തുവിന്റെ ഭവനം ആയിരിക്കേണ്ടവർ" കലഹ ത്തിന്റെ വക്താക്കളായി മാറി. ഇന്നും പശ്ചിമേഷ്യൻ ക്രിസ്തുമതം ഇതിൽ നിന്ന് കരകയറിയിട്ടില്ല.

അറബികളുടെ കീഴിൽ പരിമിതമായ സ്വാതന്ത്ര്യത്തിൽ കഴിഞ്ഞ ക്രിസ്ത്യാനികൾക്ക് യേശുനാമം പരസ്യമായി പ്രഘോഷിക്കാൻ അനു വാദമില്ലായിരുന്നു. ഇന്നും അറബിരാജ്യങ്ങളിൽ ഇതാണ് സ്ഥിതിവിശേ ഷം. അവരും ഈ മഹത്തായ രക്ഷയെ അവഗണിച്ച് ഈ രക്ഷയ്ക്ക് എതിരു നിൽക്കുന്നു.

നിരീശ്വരകമ്യൂണിസ്റ്റ് സോവിയറ്റ് യൂണിയനിലും പൂർവ യൂറോ പ്യൻ രാജ്യങ്ങളിലും യേശുനാമത്തിന് വിലക്കുവന്നു. അവിടുത്തെ ക്രിസ്ത്യാനികൾ അനുഭവിച്ച നരവേട്ട വർണനാതീതമാണ്. 1917-1989 കാലയളവിൽ ഈ നാടുകളിൽ ലക്ഷക്കണക്കിന് ക്രിസ്ത്യാനികൾ കൊല്ലപ്പെട്ടു. നിരീശ്വര കമ്യൂണിസ്റ്റുകാരും ഈ മഹത്തായ രക്ഷയെ നിരാകരിച്ചവരാണ്. അവരും തകർന്നു തരിപ്പണമായി. റഷ്യയിലും പൂർവ യൂറോപ്പിലും കുരിശ് പൂർവാധികം ശക്തിയോടെ ഉയിർത്തെഴുന്നേറ്റു.

നാം ജീവിക്കുന്ന ഈ കാലയളവിൽ ഈ ലോകത്തിൽ ഏതാണ്ട് 60 രാജ്യങ്ങളിൽ ക്രിസ്ത്യാനികൾ ഒരു തരത്തിൽ അല്ലെങ്കിൽ മറ്റൊരു തരത്തിൽ പീഡനവിധേയരാണ്. ഈ മഹത്തായ രക്ഷയ്ക്ക് എതിരെ വാളുയർത്തി നിൽക്കുന്ന സംവിധാനങ്ങളാണ് ഈ രാജ്യങ്ങളിൽ.

ഈ രക്ഷ പ്രഘോഷിക്കപ്പെടേണ്ടതാണ്. ഈ രക്ഷ കേട്ടനുഭവിച്ച്, സ്വന്തമാക്കാനും മനസ്സാക്ഷി അനുസരിച്ച് പ്രവർത്തിക്കാനും അനുവദിക്കാത്ത ജനപദങ്ങളും രാഷ്ട്രങ്ങളും ഭരണാധികാരികളും ദൈവിക പദ്ധതിക്ക് എതിരു നിൽക്കുന്നു. ദൈവപുത്രനായ യേശുവിന്റെ നാമം ഉച്ചരിക്കാൻ സ്വാതന്ത്ര്യമില്ലാത്ത അവസ്ഥ ദൈവനിന്ദയാണ്. യേശുവിന്റെ കാലത്തെ യഹൂദർ സാധാരണ ജനങ്ങളെ അടിമകളാക്കി വച്ചിരുന്നതുപോലെയാണ് ഇന്നത്തെ ചില രാജ്യങ്ങളിലെ രാഷ്ട്രീയ നേതാക്കന്മാരും അവരുടെ മതനേതാക്കന്മാരും പ്രവർത്തിക്കുന്നത്. ദൈവത്തിന്റെ വഴികൾ മനസ്സിലാക്കുന്നതിൽ ഇക്കൂട്ടരും പരാജയപ്പെട്ടു.

യേശു കൃപാവരത്തിന്റെ സിംഹാസനമാണ്. തന്നിലൂടെ ദൈവത്തെ സമീപിക്കുന്നവരെ പൂർണമായി രക്ഷിക്കാൻ അവന് കഴിവുണ്ട്. അവൻ നിരന്തരം നമുക്കുവേണ്ടി മാധ്യസ്ഥ്യം വഹിക്കുന്ന പ്രധാനാചാര്യനാണ്. അവൻ തന്റെ സ്വന്തരക്തത്തിലൂടെയാണ് മനുഷ്യരക്ഷ സാധിച്ചത്. അവൻ നമുക്കായി നവീനവും സജീവവുമായ ഒരു പാത തുറന്നു തന്നിരിക്കുന്നു. തന്റെ പരിശുദ്ധാത്മാവിനെ അവൻ സമൃദ്ധമായി നമ്മിൽ വർഷിച്ചിരിക്കുന്നു.

ഈ രക്ഷയ്ക്ക് അവകാശികളായവർ തങ്ങളുടെ ജീവിതത്തിലൂടെ സാക്ഷ്യം നൽകാൻ വിളിക്കപ്പെട്ടവരാണ്. “സത്യത്തെ സംബന്ധിച്ച് പൂർണമായ അറിവു ലഭിച്ചതിനുശേഷം മനഃപൂർവം പാപം ചെയ്യുന്നെങ്കിൽ, പിന്നൊരു ബലി അവശേഷിക്കുന്നില്ല” (എബ്രാ 10:26). ദൈവപുത്രനെ പുച്ഛിച്ചുതള്ളുന്നവർക്കുള്ള ശിക്ഷ വളരെ കഠോരമായിരിക്കും (10,29). വിദ്വേഷത്തിന്റെ വേരു വളർന്ന് ഉപദ്രവം ചെയ്യും. അങ്ങനെ ദൈവകൃപ നഷ്ടപ്പെട്ട് അശുദ്ധരായി തീരാൻ ഇടയുണ്ട്. വിശുദ്ധി കൂടാതെ കർത്താവിനെ ആർക്കും ദർശിക്കാനാവില്ല (12,14-15). പരസ്പരം വിദ്വേഷത്തിൽ കഴിയുന്ന സഭകളായാലും വ്യക്തികളായാലും എതിർസാക്ഷ്യം നൽകി ഈ മഹത്തായ രക്ഷയെ അവഹേളിക്കയാണ്. ക്രിസ്തുശിഷ്യരാണെന്ന് പറയുകയും സ്നേഹരഹിതമായി വ്യാപരിക്കുകയും ചെയ്യുന്നവർ കർതൃകൽപ്പനയ്ക്ക് കടകവിരുദ്ധമായിട്ടത്രേ പ്രവർത്തിക്കുന്നത്.

അടുത്ത് ദൈവാലയവും ആരാധനാ സൗകര്യങ്ങളും ഉണ്ടെങ്കിലും, ആരാധനയിൽ പങ്കെടുക്കാതിരിക്കുന്നവരും ഈ മഹത്തായ രക്ഷയെ അവഗണിക്കുന്നവരാണ്. കെട്ടിയിട്ടിരിക്കുന്ന കെട്ടുവള്ളം തുഴയുന്നതിനു തുല്യമാണ് അവരുടെ ഓട്ടം. അല്ലെങ്കിൽ രാത്രി മുഴുവൻ അധ്വാനിച്ചിട്ടും ഒന്നും കിട്ടാതിരുന്ന ശിഷ്യർക്ക് തുല്യമാണവർ. നാം നമ്മുടെ ജീവിതത്തിലൂടെ യേശുക്രിസ്തുവിന്റെ സ്നേഹവും അനുകമ്പയും കരുണയും സമാധാനവും ശാന്തതയും നന്മയും സുകൃതവും കാണിച്ചുകൊടുക്കണം. എങ്കിലേ ഈ മഹത്തായ രക്ഷയെ ബഹുമാനിക്കുന്നു എന്നു പറയാനാകൂ.

# 16

# അടയാളങ്ങളും അത്ഭുതങ്ങളും

ശ്ലീഹന്മാരുടെ കാലത്ത് വചനത്തിന്റെ സാക്ഷ്യത്തിനായി നമ്മുടെ കർത്താവ് അവരിലൂടെ അടയാളങ്ങളും അത്ഭുതങ്ങളും പ്രവർത്തിച്ചു: "ശ്ലീഹന്മാരുടെ കരങ്ങൾ വഴി ജനമധ്യത്തിൽ വളരെ അടയാളങ്ങളും അത്ഭുതങ്ങളും സംഭവിച്ചുകൊണ്ടിരുന്നു" ജനങ്ങൾ രോഗികളെ തെരുവീഥികളിൽ കൊണ്ടുവന്ന് കിടക്കകളിലും കട്ടിലുകളിലും കിടത്തിയിരുന്നു. പത്രോസ് കടന്നുപോകുമ്പോൾ അവന്റെ നിഴലെങ്കിലും അവരിൽ ഏതാനും പേരുടെ മേൽ പതിക്കുന്നതിനു വേണ്ടിയായിരുന്നു അത്. അശുദ്ധാത്മാക്കൾ ബാധിച്ചിരുന്നവരെയും രോഗികളെയും വഹിച്ചുകൊണ്ട് ജനം ജറുസലേമിനു ചുറ്റുമുള്ള പട്ടണങ്ങളിൽ നിന്ന് വന്നിരുന്നു. എല്ലാവർക്കും രോഗശാന്തി ലഭിച്ചു (നട 5,12.15-16). "വാക്കാലും പ്രവൃത്തിയാലും അടയാളങ്ങളുടെയും അത്ഭുതങ്ങളുടെയും ബലത്താലും പരിശുദ്ധാത്മാവിന്റെ ശക്തിയാലും" അവർ സുവിശേഷം പ്രസംഗിച്ചു (റോമ 15,18-19).

"അത്ഭുതങ്ങളും അടയാളങ്ങളും പ്രവർത്തിക്കാൻ പൗലോസിനും ബർണബാസിനും അനുഗ്രഹം നൽകിക്കൊണ്ട് കർത്താവ് തന്റെ

കൃപയുടെ വചനത്തിന് സാക്ഷ്യം നൽകി" (നട 14,3). "പൗലോസിന്റെ കരങ്ങൾ വഴി ദൈവം അസാധാരണമായ അത്ഭുതങ്ങൾ പ്രവർത്തിച്ചു കൊണ്ടിരുന്നു. അവന്റെ ശരീരസ്പർശമേറ്റ തൂവാലകളും അംഗവസ്ത്ര ങ്ങളും അവർ രോഗികളുടെ അടുത്തു കൊണ്ടുവന്നു. അപ്പോൾ രോഗം അവരെ വിട്ടുമാറുകയും അശുദ്ധാത്മാക്കൾ അവരിൽ നിന്ന് പുറത്തു വരികയും ചെയ്തിരുന്നു (നട 19,11). "നസ്രായനായ യേശുവിന്റെ നാമ ത്തിൽ എഴുന്നേറ്റു നടക്കുക" എന്നു പറഞ്ഞുകൊണ്ട് പത്രോസ് ഒരു മുടന്തന്റെ വലത്തുകൈക്ക് പിടിച്ച് എഴുന്നേൽപ്പിച്ചു. അവൻ ചാടി എഴു ന്നേറ്റു നടന്നു (നട 3,6-8). കാലുകൾക്ക് സ്വാധീനമില്ലാത്തവനെ ലിസ്ത്രാ യിൽ വച്ച പൗലോസ് സുഖപ്പെടുത്തി (നട 14,8-10). "ഐന യാസേ, യേശുക്രിസ്തു നിന്നെ സുഖപ്പെടുത്തുന്നു. എഴുന്നേറ്റ് നിന്റെ കിടക്ക ചുരുട്ടുക" എന്നു പറഞ്ഞ് പത്രോസ് ലീദായിലെ ഐനയാസിനെ സുഖ പ്പെടുത്തി (നട 9,32-35). യോപ്പായിൽ മരിച്ചുപോയ തബീതായെ പത്രോസ് ജീവിപ്പിച്ചു (നട 9,3642).

വചനത്തിന് സാക്ഷ്യമായി നമ്മുടെ കർത്താവ് ശ്ലീഹന്മാരിലൂടെ നിരവധി അടയാളങ്ങളും അത്ഭുതങ്ങളും പ്രവർത്തിച്ചു. അവയിൽ ചിലതു മാത്രമേ നടപടിപുസ്തകത്തിൽ കുറിച്ചിട്ടുള്ളൂ. വചനത്തിന്റെ സ്ഥിരീകരണത്തിന് ഇത്തരം അടയാളങ്ങൾ ആവശ്യമായിരുന്നു. അതാ യത്, സുവിശേഷപ്രഘോഷണത്തിൽ അടയാളങ്ങൾക്കും അത്ഭുത ങ്ങൾക്കും രോഗശാന്തികൾക്കും സ്ഥാനമുണ്ട്. അവ പാടേ തള്ളിക്കള യാനാകില്ല.

യേശുക്രിസ്തുവിലുള്ള വിശ്വാസത്തിന്റെ ഉറപ്പിന്, വിശ്വാസത്തി ലേക്ക് കടന്നുവരുന്നവർക്ക് ഇവ ചിലപ്പോഴൊക്കെ ആവശ്യമാണ്: "കർത്താവേ, അവിടുത്തെ പരിശുദ്ധ ദാസനായ യേശുവിന്റെ നാമ ത്തിൽ രോഗശാന്തിയും അടയാളങ്ങളും അത്ഭുതങ്ങളും സംഭവിക്കുന്ന തിനായി അവിടുത്തെ കൈകൾ നീട്ടണമെ. അവിടുത്തെ വചനം പൂർണ ധൈര്യത്തോടെ പ്രസംഗിക്കാൻ ഈ ദാസരെ അനുഗ്രഹിക്കണമെ" എന്ന് ആദ്യശിഷ്യന്മാർ പ്രാർഥിച്ചിരുന്നു (നട 4,30). അന്ന് സാക്ഷ്യത്തി നായി അടയാളങ്ങൾ കർത്താവ് നൽകിയതുപോലെ, ഇന്നും നൽകാൻ അവൻ ശക്തനാണ്. കാരണം, "യേശുക്രിസ്തു ഇന്നലെയും ഇന്നും എന്നും ഒരാൾ തന്നെയാണ്"(എബ്രാ 13,8). അവിടുന്ന് നിശ്ചയമായും നൽകും, നൽകുന്നുമുണ്ട്. എന്നാൽ ഈ കൃപ എല്ലാവർക്കും ലഭിക്കു ന്നില്ല. ഭാരതത്തെപ്പോലെയുള്ള ഒരു രാജ്യത്ത് ഇത്തരം അടയാളങ്ങൾ ക്കും അത്ഭുതങ്ങൾക്കും പ്രസക്തിയുണ്ട്.

 www.malankaralibrary.com

ശ്ലീഹന്മാർ അടയാളങ്ങളും അത്ഭുതങ്ങളും പ്രവർത്തിച്ചപ്പോൾ ധാരാളം പേർ വിശ്വസിച്ചതായി നടപടിയിൽ നാം വായിക്കുന്നു (നട 9,42). പരിശുദ്ധാത്മ നിറവുള്ളവരായി ഈ ദാനത്തിനുവേണ്ടി മുട്ടിപ്പായി പ്രാർഥിക്കണം. തീക്ഷ്ണമായി ദൈവവചനം പ്രഘോഷിക്കുന്നവർ ക്കാണ് ഈ വരം നൽകപ്പെടുന്നത്. സങ്കീർത്തനത്തിൽ നാം വായിക്കുന്നു, "കർത്താവ് ആജ്ഞാപിച്ചു. വലിയൊരു ഗണം ആ സദ്വാർത്ത വിളംബരം ചെയ്യുന്നു" (68,11). "മഹാശക്തിയോടുകൂടി സദ്വാർത്ത വിളംബരം ചെയ്യുന്നവർക്ക് കർത്താവ് വചനം നൽകുന്നു" എന്ന് തിയഡൊറെറ്റിൽ ഒരു പാഠഭേദം. "മഹാശക്തിയോടെ കർത്താവ് സദ്വാർത്തയുടെ വചനം നൽകും" എന്ന് സുറിയാനി പാഠഭേദം. കർതൃസന്ദേശം സ്വീകരിച്ച്, നാനാഭാഗങ്ങളിലേക്കും പോയി സുവിശേഷം പ്രഘോഷിക്കുന്നവർക്ക് കർത്താവ് വചനം നൽകുമെന്നു ചുരുക്കം.

എന്തുകൊണ്ട് എല്ലാവർക്കു ഈ ദാനം ലഭിക്കുന്നില്ല? വി. പൗലോസ് പറയുന്നു: "ദാനങ്ങളിൽ വൈവിധ്യം ഉണ്ടെങ്കിലും, ആത്മാവ് ഒന്നു തന്നെ. ശുശ്രൂഷകളിൽ വൈവിധ്യം ഉണ്ടെങ്കിലും, കർത്താവ് ഒന്നുതന്നെ. പ്രവൃത്തികളിൽ വൈവിധ്യം ഉണ്ടെങ്കിലും, എല്ലാവർക്കും എല്ലാറ്റിലും പ്രചോദനം നൽകുന്ന ദൈവം ഒന്നുതന്നെ. ഓരോരുത്ത രിലും ആത്മാവ് വെളിപ്പെടുന്നത് പൊതുനന്മയ്ക്കു വേണ്ടിയാണ്". ഒരേ ആത്മാവു തന്നെ വ്യത്യസ്ത വരങ്ങൾ നൽകുന്നു. വിവേകത്തിന്റെ വചനം, ജ്ഞാനത്തിന്റെ വചനം, വിശ്വാസം, രോഗശാന്തിവരം, അത്ഭുത പ്രവർത്തനശക്തി, പ്രവചനവരം, ആത്മാക്കളെ വിവേചിക്കാനുള്ള കഴിവ്, ഭാഷാവരം, വ്യാഖ്യാനവരം തുടങ്ങി വൈവിധ്യമാർന്ന വരങ്ങൾ തന്റെ ഇച്ഛയ്ക്കൊത്ത് ഒരേ ആത്മാവു തന്നെ പങ്കിട്ടു നൽകുന്നു" (1കൊറി 12,4-11). എന്നിട്ട്, വി. ശ്ലീഹാ ചോദിക്കുന്നു, "എല്ലാവരും പ്രവാചകരോ? എല്ലാവരും പ്രബോധകരോ? എല്ലാവരും അത്ഭുത പ്രവർത്തകരോ? എല്ലാവർക്കും രോഗശാന്തി വരങ്ങളുണ്ടോ?" എന്നാൽ ഉത്കൃഷ്ട ദാനങ്ങൾക്കായി തീക്ഷ്ണമായി അഭിലഷിക്കാൻ ആഹ്വാനം ചെയ്യുന്നു (1 കൊറി 12,22-31).

ശ്ലൈഹിക കാലത്ത് ഉണ്ടായിരുന്ന വരങ്ങൾ ലഭിക്കാൻ തീവ്രമായി അഭിലഷിക്കുകയും പ്രാർഥിക്കുകയും ചെയ്യണം. ദാനങ്ങൾ വർഷി ക്കപ്പെടുന്നത് പരിശുദ്ധാത്മാവിന്റെ തിരുഹിതം അനുസരിച്ചാണ്. ദൈവ വചനം പ്രഘോഷിക്കാൻ അതീവ തീക്ഷ്ണത കാട്ടണം. അപ്പോൾ ദൈവം വചനം നൽകും. വചനത്തെ സ്ഥിരീകരിച്ചുകൊണ്ട് വചനത്തിന്റെ ഉറപ്പി നും സാക്ഷ്യത്തിനുമായി അടയാളങ്ങളും അത്ഭുതങ്ങളും വർഷിക്കും. അത് നമ്മുടെ കഴിവല്ല, നമ്മുടെ മേന്മയല്ല, നമ്മുടെ ശ്രേഷ്ഠതയല്ല.

ദൈവദാനമാണ്. നാം മൺപാത്രത്തിൽ നിക്ഷേപം സൂക്ഷിക്കുന്നവ രാണ്. നാം ബലഹീന പ്രകൃതിയുള്ള പാപികളും കുറവുള്ളവരുമായ മനുഷ്യരാണ്. നാം ആൾദൈവങ്ങളല്ല. ദൈവം തന്റെ വചന ശുശ്രൂഷ യ്ക്കായി തെരഞ്ഞെടുക്കുന്ന പാപികളായ മനുഷ്യർ മാത്രമാണ് നാം. നാം വെറും ഉപകരണം മാത്രം. അവിടുന്നാണ് നമ്മിലൂടെ പ്രവർത്തി ക്കുന്നത്. ഈ അവബോധം നാം കാത്തു സൂക്ഷിക്കണം.

# 17

# തിരുനാളും പെരുന്നാളും

ആരാധനാവത്സരത്തിൽ നമ്മുടെ കർത്താവിന്റെ തിരുനാളുകൾക്ക് സഭയിൽ അതിപ്രധാന സ്ഥാനമുണ്ട്. നാം നമ്മുടെ കർത്താവിന്റെ ജനനം മുതൽ സ്വർഗാരോഹണം വരെയുള്ള പ്രധാന സംഭവങ്ങൾ ഓരോ വർഷവും അനുസ്മരിക്കുന്നു. അവ രക്ഷാകരമായ അനുസ്മരണക ളാണ്. കർത്താവിന്റെ ജനനം, പീഡാനുഭവം, ഉത്ഥാനം, എന്നിവ അവ യിൽ തന്നെ പ്രധാനപ്പെട്ട അനുസ്മരണകളാണ്. പീഡാനുഭവവും ഉത്ഥാ നവും ഉൾക്കൊള്ളുന്ന പെസഹാരഹസ്യം അത്യാഘോഷപൂർവം അനു സ്മരിക്കുന്നു. കാരണം, അതിലൂടെയാണ് നമ്മുടെ രക്ഷ കൈവന്നത്. തന്റെ കുരിശിലൂടെ അവിടുന്ന് നമ്മെ രക്ഷിച്ചു.

ദൈവം മനുഷ്യനായിത്തീർന്ന മഹാസംഭവം-നമ്മുടെ കർത്താ വിന്റെ ജനനം-ലോകം മുഴുവൻ അനുസ്മരിക്കുന്നു. അത് ലോകത്തിനു മുഴുവൻ സന്തോഷം പകരുന്ന തിരുനാളാണ്. “തന്റെ ജനത്തെ അവരുടെ പാപങ്ങളിൽ നിന്നു മോചിപ്പിക്കാൻ” കടന്നുവന്ന രക്ഷകന്റെ, കാലി ത്തൊഴുത്തിലെ ജനനം ഇന്ന് ലോകജനതയ്ക്കെല്ലാം ആഹ്ലാദാനുഭവം പ്രദാനം ചെയ്യുന്നു. ഒരു രീതിയിൽ അല്ലെങ്കിൽ, മറ്റൊരു രീതിയിൽ മനുഷ്യരെല്ലാം ഈ തിരുനാളിൽ പങ്കെടുക്കുന്നു.

എല്ലാം പൂർത്തിയാക്കാൻ അവിടുന്ന് പീഡാനുഭവത്തിനും കുരിശു മരണത്തിനും തന്നെത്തന്നെ ഏൽപ്പിച്ചു കൊടുത്തു. അതിന്റെ അനു സ്മരണയ്ക്ക് ഒരുക്കമായി നാൽപ്പതു ദിവസം നോമ്പു നോക്കുന്നു. അതിനായി നാം പ്രത്യേക രീതിയിൽ ഒരുങ്ങുന്നു. ഹൃദയം സംശുദ്ധ

മാക്കി, കാരുണ്യപ്രവൃത്തികളാൽ അതിനെ നിറയ്ക്കുന്നു. വളരെ ഭക്ത്യാദരപുരസ്സരം തീക്ഷ്ണതയോടും സ്നേഹത്തോടും കൂടെ അനുഷ്ഠിക്കേണ്ട അനുസ്മരണയാണിത്.

ഉയിർപ്പുഞായർ ഓരോ വർഷവും മാറിമാറി വരുന്നു. ക്രിസ്മസ് പോലെ എല്ലാ വർഷവും ഒരേ തീയതിയിലല്ല ഈസ്റ്റർ. ക്രിസ്മസ് ഡിസംബർ 25-നാണ്. എന്നാൽ മാർച്ച് 21-നുശേഷം വരുന്ന വെളുത്ത വാവു കഴിഞ്ഞുള്ള ഞായറാഴ്ചയാണ് ഇപ്പോൾ ഈസ്റ്റർ തീയതിയായി പൊതുവെ അനുസ്മരിക്കുന്നത്. ചിലപ്പോഴൊക്കെ സ്കൂളുകളിൽ പരീക്ഷയ്ക്കും ബഹളത്തിനും ഇടയ്ക്കായിരിക്കും ഈ ഉയിർപ്പു ഞായർ വരിക. അതുകൊണ്ട്, ഈ തിരുനാളിന് അർഹമായ പ്രാധാന്യം പ്രായോഗികമായി നൽകാൻ കഴിയാത്ത സാഹചര്യം സംജാതമാകുന്നു. മാർച്ച് 31-ന് സ്കൂളുകൾ അടയ്ക്കുന്നതിനാൽ, അതിനു മുമ്പ് സ്കൂൾ പരീക്ഷകളെല്ലാം നടത്തി തീർക്കേണ്ടതായിട്ടുണ്ട്. അപൂർവമായിട്ടെങ്കിലും, ഉയിർപ്പുഞായർ ഒരു ചടങ്ങായി കടത്തിവിടാറുണ്ട്. ചിലയിടങ്ങളിലെങ്കിലും വെളുപ്പിന് മൂന്നു മണിക്കാണ് ഈ അനുസ്മരണ നടത്തുക. പുലർച്ചയുള്ള ഈ ശുശ്രൂഷകളിൽ വളരെ കുറച്ചുപേർ മാത്രമേ പങ്കെടുക്കുന്നുള്ളു. പങ്കെടുക്കുന്നവർ പോലും വേണ്ടത്ര ഭക്തിയോടും ശ്രദ്ധയോടുമല്ല പലപ്പോഴും പങ്കെടുക്കുന്നത്. തന്മൂലം ഈ അതിശ്രേഷ്ഠമായ തിരുനാളിന്റെ പ്രാധാന്യം കുറച്ചു കാണിക്കുന്ന പ്രവണത നിലനിൽക്കുന്നു.

ഉയിർപ്പു തിരുനാൾ കഴിഞ്ഞ് നമ്മുടെ നാട്ടിൽ വിശുദ്ധരുടെ അനുസ്മരണകളുണ്ട്. മിക്കവാറും എല്ലാ പള്ളികളിലും വളരെ ആഘോഷമായി നടത്തുന്ന ഈ പെരുന്നാളുകൾ ഒരാഴ്ച വരെ നീണ്ടുനിൽക്കുന്നവയാണ്. ചിലയിടങ്ങളിൽ പല പരിപാടികൾ ഒന്നിച്ചു ചേർത്ത് മൂന്നാഴ്ചയോളം ആഘോഷിക്കാറുണ്ട്. സ്കൂളുകളെല്ലാം അടച്ചതിനാലും മഴയില്ലാത്ത തെളിഞ്ഞ കാലാവസ്ഥ ആയതിനാലും ഹൈന്ദവരുടെ അമ്പലങ്ങളിലൊക്കെ ഈ കാലയളവിൽ ഉത്സവങ്ങൾ ഉള്ളതിനാലും, പള്ളികളും ഇടവകപ്പെരുന്നാൾ എന്നപേരിൽ ഈ കാലയളവിൽ ഗംഭീരമായ ആഘോഷം നടത്തുന്നുണ്ട്.

ചിലയിടങ്ങളിലെ ആഘോഷപരിപാടികൾ കണ്ടാൽ നമ്മുടെ കർത്താവിന്റെ പെസഹാ രഹസ്യത്തെക്കാൾ കൂടിയ സ്ഥാനം ഈ പെരുന്നാളുകൾക്ക് നൽകുന്നുണ്ടോ എന്നു തോന്നിപ്പോകും. വെച്ചൂട്ട്,

ചെമ്പെടുപ്പ്, കൊടിമരം നാട്ടൽ, അരിയിടീൽ, കുട പിടിക്കൽ, വലം വയ്ക്കൽ എന്നിങ്ങനെ പെരുന്നാളുകൾക്ക് ഓരോ വർഷവും പരിപാടികളുടെ എണ്ണം കൂടിക്കൂടി വരികയാണ്.

സഭാപ്രബോധനം അനുസരിച്ച്, കർത്താവിന്റെ തിരുനാളുകളുടെ അനുസ്മരണകൾക്ക് താഴെ ആയിരിക്കണം വിശുദ്ധരുടെ അനുസ്മരണ പെരുന്നാളുകൾ. നമ്മുടെ കർത്താവ് മാത്രമാണ് നമുക്കുവേണ്ടി മരിച്ചത്. രക്തസാക്ഷികൾ കർത്താവിനോടുള്ള സ്നേഹത്തെപ്രതി ജീവൻ ഹോമിച്ചവരാണ്. അവരെ അക്കാരണത്താൽ നാം സ്നേഹിക്കുകയും ആദരിക്കുകയും ബഹുമാനിക്കുകയും അനുകരിക്കുകയും അവരുടെ മാധ്യസ്ഥ്യം യാചിക്കുകയും ചെയ്യുന്നു. എന്നാൽ അവർ നമ്മുടെ കർത്താവല്ല. മധ്യസ്ഥർ മാത്രമാണ്. വിശുദ്ധരോടുള്ള ആദരവ് നല്ലതു തന്നെ. എന്നാൽ അവരുടെ അനുസ്മരണാരീതി അതിരു കവിഞ്ഞു പോകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ് (ദൈവാരാധനയെ കുറിച്ചുള്ള കോൺസ്റ്റിറ്റ്യൂഷൻ,5, 104.111)

സഭയിൽ രക്തസാക്ഷികളെ വണങ്ങുന്ന രീതി അതിപുരാതനമാണ്. വി. പോളിക്കാർപ്പിന്റെ (+156) കത്തിക്കരിഞ്ഞ അസ്ഥികൾ സ്മിർണായിലെ സഭ പൂജ്യമായി വച്ച് ബഹുമാനിച്ചിരുന്നു. കാലക്രമത്തിൽ എല്ലാ വിശുദ്ധരുടെയും അസ്ഥികളെ വണങ്ങുന്ന രീതി നിലവിൽ വന്നു. അവരുടെ മാധ്യസ്ഥ്യം വഴി ദൈവത്തിൽ നിന്ന് വിശ്വാസികൾക്ക് അനുഗ്രഹം ലഭിച്ചിരുന്നു. അവരുടെ മാധ്യസ്ഥ്യത്തിന് ശക്തിയുള്ളതായി വിശ്വാസികൾ കരുതുന്നു.

അതോടൊപ്പം നാം ഓർക്കേണ്ട മറ്റൊരു സംഗതിയുണ്ട്. സ്വർഗീയ പിതാവിന്റെ സവിധത്തിൽ നമുക്കുവേണ്ടി നിരന്തരം മാധ്യസ്ഥ്യം വഹിക്കുന്ന നിത്യപുരോഹിതനായ യേശുതമ്പുരാനാണ് ആകാശത്തിനും ഭൂമിക്കും മധ്യേ അതുല്യനായി സ്ഥിതിചെയ്യുന്ന ഏകമധ്യസ്ഥൻ. ഇതിന്റെ സ്ഥാനത്ത് മറ്റൊന്നും വയ്ക്കാൻ പാടില്ല. ഒരു വിശുദ്ധനും ഈ സ്ഥാനം ഏറ്റെടുക്കാനും പറ്റില്ല.

വിശുദ്ധരുടെ അസ്ഥികളെ ബഹുമാനിക്കുമ്പോൾ, അവർ എന്തിനു വേണ്ടി നിലകൊണ്ടുവോ, ആ മൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് നടപ്പിലാക്കാൻ അവരെ അനുഗമിക്കുന്നതാണ് അഭികാമ്യം. വിശുദ്ധരുടെ കബറിടങ്ങളിലേക്കുള്ള തീർഥയാത്രയും അവരെ പ്രതിയുള്ള ഉപവാസവും നേർച്ചകാഴ്ചകളും മറ്റും അതിരു കടന്നില്ലെങ്കിൽ, നല്ലതു

തന്നെ. മനുഷ്യർക്ക് ഇത്തരം പരിപാടികൾ സന്തുഷ്ടി പകരും. അവരുടെ ത്യാഗം കണ്ട് ദൈവം അവരെ അനുഗ്രഹിക്കും. എന്നാൽ അതിലുപരി വിശുദ്ധർ എന്ത് ആദർശം മുറുകെ പിടിച്ചുവോ, ഏതു സത്യത്തെ പിൻചെന്നുവോ, അത് അനുകരിക്കാനും തുടരാനും ശ്രമിക്കയാണ് വേണ്ടത്. യാതൊരു കാരണവശാലും വിശുദ്ധരോടുള്ള ഭക്തി, നമ്മുടെ കർത്താവിനോടുള്ള സ്നേഹത്തേക്കാൾ ഉപരി ആയിരിക്കാൻ പാടില്ല. വിശുദ്ധരെല്ലാം നമ്മുടെ കർത്താവിന്റെ സാക്ഷികളാണ്.

നമ്മുടെ കർത്താവിന്റെ അമ്മയോടുള്ള സ്നേഹം വിശുദ്ധരുടെ തലത്തിലേക്കാൾ ഉയർന്നതായിരിക്കണം. ആ അമ്മ നമ്മുടെ അമ്മയാണ്. തന്റെ പുത്രന്റെ പക്കൽ വിശേഷവിധിയായി നമുക്കുവേണ്ടി മാധ്യസ്ഥ്യം വഹിക്കുന്നവളാണ് ആ അമ്മ. നമ്മുടെ കുറവുകളിലും പോരായ്കകളിലും അവൾ തന്റെ മകനോട് പറയും "അവർക്ക് വീഞ്ഞില്ല, അവർ ബലഹീനരാണ്, മൺമയരാണ്. നിന്റെ കൃപ വർഷിച്ച് അവരുടെ കുറവുകൾ തീർക്കണമെ. നിന്നെ ഏറ്റുപറഞ്ഞവരെ നീയും സ്വീകരിക്കണമെ, അവരുടെ കടങ്ങളും പാപങ്ങളും മായിച്ചുകളഞ്ഞ് അവരെ പുണ്യപ്പെടുത്തണമെ."

എന്നിട്ട് ആ അമ്മ നമ്മോടു പറയും: "അവൻ പറയുന്നതുപോലെ ചെയ്യുക". ഭൗമിക ജീവിതത്തിലെ പ്രലോഭനങ്ങളും പരീക്ഷണങ്ങളും ക്ലേശങ്ങളും സഹനങ്ങളും ത്യാഗങ്ങളും എന്താണെന്ന് നന്നായി അറിയാവുന്ന ആ അമ്മ നമ്മെ പുത്രന്റെ സമക്ഷം ഭരമേൽപ്പിക്കും. ഭാഗ്യവതിയായ ആ അമ്മയിൽ ശരണപ്പെടാം. നമ്മുടെ ആകുലതകളും ആവശ്യങ്ങളുമെല്ലാം ആ അമ്മയിലൂടെ തന്റെ തിരുക്കുമാരന്റെ പക്കൽ ഏൽപ്പിക്കാം (ദൈവാരാധനയെ കുറിച്ചുള്ള കോൺസ്റ്റിറ്റ്യൂഷൻ,5, 103).

"എന്റെ അടുത്തുവരുന്നവനെ ഞാൻ ഒരുനാളും തള്ളിക്കളയുകയില്ല" എന്ന് ഉറപ്പായി പറഞ്ഞ പൊന്നുതമ്പുരാനാണ് നമ്മുടെ ആശ്രയം. തന്റെ ഗുരുവിനെ തള്ളിപ്പറഞ്ഞ പത്രോസിന്റെ അനുതാപം നമുക്കും സ്വീകരിക്കാം. നമുക്കുമുമ്പേ കടന്നുപോയ ഭാഗ്യവാന്മാരായ പിതാക്കന്മാരെല്ലാം നമുക്ക് മാതൃകയാണ്. അവരൊക്കെ കണ്ണുനീരിന്റെയും നെടുവീർപ്പിന്റെയും താഴ്വരയിൽ കൂടി കടന്നുപോയവരാണ്. നമുക്ക് അവരുടെ മാധ്യസ്ഥ്യം അപേക്ഷിക്കാം. അവരെ അനുകരിക്കാം. കുരിശിൽ തൂങ്ങിമരിക്കുകയും മഹത്വത്തോടെ ഉത്ഥാനം ചെയ്യുകയും ചെയ്ത കർത്താവിനെ എപ്പോഴും കൺമുമ്പിൽ ദർശിക്കാം.

# 18
# സ്നേഹത്തിന്റെ ഏക കൽപ്പന

വി. പൗലോസ് ശ്ലീഹാ ഗലാത്യരോട് പറയുന്നു: "അന്യോന്യം കടിച്ചു കീറരുത്, പരസ്പരം നശിപ്പിക്കരുത്" (ഗലാ 5,15). സ്നേഹത്തിന്റെ ഏക കൽപ്പനയിൽ നിയമം മുഴുവൻ അടങ്ങിയിരിക്കുന്നു. നിയമം എന്നാൽ പഴയനിയമം മുഴുവൻ. സമസ്ത നിയമങ്ങളും എന്നും അർഥമാക്കാം. "നിന്നെപ്പോലെ നിന്റെ അയൽക്കാരനെ സ്നേഹിക്കുക" എന്നു പറഞ്ഞ നമ്മുടെ കർത്താവിന്റെ മാതൃക അനുകരിച്ചാണ് വി. പൗലോസ് ശ്ലീഹാ ഇപ്രകാരം പറഞ്ഞത്. ദാസരെപ്പോലെ പരസ്പരം സേവിക്കാനാണ് കർതൃകൽപ്പന. ഇതിനു വിപരീതമായി ചെയ്യുന്നതൊന്നും ദൈവികമല്ല, മാനുഷികവുമല്ല, പൈശാചികമാണ്. ഇതിന് വിപരീതമായിട്ടുള്ളതെല്ലാം ദുഷ്ടശക്തിയുടെ പ്രേരണയാൽ സംഭവിക്കുന്നു. ഇത് വ്യക്തികൾക്കും കുടുംബങ്ങൾക്കും ഇടവകകൾക്കും സമൂഹങ്ങൾക്കും സഭകൾക്കും ഒക്കെ സംഭവിക്കാം. ആരുമിതിന് അപവാദമല്ല.

നമ്മുടെ നാട്ടിലെ ചില സഭകൾക്കിടയിലുള്ള സൗന്ദര്യപ്പിണക്കങ്ങളും അധികാരവടംവലിയും സ്വത്തുക്കളും പള്ളികളും സംബന്ധിച്ചുള്ള തർക്കങ്ങളും മേൽപ്പറഞ്ഞ സ്വർണനിയമത്തിന് കടകവിരുദ്ധമാണ്. നമ്മുടെ കർത്താവിന്റെ സ്നേഹ സുവിശേഷത്തിൽ നിന്ന് വളരെ അകന്നുള്ള എതിർസാക്ഷ്യമാണ് പ്രസ്തുത കലഹങ്ങളും തർക്കങ്ങളും നൽകുന്നത്. "നിങ്ങൾ പരസ്പരം സ്നേഹിക്കുന്നതിൽ നിന്ന് നിങ്ങൾ എന്റെ ശിഷ്യരാണെന്ന് ലോകം അറിയാൻ ഇടയാകും" എന്ന് കർത്താവ് ഖണ്ഡിതമായി പഠിപ്പിക്കുന്നു. അപ്പോൾ, സ്നേഹരാഹിത്യവും വിദ്വേഷവും ഉള്ളിടത്ത്, നിങ്ങൾ എന്റെ ശിഷ്യരല്ല എന്ന് ലോകം അറിയാൻ ഇടയാകുന്നു എന്നു സാരം. തർക്കങ്ങളും അഭിപ്രായവ്യത്യാസങ്ങളും

മാനുഷികവും സ്വാഭാവികവുമാണ്. അതു പരിഹരിച്ച് ഇടർച്ച ഒഴിവാക്കാൻ, ഓരോ കാലത്തും ജീവിച്ചിരുന്ന വിശുദ്ധർ നേതൃത്വം നൽകുകയും പരിഹരിക്കുകയും ചെയ്തിട്ടുണ്ട്.

"എല്ലാവരും സ്വരച്ചേർച്ചയോടും ഐക്യത്തോടും ഏക മനസ്സോടും ഏകാഭിപ്രായത്തോടും കൂടെ വർത്തിക്കണമെന്ന് നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിൽ ഞാൻ നിങ്ങളോട് അഭ്യർഥിക്കുന്നു" എന്നാണ് വി. പൗലോസ് ശ്ലീഹാ എഴുതുന്നത് (1കൊറി. 1,10). "നിങ്ങൾ ഇപ്പോഴും ജഡിക മനുഷ്യർ തന്നെ. നിങ്ങളുടെ ഇടയിൽ അസൂയയും തർക്കവും നിലനിൽക്കുമ്പോൾ, നിങ്ങൾ ജഡികരും സാധാരണക്കാരുമല്ലേ?" (1കൊറി 3,3).

വീണ്ടും, വി. ശ്ലീഹാ ഇപ്രകാരം പറയുന്നു: "സഹോദരങ്ങൾ തമ്മിലുള്ള വഴക്കുകൾ തീർക്കാൻ മാത്രം ജ്ഞാനിയായ ഒരുവൻ പോലും നിങ്ങളുടെ ഇടയിൽ ഇല്ലെന്നു വരുമോ?...നിങ്ങൾ തമ്മിൽ വ്യവഹാരങ്ങൾ ഉണ്ടാകുന്നതു തന്നെ നിങ്ങളുടെ പരാജയമാണ്. എന്തു കൊണ്ട് നിങ്ങൾക്ക് ദ്രോഹം ക്ഷമിച്ചുകൂടാ? വഞ്ചന സഹിച്ചുകൂടാ? നിങ്ങൾ തന്നെ സഹോദരനെ പോലും ദ്രോഹിക്കുകയും വഞ്ചിക്കുകയും ചെയ്യുന്നു. അനീതി പ്രവർത്തിക്കുന്നവർ ദൈവരാജ്യം അവകാശമാക്കുകയില്ല" (1കൊറി 6,1-9).

നാം ഒരു രാജ്യത്ത് ജീവിക്കുമ്പോൾ, ആ രാജ്യത്തെ നിയമങ്ങളും നിയമവ്യവസ്ഥയും അംഗീകരിച്ചാദരിക്കാൻ കടപ്പെട്ടവരാണ്. എന്നാൽ അതിലും ഉപരിയായ ദൈവികനിയമം ഉള്ളപ്പോൾ, ലൗകിക നിയമത്തെ ബഹുമാനിച്ചു കൊണ്ടു തന്നെ, ദൈവികനിയമത്തെ പ്രതി ഉപരിയായ ഒത്തുതീർപ്പുകൾ ചെയ്യാൻ നാം ബാധ്യസ്ഥരാണ്. കലഹത്തിലും വിഭജനത്തിലും കഴിയാൻ ക്രിസ്തുശിഷ്യർ എന്ന നിലയിൽ നമുക്ക് എങ്ങനെ സാധിക്കും?

പശ്ചിമേഷ്യയിലെ ക്രിസ്തീയസമൂഹങ്ങൾക്ക് സംഭവിച്ചത് നമുക്കും സംഭവിക്കാതിരിക്കട്ടെ. വളരെ വലിയ ക്രിസ്തീയ സമൂഹങ്ങൾ തന്നെ തകർന്നു നശിച്ചതിന്റെ ഒരു പ്രധാന കാരണം, അവരുടെ ഇടയിലെ കലഹങ്ങളാണ്. സ്നേഹരാഹിത്യം കൊടുമ്പിരിക്കൊണ്ടിരുന്നപ്പോൾ, അറബികൾ ഉത്തേജിതരായി. അറബികളോട് ചങ്ങാത്തം കൂടി, എതിർകക്ഷിയെ പരാജയപ്പെടുത്താൻ വിഭജിത ഗ്രൂപ്പുകൾ നടത്തിയ ശ്രമങ്ങൾ, ക്രിസ്തുമതത്തിന്റെ ശവക്കുഴി തോണ്ടി. തുടർന്നു വന്ന

മംഗോളിയരും തുർക്കികളും കൂടി പശ്ചിമേഷ്യൻ ക്രിസ്തുമതത്തെ തകർത്തു തരിപ്പണമാക്കി.

മനുഷ്യരാരും ചരിത്രത്തിൽ നിന്ന് പാഠം പഠിക്കുന്നില്ല. സഭകൾ തമ്മിലുള്ള പ്രശ്നങ്ങൾ പരിഹരിക്കാൻ കർത്താവിന്റെ സ്നേഹം മറ്റെന്തിനേക്കാളും ഏറെ സഹായകമാകും. നമ്മുടെ കർത്താവിന്റെ സ്നേഹത്തിൽ അധിഷ്ഠിതമായ ഒത്തുതീർപ്പിനാണ് സഭകളും സമൂഹങ്ങളും പരിശ്രമിക്കേണ്ടത്. അങ്ങനെ സമാധാനം പുനഃസ്ഥാപിച്ച് ജനതകളുടെ ഇടയിലെ ഇടർച്ച നീക്കിക്കളയണം. ഇതിനാരു മുതിരും? ഇതിനാർക്കു ധൈര്യമുണ്ടാകും?

ഒന്നിച്ചു പോകാനുള്ള മാർഗങ്ങൾ ആലോചിച്ച്, ഇടർച്ച ഒഴിവാക്കണം. പരസ്പരം കടിച്ചു കീറിയാൽ നശിക്കുകയേയുള്ളു. ഈ കലഹത്തിൽ മനസ്സു മടുത്ത് എത്രയെത്ര മനുഷ്യരാണ് സെക്ടുകളുടെ പിറകെ പോകുന്നത്. ആ വിശ്വാസശോഷണം ആരും ഗണ്യമാക്കുന്നില്ല. ഒറ്റക്കെട്ടായി നിന്ന് അന്ധകാര ശക്തികൾക്കെതിരെ, ദൈവത്തിന്റെ ആയുധങ്ങൾ ധരിച്ചുകൊണ്ട് ധീരമായി പോരാടുന്നതിനു പകരം പരസ്പരം പടവെട്ടി ശക്തി നശിച്ച് ഇല്ലാതായി തീരുകയാണ് സഭകൾ.

സഭ ദൈവത്തിന്റേതാണ്. സഭയെ വളർത്തുന്നത് ദൈവമാണ്. ദൈവിക പദ്ധതിക്കെതിരെ പ്രവർത്തിച്ചാൽ, ദൈവം കൈവിട്ട് ദൈവകൃപ ഇല്ലാതാകും. ബാഹ്യമായി കുറേ നാളത്തേക്ക് സംവിധാനങ്ങൾ ഉണ്ടായിരിക്കാം. എന്നാൽ ഒറ്റയടിക്ക് ദൈവം കടപുഴക്കി എറിഞ്ഞുകളയും. അതു സംഭവിക്കാതിരിക്കട്ടെ. ബന്ധപ്പെട്ടവർ ചരിത്രത്തിലേക്ക് തിരിഞ്ഞു നോക്കുന്നത് നല്ലതാണ്. ദൈവം തന്റെ പദ്ധതികൾ നടപ്പാക്കും. എന്നാൽ കലഹപ്രിയരും വിഗ്രഹാരാധകരും അവിടെ കാണുകയില്ലെന്നു മാത്രം.

ഈ അടുത്ത കാലത്ത് വളരെയേറെ മൂല്യശോഷണം സംഭവിച്ച ഈ നാട്ടിൽ, പൈശാചികശക്തികൾ സഭയ്ക്കെതിരെ ആഞ്ഞടിച്ചു കൊണ്ടിരിക്കുന്നു. മനുഷ്യന് മനുഷ്യോചിതമായി ജീവിക്കാനാവാത്ത സ്ഥിതിവിശേഷം അവിടവിടെ നിലനിൽക്കുന്നു. നമ്മുടെ കർത്താവിന്റെ സ്നേഹസന്ദേശവും അവിടുന്ന് നൽകിയ മൂല്യങ്ങളും ഉയർത്തിപ്പിടിക്കാൻ നമുക്ക് ഒത്തൊരുമിച്ച് കൈകൾ ഉയർത്താം. കർത്താവ് നമ്മുടെ കരങ്ങളെ താങ്ങട്ടെ. അവിടുത്തേക്ക് എന്നുമെന്നേക്കും മഹത്വം ഉണ്ടായിരിക്കട്ടെ.

# 19

## മൂല്യവും മൂല്യധ്വംസനവും

നമ്മുടെ നാട്ടിൽ വളരെയധികം മൂല്യധ്വംസനം നടക്കുന്നു. മൂല്യ ബോധമില്ലാത്ത ജനങ്ങൾ, ജനനേതാക്കന്മാർ, ഉദ്യോഗസ്ഥന്മാർ, എന്നിവ രുടെ എണ്ണം വർധിച്ചുവരുന്നു. ഈ നാടിന് എന്തുപറ്റി? ഈ നാട്ടിലെ മീഡിയായ്ക്ക് എന്തു സംഭവിച്ചു? ധനലാഭം മാത്രം ലക്ഷ്യമാക്കി പ്രവർ ത്തിക്കുന്നവർ ഇന്ന് ധാരാളം. രാഷ്ട്രീയ പ്രവർത്തനം പലയിടങ്ങളിലും ധനാഗമ മാർഗമായി മാറിയിരിക്കുന്നു. സ്ഥാപനങ്ങളിൽ ഉടനീളം കച്ചവട മനസ്ഥിതി മേൽക്കോയ്മ പുലർത്തുന്നു. അത് ഒരു വിഭാഗത്തിന്റെ മാത്രം കാര്യമല്ല. എല്ലായിടത്തും ദ്രവ്യാഗ്രഹം മുന്നിട്ടു നിൽക്കുന്നു.

കൈക്കൂലി നൽകാതെ സർക്കാരാഫീസുകളിൽ നിന്ന് സാധാ രണ ജനങ്ങൾക്ക് അർഹതപ്പെട്ട സംഗതികൾ ലഭിക്കാത്ത സ്ഥിതി വിശേ ഷമാണിന്ന്. ജനസേവകരും ജനങ്ങളുടെ നികുതിപ്പണം കൊണ്ട് ജീവി ക്കുന്നവരുമായ ഉദ്യോഗസ്ഥന്മാർ ജനങ്ങളെ ഞെക്കിപ്പിഴിഞ്ഞ് കൈ ക്കൂലിക്കായി കൈനീട്ടുന്നത് നീതിരഹിതമാണ്.

മൂല്യങ്ങൾക്കുവേണ്ടി തങ്ങളെത്തന്നെ സമർപ്പിച്ചിരിക്കുന്ന ചില രുടെ ഇടയിലെ ദ്രവ്യാഗ്രഹവും അഹന്തയും സ്നേഹരാഹിത്യവും ഗർവും മൃഗീയ പ്രകൃതവും മറ്റുള്ളവരെ കൂടി മൂല്യരഹിതരാക്കുന്നു. അവരു മായി ബന്ധപ്പെടുന്നവർ മൂല്യച്യുതിയിൽ നിപതിക്കുന്നു. പണം എല്ലാ റ്റിന്റെയും മാനദണ്ഡമാകുമ്പോൾ, മൂല്യച്ചുതി സർവ സാധാരണമാകും.

കൈവെട്ടാനും കാലുവെട്ടാനും തല വെട്ടാനും വസ്തുവകകൾ നശിപ്പിക്കാനും സ്ത്രീകളെ കടന്നാക്രമിക്കാനും കുട്ടികളോട് ക്രൂരത കാട്ടാനും ഒക്കെ യാതൊരു അറപ്പും കൂടാതെ മുന്നോട്ടു വരുന്ന കശ്മല

ന്മാർക്ക് എവിടെ മൂല്യമുള്ളു! അവരുടെ മൂല്യം പണം മാത്രം. എതിര ഭിപ്രായക്കാരുടെ വായടയ്ക്കാൻ വേണ്ടി പലരും ക്വട്ടേഷൻ സംഘ ങ്ങളെ നിയോഗിക്കുന്നു. കേസുകൾ തേച്ചുമായിച്ചു കളയുന്നു. കൂടെ നിൽക്കുന്നവർക്ക് അനുകൂലമായി കേസുകൾ കൈകാര്യം ചെയ്യുന്നു. എതിരാളികളെന്ന് കരുതപ്പെടുന്നവരുടെ പേരിൽ വകുപ്പുകൾ കെട്ടി വയ്ക്കുന്നു.എല്ലാ ദ്രവ്യാഗ്രഹികളും പണത്തിന്റെ പടിവാതിൽക്കൽ കിടക്കുന്ന നായ്ക്കളാണ്.

ജറമിയായുടെ ഗർജനം ഇപ്പോഴും കേൾക്കാം. അക്കാലത്തെ അനീതികൾ ഇന്നും വ്യാപകമാണ്. പാവപ്പെട്ടവർ ചവിട്ടി അരയ്ക്കപ്പെ ടുന്നു. കാട്ടുമൃഗങ്ങളുടെ ശല്യംകൊണ്ട് നാട്ടിൽ മനുഷ്യന് പൊറുതി മുട്ടി. അതിനെപ്പറ്റി ഒരു രാഷ്ട്രീയക്കാരനും സാമുഹ്യ പ്രവർത്തകനും മതനേതാവും കാര്യമായി ശബ്ദമുയർത്തുന്നില്ല. നാട്ടിലിറങ്ങി കൃഷി നശിപ്പിക്കയും മനുഷ്യരെ ഉപദ്രവിക്കയും ചെയ്യുന്ന വന്യമൃഗത്തെ സ്വരക്ഷയ്ക്കായി കൊന്നാൽ, കൊല്ലുന്നവന്റെ എല്ലുതല്ലി ഒടിക്കുന്ന കാപാലികന്മാർ! എന്തൊരു നാടാണിത്? ഇതിനൊന്നും പരിഹാരമില്ലേ?

നേതൃസ്ഥാനത്തിരിക്കുന്ന പലർക്കും ഇതൊന്നും പ്രശ്നമല്ല. അവരിത് കണ്ടതായി നടിക്കുന്നില്ല. അവർ നാട്ടിലുടനീളം യോഗങ്ങൾ സംഘടിപ്പിക്കുകയും പണം പിരിക്കുകയും പത്രങ്ങളിൽ പരസ്യം നൽ കുകയും അധികാരം ഉറപ്പിക്കുകയും എതിരാളികളെ കുടുക്കുകയും ജനശ്രദ്ധ തിരിക്കാനുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുകയും ചെയ്യു ന്നതിൽ വ്യാപൃതരാണ്.

പല മീഡിയാകളും ജനങ്ങളുടെ ആവശ്യങ്ങളല്ല അവതരിപ്പിക്കുക. പിന്നെയോ, പണം നൽകുന്നവർക്ക് സേവ ചെയ്യുകയാണവർ. അവർ കോടതിയിലെപ്പോലെ കുറ്റവിചാരണ നടത്തി, തങ്ങൾക്കിഷ്ടമുള്ള രീതി യിൽ ആശയരൂപീകരണം നടത്താൻ ശ്രമിക്കുന്നു. ഈ തലത്തിൽ കടുത്ത മൂല്യധ്വംസനം നടക്കുന്നു.

മൊബൈൽ ഫോൺ, ഇന്റർനെറ്റ്, റ്റി.വി. സിനിമാ ആദിയായവ നല്ലവ തന്നെ. എന്നാൽ അവയിലൂടെ മനുഷ്യരെ വഴിതെറ്റിക്കുന്ന ധാരാളം സംഗതികൾ കടന്നുവരുന്നു. തെറ്റ് ആവർത്തിച്ചാവർത്തിച്ച് അവതരിപ്പിക്കുമ്പോൾ, അവ സത്യമെന്ന് കരുതുന്നവർ അനേകരാണ്. അവ പ്രചരിപ്പിക്കുന്നവരുടെ ലക്ഷ്യവും അതുതന്നെയാണ്. ധാർമിക ചിന്തയില്ലാത്ത മനുഷ്യരുടെ പ്രവർത്തനം സജീവമാകുന്നു. അവർ കഥാ

രൂപത്തിൽ തിന്മ പടച്ചുവിടുന്നു. മൊബൈൽ ചാറ്റ്, വാട്ട്സ് അപ്പ്, ഫേസ് ബുക്ക് എന്നിവയിലൂടെ മനുഷ്യരെ തിന്മയിലേക്ക് നയിക്കുന്ന അനേകം മൂല്യധ്വംസന സംഗതികളുണ്ട്.

ഇന്നത്തെ സിനിമാലോകത്തിലും നിരവധി മൂല്യധ്വംസന സംഗതികളുണ്ട്. സ്ത്രീകളെ ആക്രമിക്കുന്ന രംഗങ്ങൾ, അടിപിടി കൂടുന്ന രംഗങ്ങൾ തുടങ്ങിയവ തുടരെത്തുടരെ കാണുന്ന ഭീകരാഭിമുഖ്യമുള്ള മനുഷ്യർ ഇവ അനുകരിക്കാൻ തുടങ്ങും. നാട്ടിൽ ഇത്രയധികം വഷളത്തങ്ങൾ കൊടികുത്തി വാഴുന്നതിന് ഇതുമൊരു ഹേതുവാണ്. പണക്കാരായ പ്രൊഡ്യൂസർമാരുടെ വികല കാഴ്ചപ്പാടുകളും ചിന്തകളുമൊക്കെ സീരിയലിലൂടെയും സിനിമായിലൂടെയും പുറത്തു വരുന്നു. പലതും വളരെ താഴ്ന്ന സാംസ്കാരിക നിലവാരം പുലർത്തുന്ന സീരിയലുകളാണ്.

ഈ നാട് നന്നായേ മതിയാകൂ. എന്തു കാട്ടിയാലും അധികാരം പിടിച്ചെടുക്കുന്ന പ്രവണത വർധിച്ചു വരുന്നു. ധാർമികത ചവിട്ടി താഴ്ത്തിയിട്ട്, അധികാരവും പ്രതാപവും തേടി നടക്കുന്ന രാഷ്ട്രീയ പാർട്ടികൾ, ഓരോന്ന് പറഞ്ഞ് ജനത്തെ കബളിപ്പിക്കുന്നു. നേതാക്കന്മാർ വൻകിട ബിസിനസുകാർക്കുവേണ്ടി നിലകൊള്ളുന്നു. വാചകമടിച്ച് ജനങ്ങളുടെ വോട്ട് നേടുന്നവർ, പണം ഒഴുക്കി വോട്ട് വിലയ്ക്കു വാങ്ങുന്നവർ, കള്ളക്കേസെടുത്ത് കുടുക്കുന്നവർ, തുടങ്ങിയവർ നിരവധിയാണ്. പിൽക്കാല പ്രവാചകന്മാർ ഗർജിച്ച് എതിർത്തു കൊണ്ടിരുന്ന നീതിനിഷേധവും, ധാർമികാധഃപതനവും ഇന്ന് നാട്ടിൽ സാർവത്രികമാണ്. നേതാക്കന്മാരിൽ പലരും നുണ പറഞ്ഞ് മനുഷ്യരെ കബളിപ്പിക്കുന്നു.

സർക്കാരുകളും സാംസ്കാരിക നേതാക്കന്മാരും മതനേതാക്കന്മാരും ജനങ്ങളും വിചാരിച്ചാൽ ഈ നാടിന്റെ ധാർമിക നിലവാരം ഉയർത്താനാകില്ലേ? സിനിമാലോകത്തെ അതിക്രമങ്ങൾക്ക് തടയിടാനാകില്ലേ? ഇപ്പോൾ നാം കാണുകയും കേൾക്കുകയും ചെയ്യുന്നതാണോ ആവിഷ്ക്കാര സ്വാതന്ത്ര്യം?

സർക്കാർ തന്നെ മനുഷ്യരെ മദ്യത്തിൽ മുക്കിക്കൊല്ലുമ്പോൾ, അവരുടെ ധാർമികതയെപ്പറ്റി എന്തു പറയാൻ! കഞ്ചാവിന്റെ വ്യാപനം പ്രൈമറി സ്കൂൾതലം വരെയെത്തി. മദ്യപാനം 12 വയസ്സുള്ള പെൺകുട്ടികളുടെ ഇടയിൽ വരെയായി. അവർക്ക് ലൈംഗികതയെ കുറിച്ച് വളരെ വികലമായ കാഴ്ചപ്പാടുകൾ കൂട്ടുകാരിൽ നിന്നു ലഭിക്കുന്നു.

നമ്മുടെ നാട്ടിൽ വിദ്യാഭ്യാസം വളരെ വർധിച്ചു. എന്നാൽ സാംസ്കാരികമായി നാം അത്രത്തോളം വളർന്നില്ല. ഒരു കൂസലും കൂടാതെ കള്ളം പറയാനും കള്ളസാക്ഷി പറയാനും കഴുത്തു വെട്ടാനും കമ്മലും മാലയും പറിക്കാനും കതകു പൊളിച്ച് അകത്തുകടന്ന് കുത്തിക്കവരാനും മടിക്കാത്ത ഒരു കൂട്ടം ആളുകളുടെ ഇടയിലാണ് നാം ജീവിക്കുന്നത്. നാം നിരന്തരം ജാഗരൂകരായിരിക്കണം. പൈശാചിക ശക്തികൾ അലറുന്ന സിംഹത്തെപ്പോലെ ചുറ്റിക്കറങ്ങുന്നു. നിഷ്കളങ്കരെ വഴിതെറ്റിക്കാൻ അവർ കാപാലികരിൽ കയറിക്കൂടുന്നു. അനേകർക്ക് അവനാണ് അവരുടെ രാജാവും നേതാവും. അതിന്റെ മൂർധന്യാവസ്ഥയാണ് പൈശാചികാരാധന. അത് ഈ നാട്ടിലുമായി. ഈ മനുഷ്യരൊക്കെ ജറമിയായുടെ ഗർജനം കേട്ടിരുന്നെങ്കിൽ!

# ഭാഗം - 3

# 1

## യേശുവിന്റെ സൗഭാഗ്യസൂക്തങ്ങൾ
### (മത്താ 5,1-11)

വി. മത്തായി ശ്ലീഹാ രചിച്ച സുവിശേഷത്തിന്റെ ആദ്യത്തെ നാല് അധ്യായങ്ങൾ യേശു ആരാണെന്ന് വരച്ചു കാട്ടുന്നു: യേശു പ്രതീക്ഷിക്കപ്പെട്ട മിശിഹായും, അബ്രഹാമിന്റെയും ദാവീദിന്റെയും പുത്രനും, അമ്മാനുവേലും, പാപവിമോചകനും, ദൈവപുത്രനും, പ്രവചനങ്ങളുടെ പൂർത്തീകരണവും, യഹൂദന്മാരുടെ രാജാവുമാണ്. "മാനസ്സാന്തരപ്പെടുവിൻ, സ്വർഗരാജ്യം സമീപിച്ചിരിക്കുന്നു" എന്ന് അറിയിച്ചുകൊണ്ട് യേശു തന്റെ ദൗത്യം ആരംഭിച്ചു.

യേശുവിന്റെ കാലത്തെ യഹൂദജനത വിവിധ വിഭാഗങ്ങളിൽ പെട്ടവരായിരുന്നു: നിയമജ്ഞർ, ഫരിസേയർ, സദൂക്യർ, പുരോഹിതന്മാർ തുടങ്ങിയവർ സമൂഹത്തിലെ മേലേക്കിടയിൽ ഉള്ളവരായിരുന്നു. അവർ സ്വയം അനുഗൃഹീതർ എന്ന് കരുതിയിരുന്നു. ബാക്കിയുള്ള സാധാരണ ജനങ്ങളെ പാപികളും ശപിക്കപ്പെട്ടവരുമായി അവർ പരിഗണിച്ചു. നിന്ദിതരും പാർശ്വവൽക്കരിക്കപ്പെട്ടവരുമായിരുന്നു അവർ.

യേശു ദരിദ്രരുടെയും ചുങ്കക്കാരുടെയും പാപികളുടെയും പക്ഷം ചേർന്നു. അവരെപ്പറ്റിയുള്ള ചിന്താരീതി തിരുത്തിക്കുറിക്കാൻ ശ്രമിച്ചു. യേശു ആരംഭിച്ച ദൈവരാജ്യത്തിന് ആരാണ് അവകാശികളെന്ന് സൗഭാഗ്യ സൂക്തങ്ങൾ വ്യക്തമാക്കുന്നു. പാവപ്പെട്ടവരും മർദിതരും വിലപിക്കുന്നവരും പാർശ്വവൽക്കരിക്കപ്പെട്ടവരും ദൈവനീതി പ്രതീക്ഷിക്കുന്നവരും ഒക്കെയാണ് ദൈവരാജ്യത്തിന് അർഹരെന്ന് പഠിപ്പിച്ചു. അവരാണ് ഭാഗ്യവാന്മാരും അനുഗൃഹീതരും. സമൂഹത്തിന്റെ മേലേക്കിടയിൽ വ്യാപരിച്ച്, അനുഷ്ഠാനങ്ങൾ കൊണ്ട് തൃപ്തിയടയുന്നവരോ, കർമങ്ങൾ അനുഷ്ഠിക്കുന്നവരോ, ആചാരങ്ങൾ പാലിക്കുന്നവരോ അല്ല സ്വർഗരാജ്യത്തിന് അവകാശികൾ. പിന്നെയോ, കരുണയും

ദയയുമുള്ളവരും, ഹൃദയശുദ്ധിയുള്ളവരും, സമാധാന സംസ്ഥാപകരും, നീതിക്കുവേണ്ടി പീഡയനുഭവിക്കുന്നവരുമാണ് ദൈവത്തിന് പ്രിയപ്പെട്ടവർ.

യേശു മലമുകളിലേക്ക് കയറി. ഒരു വലിയ ജനാവലിയും അവനോടൊപ്പം കയറി. അവിടെവച്ച് അവൻ അവരെ പഠിപ്പിച്ചു. പല സമയങ്ങളിൽ നടത്തിയ പ്രബോധനങ്ങളുടെ സമാഹാരമാണ് മലയിലെ പ്രസംഗം. ആ പ്രസംഗങ്ങളുടെ ഇടയിലാണ് സൗഭാഗ്യസൂക്തങ്ങൾ നൽകുന്നത്. സീനായി മലയിൽ നിന്ന് നിയമം നൽകിയതുപോലെ, മലമുകളിൽ നിന്ന് യേശു ദൈവഹിതം വെളിപ്പെടുത്തുന്നു. യേശു "ഇരുന്നുകൊണ്ട് പഠിപ്പിച്ചു" എന്നതിനർഥം ആധികാരികമായി പഠിപ്പിച്ചു എന്നാണ്.

## ദൈവരാജ്യം/സ്വർഗരാജ്യം

യേശു ദൈവരാജ്യത്തെ പറ്റിയും അതിന്റെ അവകാശികളെ പറ്റിയും പഠിപ്പിച്ചു. ദൈവരാജ്യമെന്ന പദം ദൈവികാധികാരത്തെയും ദൈവിക ഭരണത്തെയും കുറിക്കുന്നു. പഴയ നിയമത്തിൽ ഒരു രാജ്യസങ്കൽപ്പം കാണാം (1 ദിന 28,5; 2 ദിന 13,8; ജ്ഞാനം 10,10). ദൈവം ഇസ്രായേലിന്റെ രാജാവാണെന്ന ചിന്ത യഹൂദരുടെ വിശ്വാസ പ്രഘോഷണത്തിന്റെ അടിസ്ഥാന ഘടകമാണ് (2സാമു 7,12-3.16). ഒരു ശാശ്വത രാജ്യത്തെപ്പറ്റിയുള്ള വാഗ്ദാനം നാം അവിടെ കാണുന്നു. ഈ വാഗ്ദാനമാണ് ഭാവിരാജാവും രക്ഷകനുമായ മിശിഹായിലേക്ക് വളർന്നത് (സങ്കീ 132,11). ഒരു ഭൗമിക രാജ്യസങ്കൽപ്പമാണ് ആദ്യമാദ്യം ഉണ്ടായിരുന്നത്. ദാനിയേലിന്റെ കൃതിയിൽ അത് സ്വർഗീയ യാഥാർഥ്യമായി അവതരിപ്പിക്കപ്പെട്ടു (ദാനി 7,13-14).

അതിന്റെ ചുവടു പിടിച്ച് പുതിയ നിയമത്തിൽ ദൈവത്തിന്റെ പരമാധികാരത്തെ പരാമർശിക്കുന്ന പദമായി 'ദൈവരാജ്യം' എന്ന പദം മാറി. അത് ഭൗമികമല്ല, രാഷ്ട്രബന്ധിതവുമല്ല. മനുഷ്യഹൃദയങ്ങളിലാണ് ദൈവം വസിക്കുന്ന രാജ്യം. ജനത്തെ ഞെരുക്കുന്ന എല്ലാ ശക്തികളുടെയും മേൽ വിജയം നേടി, ദൈവം അവരെ ജീവന്റെ പൂർണതയിലേക്ക് നയിക്കുമെന്നതാണ് ദൈവത്തിന്റെ പരമാധികാരം എന്നതിനർഥം. ഇതാണ് സദ്വാർത്ത (മത്താ 4,23;9,35). ദൈവരാജ്യം വർത്തമാനകാല യാഥാർഥ്യവും ഭാവിപ്രതീക്ഷയുമാണ്. യേശുവിൽ ദൈവരാജ്യം സമാഗതമായി (മത്താ 12,28). ദൈവഹിതം പൂർണമായി ധരയിൽ നടപ്പാകുമ്പോൾ, ദൈവരാജ്യം യാഥാർഥ്യമാകും (മത്താ 6,10).

## ആത്മാവിൽ ദരിദ്രർ

കർത്താവ് 'ആത്മാവിൽ ദരിദ്രരെ' ഭാഗ്യവാന്മാർ എന്നു വിളിക്കുന്നു. ജീവിതത്തിൽ എല്ലാത്തരത്തിലും ഗതിമുട്ടിയവരാണ് ദരിദ്രർ. സാമ്പത്തികമായും സാമൂഹ്യമായും രാഷ്ട്രീയമായും സാംസ്കാരികമായും ഗതിമുട്ടി, മറ്റുള്ളവരുടെ ഔദാര്യത്തിൽ കഴിയുന്നവരാണവർ. അവർ അടിച്ചമർത്തപ്പെട്ടവരും പീഡിതരും ക്ലേശിതരുമാണ്. അവരുടെ ഏകയാശ്രയം ദൈവമാണ്. അവരെ സമാശ്വസിപ്പിക്കുകയും സാന്ത്വനപ്പെടുത്തുകയും ചെയ്യുന്നത് ദൈവമാണ്.

സമ്പത്തുണ്ടെങ്കിലും ഇല്ലെങ്കിലും, ദൈവത്തിൽ ആശ്രയിക്കുന്നവരാണ് "ആത്മാവിൽ ദരിദ്രർ". ആത്മാവിൽ എന്നാൽ മനുഷ്യാത്മാവിൽ. കൊടുംദാരിദ്ര്യം നിമിത്തം തങ്ങളുടെ അസ്തിത്വത്തിന്റെ എല്ലാ മാനങ്ങളും നഷ്ടപ്പെട്ട, ആന്തരിക പ്രകൃതിയിൽ പോലും ക്ഷതം സംഭവിച്ച, സകലർക്കും നിന്ദാപാത്രമായി തീർന്നവരാണവർ. ദൈവകേന്ദ്രീകൃതരായി ജീവിക്കുന്നവരാണ് ആത്മാവിൽ ദരിദ്രർ. അവർ എല്ലാറ്റിനും ഉപരിയായി ദൈവത്തെ പ്രതിഷ്ഠിക്കുന്നു. ദൈവകൃപയാൽ നിറയാൻ, അവർ ദൈവത്തോട് ചേർന്നു നിൽക്കുന്നു. അവരാണ് അനുഗൃഹീതർ. സ്വർഗരാജ്യം ഇത്തരക്കാരുടേതാണ്. അതുകൊണ്ട് അവർ ഭാഗ്യവാന്മാരാണ്.

## നീതിക്കുവേണ്ടി വിശക്കുകയും ദാഹിക്കുകയും ചെയ്യുന്നവർ; നീതിക്കുവേണ്ടി പീഡനം അനുഭവിക്കുന്നവർ (മത്താ 5,6.10)

ദരിദ്രരെപ്പോലെ ഇക്കൂട്ടർക്കുമുള്ളതാണ് ദൈവരാജ്യം. രണ്ടു കൂട്ടരും ഇപ്പോൾ തന്നെ ദൈവരാജ്യത്തിന്റെ ഉടമകളാണ്. അവർക്ക് അതിന്റെ പൂർണത ലഭിക്കുകയും ചെയ്യും. ദൈവത്തിന്റെ പരമാധികാരം അംഗീകരിക്കുന്നതിനാൽ ഇക്കൂട്ടർ ഭാഗ്യവാന്മാരാണ്.

നീതിക്കുവേണ്ടി വിശക്കുന്നവർക്ക് സംതൃപ്തി ലഭിക്കുമെന്നു പറയുന്നു. ദരിദ്രർ ദൈവനീതിക്കായി കാത്തിരിക്കുന്നു. തങ്ങളുടെ ക്ലേശങ്ങളിൽ നിന്ന് തങ്ങളെ ഉദ്ധരിക്കാൻ ദൈവത്തിനു മാത്രമേ കഴിയൂ എന്ന് അവർ വിശ്വസിക്കുന്നു.

നീതി എന്ന വാക്ക് ദൈവത്തിനും മനുഷ്യർക്കും ഉപയോഗിക്കുന്നു. ദൈവത്തിന്റെ നീതിയിൽ അവിടുത്തെ സ്നേഹവും കരുണയും വിശ്വസ്തതയും രക്ഷാകര കർമങ്ങളും ഉൾപ്പെടുന്നു. ദൈവഹിതം തേടി അത് ജീവിതത്തിൽ പ്രാവർത്തികമാക്കുന്നതാണ് മനുഷ്യരെ സംബ

ന്ധിച്ച് നീതി. നീതി ധാർമികതയെ സൂചിപ്പിക്കുന്നു. ധാർമികമായ വ്യാപാരവ്യവഹാരരീതി, ഉടമ്പടിയോടുള്ള വിശ്വസ്തത, ദൈവികനിയമം പാലിച്ചുകൊണ്ടുള്ള ജീവിതം എന്നൊക്കെ മാനുഷികതലത്തിൽ നീതിക്ക് അർഥം പറയാം.

നീതിയെപ്പറ്റി നിരവധി പ്രസ്താവനകൾ സുവിശേഷത്തിലുണ്ട് (മത്താ. 3,15;5,6.10.20;6,1.33;21,32). ഇവിടെ കർത്താവ് മർദിതരെ ആശ്വസിപ്പിച്ചുകൊണ്ട് അനുഗ്രഹവചസ്സ് ചൊരിയുന്നു. മാനുഷികനീതി നിഷേധിക്കപ്പെട്ടവർക്ക് ദൈവനീതി മാത്രമാണ് പ്രതീക്ഷയ്ക്ക് വക നൽകുന്നത്. അതിനായി അവർ വിശക്കുകയും ദാഹിക്കുകയും ചെയ്യുന്നു. അതായത്, അവർ അതിനായി തീവ്രമായി അഭിലഷിക്കുന്നു. അവർ സംതൃപ്തരാക്കപ്പെടും (സങ്കീ.107,5-6.8-9). അങ്ങനെ "ജനതകളുടെ മുമ്പിൽ നീതിയും സ്തുതിയും ഉയർന്നുവരാൻ കർത്താവ് ഇടയാക്കും" (ഏശ.61,11).

## വിലപിക്കുന്നവർ (5,4)

ദാരിദ്ര്യത്തിന്റെ സഹവാസിയാണ് വിലാപം. മർദിതരും നിസ്സഹായരുമായവരുടെ വിലാപത്തെയാണ് ഇവിടെ സൂചിപ്പിക്കുന്നത്. ദരിദ്രരുടെ ആശ്വാസസങ്കേതമാണ് വിലാപം. ഒന്നുമില്ലാത്ത അവസ്ഥയിൽ, നിരന്തരം അപമാനിതരാകുന്ന സാഹചര്യത്തിൽ, അവർക്കാകെ ഉള്ളത് ദൈവത്തെ നോക്കിവിളിച്ചുള്ള വിലാപമാണ്. അതു മാത്രമാണ് അവരുടെ കൈമുതൽ. ഇപ്രകാരം 'വിലപിക്കുന്നവർ ആശ്വസിപ്പിക്കപ്പെടും' എന്ന കർത്താവ് വാഗ്ദാനം ചെയ്യുന്നു. അവരെ ആശ്വസിപ്പിക്കുന്നത് കർത്താവാണ്. അവർക്ക് സ്വർഗരാജ്യത്തിന്റെ ആഗമനത്തിൽ ദൈവിക സമാശ്വാസം ലഭിക്കും. അത് ഇപ്പോഴേ ആരംഭിച്ചു കഴിഞ്ഞു (വെളി. 21, 3-4; ഏശ 61,3).

## ശാന്തശീലർ (5,5)

ദരിദ്രരെപ്പോലെ തന്നെ, അടിച്ചമർത്തപ്പെട്ടവരും പീഡയനുഭവിക്കുന്നവരും ദൈവത്തിൽ മാത്രം ആശ്രയം വയ്ക്കുന്നവരുമാണ് ശാന്തശീലർ. നമ്മുടെ കർത്താവിന്റെ സ്വഭാവം വെളിപ്പെടുത്തുന്ന പദമാണ് ശാന്തത (മത്താ 11,29; 21,5). എല്ലാത്തരം വേദനകളിലും യേശുവിനെ അനുഗമിക്കുന്നവരാണ് ശാന്തശീലർ. അവർ നിശ്ശബ്ദരാക്കപ്പെട്ടവരാണ്. അവർക്ക് ഭൂമി വാഗ്ദാനം ചെയ്യുന്നു. സങ്കീർത്തനത്തിൽ ഭൂമി അവകാശപ്പെടുത്തുന്നതിനെപ്പറ്റി പറയുന്നു (37,3.9.11.22.29.34). പഴയനിയമത്തിൽ, 'ഭൂമി അവകാശമാക്കുക' എന്നത് ഇസ്രായേലിന് ദൈവം നൽകിയ വാഗ്ദാനവും അവരുടെ അവകാശവും ആയിരുന്നു (ഉല്പ 12,7; പുറ

3,8.17; നിയമാ 1,8.21.39; 4,1.38; സങ്കീ 43,4). ഭൗമികമായ സങ്കൽപ്പമായിരുന്നു അവർക്കുണ്ടായിരുന്നത്.

എന്നാൽ സങ്കീ.37-ൽ കർത്താവിനെ കാത്തിരിക്കുന്നവരും ശാന്ത ശീലരും കർത്താവിനാൽ അനുഗൃഹീതരും നീതിമാന്മാരും കർതൃമാർ ഗത്തിൽ ചരിക്കുന്നവരാണ് ഭൂമി അവകാശമാക്കുന്നത്. അതായത് ദൈവവുമായുള്ള ബന്ധത്തിന്റെ അടിസ്ഥാനത്തിലാണിത് ലഭിക്കുക. ദൈവസന്നിധിയിൽ സമാധാനവും സന്തോഷവും നിറഞ്ഞ നിത്യജീവിത ത്തിന് അർഹരായി തീരുക എന്ന അർഥമാണ് ഇതിനുള്ളത്. അതായത്, സ്വർഗരാജ്യപ്രവേശനമായും ദൈവസന്നിധിയിലുള്ള നിത്യജീവിതമാ യും മനസ്സിലാക്കണം. ആ അർഥത്തിലാണ് കർത്താവ് ഉപയോഗിച്ചിരി ക്കുന്നത്.

## കരുണയുള്ളവർ (5,7)

ദൈവത്തിന്റെയും മനുഷ്യരുടെയും കരുണയെപ്പറ്റി പറയാൻ ഹെസെദ് എന്നും റഹമിം എന്നും രണ്ടു വാക്കുകൾ ഹീബ്രു ബൈബി ളിൽ ഉപയോഗിച്ചിരിക്കുന്നു. തെറ്റു ചെയ്യുന്നവരോട് ക്ഷമിക്കുന്ന കരുണ ഒന്ന്, അഗതികളോട് അലിവു തോന്നി സഹായിക്കുന്ന കരുണ മറ്റൊന്ന്. "കർത്താവ് കാരുണ്യവാനും കൃപാനിധിയുമായ ദൈവം, കോപിക്കുന്ന തിൽ വിമുഖൻ, സ്നേഹത്തിലും വിശ്വസ്തതയിലും അത്യുദാരൻ, തെറ്റുകളും കുറ്റങ്ങളും ക്ഷമിച്ചുകൊണ്ട് ആയിരങ്ങളോട് കരുണ കാണി ക്കുന്നവൻ" (നിയമാ 5,10). "മുല കുടിക്കുന്ന കുഞ്ഞിനെ അമ്മയ്ക്ക് മറക്കാനാകുമോ? പുത്രനോട് പെറ്റമ്മ കരുണ കാണിക്കാതിരിക്കുമോ? അവൾ മറന്നാലും ഞാൻ നിന്നെ മറക്കുകയില്ല" (ഏശാ 49,50; ജറ 31,20; ഹോസി 11,1-4; മലാ 7,11).

കരുണ നിറഞ്ഞ യേശുവിനെയാണ് സുവിശേഷത്തിൽ ഉടനീളം കാണുക. "ബലിയല്ല, കരുണയാണ് ഞാൻ ആഗ്രഹിക്കുന്നത്" എന്ന് അവിടുന്ന് ഹോസിയായെ ഉദ്ധരിച്ചു കൊണ്ട് പറയുന്നു (ഹോസി 6,6; മത്താ 12,7). ദൈവം ആഗ്രഹിക്കുന്നത് നിയമവാദങ്ങളല്ല, പിന്നെയോ, അനുകമ്പാപൂർവം മനുഷ്യന്റെ അവസ്ഥ മനസ്സിലാക്കി പ്രവർത്തിക്കുക എന്നതാണെന്ന് അവിടുന്ന് കാണിച്ചു കൊടുത്തു. നീതി, കരുണ, വിശ്വസ്തത എന്നിവയാണ് ഏറ്റവും ശ്രേഷ്ഠമായ മൂന്നു കാര്യങ്ങളെന്ന് യേശു പ്രഖ്യാപിച്ചു. മനുഷ്യരും ദൈവവും തമ്മിലുള്ള ബന്ധത്തിന്റെ അടിസ്ഥാനം, മനുഷ്യരും മനുഷ്യരും തമ്മിലുള്ള ബന്ധമാണ്. ദൈവ ത്തോട് വിശ്വസ്തനായിരിക്കുന്നവൻ കരുണയുള്ളവൻ ആയിരിക്കും.

കരുണ ദൈവികഭാവമാണ്. കരുണയുള്ളവർ ദൈവികചൈതന്യം നിറഞ്ഞവരാണ്."ദൈവിക കാര്യങ്ങളിൽ വിശ്വസ്തനും കരുണയുള്ള വനുമായ പ്രധാന പുരോഹിതനായി" എബ്രായ ലേഖനം യേശുവിനെ അവതരിപ്പിക്കുന്നു (2,7). വിശ്വസ്തത ദൈവത്തോടും കരുണ മനു ഷ്യരോടും. യേശുവിന്റെ കരുണയെ അനുകരിക്കുന്നവരാണ് കരുണയു ള്ളവർ. അവരോട് ദൈവം കരുണ കാണിക്കും. യുഗാന്ത്യത്തിൽ ലഭി ക്കുന്ന ദൈവിക കാരുണ്യമാണ് ഇവിടെയും വിവക്ഷ.

## ഹൃദയശുദ്ധി (5,8)

ദൈവികമനുഷ്യനെ തിരിച്ചറിയുന്നത് ഹൃദയം കൊണ്ടാണ്. ആന്തരിക ശുദ്ധിയാണ് ദൈവം ആഗ്രഹിക്കുന്നത്. ഹൃദയശുദ്ധി ഉള്ളവർ ദൈവത്തോടും ദൈവികപദ്ധതികളോടും ചേർന്നു നിൽക്കും. 'ഹൃദയ ശുദ്ധിയുള്ളവർ' എന്ന പ്രയോഗം സങ്കീർത്തനം 24,4-ൽ കാണാം. കാപ ട്യമില്ലാത്ത ഹൃദയവും കളങ്കമേൽക്കാത്ത കൈകളും ഉള്ളവർ കർത്താ വിന്റെ മലയിൽ കയറും. അതായത്, അകത്തും പുറത്തും നിർമലരാ യിരിക്കുന്നവർ, സംശുദ്ധമായ ജീവിതമുള്ളവർ. ഇപ്രകാരം നിർമല ഹൃദയം ഉള്ളവർക്കാണ് കർത്താവിന്റെ മലയിൽ കയറാൻ സാധിക്കുക. തന്നെ തേടുന്നവരിൽ നിന്ന് ദൈവം ആഗ്രഹിക്കുന്നത് ഇതത്രേ.

ദൈവത്തിൽ മാത്രം ജീവിതം കേന്ദ്രീകരിച്ച്, ദൈവസന്നിധിയിൽ സ്വീകാര്യരായി ജീവിക്കുന്നവരാണ് ഹൃദയശുദ്ധി ഉള്ളവർ (സങ്കീ.15,1-5; 51,10-11). അവരാണ് ദൈവത്തെ കാണുക. പരമാർഥഹൃദയർ ദൈവത്തെ കാണുമെന്ന് മറ്റൊരു സങ്കീർത്തനം പറയുന്നു (11,7). "വിശുദ്ധി കൂടാതെ ആർക്കും ദൈവത്തെ കാണാൻ സാധിക്കുകയില്ല" എന്ന് എബ്രായ ലേഖനം പ്രഖ്യാപിക്കുന്നു (12,14). സുസ്ഥിരമായ രാജ്യത്തിൽ പ്രവേശി ക്കുന്നവർക്കാണ് ദൈവദർശനം സാധ്യമാകുന്നത് (എബ്രാ 12,28). കോപം, കാമാസക്തി, വെറുപ്പ്, അസത്യം, കാപട്യം, ധനമോഹം തുടങ്ങിയവ ഹൃദയത്തെ അശുദ്ധമാക്കുന്നു.

## സമാധാന സംസ്ഥാപകർ (5,9)

സമാധാനം ദൈവത്തിൽ നിന്നു വരുന്നു. മിശിഹായെ ഏശായാ സമാധാനരാജാവായി അവതരിപ്പിക്കുന്നു (9,5-6). രണ്ടാളുകളെയോ, രണ്ടു വിഭാഗക്കാരെയോ, അനുരഞ്ജിപ്പിച്ച് സമാധാനം ഉണ്ടാക്കുന്ന വരാണ് സമാധാന സംസ്ഥാപകർ. യേശുതമ്പുരാൻ, ദൈവവും മനുഷ്യ നും തമ്മിലുള്ള അനുരഞ്ജനം സാധിച്ചു. അവിടുന്ന് യഹൂദരെയും വിജാതിയരെയും അനുരഞ്ജിപ്പിച്ചു (റോമ 5,1; കൊളോ 1,14.20; എഫേ2,14-15). "അവനാണ് നമ്മുടെ സമാധാനം". ക്രിസ്തുമതത്തിന്റെ

 www.malankaralibrary.com

മുഖമുദ്രയാണ് സമാധാനപൂർണമായ ജീവിതം.

പരസ്പരം സമാധാനത്തിൽ ജീവിക്കാൻ പുതിയനിയമം ഉടനീളം ആഹ്വാനം ചെയ്യുന്നു (റോമ 12,18;2; കൊറി 13,11; 1 തെസ്സ 5,13-14). മനുഷ്യർ തമ്മിലുള്ള ശത്രുത ഇല്ലാതാക്കി ആത്മാർഥമായ ബന്ധം സ്ഥാപിക്കാൻ സജീവമായി പ്രവർത്തിക്കുന്നവർ, ദൈവിക സമാധാനത്തിൽ ജീവിക്കുകയും മറ്റുള്ളവരിലേക്ക് പകരുകയും ചെയ്യുന്നവർ, സമാധാന രാജാവായ യേശുവിനെ അനുകരിക്കുന്നവർ ആണ് സമാധാന സംസ്ഥാപകർ. ഇപ്രകാരം ദൈവിക ദൗത്യത്തിൽ ഏർപ്പെട്ട് ജീവിതം മഹത്തരമാക്കുന്നവർ ദൈവപുത്രന്മാർ എന്നു വിളിക്കപ്പെടും. പഴയനിയമത്തിൽ ഇസ്രായേലിനെ ദൈവപുത്രന്മാർ എന്നു വിളിച്ചിരുന്നു (പുറ 4,22; ഹോസി 1,10; ജറ 31,9). സമാധാനസംസ്ഥാപകരെ ദൈവമക്കൾ എന്നു വിളിക്കുന്നത് ദൈവമാണ്.

## യേശുവിനെ പ്രതി പീഡനമേൽക്കുന്നവർ (5,11)

ഒന്നും നാലും സൂക്തങ്ങളുമായി പദസാദൃശ്യമുള്ള ഈ എട്ടാം സൂക്തം യേശുവിനെപ്രതി പീഡനമേൽക്കുന്നവരെ പറ്റിയാണ്. സഭാരംഭം മുതൽ ഇന്നുവരെ സഭാംഗങ്ങൾ നേരിടുന്ന സ്ഥിതിവിശേഷമാണിത്. യേശുവിനുണ്ടായ തിരസ്കരണവും അനന്തരഫലങ്ങളും അനുയായികൾക്കും ഉണ്ടാകും. അത്തരക്കാർ ഭാഗ്യവാന്മാരാണെന്ന് ഈ സൂക്തം പറയുന്നു. തുടർന്നു വരുന്നവ ഇതിന്റെ വിപുലീകരണമാണ്. യേശുവിൽ വിശ്വസിക്കുന്നവർക്ക് പീഡനങ്ങളുണ്ടാകും (മത്താ 5,111-12). സ്വർഗത്തിൽ അവരുടെ പ്രതിഫലം വലുതായിരിക്കും.

മുൻകാലപ്രവാചകന്മാർക്കും ഇതുപോലെയുള്ള പീഡനം ഉണ്ടായിട്ടുണ്ട്.ദൈവനാമത്തിൽ സംസാരിച്ചതിനാൽ അവർ പീഡനമേറ്റു. യേശുവിന്റെ അനുയായികളുടെ വലിയ പ്രതിഫലം ദൈവികമായ ഭാവിപ്രതിഫലമാണ് (മത്താ 5,12). പല രീതിയിൽ തിരുലിഖിതം ഇത് അവതരിപ്പിച്ചിട്ടുണ്ട്: സ്വർഗരാജ്യത്തിൽ പ്രവേശിക്കുക, ജീവൻ അഥവാ നിത്യജീവൻ അവകാശമാക്കുക, രക്ഷ പ്രാപിക്കുക, സ്വർഗത്തിൽ നിക്ഷേപം ഉണ്ടാകുക, സ്വർഗീയവിരുന്ന് ആസ്വദിക്കുക (മത്താ 5,20;7,11; 10,22;6,20;8,11). യേശുവിനെ പ്രതി പീഡയേൽക്കുന്നവർ യേശുവിന്റെ തന്നെ പീഡകളിലും മരണത്തിലും പങ്കാളികളാകുന്നു. അതിന്റെ അവസാനം കർത്താവ് പറയുന്നു: "നിങ്ങൾ ആനന്ദിച്ചാഹ്ലാദിക്കുവിൻ, സ്വർഗത്തിൽ നിങ്ങളുടെ പ്രതിഫലം വലുതായിരിക്കും" (5,12).[1]

1. *ഹെൻറി പട്ടരുമഠത്തിൽ, മലയിലെ പ്രസംഗം - വിശകലനവും വ്യാഖ്യാനവും, പേ.17-56).*

# 2

# നിറഞ്ഞു കവിയുന്ന നീതി

നമ്മുടെ കർത്താവു പറയുന്നു: "നിങ്ങളുടെ നീതി ഫരിസേയരുടെയും നിയമജ്ഞരുടെയും നീതിയെ കവിഞ്ഞു നിൽക്കുന്നില്ലെങ്കിൽ, നിങ്ങൾ സ്വർഗരാജ്യത്തിൽ പ്രവേശിക്കുകയില്ല"(മത്താ 5,20).

ഫരിസേയരുടെ നീതി ആചാരാനുഷ്ഠാനങ്ങൾക്കും ബാഹ്യ പ്രകടനങ്ങൾക്കും പ്രാധാന്യം കൊടുക്കുന്ന തരത്തിൽ ഉള്ളതായിരുന്നു. നിയമത്തിലെ ഗൗരവമേറിയ കാര്യങ്ങളായ നീതി, കാരുണ്യം, വിശ്വസ്തത എന്നിവ അവർ അവഗണിച്ചു. അവർ ഹൃദയം കൊണ്ട് ആരാധിക്കാതെ, അധരസേവ മാത്രം നടത്തി. അവർ ഒന്നു പറയുകയും മറ്റൊന്ന് പ്രവർത്തിക്കുകയും ചെയ്തു. അവർ എന്തെങ്കിലും ചെയ്താൽ, മനുഷ്യസ്തുതിക്കായിട്ടാണ് ചെയ്തത്. അതിനെതിരായിട്ടാണ് നമ്മുടെ കർത്താവ് തന്റെ പുതിയ വ്യാഖ്യാനം നൽകുന്നത്.

കർത്താവ് പഴയനിയമത്തിൽ നിന്ന് ഉദ്ധരിച്ചിട്ട്, അതിന് തന്റേതായ വ്യാഖ്യാനം നൽകുന്നു. "എന്നാൽ ഞാൻ നിങ്ങളോടു പറയുന്നു" എന്നു പറഞ്ഞുകൊണ്ടാണ് അവിടുന്ന് അവതരിപ്പിക്കുന്നത്. മനുഷ്യർ തമ്മിലുള്ള ബന്ധത്തിലും ഇടപെടലുകളിലും വച്ചുപുലർത്തേണ്ട മനോഭാവവും പെരുമാറ്റരീതികളും കർത്താവ് വ്യക്തമാക്കുന്നു. ആ വിവരണം അന്നത്തെ നിയമവ്യാഖ്യാനങ്ങളിൽ നിന്ന് തികച്ചും വ്യത്യസ്തമായിരുന്നു. മോശയുടെ നിയമം തള്ളിക്കളഞ്ഞു കൊണ്ടല്ല, മാറ്റിമറിച്ചു കൊണ്ടുമല്ല, പിന്നെയോ, അതിന്റെ യഥാർഥമായ അർഥമെന്തെന്ന് നിയമദാതാവായ അവിടുന്ന് വ്യക്തമാക്കുകയായിരുന്നു. ആധികാരികമായിട്ടാണ് അവിടുന്ന് ഇപ്രകാരം ചെയ്തത്.

## ഹത്യ

"കൊല്ലരുത്, കൊല്ലുന്നവൻ ന്യായവിധിക്ക് വിധേയനാകും എന്ന്

പൂർവികരോട് പറയപ്പെട്ടതായി നിങ്ങൾ കേട്ടിട്ടുണ്ടല്ലോ" (പുറ 20,13; നിയമാ 5,17). യേശു ഇതുദ്ധരിച്ചിട്ട്, തന്റേതായ വ്യാഖ്യാനം ആധികാരിക മായി നൽകുന്നു. ശാരീരികവും മാനസ്സികവും ധാർമികവുമായ എല്ലാ ത്തരം ഹത്യയും അതിൽ അവിടുന്ന് ഉൾപ്പെടുത്തുന്നു. വൃഥാ കോപി ക്കുന്നതും, ഭോഷാ, വിഡ്ഢി തുടങ്ങിയ നീചപദങ്ങൾ ഉപയോഗിക്കു ന്നതും ഉൾപ്പെടുത്തുന്നു. മനുഷ്യജീവനെ ആദരിക്കണം, അത് നശിപ്പി ക്കരുത് എന്നർഥം.

കോപം ഉള്ളിൽ വച്ച് ഊതി ജ്വലിപ്പിച്ച് നടക്കുന്നതിനെ അവിടുന്ന് വിലക്കുന്നു. ഉള്ളിലുള്ള കോപം കൊലപാതകത്തിലേക്ക് നയിക്കും. സഹോദരന്റെ നാശം കാണാൻ ആഗ്രഹിക്കുന്ന കോപമാണിത്. ഇത് കൊലപാതകമാണ് (1യോഹ 3,15). ഇതാണ് കായേൻ ഹാബേലിനോട് ചെയ്തത്. ഇത് മുളയിലെ തന്നെ നുള്ളണം. കൊല്ലുന്നവനു കിട്ടുന്ന ശിക്ഷ തന്നെ ഇത്തരം കോപിഷ്ഠനും കിട്ടുന്നു.

ഭോഷൻ (മരമണ്ടൻ) എന്നത് അധിക്ഷേപ വാക്കാണ്. അത് സഹോ ദരന്റെ അന്തസ്സിനെയും അഭിമാനത്തെയും ഹനിക്കുന്നു. അപ്രകാരം വിളിക്കുന്നവൻ ന്യായാധിപസംഘത്തിന്റെ മുമ്പിൽ നിൽക്കേണ്ടിവരും. അതായത്, ശിക്ഷിക്കപ്പെടും (മത്താ 5,22; 12,36-37) തന്റെ സഹോദരനെ തെറ്റായി വിലയിരുത്തി വിഢ്ഢി (തെമ്മാടി) എന്നു വിളിക്കുന്നവന് നരകാഗ്നി തന്നെയാണ് പ്രതിഫലം. സഹോദരനോട് ആദരപൂർവം പെരു മാറണമെന്നും മുറിപ്പെടുത്തുന്ന വാക്കുകളും പ്രവൃത്തികളും ദൈവ തിരുമുമ്പാകെ നിന്ദ്യമാണെന്നും ഈ കർതൃ വ്യാഖ്യാനം നമ്മെ പഠിപ്പി ക്കുന്നു. ദൈവരാജ്യത്തിൽ പ്രവേശിക്കാൻ താൽപ്പര്യമുള്ളവർ ഇവയിൽ നിന്നെല്ലാം ഒഴിഞ്ഞിരിക്കണം. ഈ തിന്മകളുടെ അന്ത്യം നിത്യശിക്ഷ യാണ്. ചിന്തയിലോ, വാക്കിലോ, പ്രവൃത്തിയിലോ സഹോദരസ്നേഹ ത്തിന് എതിരായി വരുന്നവയൊക്കെ നിർമാർജനം ചെയ്യണം. സഹോദരൻ എന്നാൽ എല്ലാ മനുഷ്യരും എന്നർഥം. നാം സദാ നിഷ്കളങ്കരും നിർ വ്യാജരും ആയിരിക്കണം എന്നു സാരം.

സോദരവിദ്വേഷത്തിന്റെ ഒരടിസ്ഥാന കാരണം ദ്രവ്യാഗ്രഹമാണ്. സഹോദരനുമായി സ്വത്ത് പങ്കിടുന്നതിന് മാധ്യസ്ഥ്യം വഹിക്കാൻ കർത്താവിനോട് ആവശ്യപ്പെട്ട യുവാവിനോട് കർത്താവു പറഞ്ഞത് ദ്രവ്യാഗ്രഹത്തെ പറ്റിയാണ്. "ദ്രവ്യാഗ്രഹത്തിൽ നിന്ന് ഓടിയകലുവിൻ. ഉള്ളതുകൊണ്ട് തൃപ്തിപ്പെടുവിൻ." ദൈവം നമ്മെ കൈവിടുകയില്ല. മരുഭൂമിയിൽ ഹാഗാറിനെ പരിപാലിച്ച ദൈവം, യാക്കോബിനെ വഴി നടത്തിയ ദൈവം, നമ്മുടെ പൂർവപിതാക്കന്മാരെ നയിച്ച ദൈവം മെച്ച പ്പെട്ട രീതിയിൽ നമ്മെയും പരിപാലിക്കും.

ഇതോട് ബന്ധപ്പെട്ട മറ്റൊരു കാര്യവും കർത്താവ് പറഞ്ഞു. സഹോദരനോട് രമ്യതപ്പെട്ടിട്ട് വേണം കർത്താവിന് കാഴ്ചയർപ്പിക്കാൻ. സഹോദരനോട് പിണക്കമുണ്ടെങ്കിൽ, തീർത്തിട്ടേ ബലിയർപ്പിക്കാവൂ. അതു മാത്രമല്ല, സഹോദരന് നിന്നോട് എന്തെങ്കിലും വിരോധം ഉണ്ടെന്ന് ഓർത്താൽ, ബലിവസ്തു അവിടെ വച്ചിട്ട് സഹോദരനുമായി രമ്യത പ്പെടുക, പിന്നെ വന്ന് ബലിയർപ്പിക്കുക.

ഈ ഉപദേശം അനുരഞ്ജനത്തിന്റെ ഏറ്റവും ശ്രേഷ്ഠമായ ഭാവ മാണ്. സഹോദരനുമായി നല്ല ബന്ധം ഇല്ലാത്ത അവസ്ഥയിൽ ദൈവ വുമായി നല്ല ബന്ധം ഉണ്ടാകുവാൻ സാധ്യമല്ല (1യോഹ 4,20). അങ്ങനെ യെങ്കിൽ, സഹോദരനെ കോടതി കയറ്റിയിട്ട്, ബലിയർപ്പണം നടത്തി യാൽ അത് നിന്ദ്യമായേ കർത്താവ് പരിഗണിക്കുകയുള്ളു (ആമോ 5,21–24). “ദുഷ്ടരുടെ ബലി ദൈവത്തിന് വെറുപ്പാണ്” എന്ന് സുഭാഷിതങ്ങൾ പഠിപ്പിക്കുന്നു (15,8). കോപത്തോടും രോഷത്തോടും ദ്വേഷത്തോടും കൂടെ ദൈവസന്നിധിയിൽ എത്തി ബലിയർപ്പണത്തിന് മുതിരുന്നതിലും ഭേദം അതിന് മുതിരാതിരിക്കുന്നതാണ്.

തർക്കങ്ങളും വ്യവഹാരങ്ങളും, വ്യക്തികൾക്കിടയിലായാലും സഭകൾക്കിടയിലായാലും പരസ്പര സംഭാഷണത്തിലൂടെ പറഞ്ഞു തീർക്കണം. നീട്ടിക്കൊണ്ടുപോകരുത്. അത് നിയമ നടപടികളിലേക്ക് വഴിവച്ചേക്കും എന്നാണ് തുടർന്നുവരുന്ന ഭാഗത്തിന്റെ അർഥം (മത്താ 5,25–26). തർക്കങ്ങൾ രമ്യമായി പരിഹരിച്ച് ശത്രുത നീക്കണം. അല്ലെങ്കിൽ ഇവിടെയും അന്ത്യവിധിയിലും ശിക്ഷ അനുഭവിക്കേണ്ടിവരും. അതായത്, നാം ആരെയും ശാരീരികമായോ, മാനസ്സികമായോ, വൈകാരികമായോ മുറിവേൽപ്പിക്കരുതെന്നു സാരം. കാരണം, അവരുടെ നിലവിളി എത്തു ന്നത് ദൈവസമക്ഷമാണ്.

ഇതാണ് യേശു പഠിപ്പിക്കുന്ന നിറഞ്ഞുകവിയുന്ന നീതി. കണ്ണിനു പകരം കണ്ണ് എന്നതല്ല, സഹോദരന്റെ പവിത്രതയും അവന്റെ ശ്രേഷ്ഠ തയും ഔന്നത്യവുമാണ് നാം പരിഗണിക്കേണ്ടത്. കാഴ്ചയർപ്പണത്തേ ക്കാൾ പവിത്രമാണ് സഹോദരനുമായുള്ള ബന്ധം. ആ ബന്ധം ഉല ഞ്ഞാൽ നേരേയാക്കണം, അതിനു ശേഷമായിരിക്കണം ബലി. അപ്പോൾ ആ അർപ്പണം ദൈവത്തിന് സ്വീകാര്യമായിരിക്കും.

## ലൈംഗികശുദ്ധി

പഴയനിയമം വ്യഭിചാരം വിലക്കിയിരുന്നു. നമ്മുടെ കർത്താവ് പ്രസ്തുത കൽപ്പനയ്ക്ക് വിശദീകരണം നൽകുന്നു. ദാമ്പത്യ വിശ്വസ്ത തയ്ക്കെതിരെ പുരുഷനോ, സ്ത്രീയോ അറിഞ്ഞുകൊണ്ട് ചെയ്യുന്ന

 www.malankaralibrary.com

പാപമാണ് വ്യഭിചാരം. വ്യക്തിയുടെ അന്തസ്സിനും മാന്യതയ്ക്കുമെതിരെ, അയാൾ അറിയാതെ ആണെങ്കിൽ പോലും ചെയ്യുന്ന പാപമായി കർത്താവ് ഇതിനെ വ്യാഖ്യാനിക്കുന്നു. കണ്ണിലും ഹൃദയത്തിലും മനസ്സിലും ചിന്തയിലും ഭാവനയിലും, പുരുഷന് പരസ്ത്രീയോടും സ്ത്രീക്ക് പരപുരുഷനോടും തോന്നുന്ന ആസക്തി വ്യഭിചാരമായി നമ്മുടെ കർത്താവ് കാട്ടുന്നു. വ്യഭിചാരകർമ്മം മാത്രമല്ല, അതിലേക്കു നയിക്കുന്ന തിന്മ നിറഞ്ഞ സാഹചര്യവും  പ്രക്രിയയും പാപമായി കരുതണം.

"മോഹിക്കരുത്" എന്നത് പഴയനിയമത്തിൽ തന്നെയുള്ള പ്രബോധനമാണ് (പു 20,17; നിയമാ 5,21). അന്യന്റെ ഭാര്യയോ, ഭർത്താവോ അല്ലെങ്കിലും, കാമാർത്തിയോടെ നോക്കരുതെന്ന് കർത്താവ് പഠിപ്പിച്ചു. ഇവിടെ സ്ത്രീയെ പുരുഷൻ നോക്കുന്നതിനെ പറ്റിയാണ് പറഞ്ഞിരിക്കുന്നതെങ്കിലും, പുരുഷനെ സ്ത്രീ നോക്കുന്നതും ഉൾക്കൊണ്ടിട്ടുണ്ട്. അത്തരം നോട്ടം വഴി ഹൃദയത്തിൽ വ്യഭിചാരം നടന്നു കഴിഞ്ഞു. പുരുഷമേധാവിത്വം നിലനിന്ന സമൂഹത്തിൽ സ്ത്രീയാണ് കുറ്റക്കാരി (യോഹ 8,1-11). അതു തിരുത്തുക എന്ന ഉദ്ദേശവും കർത്താവിനുണ്ടായിരുന്നു. പാപസാഹചര്യം ഗൗരവമായെടുത്ത്  ഒഴിവാക്കണമെന്ന് നമ്മുടെ കർത്താവ് പഠിപ്പിക്കുന്നു (മത്താ 5,29-30).

"കണ്ണ് ചുഴന്നെടുത്ത് എറിഞ്ഞുകളയുക, കൈ വെട്ടിക്കളയുക" എന്നു പറഞ്ഞിരിക്കുന്നത് വാച്യാർഥത്തിലല്ല എടുക്കേണ്ടത്. അവയുടെ ഇരിപ്പിടമായ ഹൃദയമാണ് പരിച്ഛേദിക്കപ്പെടേണ്ടത്. അവിടെയാണ് മാറ്റം വരേണ്ടത്. പാപസാഹചര്യങ്ങളോട് കടുത്ത നിലപാടെടുത്ത് ഒഴിവാക്കണമെന്നു സാരം. പാപസാഹചര്യത്തിൽ ജീവിക്കുന്നവൻ ധാർമിക സമഗ്രതയിൽ നിന്നു മാത്രമല്ല, ദൈവത്തിൽ നിന്നുകൂടി അകന്നു പോകുന്നു. പാപസാഹചര്യത്തിൽ കൂടിയുള്ള യാത്ര നരകത്തിൽ ചെന്നാണ് അവസാനിക്കുക. അതായത്, ദുഷിച്ച കൂട്ടുകെട്ടിൽ നിന്നും സ്വാധീനങ്ങളിൽ നിന്നും അകന്നിരിക്കണം. മറ്റു മനുഷ്യരെ ദൈവമക്കളായിത്തന്നെ കാണണം. അവർ ഭോഗവസ്തുക്കളല്ല. അതിനെതിരെ പ്രവർത്തിക്കുന്നവർ ദൈവത്തിനെതിരെ പ്രവർത്തിക്കുന്നു, ദൈവരാജ്യത്തിൽ നിന്ന് അകന്നുപോകുന്നു.

## വിവാഹമോചനം

"ഉപേക്ഷാപത്രം കൊടുത്ത് ഭാര്യയെ പിരിച്ചുവിടാൻ" പഴയനിയമം അനുവദിച്ചിരുന്നു. ഇത് വ്യഭിചാരത്തിലേക്ക് നയിക്കുന്നു എന്ന് കർത്താവ് പഠിപ്പിച്ചു.  യഹൂദരുടെ ഹൃദയകാഠിന്യം നിമിത്തമാണ്  മോശ അനുവദിച്ചതെന്ന് കർത്താവ് പറയുന്നു (മത്താ 19,3-12). പരസംഗം നിമിത്തമല്ലാതെ, മറ്റൊരു കാരണത്താലും ഭാര്യയെ ഉപേക്ഷിക്കാൻ

പാടില്ല (മത്താ 19,9). ഈ വ്യാഖ്യാനം സ്ത്രീകൾക്ക് കൂടുതൽ പരിഗ ണനയും സുരക്ഷിതത്വവും ആശ്വാസവും നൽകുന്നതായിരുന്നു. “ദൈവം യോജിപ്പിച്ചത് മനുഷ്യർ വേർപിരിക്കാതിരിക്കട്ടെ” എന്ന് പറഞ്ഞ് വിവാഹത്തിന്റെ അഭേദ്യത അവിടുന്ന് വ്യക്തമാക്കുന്നു. ഭർത്താ വിനെ ഉപേക്ഷിച്ച് വേറൊരാളെ വിവാഹം ചെയ്യുന്ന സ്ത്രീ വ്യഭിചാരം ചെയ്യുന്നു എന്ന് മർക്കോസിൽ നാം വായിക്കുന്നു (10,12).

വ്യഭിചാരിണിയെ കല്ലെറിയാൻ അനുവദിക്കാതെ, സമാധാന മായി പറഞ്ഞയച്ചവൻ, ഭാരമുള്ള നുകം സ്ത്രീപുരുഷന്മാരുടെ മേൽ വയ്ക്കുമെന്ന് കരുതാനാകില്ല. നിയമജ്ഞരുടെ ഭാരമുള്ള നുകം നീക്കി ക്കളയാൻ ശ്രമിച്ചവനാണ് നമ്മുടെ കർത്താവ്. ഭർത്താവ് ഉപേക്ഷിച്ച് അനാഥയായി തീർന്നവൾ ജീവിതകാലം മുഴുവൻ അപ്രകാരം വിധവ യായി ജീവിക്കണം എന്നു പറയാൻ കർത്താവിന് സാധിക്കയില്ല.

ദൈവിക നിശ്ചയപ്രകാരം ജീവിതകാലം മുഴുവൻ ഒന്നിച്ചു ജീവി ക്കേണ്ടവരാണ് വിവാഹിതരായ സ്ത്രീപുരുഷന്മാർ. അതു ലംഘി ക്കുന്നത് പാപമാണ്. “വിവാഹമോചനത്തെ ഞാൻ വെറുക്കുന്നു” എന്ന് മലാക്കിയിലൂടെ കർത്താവ് അരുളിച്ചെയ്യുന്നു (2,14-16). സന്തോഷ ത്തിലും സന്താപത്തിലും അന്ത്യം വരെ അവർ ഒന്നിച്ചു ജീവിക്കേണ്ട വരാണ്. ദാമ്പത്യത്തിലെ അവിശ്വസ്തത എന്ന അപരാധം ഒഴികെ മറ്റൊരു കാരണവശാലും ഭാര്യാഭർതൃബന്ധം വേർപെടുത്താൻ പാടില്ല എന്നതാണ് കർതൃകൽപന.

എന്നാൽ ഇന്ന് വസ്ത്രം മാറുന്നതു പോലെയാണ് വിവാഹ മോചനം. അത് പല ലോകരാഷ്ട്രങ്ങളും നിയമാനുസൃതം ആക്കിയിരി ക്കുന്നു. പുനർവിവാഹം സാർവത്രികമായി. എന്നു മാത്രമല്ല, ദൈവിക ക്രമീകരണം ചവിട്ടിത്തെറിപ്പിച്ച്, പുരുഷനും പുരുഷനും, സ്ത്രീയും സ്ത്രീയും, ഒത്തുചേരുന്നു. അത് ലോകരാഷ്ട്രങ്ങൾ വിവാഹമായി അംഗീകരിക്കുന്നു.

## ആണയിടീൽ

ദൈവമക്കൾ തങ്ങളുടെ വ്യാപാരങ്ങളിൽ സത്യസന്ധതയും സുതാര്യതയും ഉള്ളവർ ആയിരിക്കണമെന്ന് ഇത് പഠിപ്പിക്കുന്നു (മത്താ 5,33-37). ഒരു കാരണവശാലും ആണയിടരുതെന്ന് ചുരുക്കം. ദൈവ ത്തിന്റെയും മനുഷ്യരുടെയും മുമ്പിൽ കാപട്യം കൂടാതെ ജീവിക്കാൻ അവിടുന്ന് ആഹ്വാനം ചെയ്യുന്നു. വാക്കുകൾ അതേ, അതേ എന്നും അല്ല, അല്ല എന്നും ആയിരിക്കട്ടെ. തിരിച്ചും മറിച്ചും പറയുന്നത് ലൗകിക മനുഷ്യരാണ്. കപടത ദൈവത്തിൽ നിന്നല്ല. സത്യസന്ധമായ വാക്കാണ് നമുക്ക് വേണ്ടത് (2കൊറി 6,7; 1കോറി 1,17).

 www.malankaralibrary.com

## ശത്രുമിത്ര ബന്ധം (മത്താ 5,38–42)

"ശത്രുക്കളെ സ്നേഹിക്കുവിൻ" എന്ന പ്രബോധനം തികച്ചും നവീനമാണ്. അങ്ങനെ ഉപദേശിക്കാൻ മിശിഹാതമ്പുരാനു മാത്രമേ കഴിയൂ. അപ്രകാരം ചെയ്യുന്നതുവഴി മനുഷ്യർ സ്വർഗീയപിതാവിന്റെ മക്കളായിത്തീരും. പിതാവിനെപ്പോലെ പരിപൂർണരായിത്തീരും. നിറഞ്ഞു കവിയുന്ന സ്നേഹത്തിന്റെ വിശദാംശമാണിത്. നമ്മുടെ കർത്താവ് നമ്മെ ഓരോരുത്തരെയും സ്നേഹിക്കുന്നതുപോലെ, എല്ലാവരെയും ഉൾക്കൊള്ളാനും ആരെയും ഒഴിവാക്കാതിരിക്കാനും എല്ലാവർക്കും നന്മ ആഗ്രഹിക്കാനും പ്രാർഥിക്കാനും ഈ വാക്യങ്ങൾ ആഹ്വാനം ചെയ്യുന്നു. പീഡിപ്പിക്കുന്നവർക്കു വേണ്ടി പ്രാർഥിക്കാനാണ് കർത്താവ് ഉപദേശിക്കുന്നത്. പഴയനിയമത്തിലെ സ്നേഹത്തിന്റെ കൽപ്പനയ്ക്ക് അവിടുന്ന് വിപുലവും നവീനവുമായ അർഥം നൽകുന്നു. അതു ഗ്രഹിക്കാൻ അനേകർക്കു കഴിഞ്ഞില്ല. അവരത് ജീവിതത്തിൽ പ്രായോഗികമാക്കിയുമില്ല.

പഴയ ഇസ്രായേലിനെ സംബന്ധിച്ച്, 'അയൽക്കാരൻ' ഇസ്രായേൽ സമൂഹമാണ്. (ലേവ്യ 19,18). അവർ പൊതുവെ വിജാതിയരെ ശത്രുക്കളായി പരിഗണിച്ചിരുന്നു. സ്വന്ത ജനത്തെ മാത്രമല്ല, എല്ലാ മനുഷ്യരെയും സ്നേഹിക്കാനുള്ള കൽപനയാണ് കർത്താവ് നൽകുന്നത് (മത്താ 5,44). ജാതിയോ, മതമോ, വംശമോ, ഗോത്രമോ, കുലമോ, വർഗമോ പരിഗണിക്കാതെ ശത്രുക്കളിലേക്കു വരെ എത്തുന്ന സ്നേഹമാണ് നമ്മുടെ കർത്താവ് ഉന്നം വയ്ക്കുന്ന നിറഞ്ഞുകവിയുന്ന സ്നേഹം.

പീഡിപ്പിക്കുന്നവരോട് ക്ഷമിക്കുക, അവർക്കുവേണ്ടി പ്രാർഥിക്കുക എന്നത് അതുല്യമായ പ്രബോധനമാണ്. സ്വർഗീയ പിതാവിന്റെ മക്കൾക്ക് ഇത് സാധ്യമാണ്. അത് വാത്സല്യവും കരുണയും ആത്മാർഥതയും നിറഞ്ഞതും ഉപാധികൾ ഇല്ലാത്തതുമായ സ്നേഹ മാണ്. സ്വർഗരാജ്യത്തിൽ പ്രവേശിക്കുന്നതിന് ഇത് അപരിത്യാജ്യമാണ്.

പിതാവ് ദുഷ്ടരുടെയും ശിഷ്ടരുടെയും മേൽ ഒരുപോലെ നന്മകൾ വർഷിക്കുന്നു. പിതാവിന്റെ ശത്രുക്കളായി പെരുമാറുന്നവരോടുപോലും പിതാവ് വേർതിരിവ് കാട്ടുന്നില്ല. ദൈവമക്കൾ അനുകരിക്കേണ്ടത് ഈ സ്നേഹമാണ്. സ്വർഗീയ പിതാവിനെ നോക്കി നാം മുന്നേറണം, പരിപൂർണരാകണം, പരിശുദ്ധരാകണം. ഇതാണ് കവിഞ്ഞൊഴുകുന്ന സ്നേഹം.[1]

1. ഹെൻറി പട്ടരുമഠത്തിൽ, *മലയിലെ പ്രസംഗം-വിശകലനവും വ്യാഖ്യാനവും*, പേ.82–118.

# 3
# ആനന്ദിച്ചാഹ്ലാദിക്കുവിൻ

നാമെല്ലാം വിശുദ്ധിയിലേക്ക് വിളിക്കപ്പെട്ടവരാണ് (ലേവ്യ11,44; 1പത്രോ 1,16; 1തെസ്സ 4,3). "എന്റെ മുമ്പിൽ വ്യാപരിക്കുക, കുറ്റമറ്റവനായി വർത്തിക്കുക" എന്നാണ് ദൈവം അബ്രഹാമിനോട് പറഞ്ഞത് (ഉത്പ 17,1). നാമെല്ലാം തന്റെ തിരുമുമ്പിൽ സ്നേഹത്തിൽ വിശുദ്ധരും കുറ്റമറ്റവരുമായിരിക്കാൻ ദൈവം നമ്മെ മുൻകൂട്ടി തെരഞ്ഞെടുത്തിരിക്കുന്നു (എഫേ 1,4).

വിശുദ്ധിയിലേക്കുള്ള വിളി മെത്രാനോ, വൈദികനോ, സന്യാസിക്കോ മാത്രം നീക്കി വച്ചിരിക്കുന്ന ഒന്നല്ല. യേശുക്രിസ്തുവിൽ സ്നാനപ്പെട്ടവർക്കെല്ലാം ദൈവത്തിന്റെ വിശുദ്ധിയിൽ ഭാഗഭാഗിത്വം ലഭിക്കുന്നു. എല്ലാ ജീവിതാവസ്ഥകളിൽ ഉള്ളവരും തങ്ങളുടെ ദൗത്യം ദൈവതിരുമുമ്പാകെ സന്തോഷത്തോടും ആത്മാർഥതയോടും അർപ്പണ മനോഭാവത്തോടും സഹകരണത്തോടും കൂടെ ചെയ്യുമ്പോൾ, വിശുദ്ധീകരിക്കപ്പെടുന്നു. എല്ലാ ജീവിതസാഹചര്യങ്ങളിലും ദൈവോന്മുഖമായി തുറവിഉള്ളവരായി, ദൈവാത്മാവിനായി സ്വയം സമർപ്പിച്ചുകൊണ്ട് ജീവിക്കുന്നവർ, വിശുദ്ധിയിൽ വളരുന്നു. തങ്ങളിലുള്ള പരിശുദ്ധാത്മാവിന്റെ കൃപയെ ഉജ്ജ്വലിപ്പിച്ചുകൊണ്ട്, ദൈവത്തോട് ചേർന്നു ജീവിക്കുന്നവരെല്ലാം വിശുദ്ധരായി തീരുകയാണ്.

നമുക്കു മുമ്പേ സാക്ഷികളുടെ വൻനിരയുണ്ട് (എബ്രാ 12,1). കുറവുകളും പോരായ്മകളും പ്രലോഭനങ്ങളും പരീക്ഷണങ്ങളും ഉള്ള ഈ ലോകത്തിൽ അവർ തങ്ങളുടെ ലക്ഷ്യം മുമ്പിൽ കണ്ട് പിമ്പിലുള്ളവയെ വിസ്മരിച്ച് നല്ലഓട്ടം ഓടി വിജയകിരീടം പ്രാപിച്ചു. അതുപോലെ നമ്മോടൊത്തു ജീവിക്കുന്ന നമ്മുടെ മാതാപിതാക്കളും സഹോദരങ്ങളുമെല്ലാം ഈ ലക്ഷ്യം കൺമുമ്പിൽ കണ്ടുകൊണ്ട് ജീവിക്കുന്ന സജീവ മാതൃകകളാണ്. വിശുദ്ധിയിലേക്കുള്ള നമ്മുടെ ഓട്ടത്തിൽ നാം


www.malankaralibrary.com

ഒറ്റയ്ക്കല്ല. നമുക്കുമുമ്പേ കടന്നുപോയവർ നമ്മോടൊത്തുണ്ട്. അവർ നമുക്കു ചുറ്റുംനിന്ന് നമ്മെ സംരക്ഷിക്കുകയും കർത്താവിന് സമർപ്പിക്കുകയും ചെയ്യുന്നു. മക്കളെ ദൈവസ്നേഹത്തിൽ വളർത്തുന്ന മാതാപിതാക്കൾ, അവരെ പുലർത്താൻ അനുദിനം പാടുപെടുന്നവർ, രോഗികൾ, പ്രായമായവരെ സന്തോഷപൂർവം പരിപാലിക്കുന്നവർ, മുഖത്തുനിന്ന് പുഞ്ചിരി വറ്റിപ്പോകാത്ത സന്യസ്തർ എന്നു തുടങ്ങി, നമ്മുടെ ചുറ്റുമുള്ള ദൈവമക്കളെല്ലാം വിശുദ്ധിയിൽ വളരുന്നവരാണ്.

പലപ്പോഴും പലരും തങ്ങളിൽ തന്നെ ശ്രദ്ധ കേന്ദ്രീകരിച്ചു കൊണ്ട്, തങ്ങളുടെ കുറവുകളും പോരായ്കകളും എണ്ണിക്കൊണ്ട്, ജീവിക്കുന്നവരാണ്. അതിനുപകരം, ദൈവകേന്ദ്രീകൃതമായി ജീവിക്കാൻ ശ്രമിച്ചാൽ, വിശുദ്ധിയിൽ അതിവേഗം പുരോഗമിക്കും. നമ്മുടെ ബലഹീനത ഏറ്റുപറഞ്ഞുകൊണ്ട് യേശുവിന്റെ കുരിശിലേക്ക് ശ്രദ്ധ കേന്ദ്രീകരിക്കുക. അവിടുന്ന് പീഡ അനുഭവിച്ചവനും മഹത്വീകൃതനുമാണ്. ദൈവം തന്റെ സഭയിൽ വിശുദ്ധീകരണത്തിന് നിരവധി മാർഗങ്ങൾ നമുക്കായി സജ്ജീകരിച്ചിരിക്കുന്നു: തിരുലിഖിതം, കൂദാശകൾ, വിശുദ്ധ സ്ഥലങ്ങൾ, വിശുദ്ധ വസ്തുക്കൾ, സജീവ സമൂഹങ്ങൾ, വിശുദ്ധരുടെ സാക്ഷ്യം തുടങ്ങിയവ നമ്മെ ചുറ്റി നിൽക്കുന്നു.

ചെറിയ കാര്യങ്ങളും നിസ്സാര സംഗതികളും അവഗണിക്കാതെ, അവയൊക്കെ നന്നായി ചെയ്യാൻ കഴിഞ്ഞാൽ, നാം വിശുദ്ധിയിൽ വളരുകയാകും. സുവിശേഷ പ്രഘോഷണത്തിന്, നമ്മുടെ കർത്താവിന് സാക്ഷ്യം വഹിക്കുന്നതിന്, ഓരോ വിശ്വാസിയും ചരിത്രത്തിന്റെ ഓരോ നിർണായക നിമിഷത്തിലും വിശുദ്ധിയിലേക്ക് വിളിക്കപ്പെട്ടിരിക്കുന്നു. നമ്മുടെ കർത്താവിന്റെ ജീവിതത്തിലെ വിവിധ രംഗങ്ങൾ ജീവിതത്തിൽ പകർത്തുകയാണ് വിശുദ്ധി. കർത്താവുമായി ഒന്നുചേർന്നുകൊണ്ട് അവിടുത്തെ ജീവിതരഹസ്യങ്ങൾ നാം അനുസ്മരിക്കുന്നു. കർത്താവിന്റെ മരണത്തോടും ഉത്ഥാനത്തോടും ഒന്നുചേർന്നു കൊണ്ടാണ് നാമിതു നിർവഹിക്കുന്നത്. യേശുവിന്റെ നിഗൂഢജീവിതം, സമൂഹത്തിലെ ജീവിതം, പാർശ്വവൽക്കരിക്കപ്പെട്ടവരോടുള്ള സാമീപ്യം, ദരിദ്ര ജീവിതം, സ്വയം ശൂന്യനാക്കിക്കൊണ്ടുള്ള സ്നേഹജീവിതം എന്നിവയൊക്കെ അനുകരണാർഹമാണ്. പരിശുദ്ധാത്മാവിനാൽ നയിക്കപ്പെടാൻ നാം വിട്ടുകൊടുക്കുമ്പോൾ, അവിടുന്ന് നമ്മെ പവിത്രീകൃതരാക്കും. നാമോരോരുത്തരുടെയും ജീവിതത്തിലൂടെ ലോകത്തോട് സംസാരിക്കാൻ ദൈവത്തിനു കഴിയും.

ദൈവരാജ്യവും ദൈവനീതിയും വളരാൻ ഉതകുന്നതാകണം നമ്മുടെ ജീവിതവും പ്രവത്തനങ്ങളും (മത്താ 6,33). സ്നേഹവും നീതിയും സമാധാനവും സാഹോദര്യവും നിറഞ്ഞ രാജ്യം കെട്ടിപ്പടുക്കാനുള്ള ദൗത്യത്തിൽ നാമും പങ്കുചേരണം. സേവനം ആവശ്യപ്പെടുമ്പോൾ,

അതിൽനിന്ന് ഓടിയകലുന്നത്, മറ്റുള്ളവരുമായി ഇടപഴകേണ്ടപ്പോൾ നിശ്ശബ്ദതയിൽ മറഞ്ഞിരിക്കുന്നത്, വിശുദ്ധിയല്ല. പ്രാർഥനയും പ്രവർത്തനവും, അർപ്പണവും നിശ്ശബ്ദതയും ഏകാന്തതയും എല്ലാം കൂട്ടിയിണക്കി കൊണ്ടുപോകുന്നതാണ് വിശുദ്ധി. "എന്റെ ആന്തരിക ശാന്തതയ്ക്കുവേണ്ടിയും മനപ്പതർച്ച ഇല്ലാതിരിക്കാൻ വേണ്ടിയും, ഞാൻ ഏറ്റെടുത്ത കർത്തവ്യം ഉപേക്ഷിക്കുന്നു. എനിക്ക് വിശുദ്ധി പ്രാപിക്കണം" എന്നൊക്കെ പറയുന്നത് കാപട്യമാണ്. കർമനിരതമായ ജീവിതത്തിലൂടെ, ദൈവാത്മാവ് നയിക്കുന്ന പാതയിലൂടെ, വിശുദ്ധി പ്രാപിക്കാനാകും. വിശുദ്ധിയിൽ വളരുന്നതനുസരിച്ച്, കൂടുതൽ സദ്ഫലങ്ങൾ പുറപ്പെടുവിക്കാൻ പരിശുദ്ധാത്മാവ് നമ്മെ ശക്തരാക്കും.

എന്താണ് വിശുദ്ധി എന്ന് മലയിലെ പ്രസംഗത്തിൽ നമ്മുടെ കർത്താവ് വ്യക്തമാക്കിയിട്ടുണ്ട് (മത്താ 5,3-12). ഇത് ധ്യാനിച്ച്, ജീവിതത്തിൽ പകർത്താൻ ശ്രമിക്കുക. ഇതിൽ ക്രിസ്തുചിത്രം തെളിഞ്ഞു നിൽക്കുന്നു. ഭാഗ്യവാൻ, സന്തുഷ്ടൻ എന്ന് ഇവിടെ പറഞ്ഞിരിക്കുന്നത്, വിശുദ്ധൻ എന്നതിന്റെ പര്യായമായെടുക്കാം. ഒഴുക്കിനെതിരെ നീന്താനുള്ള ആഹ്വാനമാണ് അഷ്ഠസൗഭാഗ്യങ്ങൾ നൽകുന്നത്. അതോടു ചേർന്നു വായിക്കേണ്ടതാണ് മത്തായി 25-ാം അധ്യായം (25, 31-46). അതായത്, പരസ്നേഹപ്രവൃത്തികൾ വിശുദ്ധിയിൽ വളരാൻ അത്യന്താപേക്ഷിതമാണ്.

സുവിശേഷപാത, എത്ര ക്ലേശകരമായാലും, തെരഞ്ഞെടുക്കുന്നതാണ് വിശുദ്ധി. മിശിഹായുടെ മുഖം ധ്യാനിക്കുന്നതോടൊപ്പം, ആ മുഖം മറ്റുള്ളവരിൽ, പ്രത്യേകിച്ച് ആവശ്യക്കാരിലും ദരിദ്രരിലും കാണാൻ കഴിയുന്നതാണ് വിശുദ്ധി. ഓരോ മനുഷ്യവ്യക്തിയുടെയും മഹത്വം അംഗീകരിച്ച്, സ്വീകരിക്കുന്നതാണ് വിശുദ്ധി. പ്രാർഥനയിലൂടെ ലഭിക്കുന്ന ഉൾക്കാഴ്ചയും ദർശനവും മറ്റുള്ളവരിലേക്ക് ഒഴുക്കാൻ സന്നദ്ധത കാട്ടിയാലേ വിശുദ്ധി നിലനിൽക്കുന്നു എന്നു പറയാനാകൂ. മറ്റുള്ളവരെപ്പറ്റി പരിഗണന ഇല്ലാത്ത പ്രാർഥനയും ജീവിതവും വിശുദ്ധിയുടെ പടവുകൾ കയറ്റുകയില്ല. ദൈവത്തിന് സ്വീകാര്യമായ ആരാധന, ദൈവനാമത്തിൽ ചെയ്യുന്ന സത്പ്രവൃത്തികളാണ്. കാരുണ്യപ്രവൃത്തികൾക്ക് നാം എത്ര മാത്രം സന്നദ്ധരാണെന്നതിനെ ആശ്രയിച്ചാണ് നമ്മുടെ പ്രാർഥന അർഥവത്താകുന്നത്. യഥാർഥ ദൈവമക്കളാരെന്ന് അളക്കാനുള്ള അളവുകോലാണ് കാരുണ്യ പ്രവൃത്തികൾ.

## ദൈവത്തിലുള്ള ആത്മധൈര്യം

വിശുദ്ധിയുടെ ഒരടയാളമാണ് ദൈവത്തിലുള്ള ആത്മധൈര്യം.

ദൈവം നമ്മെ സ്നേഹിക്കുന്നു, നമ്മെ പരിപാലിക്കുന്നു, നിയന്ത്രിക്കുന്നു, എന്ന ആഴമേറിയതും അടിയുറച്ചതും ഒരിക്കലും കുലുങ്ങാത്തതുമായ ബോധ്യം. ജീവിതത്തിലെ ജയാപജയങ്ങളിലും തെറ്റിദ്ധാരണകളിലും പരാജയങ്ങളിലും ഒറ്റുകൊടുക്കലുകളിലും മറ്റുള്ളവരുടെ എതിർപ്പുക ളിലും വിദ്വേഷങ്ങളിലും അടിപതറാതെ അടിയുറച്ചു നിൽക്കാൻ ഈ ആന്തരികശക്തി നമ്മെ പ്രാപ്തരാക്കുന്നു. "ദൈവം നമ്മോടു കൂടെ യെങ്കിൽ, ആരാണ് നമുക്കെതിര്?"(റോമ 8,31).

ഇതുമൂലം ഹൃദയസമാധാനവും ശാന്തതയും വിനീതഭാവവും നമുക്കുണ്ടാകുന്നു. അങ്ങനെ ദൈവത്തിൽ സമ്പൂർണവിശ്വാസം അർപ്പി ച്ചവർക്ക്, മറ്റുള്ളവരോട് വിശ്വസ്തമായും ശാന്തമായും സ്നേഹമായും പെരുമാറാൻ കഴിയുന്നു. അവരുടെ വേദനകളിലും ദുരിതങ്ങളിലും പ്രയാസങ്ങളിലും അവരോടൊപ്പം നിൽക്കാൻ കഴിയും. പരിശുദ്ധാത്മ ദാനമായ ഈ ആന്തരികശക്തി നമ്മെ ശാന്തരാക്കുന്നു. ന്യായാധിപ ന്മാരെപ്പോലെ മറ്റുള്ളവരെ വിധിക്കാൻ നാം നാക്കു വളയ്ക്കുകയില്ല. മറ്റുള്ളവരുടെ നന്മയിൽ സന്തോഷിക്കാൻ നമുക്ക് സാധിക്കുന്നു.

## സന്തുഷ്ടഭാവം

വിശുദ്ധിയുടെ മറ്റൊരടയാളമാണ് സന്തുഷ്ടഭാവം. വിശുദ്ധ രൊക്കെ സന്തുഷ്ടഭാവം പുലർത്തിയിരുന്നു. ഉള്ളിലെ ദൈവകൃപയിൽ നിന്നു വരുന്നതാണ് ആ മുഖപ്രസന്നത. കാര്യങ്ങളൊക്കെ പോസിറ്റീവാ യും പ്രതീക്ഷാനിർഭരമായും കാണാൻ അത് ഇടവരുത്തുന്നു. ഇപ്രകാരം പരിശുദ്ധാത്മാവിലുള്ള ആനന്ദമാണ് ക്രിസ്തീയ ജീവിതം (റോമ 14,17).

## സാക്ഷ്യത്തിനുള്ള ആവേശം

വിശുദ്ധിയുടെ മറ്റൊരടയാളമാണ് സാക്ഷ്യത്തിനുള്ള ആവേശം. "ഭയപ്പെടേണ്ട, ഞാനോ, ഇതാ, ലോകാവസാനംവരെ എല്ലാ നാളുകളും നിങ്ങളോടൊത്തുണ്ട്" എന്ന കർതൃവചനം നമുക്ക് ബലവും ശക്തിയും പകരുന്നു (മത്താ 28,20). ശ്ലീഹന്മാരെ ഉത്തേജിപ്പിച്ച പരിശുദ്ധാത്മാവ് സുവിശേഷ പ്രഘോഷണത്തിന് നമ്മെയും ഉത്തേജിപ്പിക്കും. സുവി ശേഷ സന്ദേശത്തിന്റെ സൗന്ദര്യം പകർന്നു കൊടുക്കാനുള്ള ധൈര്യ വും ചങ്കൂറ്റവും തീക്ഷ്ണതയും ആവേശവും വിശുദ്ധിയുടെ ലക്ഷണ മാണ്. ആത്മാവ് നമ്മെ ഉത്തേജിപ്പിക്കുമ്പോൾ, പിന്മാറാതെ ധൈര്യ പൂർവം കർതൃകരം പിടിച്ചുകൊണ്ട് നാം മുന്നേറണം. ഫലം പുറപ്പെടു വിക്കുന്നത് അവിടുന്നു തന്നെയാണ്.

## വിശുദ്ധി മറ്റുള്ളവരോടൊത്ത്

വിശുദ്ധിയിലുള്ള വളർച്ച മറ്റുള്ളവരോടൊത്ത് സമൂഹത്തിലാണ് നടക്കേണ്ടത്. കുടുംബം, ഇടവക, സന്ന്യാസസമൂഹങ്ങൾ എന്നിവിടങ്ങ

ളിലെല്ലാം അംഗങ്ങൾ വിശുദ്ധിയിൽ വളരുന്നത് മറ്റുള്ളവരോടൊത്താണ്. ഇതിന് ഇടവകസമൂഹത്തിലെ ഭാഗഭാഗിത്വം അത്യന്താപേക്ഷിതമാണ്. ഒറ്റപ്പെട്ട് അടച്ചുപൂട്ടിയിരുന്ന് കുറേ ഭക്താഭ്യാസങ്ങൾ നടത്തുന്നതുവഴി വിശുദ്ധി പ്രാപിക്കാമെന്നു കരുതുന്നവരുണ്ട്. ചെറിയ പ്രാർഥനാകൂട്ടായ്മകളും മറ്റും നല്ലതുതന്നെ. എന്നാൽ ഇടവകയിലെ പൊതു ആരാധനയിൽ സംബന്ധിച്ച്, സഹകരണത്തോടെ ജീവിക്കുന്നതു വഴിയത്രേ നാം വിശുദ്ധിയിൽ വളരുന്നത്. സ്നേഹസമൂഹത്തിൽ, പരസ്പരം കരുതുന്ന സമൂഹത്തിൽ, സാക്ഷ്യം നൽകുന്ന സമൂഹത്തിൽ, ഉത്ഥിതനായ കർത്താവ് സന്നിഹിതനായി പിതൃഹിതപ്രകാരം വിശുദ്ധി വർഷിക്കുന്നു.

## നിരന്തരമായ ദൈവികസംസർഗം

വിശുദ്ധിയിൽ വളരുന്നതിന് ദൈവവുമായി നിരന്തര സമ്പർക്കം പുലർത്തണം. പ്രാർഥനയിൽ ഹൃദയം തുറന്നിടണം. പ്രാർഥന കൂടാതെ വിശുദ്ധിയില്ല. ആ പ്രാർഥനയ്ക്ക് വിവിധ രൂപഭാവങ്ങൾ ഉണ്ടാകാം. ദൈവത്തോടൊപ്പം കുറേ സമയം ഏകാന്തതയിൽ ചെലവഴിക്കുന്നത് അത്യന്താപേക്ഷിതമാണ്. അവിടുന്ന് അഗ്നിയാണ്. ആ അഗ്നിയുമായി ബന്ധപ്പെട്ടെങ്കിലേ നാം ചൂടുപിടിച്ച്, അഗ്നിസമാനമാകൂ.

## അനുസ്മരണം

പ്രാർഥനയിൽ അനുസ്മരണം പ്രധാനപ്പെട്ടതാണ്. നമ്മുടെ രക്ഷകനിലൂടെ നമുക്ക് സഭയിൽ ലഭിക്കുന്ന നന്മകൾക്കു പുറമേ, നമ്മുടെ ജീവിതത്തിലുടനീളം ദൈവം കാട്ടിയ കാരുണ്യവും ദയയും സഹാനുഭൂതിയും അനുകമ്പയും നാം നിരന്തരം അനുസ്മരിക്കണം. അതുപോലെ മറ്റുള്ളവർക്കും അവിടുന്ന് ചെയ്തവ അനുസ്മരിച്ച് നന്ദി പറയണം. ദൈവത്തിന് നന്ദി പറയാനും ദൈവത്തെ മഹത്വപ്പെടുത്താനും നമുക്ക് എണ്ണിയാൽ ഒടുങ്ങാത്ത കാരണങ്ങളുണ്ട്.

## അപേക്ഷകൾ

നാം ദൈവസമക്ഷം അപേക്ഷകൾ നിറഞ്ഞ പ്രാർഥനകളും ഉയർത്തണം. അതു മറ്റുള്ളവർക്കു വേണ്ടിയാണെങ്കിൽ, ഇരട്ടി ഫലമുണ്ടാകും. മധ്യസ്ഥപ്രാർഥനകൾ നമുക്കും മറ്റുള്ളവർക്കും ഒരുപോലെ പ്രയോജനപ്രദമാണ്. ദൈവതിരുമുമ്പാകെ ഇത്തരം പ്രാർഥനകൾ ഏറ്റവും സ്വീകാര്യമാണ്. നാം മറ്റുള്ളവരെ പരിഗണിക്കുന്നതിന്റെ സ്പഷ്ടമായ അടയാളമാണത്. നാം തന്നെ ബലഹീനരും അശക്തരു മാണ്. എന്നാൽ ദൈവത്തോടുകൂടെ നാം ശക്തരാണ്. നിരന്തരമായ ആരാധന അർപ്പിച്ചു

കൊണ്ട് നമ്മുടെ സ്രഷ്ടാവും രക്ഷിതാവും പരിത്രാണകനുമായ ദൈവത്തെ നാം മഹത്വപ്പെടുത്തണം.

## തിരുലിഖിതവായന

പ്രധാനപ്പെട്ട മറ്റൊരു സംഗതിയാണ് പ്രാർഥനാപൂർവമുള്ള തിരുലിഖിതവായന. ദൈവവചനം തേനിനേക്കാൾ മാധുര്യമേറിയതും എന്നാൽ ഇരുവായ്ത്തല വാളിനേക്കാൾ മൂർച്ചയേറിയതുമാണ്. (സങ്കീ.119,103; എബ്രാ 4,12). നാം അതിൽ നമ്മുടെ നാഥന്റെ സ്വരമാണ് ശ്രവിക്കുന്നത്. ദൈവവചനത്തിലൂടെ കർതൃശരീരത്തിൽ നാം എത്തിച്ചേരുന്നു. നമ്മുടെ ഹൃദയങ്ങളെ ഉജ്ജ്വലിപ്പിക്കുകയും കണ്ണുകൾ തുറക്കുകയും ചെയ്യുന്നത് വി. കുർബനയിലാണ്. നാം ഭക്തിയായി പങ്കെടുക്കുമ്പോൾ, വിശുദ്ധ കുർബാന നമ്മെ രൂപാന്തരപ്പെടുത്തുന്നു.

## നിരന്തരപോരാട്ടം

വിശുദ്ധ ജീവിതപാത നിരന്തര പോരാട്ടപാതയാണ്. ശത്രുവിന്റെ ഒളിയമ്പുകളെ തകർക്കാൻ ദൈവത്തിന്റെ എല്ലാ ആയുധങ്ങളും ധരിക്കണം. നിരന്തരമായി ജാഗരൂകരായിരിക്കണം. ഒളിഞ്ഞും തെളിഞ്ഞും ശത്രു നമ്മെ കടന്നാക്രമിക്കാൻ ശ്രമിക്കും. നമ്മുടെ കർത്താവിന്റെ നിരന്തരസംരക്ഷണം നമുക്ക് അവശ്യാവശ്യമാണ്. അതിന് ദൈവവുമായുള്ള സമ്പർക്കം എപ്പോഴും പുലർത്തണം. ഹവ്വായ്ക്ക് ദുരുപദേശം നൽകിയ ശത്രു നമ്മുടെ കാതുകളിലും ദുരുപദേശം നൽകാൻ ശ്രമിക്കും. എന്നാൽ ദൈവവചനമാകുന്ന ആത്മാവിന്റെ വാൾ ധരിച്ച് നാം ഒരുക്കമുള്ളവരായിരുന്നാൽ, അവൻ പരാജിതനായി പിന്മാറും. നാം നമ്മുടെ വിളക്ക് എപ്പോഴും കത്തിച്ചു വച്ചിരിക്കണം. അതിന് ആവശ്യമുള്ള എണ്ണ കരുതണം. നാം സദാ ശ്രദ്ധയുള്ളവരായിരി ക്കണം. എല്ലാത്തരം തിന്മകളിൽനിന്നും അകന്നിരിക്കണം. ഉണർവുള്ളവരായിരിക്കണം. നാം ഉറക്കത്തിൽ ആണ്ടുപോകരുത് (ലൂ.12,35; 1തെസ്സ 5,6.22; മത്താ 24,42; മർക്കോ 13,35).

എല്ലാറ്റിനെയും പരിശോധിക്കാനും നല്ലത് മുറുകെ പിടിക്കാനും തിന്മ വിട്ടകലാനുമുള്ള വിവേചനം നമുക്കുണ്ടായിരിക്കണം. ഇത് പരിശുദ്ധാത്മ ദാനമാകയാൽ, ഇതിനായി നാം പ്രാർഥിക്കണം. നമ്മെ വഴിതെറ്റിക്കുന്ന അനേകം സാധ്യതകൾ ഇന്നുള്ളപ്പോൾ, ഈ ദാനം നമുക്ക് അത്യന്താപേക്ഷിതമാണ്. കർത്താവിന്റെ പ്രകാശത്തിൽ എപ്പോഴും നടക്കാനുള്ള കൃപയ്ക്കായി അപേക്ഷിക്കണം.[1]

1. Apostolic Exhortation *"Gaudete et Exultate"* of Holy Father Francis on the call to Holiness in Today's World, Rome, 2018.

# Bibliography

Apostolic Exhortation *"Gaudete et Exultate"* of Holy Father Francis on the call to Holiness in Today's World, Rome, 2018.

Didymus the Blind, *Commentary on Zechariah*. tr. R. C. Hill, The Catholic University of America Press,Washington D.C., 2006 (The Fathers of the Church - 111).

St. Jerome, *Commentaries on the Twelve Prophets*, vol.1, ed. T. P. Scheck, Inter Varsity Press, Downers Grove, Illinois, 2016 (Ancient Christian Texts).

St. Jerome, *Commentaries on the Twelve Prophets*, vol.2, ed. T. P. Scheck, Inter Varsity Press, Downers Grove, Illinois, 2017 (Ancient Christian Texts)

St. Jerome, *Commentary on Ecclesiastes*, tr. R. J. Goodrich - D. J. D. Miller, The Newman Press, New York/Mahwah. NJ , 2012 (Ancient Christian Writers - 66),

Theodore of Mopsuestia, *Commentary on the Twelve Prophets*, tr. R. C.Hill , The Catholic University of America Press,Washington D. C., 2004 (The Fathers of the Church - 108).

Theodoret of Cyrus, *Commentaries on the Prophets*, Vol.3: Commentaries on the Twelve Prophets, tr. R. C. Hill, Holy Cross Orthodox Press, Brookline, Mass., 2006.

ഹെൻറി പട്ടരുമഠത്തിൽ, *മലയിലെ പ്രസംഗം- വിശകലനവും വ്യാഖ്യാനവും,* പാലാരിവട്ടം, കൊച്ചി, 2017.

## ചേടിയത്ത് ഗീവർഗീസ് മൽപ്പാനച്ചന്റെ ഗ്രന്ഥങ്ങൾ

മലങ്കരഗീതങ്ങൾ, കോട്ടയം, 1981.
ക്രൈസ്തവഗീതങ്ങൾ, കോട്ടയം, 1982.
ബൈബിൾ ഗീതങ്ങൾ,കോട്ടയം,1983.
മാതൃകീർത്തനങ്ങൾ,1988.
വി.ഗ്രിഗറി നീസ്സാ, ഗിരിപ്രഭാഷണം,(ed.), തിരുവനന്തപുരം, 1982.
വി.ഗ്രിഗറി നീസ്സാ, കർതൃപ്രാർഥന (ed.),കോട്ടയം,1982.
വി.ഗ്രിഗറി നീസ്സാ,മോശയുടെ ജീവചരിത്രം,കോട്ടയം,2010.
തിയഡോർ, മതാധ്യാപനപ്രസംഗങ്ങൾ, കോട്ടയം, 1986.
യോഹന്നാന്റെ സുവിശേഷം-തിയഡോറിന്റെ ഭാഷ്യം, (TVM), 2006
ഒരിജൻ, ഉത്തമഗീതഭാഷ്യം, കോട്ടയം,1986.
ഒരിജൻ, ലൂക്കാഭാഷ്യം, കോട്ടയം, 2005.
യോഹന്നാന്റെ സുവിശേഷം-ഒരിജന്റെ ഭാഷ്യം, കോട്ടയം, 2005.

സഭാപിതാക്കന്മാർ, കോട്ടയം, 1980.
സഭാപിതാക്കന്മാർ-1, കോട്ടയം,1987.
സഭാപിതാക്കന്മാർ-2, കോട്ടയം,1988.
സഭാപിതാക്കന്മാർ-3, കോട്ടയം, 2000.
ലത്തീൻ സഭാപിതാക്കന്മാർ, കോട്ടയം,1992.
ഡിഡസ്കാലിയ, കോട്ടയം,1987.
സൊക്രാട്ടസ്, സഭാചരിത്രം,കോട്ടയം, 1990.
ബർ എബ്രായാ,സഭാചരിത്രം,കോട്ടയം,1990.

ഇൻഡ്യയുടെ മെത്രാപ്പോലീത്താ മാർ അബ്രഹാം,കോട്ടയം, 1990.
അന്ത്യോക്യൻസഭ-ഉത്ഭവവും വളർച്ചയും, കോട്ടയം, 1986.
സന്യാസത്തിന്റെ അന്തർധാര, കോട്ടയം,1992.
പലസ്തീനയിലെ സന്യാസികൾ, തിരുവനന്തപുരം, 1994.
പ്രാചീന സന്യാസചരിത്രം, കോട്ടയം, 1993.
വി. എവുതീമിയസിന്റെ ജീവചരിത്രം, തിരുവനന്തപുരം, 1994.
പ്രാചീന സന്യാസനിയമങ്ങൾ, കോട്ടയം, 2006.
ഹെർമാസിന്റെ ഇടയൻ, കോട്ടയം,1992.
പ്രാർഥന സഭയിൽ, കോട്ടയം 1993.
പ്രാർഥന സുറിയാനിസഭയിൽ, കോട്ടയം, 1993.
ത്രിയേകദൈവം, കോട്ടയം, 1993.

ചേടിയത്ത് ഗീവർഗീസ് മൽപ്പാനച്ചന്റെ ഗ്രന്ഥങ്ങൾ

സത്യദൈവവും സത്യാരാധനയും, കോട്ടയം, 1995.
സഭാചരിത്രപഠനങ്ങൾ, കോട്ടയം,1996.
സൂനഹദോസുകൾ, കോട്ടയം, 1996.
സിനോഡിക്കോൺ ഓറിയെന്താലെ, കോട്ടയം, 1996.
മാർ ഈശോദാദ്, സുവിശേഷഭാഷ്യം, കോട്ടയം,1997.
മാർ ഈശോദാദ്, പുതിയനിയമഭാഷ്യം,കോട്ടയം, 2002.
മാർ തോമായുടെ നടപടികൾ, കോട്ടയം,1998.
എവുസേബിയസ്, തിരുസഭാചരിത്രം, കോട്ടയം,1998.
എക്യൂമെനിസം, കോട്ടയം, 1998.

മാർതോമാശ്ലീഹായുടെ ഇൻഡ്യൻസഭ, കോട്ടയം, 2001 .
കേരളത്തിലെ ക്രൈസ്തവസഭകൾ, കോട്ടയം,1998 .
പൗരസ്ത്യകാതോലിക്കോസ്, കോട്ടയം,1999.
ജറുസലേമിലെ സിറിൽ, മതാധ്യാപനപ്രസംഗങ്ങൾ, കോട്ടയം, 2000.
മാർ ബാബായ്, ക്രിസ്തുശാസ്ത്രം, കോട്ടയം, 2000.
മധ്യകാലസഭാചരിത്രം, കോട്ടയം, 2000.
വി.ജോൺ ക്രിസൊസ്തോം, മതാധ്യാപനപ്രസംഗങ്ങൾ, കോട്ടയം, 2003.
വി.ജോൺ ക്രിസൊസ്തോം-ക്രിസ്തുശാസ്ത്രം, ബാബിലാസിന്റെ ചരിത്രം, കോട്ടയം, 2006.
വി. ഐറേനിയസ്, അപ്പസ്തോലിക പ്രബോധനത്തിന്റെ തെളിവ്,2003.
വിശുദ്ധ ജോൺ ഡമഷീൻ, സത്യവിശ്വാസം, കോട്ടയം, 2003.
വിശുദ്ധ അഗസ്റ്റിൻ, ക്രിസ്മസ്-ദനഹാ പ്രസംഗങ്ങൾ, കോട്ടയം,2003.
കത്തോലിക്കാവിശ്വാസവും പെന്തക്കോസ്ത് വീക്ഷണങ്ങളും,2005
പട്രോളജി, വാല്യം,1, കോട്ടയം, 2006.
പട്രോളജി, വാല്യം-2, കോട്ടയം, 2006.
പട്രോളജി, വാല്യം-3, കോട്ടയം, 2008.
പട്രിസ്റ്റിക് ക്വിസ്, കോട്ടയം, 2001.
മേജർ ആർച്ചുബിഷപ്പ്-കാതോലിക്കോസ്, TVM,2006.
സൈറസിലെ തിയഡൊറെറ്റ്, ക്രിസ്തുശാസ്ത്രം, കോട്ടയം, 2007.
കമ്മൂണിയോ ഇൻ ക്രിസ്തോ - നിയമാവലി, TVM, 2007.

സഭയ്ക്കുള്ള സന്ദേശം, പത്തനംതിട്ട, 2014.
എക്യൂമെനിസത്തിന്റെ മറുവശം, പത്തനംതിട്ട,2013.
മലങ്കര കത്തോലിക്കാസഭ, കോട്ടയം, 2013.
മോശയുടെ ഗ്രന്ഥം- ഒരിജന്റെ പ്രസംഗങ്ങളിൽ, കോട്ടയം,2012.


www.malankaralibrary.com

ഒരിജന്റെ വീക്ഷണങ്ങൾ,കോട്ടയം, 2016.
സങ്കീർത്തനങ്ങളിലെ മിശിഹാ, കോട്ടയം, 2016.
നമ്മുടെ കർത്താവായ യേശുമിശിഹാ,പത്തനംതിട്ട, 2017.
ഇസ്രായേലിന്റെ പരിശുദ്ധൻ, പത്തനംതിട്ട, 2018.
ദൈവത്തിന്റെ ഇസ്രായേൽ, പത്തനംതിട്ട, 2018.


പറുദീസാഗീതങ്ങൾ, കോട്ടയം, 2001, പേജ്, 118. (OIRSI-249).
കന്യാത്വഗീതങ്ങൾ, കോട്ടയം, 2001, പേജ്, 220. (OIRSI -250).
മനുഷ്യാവതാരഗീതങ്ങൾ, കോട്ടയം, 2001, പേജ്,168. (OIRSI -251).
സുവിശേഷഭാഷ്യം(ദിയാതെസ്സറോൺഭാഷ്യം),2002, p.358 (OIRSI-263).
നിസിബിയൻ ഗീതങ്ങൾ, കോട്ടയം, 2009, പേജ് 232, (OIRSI -309).
സഭാഗീതങ്ങൾ, കോട്ടയം, 2009, പേജ് 124, (OIRSI-310).
പെസഹാഗീതങ്ങൾ, കോട്ടയം, 2009, പേജ് 96 (OIRSI-312).
ഉപവാസഗീതങ്ങൾ, കോട്ടയം, 2009, പേജ് 160 (OIRSI-318).
പ്രസംഗങ്ങൾ, വാല്യം 1., കോട്ടയം, 2010, പേജ് 124, (OIRSI-326).
പ്രസംഗങ്ങൾ, വാല്യം 2., കോട്ടയം, 2011, പേജ് 256, (OIRSI-336).
രക്തസാക്ഷികൾ, കോട്ടയം,2012, പേജ്,110, (OIRSI-357).
ഉൽപ്പത്തിഭാഷ്യം, കോട്ടയം, 2001,, p.278 (OIRSI-257).

(*ഉൽപ്പത്തിഭാഷ്യം*, p.11-161; *പുബ്ലിയൂസിനുള്ള കത്ത്*, p.162-177; *നമ്മുടെ കർത്താവിനെ കുറിച്ചുള്ള പ്രസംഗം*, p.178-241; *ജൂലിയനെതിരെയുള്ള ഗീതങ്ങൾ*, p.242-278.)

വിശ്വാസഗീതങ്ങൾ,2008, p.264 (OIRSI-301).

(*വിശ്വാസഗീതങ്ങൾ*, p.1-205; *വിശ്വാസത്തെപ്പറ്റിയുള്ള പ്രസംഗങ്ങൾ അഥവാ മെമ്രാകൾ*, p.206-255).

*The Christology of Mar Babai the Great*, 1982.
*Bibliographical Survey* (co-ed.), 1983.
*Ecumenism in Danger* (co-ed.), 1986.
*St.Thomas the Apostle of India*, by +Martin Gielen, (ed.), 1991.
*Mar Babai, Some Useful Counsels on the Ascetical Life*, KTM, 2001 .
*Christology*, 2002.
*The Malankara Catholic Church*, Kottayam, 2003.
*Archbishop Mar Ivanios in his Thoughts*,(ed. with alii) TVM 2004.
*The Catholicos of the East*,(tr. A .J. Joy Angemadathil) TVM, 2005.
Die malankaraisch-katholische Kirche,Kottayam,2012.



# ദൈവത്തിന്റെ ഇസ്രായേൽ

പ്രവാചകന്മാർ പ്രവചിക്കുകയും വിശദീകരിക്കുകയും ചെയ്തിട്ടുള്ള, ദൈവത്തിന്റെ രക്ഷാകരപദ്ധതിയുടെ ചിത്രം പഴയനിയമ ഗ്രന്ഥങ്ങളിൽ ദൃശ്യമാണ്. ദൈവം ഇസ്രായേൽ ജനതയെ തെരഞ്ഞെടുത്ത് അവരിലൂടെ തന്റെ രക്ഷാകര പദ്ധതി പൂർത്തിയാക്കി. നമ്മുടെ കർത്താവായ യേശുമിശിഹാ കാലപൂർണതയിൽ ഇസ്രായേൽ ജനതയിലൂടെ ഒരു കന്യക യിൽ നിന്ന് മനുഷ്യനായി അവതരിച്ചു. ഈ മിശിഹായെ പറ്റി യാണ് പഴയനിയമ പ്രവചനങ്ങൾ. പഴയനിയമത്തിന്റെ കേന്ദ്രബിന്ദു യേശുമിശിഹാ തന്നെയാണ്. വിവിധ പ്രതിരൂപ ങ്ങളിലൂടെ മിശിഹായുടെ ജീവിത സംഭവങ്ങൾ അവതരിപ്പി ക്കാൻ പഴയനിയമ ഗ്രന്ഥകാരന്മാർ പരിശ്രമിച്ചു. പ്രവചനങ്ങ ളുടെ പൂർത്തീകരണം നസ്രായനേശുവിൽ സംഭവിച്ചതായി പുതിയനിയമ കർത്താക്കൾ തെളിയിച്ചു. പുതിയത് പഴയ തിൽ മറഞ്ഞിരുന്നു. പഴയത് പുതിയതിൽ വെളിവായി (ഹെബ്രായർ 4,14 – 16). 'ചെറിയ പ്രവാചകന്മാരിലെ' ഇത്തരം പ്രസ്താവനകൾ ചേടിയത്ത് ഗീവർഗീസ് മൽപ്പാനച്ചൻ ഈ ഗ്രന്ഥത്തിൽ അപഗ്രഥിക്കുന്നു. നമ്മുടെ കർത്താവിനെപ്പറ്റി കൂടുതലായി അറിയാൻ ഈ ഗ്രന്ഥം സഹായകമാണ്.

യൂഹാനോൻ മാർ ക്രിസോസ്റ്റോം,
പത്തനംതിട്ട മെത്രാപ്പോലീത്താ